KILA
004244

ജനകീയാസൂത്രണ പ്രസ്ഥാനം

# ഗ്രാമപഞ്ചായത്ത്

# വികസന രേഖകൾ

വാല്യം 55

ബ്ലോക്ക് : മാടപ്പള്ളി

ജില്ല : കോട്ടയം

# മാടപ്പള്ളി ഗ്രാമപഞ്ചായത്ത്
# വികസനരേഖ



## ജനകീയാസൂത്രണം

55-3

# 9-ാം പദ്ധതി ജനകീയ പദ്ധതി
# വികസനരേഖ

## മാടപ്പള്ളി ഗ്രാമപഞ്ചായത്ത്

## തയ്യാറാക്കിയവർ

- റ്റി. ജോബ് തട്ടാരപ്പള്ളിൽ ഡി. ആർ. പി. (കൺവീനർ)
- വി. കെ.മോഹനൻ നായർ പുളിമൂട്ടിൽ ഡി. ആർ. പി.
- എം. എ. മാത്യു മുളവന ഡി. ആർ. പി.
- പി. കെ. അഷറഫ് പറപ്പള്ളിൽ ഡി. ആർ. പി.
- ജയിംസ് പഴയചിറ ഡി. ആർ. പി.
- കെ. സി. ഗോപാലപണിക്കർ
  (റിട്ട. ടീച്ചർ എൻ. എസ്. എസ്. ഹൈസ്ക്കൂൾ, കറുകച്ചാൽ)
- ആൻറണി ജോസഫ്
  പ്രൊഫ. എസ്. ബി. കോളജ്, ചങ്ങനാശേരി

കവർ ചിത്രം, രേഖാ ചിത്രങ്ങൾ

- ആൻറണി മുളവന



''അടിത്തട്ടിൽ നിന്ന് ഉയരുന്ന സ്വാതന്ത്ര്യം മാത്രമേ സ്വാർത്ഥമാകുകയുള്ളൂവെന്നും. ഓരോ ഗ്രാമവും ആഭ്യന്തര കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സ്വതന്ത്രപരമാധികാര റിപ്പബ്ളിക്ക് ആയിരിക്കണമെന്നും അധികാര വികേന്ദ്രീകരണം സാധിതപ്രായമാകുകയും ജനാധിപത്യം സാധാരണക്കാരനിലേക്ക് ഇറങ്ങിചെല്ലുകയും ചെയ്യണം''

മഹാത്മാഗാന്ധിജി



സ്വതന്ത്ര ഭാരത ശില്പി

പഞ്ചവത്സര പദ്ധതികളുടെ ഉപജ്ഞാതാവ്



ഇന്ത്യയെ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്ക്
നയിക്കുന്നതിന് ജനകീയ നവോത്ഥാനം ലക്ഷ്യമാക്കി
പഞ്ചായത്ത് രാജ് നിയമം ഇന്ത്യൻ പാർലമെൻറിൽ അവതരിപ്പിച്ച
ധീരനായ നേതാവ്



സംസ്ഥാന ജനകീയ ആസൂത്രണ
ഉന്നതാധികാര സമിതി ചെയർമാൻ



പി. ജെ. സെബാസ്റ്റ്യൻ
പുല്ലാംകുളം
തിരു-കൊച്ചി പ്രഥമ പഞ്ചാ. ഡയറക്ടർ



പാലക്കുന്നേൽ നൈനാൻ സേവ്യർ
മാടപ്പള്ളി വില്ലേജ് യൂണിയന്റെ പ്രഥമ പ്രസിഡന്റ്



രമേശ് ചെന്നിത്തല M.P



സി. എഫ്. തോമസ് M. L. A.



ലീലാമ്മ വറുഗീസ് കണ്ണംമ്പള്ളി
ജില്ലാ പഞ്ചായത്ത് മെമ്പർ

## മുൻ പഞ്ചായത്തു പ്രസിഡൻറുമാർ



അഡ്വ. എം. റ്റി. തോമസ്
മുക്കാട്ടുകുന്നേൽ



അഡ്വ. കെ. കെ. കൃഷ്ണപിള്ള
കാരിമുട്ടം



കെ. ജോർജ്ജ് കിഴക്കേക്കൂറ്റ്



പ്രൊഫ. ടി. കെ. രാജപ്പണിക്കർ
തെക്കേക്കൂറ്റ്



കെ. സി. ഫിലിപ്പ് കാനാറക്കാവുങ്കൽ



കെ. സുരേന്ദ്രനാഥപണിക്കർ
കാരിമുട്ടം

## ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ



അന്നമ്മ മാത്യു
ഉറുമ്പിക്കൽ
(പ്രസിഡൻറ്)



തോമസ്. കെ. മാറാട്ടുകളം
(വൈസ് പ്രസിഡൻറ്)



ആൻറണി മുളവന
(സ്റ്റാൻഡിങ് കമ്മറ്റി
ചെയർമാൻ)



പി. ജെ. ശമുവേൽ
പുതുപ്പറമ്പ്



റജി ഫ്രാൻസിസ്
നീലത്തും മുക്കിൽ



കെ. സുരേന്ദ്രനാഥപ്പണിക്കർ
കാരിമുട്ടം



ആർ. മൊഹൻലാൽ
മോഹന ഭവനം



ജോസ്. ജെ.
പാലാക്കുന്നേൽ



റോസിലി ജയിംസ്
കൊല്ലം പറമ്പിൽ



കെ. സി. വറുഗീസ്
കിഴക്കേചെത്തിപ്പുഴ



ജഗദീശ് പി. ദാസ്
പള്ളിക്കാമറ്റം



ലീനാജോസഫ്
പനയ്ക്കച്ചിറ



എ. എഡിസൺ
(സെക്രട്ടറി)



പി. എ. ജോസഫ്
(മുൻ സെക്രട്ടറി)



റ്റി.ജോബ് തട്ടാരപ്പള്ളിൽ
**DRP**
(കൺവീനർ)



എം. എം. മാത്യു മുളവന
**DRP**



വി. കെ. മോഹനൻ നായർ
**DRP**



ജയിംസ് പഴയചിറ
**DRP**



പി. കെ. അഷറഫ്
പറപ്പള്ളിൽ **DRP**

## പഞ്ചായത്തിന് കടപ്പാടുള്ള ജനപ്രതിനികൾ

രമേശ് ചെന്നിത്തല എം. പി.
സി. എഫ് തോമസ് എം. എൽ. എ.
ഏലിയാമ്മ ഫിലിപ്പ് (ബ്ലോക്കു പഞ്ചായത്ത് പ്രസിഡൻറ്)
ലീലാമ്മ വറുഗീസ് (ജില്ലാ പഞ്ചായത്തു മെമ്പർ)
ബാബു രാജേന്ദ്രൻ (ബ്ലോക്കു പഞ്ചാ. വൈസ് പ്രസിഡൻറ്)
ജയിംസ് ഇയ്യാലിൽ (ബ്ലോക്കു പഞ്ചാ. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)
ലീലാമ്മ തോമസ് തട്ടാരപ്പള്ളിൽ ( ബ്ലോക്കു പഞ്ചാ. മെമ്പർ)

## പഞ്ചായത്തിൻെറ മുൻ ഭരണസാരഥികൾ

### 1964 - 79

കെ. കൃഷ്ണപിള്ള കാരിമുട്ടം ◆ എ. കെ. തങ്കപ്പൻ ആഞ്ഞിലിമൂട്ടിൽ
പി. വി. മാധവൻപിള്ള പൊൻപുഴ ◆ എ. കെ. ശങ്കരൻ ഏഴോലിക്കൽ
എൻ. സി. ജോബ് നടയ്ക്കാപ്പാടം ◆ പി. സി.തോമസ് വട്ടമാക്കൽ
കെ. സി. ചെറിയാൻ കൊല്ലം പറമ്പിൽ ◆ കെ. സി. ഫിലിപ്പ് കനാറക്കാവുങ്കൽ
എസ്. ഗോപാലക്കുറുപ്പ് ◆ മറിയാമ്മ ചെറിയാൻ കൊല്ലം പറമ്പിൽ

### 1979 - 84

കെ. ജെ. ജോർജ് കിഴക്കേക്കൂറ്റ് ◆ റ്റി. എൻ. ബാബൂതാന്നിമൂട്ടിൽ
സി. ഒ. അബ്രഹാം കല്ലുപറമ്പിൽ ◆ ടി. കെ. രാജപ്പപണിക്കർ തെക്കേക്കൂറ്റ്
കെ. സുരേന്ദ്രനാഥപണിക്കർ കാരിമുട്ടം ◆ കെ. ആർ. കൃഷ്മൻ കുട്ടി വിനയഭവനം
ടി. ആർ. സുകുമാരൻ തകിടിയേൽ ◆ ടോമി ജോസഫ് പാറുകണ്ണിൽ
ആൻറണി മുളവന ◆ മേരിക്കുട്ടി വറുഗീസ് കൂവക്കാട്

### 1988 - 95

കെ. സി. ഫിലിപ്പ് കനാറക്കാവുങ്കൽ ◆ കെ. സുരേന്ദ്രനാഥപണിക്കർ കാരിമുട്ടം
ടി. എൻ. ബാബു താന്നിമൂട്ടിൽ ◆ പി. ജെ. ശമുവേൽ പുതുപ്പറമ്പ്
എസ്. രാമചന്ദ്രപണിക്കർ കാർത്തികഭവനം ◆ വി. പി. കൃഷ്ണദാസ്
◆ സി. എം. ജോസഫ് ചെത്തിപ്പുഴ
ലീലാമ്മ വരുഗീസ് കണ്ണംമ്പള്ളി ◆ ആൻറണി മുളവന
ജയിംസ് മുക്കാട്ടുകുന്നേൽ ◆ മേരിക്കുട്ടി ജോസഫ് അട്ടിക്കൽ.

മാടപ്പള്ളി ഗ്രാമപഞ്ചായത്ത്




## ജീവനക്കാർ

എ. എഡിസൻ (സെക്രട്ടറി)
ജി. രാമചന്ദ്രൻ (ഹെഡ് ക്ലാർക്ക്)
ലില്ലിക്കുട്ടി അലക്സ് (യു. ഡി. ക്ലാർക്ക്)
കെ. ജെ. സെബാസ്റ്റ്യൻ (യു. ഡി. ക്ലാർക്ക്)
എൻ. റ്റി. വറുഗീസ് (എൽ. ഡി. ക്ലാർക്ക്)
എസ്. ആനന്ദവല്ലി (എൽ. ഡി. ക്ലാർക്ക്)
പി. ജോൺ (എൽ. ഡി. ക്ലാർക്ക്)
കെ. എസ്. വിജയകുമാർ (പ്യൂൺ)
എം. എം. കമലൻ (പാർട്ട് ടൈം സ്വീപ്പർ)
ഗോപിമാധവൻ (പാർട്ട് ടൈം സ്വീപ്പർ)
എ. എസ്. തങ്കമ്മ (പാർട്ട് ടൈം സ്വീപ്പർ)
റ്റി. ജെ. വിജയദാസ് (പാർട്ട് ടൈം ലൈബ്രേറിയൻ)

# ഉള്ളടക്കം


| | |
|---|---|
| | ആമുഖം |
| | പഞ്ചായത്ത് പൊതുവിവരണം |
| | സാമൂഹിക സാംസ്കാരിക ചരിത്രം |
| | വികസന മേഖലകൾ |
| (i) | കൃഷിയും ജലസേചനവും |
| (ii) | മൃഗസംരക്ഷണം |
| (iii) | വിദ്യാഭ്യാസം |
| (iv) | കുടിവെള്ളവും പൊതുജനാരോഗ്യവും |
| (v) | വ്യവസായം |
| (vi) | ഗതാഗതവും ഊർജ്ജവും മാർക്കറ്റും |
| (vii) | പാർപ്പിടവും സാമൂഹ്യക്ഷേമവും |
| (viii) | സംസ്ക്കാരം |
| (ix) | വനിത |
| (x) | സഹകരണമേഖല |
| (xi) | പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം |
| (xii) | വിഭവ സമാഹരണം |
| | ഉപസംഹാരം |



# ആമുഖം

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 50 വർഷം പിന്നിട്ടിരിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജിനു അതിലേറെ പഴക്കമുണ്ട്. ഗ്രാമീണ ജനതയുടെ വളർച്ചയും വികസനവുമാണ് യഥാർത്ഥത്തിൽ രാഷ്ട്രത്തിന്റെ വികസനമെന്ന് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ആവിർഭാവത്തോട തന്നെ കണ്ടെത്തിയ ആ മഹാനുഭാവന്റെ സങ്കല്പങ്ങൾ ഭരണഘടനയുടെ 73,74 വകുപ്പുകളുടെ ഭേദഗതി വഴി പൂവണിയുകയാണ്. ഇത്തരുണത്തിൽ ജനപ്രതിനിധികളും, പൊതു പ്രവർത്തകരും പൊതുജനങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

അധികാരം ജനങ്ങളിലേക്ക് കൈമാറുന്ന മഹത്തായ പ്രക്രിയവഴി പദ്ധതികളും അവയുടെ പ്രവർത്തനങ്ങളും ജനായത്ത ഭരണത്തിന്റെ ഏറ്റവും താഴെത്തട്ടിൽ അതായത് ഗ്രാമപഞ്ചായത്ത് മുനിസിപ്പൽ തലങ്ങളിൽ രൂപപ്പെടുകയാണ്. ഈ തലങ്ങളിലുള്ള ജനപ്രതിനിധികളുടെ ഉത്തരവാദിത്വവും കർത്തവ്യവും കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നു എന്ന വസ്തുത പ്രത്യേകം പറയേണ്ടതില്ലല്ലോ. പക്വമതികളായിരിക്കേണ്ട ജനപ്രതിനിധികളിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരണമോ ,സാമുദായിക ചേരിതിരവോ, വ്യക്തിവിദ്വേഷമോ ഉണ്ടാകാൻ പാടില്ല.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഭാഗമായി നിലവിൽ വന്നിരിക്കുന്ന ത്രിതല ഭരണക്രമത്തിൽ ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി ഏറെയാണ്. ആസൂത്രണം മുകൾത്തട്ടിൽ നിന്ന് താഴേയ്ക്കല്ലേ എത്തേണ്ടത് മറിച്ച് താഴേത്തട്ടിൽ നിന്ന് മുകളിലേയ്ക്കാണ് എന്ന സത്യം ഇവിടെ യാഥാർത്ഥ്യമാവുകയാണ്.

ഗ്രാമീണ ജനതയുടെ സാമൂഹ്യ സാംസ്ക്കാരിക പശ്ചാത്തലങ്ങൾ ഉൾക്കൊള്ളുകയും കരുപ്പിടിപ്പിക്കപ്പെടുകയും അതുവഴി സ്വാശ്രയത്വം കൈവരിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്ന ഗ്രാമവികസന പരിപാടികളാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി രൂപപ്പെടുത്തേണ്ടത്. ഉല്പാദന മേഖലകളെ പരിപുഷ്ടിപ്പെടുത്തി ജനസമൂഹത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കി പുനസംഘടിപ്പിക്കേണ്ടിയിരിക്കുന്നു. പ്രാദേശികമായ കാഴ്ചപ്പാടും തനതായ വിഭവ സ്രോതസ്സുകളുടെ പരമാവധി പ്രയോജനപ്പെടുത്തലുകളും പുതിയ സമീപനത്തിന്റെ അന്തസ്സത്തയായി ഉൾക്കൊള്ളുകയും വേണം. ജലം, ഭൂമി, മനുഷ്യശക്തി എന്നിവയാണ് ഗ്രാമവികസനത്തിന്റെ അടിസ്ഥാന വിഭവ സ്രോതസ്സുകൾ. ശാസ്ത്രവും സാങ്കേതികത്വവും വിഭവ സ്രോതസ്സുകളുമായി കൂട്ടിയിണക്കുന്നതിന് യോജിച്ച സാമൂഹിക സാമ്പത്തിക പശ്ചാത്തലം സൃഷ്ടിച്ചെങ്കിൽ മാത്രമേ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ കഴിയൂ. ഓരോ പ്രദേശത്തേയും വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പ്രാദേശിക സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സഹായമാകുന്ന രീതിയിൽ വേണം വികസന പരിപാടികൾ ആവിഷ്ക്കരിക്കപ്പെടേണ്ടത്.

ആസൂത്രണത്തിന്റെ അത്യന്തിക ലക്ഷ്യം ജനതകളുടെ സാമ്പത്തികാഭിവൃദ്ധിയും സാമൂഹ്യ നീതിയും ഉറപ്പാക്കിക്കൊണ്ടും ഉച്ചനീചത്വങ്ങൾ ഇല്ലായ്മ ചെയ്തുകൊണ്ടും ദീർഘ വീക്ഷണത്തോടെ വികസനത്തിന്റെ അടിത്തറ ഉറപ്പിക്കുന്നതായിരിക്കണം. ഗ്രാമീണ ജനജീവിതം ആയാസ രഹിതവും ഭദ്രവുമാക്കിത്തീർക്കുക എന്നുള്ളതുംവികേന്ദ്രീകൃത ആസൂത്രണത്തിന്റെ അടിസ്ഥാന ലക്ഷ്യമാണ്.

9-ാം പദ്ധതിയുടെ കാതലാണ് വികേന്ദ്രീകൃതാസൂത്രണവും ജനപങ്കാളിത്തവും. മൊത്തം പദ്ധതി വിഹിതത്തിന്റെ 35 മുതൽ 40 ശതമാനം വരെയെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ രൂപവും ഭാവവും നല്കുന്ന പദ്ധതികൾക്കായി നീക്കി വയ്ക്കണമെന്നാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ആകയാൽ നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിക്കുവേണ്ടി ശാസ്ത്രീയാടിസ്ഥാനത്തിൽ യുക്തമായി പദ്ധതികൾ തയ്യാറാക്കാം. ജനശക്തി സജീവമായിരിക്കാനും ജനങ്ങളിലുള്ള സർഗ്ഗശക്തികൾ തട്ടിയുണർത്തുവാനും പര്യാപ്തമായ ജനമുന്നേറ്റത്തിനായി നമുക്ക് കൈകോർത്ത് ലക്ഷ്യപ്രാപ്തിയിലെത്താം.

□

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | മാടപ്പള്ളി ഗ്രമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | മാടപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | മാടപ്പള്ളി, അമര, ഇൻസ്ട്രീയർ നഗർ |
| ബ്ലോക്ക് പഞ്ചായത്ത് | : | മാടപ്പള്ളി |
| താലൂക്ക് | : | ചങ്ങനാശ്ശേരി |
| ജില്ല | : | കോട്ടയം |
| അസംബ്ലി മണ്ഡലം | : | ചങ്ങനാശ്ശേരി |
| പാർലമെൻറ് മണ്ഡലം | : | കോട്ടയം |
| വിസ്തീർണ്ണം | : | 24.02 ച.കി.മീ. |
| വാർഡുകൾ | : | 12 |
| പ്രസിഡൻറിൻെറ പേര് | : | അന്നമ്മ മാത്യു, ഉറുമ്പിക്കൽ |
| വൈസ് പ്രസിഡൻറിൻെറ പേര് | : | തോമസ് കെ. മാറാട്ടുകളം |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | : | ആൻറണി മുളവന |

## അതിർത്തികൾ

| | | |
|---|---|---|
| വടക്ക് | : | വാകത്താനം പഞ്ചായത്ത് |
| കിഴക്ക് | : | കറുകച്ചാൽ പഞ്ചായത്ത് |
| തെക്ക് | : | തൃക്കൊടിത്താനം പഞ്ചായത്ത് |
| പടിഞ്ഞാറ് | : | വാഴപ്പള്ളി പഞ്ചായത്ത് |

## ജനസംഖ്യ [1991 -ലെ സെൻസസ് പ്രകാരം]

| | | |
|---|---|---|
| ആകെ ജനസംഖ്യ | : | 30182 |
| പുരുഷൻമാർ | : | 14845 |
| സ്ത്രീകൾ | : | 15337 |
| പട്ടിക ജാതി | | |
| പുരുഷൻമാർ | : | 1784 |
| സ്ത്രീകൾ | : | 1874 |
| ആകെ | : | 3658 |
| പട്ടിവർഗ്ഗം | | |
| പുരുഷൻമാർ | : | 43 |
| സ്ത്രീകൾ | : | 38 |
| ആകെ | : | 81 |

| | | |
|---|---|---|
| സാക്ഷരത | | |
| പുരുഷൻമാർ | : | 12670 |
| സ്ത്രീകൾ | : | 12994 |
| ആകെ | : | 25664 |
| ജനസാന്ദ്രത | : | 1256 |



# മാടപ്പള്ളിയുടെ പ്രാദേശിക ചരിത്രം

മാടപ്പള്ളി ഗ്രാമം പ്രകൃതിരമണീയവും, പ്രശാന്ത സുന്ദരവുമായ ഒരു പ്രദേശമാണ്. നിരവധി കുന്നുകളും താഴ്‌വരകളും എല്ലാ വാർഡുകളിലും ചെറിയ ചെറിയ പാടശേഖരങ്ങളും നിറഞ്ഞ മനോഹരമായ ഈ ഗ്രമത്തിൽ പുന്നകുന്ന്, പൊയ്ന്താനം കുന്ന്, ഏലം കുന്ന്, മാന്നിലകുന്ന്, പുളിയാം കുന്ന്, വെള്ളുകുന്ന്, കൊട്ടാരംകുന്ന് തുടങ്ങി മുപ്പതു കുന്നുകളും വട്ടച്ചാൽ, കണ്ണവട്ടാ, ചേരിയ്ക്കൽ, പെരുമ്പനച്ചി, കാരിമുട്ടം, വെളിയം, മുക്കാട്ടുകുന്ന് എന്നിങ്ങനെ 18 പാടശേഖരങ്ങളും നിറഞ്ഞുനില്ക്കുന്നു. പഞ്ചായത്തിൻെറ നാലു വശങ്ങളും കുന്നുകളാൽ ചുറ്റപ്പെട്ടതിനാലാണ് മാടപ്പള്ളി എന്ന സ്ഥലനാമം തന്നെ ഉണ്ടായത് എന്നു കരുതപ്പെടുന്നു. മാടപ്പള്ളി ഗ്രാമത്തിൻെറ ഭൂപ്രകൃതിയുടെ സംതുലിതാവസ്ഥ അതിവേനൽ ഒഴികെയുള്ള കാലങ്ങളിൽ നിലനിർത്തുന്നത് താഴ്ന്ന പാടശേഖരങ്ങളും. വെളിയം - നാലുന്നാക്കൽ, മുണ്ടുപാലം - കണ്ണവട്ട, കാടംചിറ - നാലുന്നാക്കൽ, മാമ്മൂട് - കാടംചിറ എന്നീ തോടുകളുമാണ്.

മാടപ്പള്ളി വില്ലേജിൻെറ മുഴുവൻ ഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്തിൽ 5091.34 ഏക്കർ പുരയിടവും 573.8 ഏക്കർ നിലവും 131.7 ഏക്കർ പുറമ്പോക്കും 125.19 ഏക്കർ തരിശും ഉൾപ്പെടെ 5922.03 ഏക്കർ ഭൂമിയുണ്ട്. ഭൂഉടമകളുടെ എണ്ണം പരിശോധിച്ചതിൽ 1-12-1996 -ലെ വില്ലേജ് റെക്കോർഡുകൾ അനുസരിച്ച് മൊത്തം 13133 ഭൂഉടമകളാണ് ഉള്ളത്.

| | |
|---|---|
| 10 സെൻറ് വരെ | 3410 ഭൂഉടമകൾ |
| 10 സെൻറ് മുതൽ 20 വരെ | 1735 ഭൂഉടമകൾ |
| 20 സെൻറ് മുതൽ 50 വരെ | 2975 ഭൂഉടമകൾ |
| 50 സെൻറ് മുതൽ 1 ഏക്കർ വരെ | 1954 ഭൂഉടമകൾ |
| 1 ഏക്കർ മുതൽ 2 ഏക്കർ വരെ | 2056 ഭൂഉടമകൾ |
| 2 ഏക്കർ മുതൽ 5 ഏക്കർ വരെ | 804 ഭൂഉടമകൾ |
| 5 ഏക്കർ മുതൽ മുകളിലോട്ട് | 199 ഭൂഉടമകൾ |

എന്നീ ക്രമത്തിൽകാണാവുന്നതാണ്. ജന്മിക്കരം നിശ്ചയിക്കപ്പെട്ടിരുന്ന 19 ജന്മിമാരുടെ നിലം, പുരയിടങ്ങൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ദേവസ്വം വക | 148.495 | ഏക്കർ |
| ബ്രഹ്മസ്വംവക | 226.51 | ഏക്കർ |
| മാടമ്പിവക | 93.81 | ഏക്കർ |

മൊത്തമുള്ള ടി 468.815 ഏക്കർ ഭൂമി 521 കുടി

യാന്മാർ കൈവശം വച്ച് അനുഭവിച്ചുവരുന്നു. ആയതിന്റെ ജന്മിക്കരം ആയിരത്തി മുന്നൂറ്റി ആറുപറ മൂന്നര ഇടങ്ങഴി നെല്ലും, മുന്നൂറ്റി അറുപത്തിമൂന്നു രൂപ പത്തു ചക്രം പത്തു കാശും, നാനൂറ്റി അമ്പതുമടൽ തെങ്ങോലയും ആയിരുന്നു.

പുറമ്പോക്കു ഭൂമികളുടെ വിവരം താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| റോഡു പുറമ്പോക്ക് | 56.59 | ഏക്കർ |
| തോടു പുറമ്പോക്ക് | 33.66 | ഏക്കർ |
| കുളം പുറമ്പോക്ക് | 0.38 | ഏക്കർ |
| റവന്യൂ പുറമ്പോക്ക് | 0.66 | ഏക്കർ |
| ആകെ | 91.29 | ഏക്കർ |

ഇതിൽ പതിച്ചു നൽകാവുന്ന ഭൂമി ഇല്ലാത്തതാകുന്നു.

മുൻകാലത്ത് പ്രധാന ദീർഘകാല വിളവുകളായി തെങ്ങും, കമുകും, മാവും, കുരുമുളകും, കാപ്പിയുമൊക്കെ കൃഷി ചെയ്തിരുന്നെങ്കിൽ ഇന്ന് റബ്ബർ പ്രധാന ദീർഘകാല വിളയായി മാറിയിരിക്കുന്നു. എണ്ണിയാൽ തീരാത്തവിധമുള്ള ഹ്രസ്വകാല വിളകൾ മുമ്പുണ്ടായിരുന്നു. അവയിൽ പ്രധാനപ്പെട്ടവ മരച്ചീനിയും നെല്ലുമായിരുന്നു. വാഴകൃഷി ഒട്ടും അപ്രധാനമല്ലാതെ തുടർന്നു വരുന്നു. ഇഞ്ചി, മഞ്ഞൾ, കൂർക്ക, ചേന, ചേമ്പ്, ചീനി, ചെറുകിഴങ്ങ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും, ചാമ, എള്ള്, വരക്, പയർ തുടങ്ങിയ ധാന്യ വർഗ്ഗങ്ങളും, പാവൽ, പടവലം, വെണ്ട, വഴുതന, വെള്ളരി, മഞ്ഞൾ, ചീര, കൊമ്പൻ ചീനി എന്നിങ്ങനെയുള്ള പച്ചക്കറി ഇനങ്ങളും അടപൊതിയൻ, കച്ചോലം, ശതാവരി, കൊടുവേലി തുടങ്ങിയ ഔഷധവർഗ്ഗങ്ങളും മാടപ്പള്ളിയുടെ മണ്ണിൽ ആദായകരമായി കൃഷിചെയ്തിരുന്നു . പഴയ കാലത്ത് നാനാ ജാതി മതസ്ഥരായ ജനങ്ങൾ തങ്ങളുടെ കാർഷിക വിളകൾ ഉപയോഗിച്ച് തിരുവോണം മോടിയായി ആഘോഷിച്ചിരുന്നു. ആ കാലത്ത് തിരുവോണ നാളുകൾ വിളകളുടെ ഒരു ഉത്സവം കൂടിയായിരുന്നു. ചങ്ങനാശേരിയിലെ ഓണച്ചന്തയും ഉത്രാടച്ചന്തയും കേളി കേട്ടതും ഇന്നാട്ടുകാരുടെ കാർഷികോല്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രവുമായിരുന്നു. ഇന്ന് അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറി സാധനങ്ങളും മറ്റും വാങ്ങി തിരുവോണം ആഘോഷിക്കുന്ന സ്ഥിതിയിൽ എത്തിയിരിക്കുന്നു. തിരുവോണത്തോടനുബന്ധിച്ചുണ്ടായിരുന്ന പൂക്കളവും തിരുവാതിരക്കളിയും തുമ്പിതുള്ളലും ഊഞ്ഞാലാട്ടവും, അമ്പെ കുറഞ്ഞുപോയി. കിളികളി, കൂടുകുടു കളി, നാടൻ പന്തുകളി പകിടകളി ഇവയൊക്കെ വെറും ഓർമ്മകളായി അവശേഷിച്ചിരിക്കുന്നു.

കായ്കനികളും ഇലക്കറികളും, കിഴങ്ങുവർഗ്ഗങ്ങളും ഒക്കെ ധാരാളമായി കഴിച്ചിരുന്ന പഴയ കാലങ്ങളിൽ ഇന്നത്തെപ്പോലെ കൊളസ്റ്ററോളോ, പ്രഷറോ, പ്രമേഹമോ, ഹൃദയ സ്തംഭനമോ ഒന്നും ഉണ്ടായിരുന്നില്ല. ഒരു നൂറു വർഷത്തിനുള്ളിലെ ചരിത്രം പരിശോധിച്ചാൽ വ്യാപകമായി കോളറാ രോഗബാധയും വസൂരി രോഗബാധയും വളരെയധികം മനുഷ്യ ജീവൻ അപഹരിച്ചു എന്നുള്ളത് ഒരു ദുഃഖസത്യമാണ്. അന്ന് ഇന്നത്തെപ്പോലെ യാതൊരു ആധുനീക ചികിത്സാ സമ്പ്രദായവും ഉണ്ടായിരുന്നില്ല.

മാടപ്പള്ളി ഗ്രമപ്രദേശത്തം ഹിന്ദുക്കൾക്കും, ക്രിസ്ത്യാനികൾക്കുമാണ് ആദ്യമായി ആരാധനാലയങ്ങൾ നിർമ്മിക്കപ്പെട്ടത്. മാടപ്പള്ളി ഭഗവതി ക്ഷേത്രവും, തെങ്ങണ ശിവക്ഷേത്രവും കുറുമ്പനാടം സെൻറ് ആൻറണീസ് ദേവാലയവും, പിന്നീട് മുസ്ലീം സമുദായത്തിന് തെങ്ങണാൽ ജുമാ മസ്ജിദും, ഇഴവ സമുദായത്തിന് തെങ്ങണാൽ എസ്.എൻ.ഡി.പി ഗുരുമന്ദിരവും സ്ഥാപിച്ചു. തുടുർന്നുള്ള കാലഘട്ടങ്ങളിലായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിവിധ മതസ്ഥരുടെ ദോവലയങ്ങൾ സ്ഥാപിക്കുകയുണ്ടായി.

വിദ്യാഭ്യാസരംഗത്തു നമ്മുടെ പൂർവികർ വളരെ ക്രാന്തദർശികളായിരുന്നു. അവർ വളരെ കരുതലോടെ പ്രവർത്തിച്ചതിന്റെ ഫലമായി കടന്നുപോയ തലമുറകളിലും, ഈ തലമുറയിലും, മറ്റു പല പ്രദേശങ്ങളെയും അപേക്ഷിച്ചു ബിരുദവും, ബിരുദാനന്തര ബിരുദവും നേടിയവർ വളരെ കൂടുതലുണ്ട്. എല്ലാ കരകളിലും ധാരാളം നിലത്തെഴുത്തു കളരികളും, ആശാന്മാരും ഉണ്ടായിരുന്നു. തുടർന്നു കുറുമ്പനാടം പള്ളി വകയായിപെരുമ്പനച്ചിയിൽ ആരംഭിച്ച പ്രൈമറിസ്കൂൾ കുറച്ചു കാലങ്ങൾക്കുശേഷം സർക്കാരിലേയ്ക്കു വിട്ടുകൊടുക്കുകയുണ്ടായി.

ഈ പഞ്ചായത്തിലെ ആദ്യ ഹൈസ്കൂൾ കുറുമ്പനാടം സെൻറ് പീറ്റേഴ്സ് ആണ്. ആദ്യം ഏഴാം ക്ലാസ്സുവരെയും പിന്നീടു ഹൈസ്കൂൾ ക്ലാസ്സുകളും ആരംഭിച്ചു. ഇതിനു മുൻകാലങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കുട്ടികൾ കറുകച്ചാൽ എൻ. എസ്.എസ് -ലും ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസിലും ഉപരിവിദ്യാഭ്യാസത്തിനു ചങ്ങനാശ്ശേരി സെൻറ് ബർക്കുമാൻസ് കോളേജിലും പോയിരുന്നു. നല്ല സാമ്പത്തികശേഷി ഉണ്ടായിരുന്നവർ തിരുവനന്തപുരത്തും, സംസ്ഥാനത്തിനു വെളിയിലും പോ

യി ബിരുദവും, ബിരുദാനന്തര ബിരുദവും സമ്പാദിച്ചിരുന്നു.

ഈ നാട്ടിലെ പല മഹാരഥന്മാരും, ദേശീയ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. അവരിൽ പ്രധാനിയായിരുന്ന യശശരീരനായ പുല്ലാങ്കുളത്തിൽ ശ്രീ പി.ജെ. സെബാസ്റ്റ്യൻ. ഇദ്ദേഹം 1937-ൽ ചങ്ങനാശേരി - പീരുമേട് നിയോജകമണ്ഡലത്തിൽ നിന്നും 1956 - ൽ കുറിച്ചി മണ്ഡലത്തിൽ നിന്ന് എം. എൽ. എ. ആയി തെരഞ്ഞെടുക്കപ്പെട്ടു. തിരുവിതാംകൂർ സംസ്ഥാനത്തിന്റെ അവസാനത്തെ പബ്ളിക്ക് സർവ്വീസ് കമ്മീഷണറായും തിരു-കൊച്ചിയിലെ പ്രഥമ പഞ്ചായത്തു ഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നടയ്ക്കാപ്പാടം പാലാക്കുന്നേൽ ¯നൈനാൻ സേവ്യർ ചങ്ങാശേരി - പീരുമേട് ശ്രീമൂലം പ്രജാസഭയിലെ മെമ്പറും മാടപ്പള്ളി വില്ലേജ് യൂണിയന്റെ പ്രഥമ പ്രസിഡന്റുമായിരുന്നു. പഴയകാലത്തിന്റെ മധുരിക്കുന്ന ഓർമ്മകൾ ഈ തലമുറയ്ക്കും, വരും തലമുറയ്ക്കും മാർഗ്ഗദർശകമായിത്തീരട്ടെ.

## മാടപ്പള്ളി പഞ്ചായത്തിന്റെ ചരിത്രം

മാടപ്പള്ളി വില്ലേജിന്റെ മുഴുവൻ ഭാഗങ്ങളും ഉൾപ്പെട്ട മനോഹരമായ പ്രദേശമാണ് മാടപ്പള്ളി ഗ്രാമപ്പഞ്ചായത്. ഇതിന്റെ വിസ്തൃതി 24.02 ചതുരശ്ര കിലോമീറ്ററാണ്. ഇവിടത്തെ ജനങ്ങൾ പൊതുവേ ശാന്തശീലരും സമാധാനപ്രേമികളുമാണ്. 23-9-1951 വരെ തൃക്കൊടിത്താനം മാടപ്പള്ളി വില്ലേജുകൾ ചേർന്നു മാടപ്പള്ളി വില്ലേജ് യൂണിയൻ ആണ് ഭരണകാര്യങ്ങൾ നിർവ്വഹിച്ചുപോന്നിരുന്നത്. അവസാനത്തെ വില്ലേജ് യൂണിയൻ പ്രസിഡന്റ് മുക്കാട്ടുകുന്നേൽ അഡ്വക്കേറ്റ് ശ്രീ എം.റ്റി. തോമസ് ആയിരുന്നു. സർവ്വശ്രീ പി.ജെ. ജോസഫ്, പി.വി. കൃഷ്ണൻനായർ, പി.കെ. മാധവൻപിള്ള, എ.കെ. കുഞ്ചു, ഡോ: കെ.എസ്. കോശി എന്നിവർ യൂണിയൻ പ്രതിനിധികളുമായിരുന്നു. തെങ്ങണായിലെ ആദ്യത്തെ വില്ലേജ് ആഫീസായിരുന്നു വില്ലേജ് യൂണിയന്റെ ആസ്ഥാനം. യൂണിയനിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തിരുന്നതു ഇന്നത്തെപ്പോലെ ജനപ്രാതിനിധ്യനിയമം അനുസരിച്ചുള്ള വോട്ടിംഗിലൂടെ ആയിരുന്നില്ല. ഓരോ മൂന്നു വർഷം കൂടുമ്പോഴും വില്ലേജ് യൂണിയൻ അതിർത്തിയിൽപെട്ട പൊതു ജനങ്ങളുടെ യോഗം ചേർന്ന് യോഗ്യരായ ആളുകളെ യൂണിയൻ പ്രതിനിധികളായി തെരഞ്ഞെടുത്തിരുന്നു. ഇവരെ കൂടാതെ സാനിറ്ററി ഓഫീസർ, പൊതു ജനാരോഗ്യ ഓഫീസർ, അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസർ, പബ്ലിക്കു വർക്സ് ഡിപ്പാർട്ടുമെന്റ് അസിസ്റ്റന്റ് എൻജിനീയർ എന്നിവർ ഔദ്യോഗിക പ്രതിനിധികളുമായിരുന്നു.

23-9-1951 -ൽ നിലവിലുണ്ടായിരുന്ന വില്ലേജ് യൂണിയൻ വില്ലേജ് പഞ്ചായത്താക്കി തിരു-കൊച്ചി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. ഇതനുസരിച്ചു ശ്രീഎം.റ്റി. തോമസ് പ്രഥമ വില്ലേജ് പഞ്ചായത്തിന്റെ പ്രസിഡന്റും, മറ്റ് അംഗങ്ങൾ വില്ലേജ് പഞ്ചായത്തു മെമ്പറന്മാരായും നിയോഗിക്കപ്പെട്ടു വില്ലേജ് പഞ്ചായത്തിന്റെ ആസ്ഥാനം അഞ്ചാം മൈലിലുള്ള രണ്ടു നില കെട്ടിടവുമായിരുന്നു. 15-7-53 വരെ മേൽപറഞ്ഞ ഭരണസമിതിയായിരുന്നു ഭരണകാര്യങ്ങൾ നിർവഹിച്ചിരുന്നത്. പിന്നീടു പഞ്ചായത്തിനെ ഒൻപതു വാർഡുകളായി തിരിച്ചു. 1953 ജൂലൈ മാസത്തിൽ ആദ്യത്തെ തെരഞ്ഞെടുപ്പു നടന്നു. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾ കൂടുതലുള്ള ഒരു വാർഡിൽനിന്നും ആ വിഭാഗത്തിനു ഒരു സീറ്റു സംവരണം ചെയ്തിരുന്നു. ജനറൽ സീറ്റിനു പുറമേയാണ് ഈ സംവരണം. ഇപ്രകാരം നടത്തിയ തെരഞ്ഞെടുപ്പിനുശേഷം താഴെപ്പറയുന്നവർ ഉൾപ്പെട്ട കമ്മറ്റി 15-7-1953 -ൽ നിലവിൽവന്നു. സർവ്വശ്രീ 1) എം.റ്റി. തോമസ് (പ്രസിഡന്റ്), 2) കെ. പ്രഭാകരപ്പണിക്കർ, 3) എ.കെ. തങ്കപ്പൻ, 4) എം. മാത്തൻ, 5) പി.പി. ആൻറണി, 6) പി.വി. കൃഷ്ണൻനായർ, 7) കെ.സി. ചെറിയാൻ, 8) സി.കെ. ജോൺ, 9) പി.ജെ. ചെറിയാൻ, 10) കെ.സി. ശ്രീധരൻ. ഈ കമ്മറ്റിയുടെ കാലത്തു പഞ്ചായത്തിനു സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കാനുള്ള ശ്രമം ആരംഭിച്ചു. നടയ്ക്കപ്പാടത്തു ശ്രീ ചാക്കോ സെബാസ്റ്റ്യൻ വക 25 സെൻറ് സ്ഥലം സംഭാവനയായി ലഭിക്കുകയും ടി സ്ഥലത്തു 2-10-1963 -ൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ എം.റ്റി. തോമസ് തറക്കല്ലിടുകയും ചെയ്തു. പണി പൂർത്തീകരിച്ച് 16-5-1964 -ൽ പഞ്ചായത്ത് ഡയറക്ടർ ആയിരുന്ന ശ്രീ കെ.റ്റി. മൈക്കിൾ കരിപ്പാപറമ്പിൽ കെട്ടിടം ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുംചെയ്തു. പഞ്ചായത്തിന്റെ പ്രസിഡന്റുമാരായി സർവ്വ ശ്രീ എം.റ്റി. തോമസ് മുക്കാട്ടുകുന്നേൽ, അഡ്വക്കേറ്റ് കെ.കെ. കൃഷ്ണപിള്ള കാരിമുട്ടം, ശ്രീ കെ. ജോർജ് കിഴക്കേക്കുറ്റ്, പ്രൊഫ: റ്റി.കെ. രാജപ്പ പണിക്കർ തെക്കേക്കുറ്റ്, ശ്രീ കെ.സി. ഫിലിപ്പ് കാനാറിങ്കാവുങ്കൽ, ശ്രീ കെ. സുരേന്ദ്രനാഥ പണിക്കർ കാരിമുട്ടം എന്നിവർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1979 മുതൽ 11 വാർഡുകളും 1995 മുതൽ 12 വാർഡുകളുമായി പഞ്ചായത്തിനെ വിഭജിച്ചിരുന്നു. ഇപ്പോൾ നിലവിലിരിക്കുന്ന പഞ്ചായത്ത് കമ്മറ്റിയിൽ വനി

താ പ്രാതിനിധ്യ സ്വഭാവം അനുസരിച്ച് ശ്രീമതി അന്നമ്മ മാത്യു പ്രസിഡൻറാണ്. മറ്റ് മെമ്പറന്മാരുടെ പേരുകൾ താഴെ ചേർത്തിരിക്കുന്നു.

**95 മുതൽ**

തോമസ് കെ. മറാട്ടുകളം (വൈസ് പ്രസിഡണ്ട്)
പി.ജെ. ശാമുവൽ, റജി ഫ്രാൻസിസ്
കെ. സുരേന്ദ്രനാഥ പണിക്കർ
ആർ. മോഹൻലാൽ, ജോസ് ജെ. പാലാക്കുന്നേൽ
ആൻറണി മുളവന
(സ്റ്റാൻൻറിംഗ് കമ്മറ്റി ചെയർമാൻ)
റോസിലി ജയിംസ്, കെ.സി. വർഗീസ്
ജഗദീശ് പി. ദാസ്, ലീനാ ജോസഫ്

പഞ്ചായത്ത് പ്രദേശത്ത് വില്ലേജ് ഓഫീസ്, കൃഷിഭവൻ ഓഫീസ്, സബ്ബ് റജിസ്ട്രാർ ഓഫീസ്, ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ്, എൻ.ഇ.എസ് ബ്ലോക്ക് ഓഫീസ്, പ്രൈമറി ഹെൽത്ത് സെൻറർ, സർക്കാർ ഹോമിയോ ആശുപത്രി, മൃഗാശുപത്രി, ഐ.സി.ഡി.എസ് ഓഫീസ്, ഐ.സി.ഡി.പി സബ് സെൻറർ, ടെലിഫോൺ എക്സ്ചേഞ്ച്, മെയിൻ പോസ്റ്റ് ഓഫീസ്, 3 ബ്രാഞ്ച് പോസ്ററ് ഓഫീസുകൾ എന്നീ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്ത് പ്രദേശത്ത് 7 എൽ.പി സ്കൂളുകളും 2 യു.പി സ്കൂളുകളും 2 ഹൈസ്കൂളുകളും ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിന് ഈ പഞ്ചായത്തിൽ സ്ഥാപനങ്ങൾ ഇല്ലാത്തത് യുവജനങ്ങൾക്ക് വളരെയധികം പ്രയാസങ്ങൾ ഉളവാക്കുന്നുണ്ട്. അദ്ധ്യാപനരംഗത്തുള്ള സ്തുത്യർഹസേവനം പരിഗണിച്ച് 1989 -ൽ സ്റ്റേറ്റ് അവാർഡും 1995 -ൽ ദേശീയ അവാർഡും കരസ്ഥമാക്കിയ ശ്രീ എം.എ. ദേവസ്യ മുളവനയും മനോരോഗ ചികിത്സയ്ക്കും മദ്യപാനം മയക്കുമരുന്ന് ഇവയ്ക്കെതിരെയും പുനരധിവാസ പ്രവർത്തനരംഗത്തും നടത്തിയ സ്തുത്യർഹമായ സേവനങ്ങൾക്കും പരിഗണന നൽകി അമേരിക്കൻ ബയോഗ്രഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗോൾഡ് റെക്കോർഡ് ഏർപ്പെടുത്തിയ 1996 -ലെ അന്തർദേശീയ അവാർഡിന് അർഹനായ ഡോക്ടർ വി.കെ. രാധാകൃഷ്ണനും മാടപ്പള്ളി പഞ്ചായത്ത് നിവാസികളാണെന്നുള്ളത് അഭിമാനകരമാണ്. ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് സമ്പാദിച്ച ചങ്ങനാശ്ശേരി അതിരൂപതയുടെ അഭിവന്ദ്യ മെത്രാപ്പോലിത്താ മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിക്ക് ജന്മം നൽകാൻ മാടപ്പള്ളി പഞ്ചായത്തിന് സാധിച്ചു എന്നത് സന്തോഷത്തിനും അഭിമാനത്തിനും വക നൽകുന്നു. പാവപ്പെട്ടവർക്കു പാർപ്പിടം നിർമ്മിക്കുന്ന കാര്യത്തിൽ സാമുദായിക പ്രസ്ഥാനങ്ങളും ബഹുജന സംഘടനകളും പഞ്ചായത്തും ഗണ്യമായ പ്രവർത്തനങ്ങൾ നടത്തിയതുവഴി നൂറു കണക്കിന് ഭവനരഹിതർക്ക് വീട് വച്ചുകൊടുക്കുവാനും മറ്റും കഴിഞ്ഞിട്ടുണ്ടെന്നുള്ളത് നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മകുടോദാഹരണങ്ങളാണ്. എന്നിരുന്നാലും ഭവന രഹിതരുടെ എണ്ണം അടിക്കടി വർദ്ധിച്ചുവരുന്ന പ്രതിഭാസം ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു.

യാത്രാ സൗകര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പരിധിവരെ പഞ്ചായത്ത് സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ടെന്നുള്ള വസ്തുത എടുത്തു പറഞ്ഞുകൊള്ളട്ടെ.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു വശത്തും കാർഷികമേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം മറുവശത്തും അനുഭവപ്പെടുന്നു. പഞ്ചായത്തിലെ മൊത്തത്തിലുള്ള 6000 വീടുകളിലെ ജനസംഖ്യാ വിവരവും തൊഴിൽ രംഗത്തെ പങ്കാളിത്തവും താഴെ ചേർത്തിരിക്കുന്നു.

**ജനസംഖ്യാവിവരം**

| | |
|---|---|
| പുരുഷന്മാർ | 14845 |
| സ്ത്രീകൾ | 15337 |
| ആകെ | 30182 |

**തൊഴിൽരംഗം**

| | |
|---|---|
| കൃഷിക്കാർ | 80% |
| സർക്കാർ/പ്രൈവറ്റ് മേഖലകളിലെ ജീവനക്കാർ | 14% |
| കച്ചവടക്കാർ | 5% |
| വ്യവസായികൾ | 1% |

സർക്കാർ സർവീസിലും പ്രൈവറ്റ് മേഖലയിലുമുള്ള ജീവനക്കാരിൽ 4% കാർഷിക വൃത്തിയിൽ ഉൾപ്പെടുന്നുണ്ട്. അതുപോലെ കച്ചവടക്കാരിലും വ്യവസായികളിലും 50% കാർഷികവൃത്തിയുമായി ബന്ധപ്പെടുന്നവരാണ്. ഇങ്ങനെ നോക്കുമ്പോൾ യഥാർത്ഥത്തിൽ 87% ആളുകൾ കാർഷിക രംഗവുമായി ബന്ധപ്പെടുന്നവരാണെന്ന് കാണാവുന്നതാണ്. സ്ത്രീജനങ്ങളെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള പരിശ്രമങ്ങൾ വേണ്ടത്ര ഉണ്ടാവുകയോ ഫലവത്താകുകയോ ചെയ്തിട്ടില്ല. അതിന് പരിഹാരമുണ്ടാകുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിയ്ക്കാൻ പഞ്ചായത്തു പ്രതിജ്ഞാബദ്ധമാണ്.



# കൃഷിയും ജലസേചനവും

മാടപ്പള്ളി തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ധാരാളം കുന്നിൻപ്രദേശങ്ങളും, താഴ്‌വരകളിലുള്ള നെൽവയലുകളും അടങ്ങിയതാണ് ഇവിടത്തെ ഭൂപ്രദേശം. പഴയകാലത്ത് ജനങ്ങളുടെ മുഖ്യ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിൽ മേഖലകളുമായിരുന്നു. നെല്ല്, തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, വാഴ മുതലായവ കൃഷിചെയ്തിരുന്നു.

കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും ജന്മിമാരായിരുന്നു. ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നല്കിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. അൻപതോളം പാടശേഖരങ്ങളിലും കരയ്ക്കും നെൽക്കൃഷിയുണ്ടായിരുന്നു. പെരുവാഴവിത്ത്, കൊച്ചുവിത്ത്, മുന്നാകൻ, കുഞ്ഞ് അതിക്കര, കുരുവിക്കണ്ണൻ, പാണ്ടിവെള്ള, മീനാറ്റാര്യൻ, കൊടിയൻ, ചീര, കുടിച്ചീര, പൊന്നാര്യൻ, തവളക്കണ്ണൻ, നകര, നായരുവിത്ത് തുടങ്ങിയ പല സവിശേഷതകളോടുകൂടിയ നാടൻ വിത്തിനങ്ങളാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. കരയ്ക്ക് കാടുവെട്ടി ചുട്ട് കാളപൂട്ടി കൃഷിസ്ഥലം കൃഷിയ്ക്ക് അനുയോജ്യമാക്കുമായിരുന്നു. കാളപൂട്ടിയ പൊഴിയിൽ വിത്ത് വിതച്ച് പൊഴിമൂടിയായിരുന്നു കൃഷിരീതി. വർഷത്തിൽ കന്നിക്കൃഷിയും കുംഭക്കൃഷിയും ചെയ്യുമായിരുന്നു.

ജലസേചനത്തിനായി തോടുകളിൽ ചിറകെട്ടി അതിരുകളിൽ കൈതവച്ച് പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. തോടുകളിൽനിന്നും കൃഷിസ്ഥലങ്ങളിലേക്ക് ജലം തിരിച്ചുവിടുന്നതിനായി വാഴയില, ഓല, മുളംകുറ്റി എന്നിവ ഉപയോഗിച്ച് താത്ക്കാലിക തടയിണകൾ നിർമ്മിച്ചിരുന്നു. ആദ്യകാലത്ത് കാര്യമായ കീടബാധയൊന്നും തന്നെയില്ലായിരുന്നു എന്നുവേണം പറയാൻ. നെല്ലിന് പുഴുപിടിച്ചാൽ കുട്ടകൊണ്ട് വീശി നശിപ്പിക്കുമായിരുന്നു. അതുപോലെ നെൽ വയലുകളിൽ വെള്ളം കെട്ടിനിർത്തി ചൂലുകൊണ്ട് അടിച്ച് കീടങ്ങളെ ഒരു വശത്ത് കൊണ്ടുവന്ന് നീക്കം ചെയ്യുമായിരുന്നു. എലിയെ നശിപ്പിക്കുവാൻവേണ്ടി പലകപ്പൂട്ട്, അടിവില്ല്, മുളം കുറ്റി ഉപയോഗിച്ചുള്ള കെണി എന്നിവ പ്രചാരത്തിലുണ്ടായിരുന്നു.

ഭൂഉടമസ്ഥരിൽ ഭൂരിഭാഗവും ജന്മിമാരായതിനാൽ കൃഷിഭൂമിയിൽ പണിയെടുത്തിരുന്നത് കർഷകത്തൊഴിലാളികളായിരുന്നു. അവർക്ക് കൂലിയായി നൽകിയിരുന്നത് ധാന്യങ്ങളായിരുന്നു. ആദ്യകാലത്ത് മാറ്റാൾപണിയും നിലവിലുണ്ടായിരുന്നു. കളപറി, കൊ

യ്ത്ത്, മെതി തുടങ്ങിയ ജോലികൾ ചെയ്തിരുന്നത് സ്ത്രീകൾ ആയിരുന്നു. തൊഴിലാളികൾ പ്രത്യേക താളത്തിലുള്ള പാട്ടുകൾ പാടിക്കൊണ്ടാണ് കളപറി, കൊയ്ത്ത്, മെതി, ഞാറുനടീൽ തുടങ്ങിയ ജോലികൾ ചെയ്തിരുന്നത്. ജന്മിമാരിൽനിന്നും കൃഷിഭൂമി പാട്ടത്തിനായി വാങ്ങുമായിരുന്നു. പ്രതിഫലമായി നൽകേണ്ടത് ധാന്യങ്ങൾ ആയിരുന്നു.

പാടങ്ങളിൽ ഇടവിളയായി ചാമ, എള്ള്, പയർ, മുതിര എന്നീ ധാന്യങ്ങൾ കൃഷിചെയ്തിരുന്നു. പുരയിടങ്ങളിൽ മരച്ചീനി ക്കൃഷി വ്യാപകമായ തോതിൽ നടത്തിയിരുന്നു. ആദ്യകാലത്ത് നിലവിലുള്ള വിത്തിനങ്ങൾ, നെടുമങ്ങാടൻ, അരിയൻ, പാലാവെള്ള, പത്തിനി, വടക്കൻ മുതലായവയായിരുന്നു. പിന്നീട് കടലയ്ക്കമണിയൻ, കലികാലൻ, ചീനിക്കപ്പ, മലബാർ കപ്പ തുടങ്ങിയവയാണ് പ്രചാരത്തിലിരുന്നത്. കൂടാതെ കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, മധുരക്കിഴങ്ങ് കാച്ചിൽ തുടങ്ങിയവയും പച്ചക്കറിയിനങ്ങളായ വഴുതന, പാവൽ, പടവലം, പയർ, കോവൽ, ചീര, കാന്താരി, പച്ചമുളക്, തുവര, വാളരി, വെള്ളരി, വെണ്ട തുടങ്ങിയവയും വ്യാപകമായി കൃഷിചെയ്തിരുന്നു. പച്ചക്കറികൾക്ക് അപൂർവ്വമായി ഉണ്ടാകുന്ന കീടങ്ങളെ നിയന്ത്രിക്കുവാൻ ചാരം, കുമ്മായം, പുകയിലക്കഷായം തുടങ്ങിയവ ഉപയോഗിച്ചിരുന്നു. ഇടവം, മിഥുനം, കർക്കിടകം തടുങ്ങിയ പഞ്ഞമാസങ്ങളിൽ നൂറ്, കുടപ്പനയുടെ ചോറ്, മരച്ചീനി എന്നിവ ആഹാരത്തിന് ഉപയോഗിച്ചിരുന്നു.

സമതലങ്ങളിൽ വൻതോതിൽ തെങ്ങ് കൃഷി നടത്തിയിരുന്നു. ഇടവിളയായി കുരുമുളക്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷിചെയ്തിരുന്നു. പ്രധാന വിപണനകേന്ദ്രം വേലുത്തമ്പി ദളവ സ്ഥാപിച്ച ചങ്ങനാശ്ശേരി മാർക്കറ്റാണ്. തലച്ചുമടായി ചുമന്നും, കാളവണ്ടി, ഉന്തുവണ്ടി തുടങ്ങിയ നാടൻ വാഹനങ്ങളിലുമാണ് കാർഷികോത്പ്പന്നങ്ങൾ മാർക്കറ്റിൽ എത്തിച്ചിരുന്നത്.

## ഇന്നലെകളിൽനിന്നും ഇന്നത്തെ മാറ്റം

1920 കളിൽ പഞ്ചായത്തിലെ വയലുകളുടെ വിസ്തൃതി സെറ്റിൽമെൻറ് രേഖപ്രകാരം 327 ഹെക്ടർ ആണ്. ഇപ്പോൾ നിലവിലുള്ളത് 229.5 ഹെക്ടർ വയലാണ്. ബാക്കി 97.5ഹെക്ടർ വയൽ നികത്തപ്പെട്ടു. അതിനു കാരണങ്ങൾ പലതാണ്. ഭൂപരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ വീടുവയ്ക്കുന്നതിനും, വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ്, റബ്ബർ മുതലായ കാർഷികവിളകൾ നടുന്നതിനുംവേണ്ടി നികത്താൻ തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന ഉത്പ്പാദനക്രമങ്ങളിൽ മാറ്റം വരാൻ തുടങ്ങി. 1970 കളിൽ ഇടത്തരം കർഷകരും പാടങ്ങൾ നികത്തുന്നതിന് തുടക്കം കുറിച്ചു. ഇത് വളരെയധികം വ്യാപകമായതോടെ നീരൊഴുക്കിൻെറ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപപ്പെടുന്നതിന് കാരണമായി. ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞുവന്നതോടെ അവർ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതിന് കളമൊരുക്കി. ഇതോടൊപ്പം നിലവിലുള്ള കൃഷിഭൂമി തരിശിടുവാനും ജീവിത വരുമാനമാർഗ്ഗം കൃഷിയിൽനിന്നും മറ്റ് മേഖലകളിലേക്ക് തിരിയുവാനും തുടങ്ങി. കൂലി നിലവാരം ഉയർന്ന് വരുന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിൻെറ അളവ് ക്രമേണ കുറഞ്ഞുവന്നു. ഇവയെല്ലാം നെൽവയലുകൾ നികത്തുന്നതിന് ആക്കം വർദ്ധിപ്പിക്കുകയാണുണ്ടായത്.

നെൽക്കൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കാർഷിക തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കാർഷികത്തൊഴിലാളികളുടെ എണ്ണക്കുറവിന് കാരണമായി. വയലുകളിൽ തെങ്ങ്, റബ്ബർ മുതലായവ കൃഷിചെയ്യാനും ഗൃഹനിർമ്മാണത്തിനുംവേണ്ടി വയൽനികത്തുന്നതിനും പ്രേരണ നൽകി. പരമ്പരാഗതമായി കർഷകർ കൃഷി ചെയ്തിരുന്ന പച്ചക്കറികൾ വാഴ, പഴവർഗ്ഗങ്ങൾ എന്നീ വിളകളിലും സാരമായി കുറവ് ബാധിച്ചു. കാർഷികവൃത്തിയോട് വന്ന സമീപനത്തിൻെറ ഫലമായി പറമ്പിൽ കൃഷിചെയ്തിരുന്ന ഇടവിളകളുടെ ഉത്പാദനത്തിലും ഗണ്യമായ കുറവ് വരാൻതുടങ്ങി. ഉപഭോഗപ്രവണതയുടെ വളർച്ചയിൽ വലിയൊരു പങ്ക് ഇതിനുണ്ട്. പുരയിടങ്ങളിലിപ്പോൾ റബ്ബർ ഒഴികെയുള്ള മറ്റ് കൃഷിയിനങ്ങൾ നാമാവഷേമായിക്കൊണ്ടിരിക്കുകയാണ്. മറ്റ് കാർഷിക വിളകളുമായി താരതമ്യം ചെയ്യുമ്പോൾ റബ്ബറിന് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളു എന്ന വസ്തുത ഇതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ജനസംഖ്യയിലുണ്ടായ വർദ്ധനവും കാർഷികമേഖലയെ തകർക്കുന്നതിന് ചൂണ്ടിക്കാണിക്കാവുന്ന കാര്യങ്ങളിലൊന്നാണ്.

വയലുകൾ നികത്തുന്നതും, അശാസ്ത്രീയമായ റോഡു നിർമ്മാണവും വ്യാപകമായതോടെ നീർക്കെട്ടിൻേറയും പരിസ്ഥിതിക പ്രശ്നങ്ങളുടെയും വ്യാപ

വർദ്ധിപ്പിക്കുന്നതിന് ഹേതുവായി. പുരയിടങ്ങളിലെ വെട്ടുകൽ ഖനനവും വ്യാവസായികമായ തോതിൽ മണ്ണ് എടുത്ത് കുട്ടനാടൻ മേഖലകളിലുള്ള വയലുകൾ നികത്തുവാൻ വേണ്ടി കൊണ്ടുപോകുന്നതും ഏറ്റവും വലിയ പരിസ്ഥിതിക പ്രശ്നമായി മാറിയിരിക്കുന്നു. ചേറ്റുവാങ്കൽ പുരയിടം, പൂവമ്പള്ളിൽ പുരയിടം, പടിഞ്ഞാറേതിൽ പുരയിടം മുതലായവ ഇതിനുദാഹരണങ്ങളാണ്. പഞ്ചായത്തിലെ പുരയിടങ്ങൾ ചരിവുള്ള കുന്നിൻ പ്രദേശങ്ങളായതുകൊണ്ട് മണ്ണൊലിപ്പ് മുഖ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു.

## ഭൂവിനിയോഗം

മാടപ്പള്ളി പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2402 ഹെക്ടർ ആണ്. ഇതിൽ താഴ്വര (വയൽ), സമതലം, മിതമായ ചരിവ്, കുത്തനെയുള്ള ചരിവ്, ഉയർന്ന പ്രദേശം എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക 1 കാണുക)

പട്ടിക 1

ഭൂപ്രകൃതി

| നമ്പർ | ഭൂപ്രകൃതി | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | താഴ്വര | 229.50 |
| 2 | സമതലം | 66.42 |
| 3 | മിതമായ ചരിവ് | 1834.00 |
| 4 | കുത്തനെയുള്ള ചരിവ് | 56.00 |
| 5 | ഉയർന്ന പ്രദേശം | 175.86 |
| 6. | തോട് | 40.22 |
| ആകെ | | 2402.00 |

ഭൂരിഭാഗം ഭൂവുടമസ്ഥരും ഒരു ഹെക്ടറിൽതാഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച വിശദവിവരം താഴെ ക്കൊടുക്കുന്നു. (പട്ടിക 2 കാണുക)

പട്ടിക 2

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 1-10 സെന്റ് | 3410 |
| 2 | 10-25 സെന്റ് | 1735 |
| 3 | 25-50 സെന്റ് | 2975 |
| 4 | 50-100 സെന്റ് | 1954 |
| 5 | 1-2 ഏക്കർ | 2056 |
| 6 | 2-5 ഏക്കർ | 804 |
| 7 | 5 ഏക്കറിനുമേൽ | 199 |

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിലേക്ക് 0.079 ഹെക്ടറാണ്.

പഞ്ചായത്തിലെ താഴ്വര (വയൽ) കളിൽ ചെളിമണ്ണും, സമതലങ്ങളിൽ മണൽ കലർന്ന മണ്ണും ചരിവ് പ്രദേശങ്ങളിൽ ചെമ്മണ്ണും കാണുന്നു. കൃഷിഭവൻ രേഖകൾ പ്രകാരം മണ്ണിന്റെ ഗുണനിലവാരം കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. വർദ്ധിച്ചുവരുന്ന രാസവളപ്രയോഗം മൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണപ്പെടുന്നത്. കൃഷിഭവൻ രേഖകൾ പ്രകാരം 90-91 -ൽ പി എച്ച് 5.7 മുതൽ 6.4 വരെയായിരുന്നത് 95-96 ആയപ്പോഴേയ്ക്കും 4.8 മുതൽ 5.6 വരെയായി കുറഞ്ഞു.

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ റബ്ബറും സമതലങ്ങളിൽ തെങ്ങും, താഴ്വരകളിൽ നെല്ലും പച്ചക്കറിയുമാണ് കൃഷിചെയ്യുന്നത്. 1980

കളിൽ സമതലങ്ങളിലും വയലുകളിലും വൻതോതിൽ കൊക്കൊ കൃഷിനടത്തിയിരുന്നു. നല്ല ഉത്പ്പാദനം ഉണ്ടായിരുന്നെങ്കിലും അണ്ണാൻേറയും എലിയുടെയും ശല്യം മൂലവും, വിലക്കുറവ് മൂലവും വിളവെടുപ്പ് നടത്തുവാൻ സാധിക്കാതെവന്നു. പിന്നീട് ആ പ്രദേശങ്ങളിൽ അധികം പരിചരണമില്ലാത്തതും കൂടുതൽ ആദായ നൽകുന്നതുമായ റബ്ബർ വച്ചുപിടിപ്പിക്കുവാൻ തുടങ്ങി.

ഈ പഞ്ചായത്തിലുള്ള നെൽവയലുകൾ സ്ഥിതിചെയ്യുന്നത് കുന്നുകളുടെ താഴ്വരകളിലാണ്. വയലുകൾക്ക് അധികം വീതിയില്ല. റബ്ബർ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിച്ചതുകാരണം വയലുകളിലേക്ക് ഇരുകരയിലുമുള്ള റബ്ബറുകളുടെ ശാഖകൾ നീണ്ടുകിടക്കുന്നതുകാരണം നെൽച്ചെടിക്ക് വളരാൻ ആവശ്യമായ സൂര്യപ്രകാശം ലഭിക്കുവാൻ സാധിക്കാതെ വരുന്നു. സമതലങ്ങളിലുള്ള റബ്ബറിൻെറ വേര് (പന്ന) വയലുകളിൽ എത്തിയിരിക്കുന്നതുമൂലം നെല്ല് വളരുകയില്ല. അതും നെൽവയലുകൾ നികത്തി തെങ്ങ്, റബ്ബർ മുതലായ ദീർഘകാല വിളവ് നേടാൻ ജനങ്ങൾ പ്രേരിതരാകുന്നു.

നിലങ്ങൾ നികത്തി തെങ്ങുകൃഷി നടത്തുന്നിടത്ത് ഉത്പ്പാദനച്ചെലവ് കൂടുതലാണെങ്കിലും കാറ്റുവീഴ്ചയും, കൂമ്പുചീയൽ രോഗവും മൂലം തെങ്ങുകൃഷി നഷ്ടത്തിൽ കലാശിച്ചിരിക്കയാണ്. റബ്ബർകൃഷി സമതലങ്ങളിലേക്ക് വ്യാപിച്ചതുകാരണം ഇവിടത്തെ തെങ്ങിൻെറ ഉൽപാദനക്ഷമത വളരെ കുറവാണ്.

പുരയിടങ്ങളിൽ റബ്ബർ കൃഷിയാണ് കൂടുതലായി നടന്നുവരുന്നത്. ആദ്യകാലങ്ങളിൽ നാടൻ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. അവയുടെ ഉൽപാദനക്ഷമത കുറവായതിനാൽ പകരം ബഡ് ചെയ്ത ആർ ആർ ഐ 105, ജി.റ്റി, ആർ.ആർ.ഐ - 600 തുടങ്ങിയ ഇനങ്ങളാണ് ഉപയോഗിക്കുന്നത്. ഇതിൽ ഉൽപാദനക്ഷമത കൂടുതലുള്ള ഇനമായ ആർ.ആർ.ഐ 105 ആണ് കൂടുതൽ പ്രചാരത്തിലുള്ളത്. റബ്ബർ കൃഷിയോടുള്ള അഭിമുഖ്യത്തിന് പ്രധാനകാരണം സ്ഥിരവരുമാനം നൽകുന്നു എന്നതും അധികം പരിചരണം ആവശ്യമില്ല എന്നതുമാണ്. മറ്റ് ഏതു വിളയേക്കാളും ആദായം റബ്ബറിൽ നിന്നാണ് ലഭിക്കുന്നത്. അതുകൊണ്ട് റബ്ബർ കൃഷി ഏതാനും വർഷങ്ങൾകൊണ്ട് പൂർണ്ണമായി വ്യാപിക്കുവാൻ സാധ്യതയുണ്ട്. പക്ഷേ റബ്ബർ കർഷകർ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ രണ്ടാണ്. കാലാവസ്ഥാ വ്യതിയാനം കാരണം വിളവെടുപ്പ് പൂർണ്ണമായി നടത്തുവാൻ സാധിക്കുന്നില്ല. റബ്ബറിന് ഇറക്കുമതിയിൽനിന്ന് മോചനമില്ല എന്നതു റബ്ബർ കർഷകരെ വിഷമിപ്പിക്കുന്നു.

പുരയിടങ്ങളിൽ കൃഷിചെയ്തിരുന്ന കുരമുളകിന് അസുഖങ്ങളിൽ നിന്നും മോചനമില്ല. അതുകാരണം നാൾക്കുനാൾ കുരുമുളക് ചെടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പച്ചക്കറിക്കൃഷി നല്ലരീതിയിൽ നടക്കുന്നുണ്ട്. പുരയിടങ്ങളിൽ റബ്ബറായതുകൊണ്ട് നെൽവയലുകളിലാണ് പച്ചക്കറിക്കൃഷി നടത്തുന്നത്. വർഷാകാലത്ത് വെള്ളം കയറുന്നതുകൊണ്ട് കൃഷിനാശം സംഭവിക്കുന്നുണ്ട്. അതുപോലെ കാലാകാലങ്ങളിൽ ഉണ്ടാകാറുള്ള പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നു. പഞ്ചായത്തിൽ കൃഷിചെയ്യുന്ന പ്രധാന ഇനങ്ങൾ പടവലം, പയർ, പാവൽ, വെള്ളരി മുതലായവയാണ്. പച്ചക്കറി ഇനങ്ങളുടെ ഉൽപാദനക്ഷമത മുൻവർഷത്തേക്കാൾ വളരെ കുറവാണ്.

വയലുകളിലും പുരയിടങ്ങളിലും വാഴക്കൃഷി പഞ്ചായത്തിൽ വൻതോതിൽ നടത്തുന്നുണ്ട്. കേരളത്തിൽ വാഴക്കുലയുടെ ഉൽപാദനത്തിൽ കോട്ടയം ജില്ലയ്ക്ക് മൂന്നാം സ്ഥാനമാണ് ഉള്ളത്. വാഴക്കൃഷിയെ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം രോഗങ്ങളും കാലാവസ്ഥാ വ്യതിയാനം, പ്രകൃതിക്ഷോഭം, കൂലിച്ചെലവ് ഇവയൊക്കെയുമാണ്. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചവർക്ക് കൃഷിഭവൻ മുഖേന വിതരണം ചെയ്ത ധനസഹായത്തെക്കുറിച്ച് താഴെ ക്കൊടുക്കുന്നു. (പട്ടിക 3 കാണുക) ഇത് യഥാർത്ഥ നഷ്ടത്തിൻെറ പത്തിലൊന്നുപോലും വരുകയില്ല.

പട്ടിക 3. ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 1993-'94 | വെള്ളപ്പൊക്കം, കാറ്റ് | 17 | 5072.00 Rs |
| 1994-'95 | ,, ,, | 63 | 5122.00 |
| 1995-'96 | വൻതോതിൽ കൃഷിനാശം സംഭവിച്ചുവെങ്കിലും ദുരിതാശ്വാസ വിതരണം നടത്തിയില്ല. | | |
| 1996-'97 | വെള്ളപ്പൊക്കം, കാറ്റ് | 46 | 30830.00 |

പഞ്ചായത്തിലെ മുഖ്യവിളകളുടെ വിസ്തീർണ്ണവും, ഉൽപാദനവും, ഉൽപാദനക്ഷമതയും താഴെക്കൊടുക്കുന്നു. (പട്ടിക 4 കാണുക)

പട്ടിക 4

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉൽപ്പാദനം മെട്രിക്ടൺ കിലോ. | ഉൽപാദന ക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 180 | 405 | 22250 kg |
| നെല്ല് (രണ്ടാം വിള) | 192 | 518.40 | 2700 kg |
| പയർ | 75 | 9.90 | 300 kg |
| കരവാഴ | 30 | 270 | 9 M.T |
| വയലുകളിലെ വാഴ | 64 | 368 | 5.75 M.T |
| മരച്ചീനി | 32.5 | 520 | 16 M.T |
| കുരുമുളക് | 49 | 18.62 | 380 kg |
| റബ്ബർ | 848 | 280 | 700kg |
| കവുങ്ങ് | 11 | 8.25 lakhs | 7500 nuts |
| കൊക്കൊ | 35 | 8.75 lakhs | 250kg |
| ഇഞ്ചി | 10 | 3.00 | 300kg |
| തെങ്ങ് | 389 | 19.45 lakhs | 5000 nuts |

### വളം

സഹകരണ മേഖലയിലുള്ള 6 ഉം സ്വകാര്യ മേഖലയിലുള്ള 6 ഉം ഉൾപ്പെടെ 12 വളം വിപണനകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. കൃഷിക്കുപയോഗിക്കുന്നത് 80% രാസവളങ്ങളാണ്. വിപണനകേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കേണ്ട വിലനിലവാരപ്പട്ടിക എങ്ങും തന്നെ പ്രദർശിപ്പിച്ചു കാണാറില്ല. കർഷകർ ശാസ്ത്രീയമായ രീതിയിലല്ല വളപ്രയോഗം നടത്തുന്നത്. അതുകൊണ്ട് കൃഷിച്ചെലവിന്റെ അനാവശ്യമായ വർദ്ധനയ്ക്ക് കാരണമാകുന്നു. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്നില്ല. ജൈവവളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളു. ആവശ്യമായ അളവിൽ ജൈവവളം ലഭ്യമല്ലാത്തതാണ് ഇതിനുള്ള പ്രധാന കാരണം.

### രോഗങ്ങളും കീടനാശിനികളും

ഓരോ വിളയേയും ബാധിക്കുന്ന രോഗങ്ങളേയും കീടങ്ങളേയും സംബന്ധിച്ച വിവരങ്ങൾ താഴെ ക്കൊടുക്കുന്നു. (പട്ടിക 5 കാണുക.)

പട്ടിക 5

| വിള | രോഗങ്ങളും കീടങ്ങളും |
|---|---|
| റബ്ബർ | പട്ടമരപ്പ്, ചീക്കുപൊട്ടൽ |
| തെങ്ങ് | കാറ്റുവീഴ്ച, കൂമ്പുചീയൽ, ചെല്ലി |
| വാഴ | നാമ്പ് അടപ്പ്, ഇനം തിരിയൽ, വേരു കേട്, ചെറുചെല്ലി |
| പയർ | മുരടിപ്പ്, തണ്ടുതുരപ്പൻ പുഴു, കായ്കൾ നശിപ്പിക്കുന്ന വിവിധ തരം കീടങ്ങൾ, പക്ഷികൾ |
| കുരുമുളക് | ദ്രുതവാട്ടം |
| നെല്ല് | മുഞ്ഞ, ഓലചുരുട്ടിപ്പുഴു, കുലവാട്ടം-കുഴൽരോഗം, എലി |
| കൊക്കൊ | എലി, അണ്ണാൻ |
| ഇഞ്ചി | കൂമ്പുചീയൽ |
| മരച്ചീനി | എലി, ഇല മുരടിപ്പ്, വൈറസ് രോഗം |

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചു

വരുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ, ശാസ്ത്രീയമായ രീതിയോ പരിഗണിച്ചു കാണാറില്ല. കീട നിയന്ത്രണത്തിനായിജൈവ കീടനാശിനി പ്രയോഗം എങ്ങുംതന്നെ നടത്തുന്നില്ല.

## കാർഷികോപകരണങ്ങൾ

കൃഷിഭവൻ മുഖേന നൽകിയ 10 റൊക്ക് സ്പെയർ, 10 തെങ്ങ് കയറ്റയന്ത്രം, 85 പോർട്ടബിൾ പമ്പുസെറ്റ് എന്നിവയാണ് കാർഷിക യന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്. നാമമാത്രം രണ്ട് ജോഡി ഉഴവുകാളകളും പഞ്ചായത്തിലുണ്ട്. കൂടാതെ സമീപ പഞ്ചായത്തുകളിലെ യന്ത്രോപകരണങ്ങളും കൃഷിയ്ക്ക് ഉപയോഗിക്കാറുണ്ട്. ഒരു കാലത്ത് കൃഷിയ്ക്ക് പൂർണ്ണമായി ആശ്രയിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. കൃഷിയാവശ്യത്തിനായി ലഭിക്കുന്ന പോർട്ടബിൾ പമ്പുസെറ്റ് മറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നുവെന്ന് പരക്കെ ആക്ഷേപമുണ്ട്.

## കാർഷിക സംരംഭങ്ങൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിച്ച കുരിയാനിപ്പാടം, പ്രാക്കുഴി എന്നീ പാടശേഖര സമിതികൾ നിലവിലുണ്ട്. അവ ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്. മുപ്പതിൽപരം പാടശേഖരങ്ങൾ പഞ്ചായത്തിലുണ്ട്. ഇവിടത്തെ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കൂടുതൽ പാടശേഖര സമിതികൾ രൂപീകരിക്കുവാനുള്ള സാദ്ധ്യത നിലവിലുണ്ട്. ഇതുമൂലം നെല്ലിന്റെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും. കേരകർഷകരെ സഹായിക്കുവാൻ രൂപീകരിച്ച ഒരു കേര കർഷകസമിതി നിലവിലുണ്ട്.

## കൂലി നിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള അഭിമുഖ്യക്കുറവ്, കെട്ടിടനിർമ്മാണം, മരപ്പണി തുടങ്ങിയ മേഖലകളിലെ കൂലിക്കൂടുതൽ തുടങ്ങിയവ ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. കർഷക കുടുംബങ്ങളിൽ ചില കുടുംബങ്ങൾ മാത്രമേ കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നുള്ളു. ഏകദേശം 250 പേരാണ് തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന് 80 രൂപയും സ്ത്രീകൾക്ക് 40 രൂപയും ആണ് നിലവിലുള്ളത്. നിലവിൽ ഒരു ഏകീകൃത നിരക്കില്ല.

## ഉൽപന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിൽ വിപണനസൗകര്യങ്ങൾ വളരെ കുറവാണ്. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുവാൻ പൊതു വിപണന സൗകര്യങ്ങൾ ഇല്ല. പഞ്ചായത്തിലെ ആഭ്യന്തര ഉപയോഗത്തിനുശേഷം ബാക്കിവരുന്ന പച്ചക്കറികൾ, വാഴക്കുല എന്നിവ ചങ്ങനാശ്ശേരി മാർക്കറ്റിലും, നെടുംകുന്നം, കറുകച്ചാൽ മുതലായ ചന്തകളിലുമാണ് വിറ്റഴിക്കുന്നത്. ഉൽപാദനം കൂടുതലുള്ള സമയങ്ങളിൽ വിറ്റഴിക്കാൻ കർഷകർ വളരെ ബുദ്ധിമുട്ടാറുണ്ട്. വാഴക്കുല, പച്ചക്കറികൾ മുതലായവ അന്യ സംസ്ഥാനങ്ങളിൽനിന്നും ഇവിടെ എത്തുന്നതുമൂലം വിപണിയിൽ കുറഞ്ഞ വിലയാണ് കർഷകർക്ക് ലഭിക്കുന്നത്. പച്ചക്കറികൾ എളുപ്പം ചീത്തയാകുന്നതിനാൽ വില കുറഞ്ഞാലും വിറ്റഴിക്കാൻ കർഷകർ ബാദ്ധ്യസ്ഥരാകുന്നു.

പഞ്ചായത്തിൽ 27 റബ്ബർ കടകളും 6 മലഞ്ചരക്ക് വ്യാപാരകേന്ദ്രങ്ങളും ഉണ്ട്. റബ്ബർ വ്യാപാരികൾ ഗുണനിലവാരം കൂടുതലുള്ള റബ്ബർഷീറ്റിന് തരംതിരിക്കാത്ത ഷീറ്റിന്റെ വിലയേ നല്കുന്നുള്ളു. ഗ്രേഡ് തിരിച്ചുള്ള വില നൽകുന്നില്ല. ഗ്രേഡ് നിശ്ചയിച്ച് വില നല്കുന്ന റബ്ബർ മാർക്കർറ്റിംഗ് സൊസൈറ്റികൾ ഒന്നുംതന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. മലഞ്ചരക്ക് വ്യാപാരത്തിലും ഈ ദുഃസ്ഥിതി കാണുന്നു. വ്യാപാരസ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെടേണ്ട വിലനിലവാരപ്പട്ടിക എങ്ങുംതന്നെ പ്രദർശിപ്പിക്കപ്പെടുന്നില്ല.

ഈ പഞ്ചായത്തിൽ ചങ്ങനാശ്ശേരി റബ്ബർ ഉൽപാദക സഹകരണ സംഘത്തിന്റെ നാല് റബ്ബർപാൽ സംസ്കരണകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു. (പട്ടിക 6 കാണുക)

പട്ടിക 6

| സ്ഥാപനത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗ സംഖ്യ | പ്രതിദിനം സംഭരിക്കുന്ന റബ്ബർക്കറ |
|---|---|---|---|
| റബ്ബർ ഉൽപാദക സഹകരണ സംഘം പാലമറ്റം K-112/86 | 1986 | 68 | 400 kg |
| റബ്ബർ ഉൽപാദക സഹകരണ സംഘം കുറുമ്പനാടം K-231/87 | 1987 | 97 | 400 kg |
| റബ്ബർ ഉൽപാദക സഹകരണ സംഘം ഏലംകുന്ന് | 1989 | 137 | 300 kg |
| റബ്ബർ ഉൽപാദക സഹകരണ സംഘം മാമ്മൂട് | 1988 | 122 | 400 kg |

## ജലസേചനം

പ്രധാനമായും മഴയെമാത്രം ആശ്രയിച്ച് കൃഷിനടത്തുന്ന പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്ക് കിഴക്ക് മൺസൂൺ) സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും (വടക്കു പടിഞ്ഞാറൻ മൺസൂൺ) ശരാശരി വർഷത്തിൽ 311.7 സെ.മീ. മഴ ലഭിക്കുന്നു. കഴിഞ്ഞ 5 വർഷത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെച്ചേർക്കുന്നു. (പട്ടിക 7 കാണുക) വേനൽക്കാലത്ത് വയലുകളിൽ ജലസേചനം നടത്താമെങ്കിൽ കൂടുതൽ ഉൽപാദനം ഉണ്ടാക്കുവാൻ സാധിക്കും.

പട്ടിക 7

മഴയുടെ അളവ് (മി. മീ.)

| വർഷം | ജനു. | ഫെബ്രു. | മാർ. | ഏപ്രി. | മെയ് | ജൂൺ | ജൂലൈ | ആഗ. | സെപ്. | ഒക്. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | - | - | - | 4 | 50 | 952 | 9455 | 434.1 | 57.8 | 296.6 | 86.6 | - |
| 1992 | - | - | - | 77.3 | 124.3 | 1039.6 | 789.7 | 500.2 | 172.1 | 212.1 | 310.7 | - |
| 1993 | - | 18.3 | 20.2 | 77.8 | 117.2 | 450.2 | 770.5 | 336 | 126 | 418.1 | 195.6 | 28 |
| 1994 | - | - | 2.4 | 259.7 | 36.6 | 870.9 | 1435 | 437 | 220.1 | 588 | 42.1 | - |
| 1995 | 3.1 | - | - | 73.6 | 557.2 | 729.4 | 612.5 | 459.6 | 280.4 | 198.4 | 170.6 | - |

## തോടുകൾ

പഞ്ചായത്തിലാകെയുള്ള പ്രധാന തോടുകളുടെ നീളം 17 കി.മീ. വരും ഇതിൽ സംരക്ഷിക്കപ്പെട്ട തോടിൻെറ നീളം 4.5 കി.മീ. മാത്രമാണ്. കാലവർഷത്തിലും തുലാവർഷത്തിലും തോടുകൾ കരകവിഞ്ഞ് കൃഷി നശി

ക്കുന്നത് നിത്യ സംഭവമാണ്. അതുമൂലം നെൽവയലുകൾ തരിശ് ഇടുന്ന പതിവ് ഉണ്ട്. സംരക്ഷിക്കപ്പെടാത്ത തോടുകളുടെ ഇരു പാർശ്വങ്ങളും ഇടിഞ്ഞ് വെള്ളം കയറുന്നതുമൂലം കൃഷിനാശം സംഭവിക്കുന്നു. 12 സ്ഥലങ്ങളിലായി തോടുകൾക്ക് ചീർപ്പുകൾ ഉണ്ടെങ്കിലും ഒന്നുംതന്നെ പ്രവർത്തനക്ഷമമല്ല. അതുമൂലം കൃത്രിമമായ നാടൻ രീതികളുപയോഗിച്ച് വെള്ളം കെട്ടി നിർത്താറാണ് പതിവ്. സംരക്ഷിക്കപ്പെട്ട തോടിന്റെ പാർശ്വങ്ങൾ അധികം പഴക്കം ചെല്ലുന്നതിനുമുമ്പ് ഇടിഞ്ഞുപോകാറുണ്ട്. ഗുണഭോക്താക്കൾക്ക് ആവശ്യമുള്ളിടത്ത്, അവരുടെ പങ്കാളിത്തത്തോടെ നിർമ്മാണം നടത്താത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. പ്രധാന തോടുകൾക്കെല്ലാം നിരവധി ഉപതോടുകൾ ഉണ്ട്. ഇവ കാലാകാലങ്ങളിൽ സംരക്ഷിക്കപ്പെടുന്നില്ല. അതുകാരണം നീർക്കെട്ട് ഉണ്ടാകുന്നു. പാടങ്ങൾ നികത്തുന്നതുമൂലം തോടുകളുടെ വീതിതന്നെ പലരും കുറച്ചുകൊണ്ടു വരികയാണ്. പഞ്ചായത്തിലുള്ള പ്രധാനതോടുകളെ സംബന്ധിച്ചു വിവരങ്ങൾ താഴെക്കൊടുക്കുന്നു. (പട്ടിക 8 കാണുക) പഞ്ചായത്തിലെ ചെറുതും വലുതുമായ എല്ലാ തോടുകളും വറ്റിവരളാറുണ്ട്. അതുമൂലം വേനൽക്കാലകൃഷികൾ അസാധ്യമായിവരുന്നു.

ക്കരണവും കാർഷികവൃത്തിയോട് വന്ന വിമുഖതയും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. വിശ്വാസത്തിന്റെ പേരിലാണെങ്കിലും ക്ഷേത്രം വക സർപ്പക്കാവുകൾ ഇപ്പോഴും സംരക്ഷിച്ചുപോരുന്നത്. പരിമിതമായ തോതിലെങ്കിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ സഹായിക്കുന്നുണ്ട്. പഞ്ചായത്തിലെ പുരയിടങ്ങൾ ചെറുതും വലുതമായ ചരിവ് പ്രദേശങ്ങളാണ്. മണ്ണൊലിപ്പ് മഴക്കാലത്ത് അതിരൂക്ഷമാണ്. തന്മൂലം ഭൂമിയുടെ ഉപരിതലത്തിലുള്ള മേൽമണ്ണ് വർഷംതോറും നഷ്ടമായിക്കൊണ്ടിരിക്കുകയാണ്.

## നഴ്സറികൾ

10 റബ്ബർ നഴ്സറികൾ അടക്കം 13 നഴ്സറികൾ നിലവിലുണ്ട്. പുതിയ ഇനം നടീൽ വസ്തുക്കൾ പ്രചരിപ്പിക്കുന്നതിന് ഈ നഴ്സറികൾക്ക് കഴിയുന്നുണ്ടോ യെന്ന കാര്യം സംശയമാണ്. ഇവ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്ന നടീൽ വസ്തുക്കളുടെ ഗുണമേന്മ സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ വ്യാപകമായ ആശങ്കയുണ്ട്. അടുത്തകാലത്ത് കൃഷിഭവൻ മുഖേന വിതരണം നടത്തുന്ന നടീൽ വസ്തുക്കളെ സംബന്ധിച്ച് ജനങ്ങൾക്ക് ആശങ്കയുണ്ട്.

പട്ടിക 8

| നമ്പർ | തോടിന്റെ പേര് | ആകെ നീളം കി.മീ. | ശരാശരി വീതി കി.മീ. | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം കി.മീ. |
|---|---|---|---|---|
| 1 | വെളിയം - നാലുന്നാക്കൽ | 4 | 5 | 1.5 |
| 2 | പാലമറ്റം - കൂത്രപ്പള്ളി | 5 | 3 | 1 |
| 3 | മാമ്മൂട് - കാടാംച്ചിറ നാലുംന്നാക്കൽ | 4 | 3 | 1 |
| 4 | അമര - മുണ്ടുപാലം കണ്ണവട്ട | 4 | 4 | 1 |

## മണ്ണ് ജല സംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകൾ നിർമ്മിച്ചും മരങ്ങൾ അതിർത്തികളിൽ വെച്ചുപിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനങ്ങളും ഭൂമിയുടെ തുണ്ടുവൽ

## കൃഷിഭവൻ

1988 -ലാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽവന്നത്. തികച്ചും കാർഷികമേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ എത്തിയിട്ടുള്ളു. 3 കൃഷി അസിസ്റ്റൻറുമാരും

ഒരു കൃഷി ഓഫീസറും ഉള്ള കൃഷിഭവൻെറ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. കൃഷി അസിസ്റ്റൻറുമാരുടെ സേവനം ഓഫീസിൽമാത്രം ഒതുങ്ങുന്നുവെന്ന് പൊതുജനങ്ങളുടെ ആക്ഷേപം ഉണ്ട്.

## വായ്പാ സൗകര്യങ്ങൾ

3 സഹകരണ സ്ഥാപനങ്ങളടക്കം 4 ബാങ്കുകളാണ് പഞ്ചായത്തിൻെറ പരിധിയിൽ വരുന്നത്. നിയമത്തിൻെറ നൂലാമാലകളിൽ കുടുങ്ങി കർഷകർക്ക് യഥാസമയം കാർഷിക ലോണുകൾ ലഭിക്കുവാൻ സാധിക്കാതെ വരുന്നു. ഈ സ്ഥാപനങ്ങളിൽ ലോണുകൾ അനുവദിക്കുന്ന ആവശ്യത്തിലേക്ക് വേണ്ട ഭൂമി സംബന്ധിച്ച രേഖകൾ തരേണ്ടത് മാടപ്പള്ളി വില്ലേജ് ഓഫീസ് മുഖേനെയാണ്. ഇവിടെ എത്തുന്ന ജനങ്ങൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഈ ഓഫീസിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. കൃഷിയ്ക്കു വേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്നതാണ് പൊതുവെ അഭിപ്രായം.

## പ്രധാന പ്രശ്നങ്ങൾ

1. കൃഷി ചെയ്യാവുന്ന ഭൂമി മുഴുവൻ കൃഷി ചെയ്തിട്ടില്ല തരിശിട്ടിരിക്കുന്നു. കൂടുതലും നെൽവയലുകളാണ്. ഇതിനുകാരണം പലതാണ്. ഉൽപാദന ച്ചെലവിൽ വന്ന വർദ്ധനവ്, കർഷകത്തൊഴിലാളികളുടെ എണ്ണക്കുറവ്, ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലാവസ്ഥാ വ്യതിയാനങ്ങൾ, പ്രകൃതിക്ഷോഭം, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് ഇവയൊക്കെ നെൽക്കൃഷിയുടെ ഉൽപാദനം കുറയ്ക്കുന്നതിനു കാരണമായി.
2. പഞ്ചായത്തിലെ പുരയിടങ്ങളിൽ കൂടുതലും ചരിവു പ്രദേശമായതിനാൽ മണ്ണൊലിപ്പ് രൂക്ഷമാണ്. തന്മൂലം മണ്ണിൻെറ ഫലപുഷ്ടി നഷ്ടപ്പെടുന്നു.
3. വേനൽക്കാലത്ത് നെല്ല്, പച്ചക്കറികൾ, വാഴ എന്നിവ കൃഷിചെയ്യുവാൻ ആവശ്യമായ ജലസേചനത്തിനുള്ള വെള്ളം കിട്ടുന്നില്ല. നിലവിലുള്ള എല്ലാ തോടുകളും വേനൽക്കാലത്ത് വറ്റി വരളാറുണ്ട്.
4. കാലവർഷം മൂലം പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന തോടുകൾ കരകവിഞ്ഞ് പാർശ്വഭിത്തികൾ നശിച്ച് മടവീഴുന്നതുമൂലം കൃഷിനാശം സംഭവിക്കുന്നു.
5. ക്രമം തെറ്റിയുള്ള കാലവർഷംമൂലം റബ്ബറിൻെറ ഉൽപാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നില്ല. മഴക്കാലത്ത് റബ്ബർ ടാപ്പിങ്ങ് നടക്കുന്നില്ല. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളും വിദഗ്ധരായ തൊഴിലാളികളെ കിട്ടാത്തതും ഉൽപാദനത്തെ ബാധിക്കുന്ന ഘടകങ്ങളാണ്.
6. കുരുമുളക് കൃഷി നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ് ഈ പഞ്ചായത്തിൽ. കുരുമുളക് ചെടിയെ ബാധിക്കുന്ന രോഗമായ ദ്രുതവാട്ടത്തിന് ഫലപ്രദമായ പ്രതിരോധമാർഗ്ഗമില്ലാത്തതാണ് ഇതിനു കാരണം. നല്ലയിനം നടീൽവസ്തുക്കളുടെ ലഭ്യതക്കുറവും ഉൽപാദനത്തെ ബാധിക്കുന്ന ഘടകമാണ്.
7. നിലങ്ങൾ നികത്തി തെങ്ങു നട്ടുപിടിപ്പിച്ചിടത്ത് മെച്ചപ്പെട്ട ഉൽപാദനം ഉണ്ടെങ്കിലും ആനുപാതികമായ വർദ്ധനവ് പലയിടത്തും ഇല്ല. നീർക്കെട്ട് വയലുകൾ നികത്തിയ തെങ്ങിൻ തോപ്പുകളെ ബാധിച്ചിട്ടുണ്ട്. ജലസേചനം പരിമിത സ്ഥലങ്ങളിൽ മാത്രമേ ഇപ്പോഴും തെങ്ങിന് നല്കുന്നുള്ളു. നാളികേരത്തിൻെറ വിലക്കുറവ്, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നങ്ങൾ, പ്രതിരോധശക്തി കൂടുതലുള്ള നല്ലയിനം തൈകൾ ലഭിക്കായ്ക ഇവയൊക്കെ തെങ്ങ് ഉൽപാദനത്തെ ബാധിച്ചു വരുന്നു.
8. നെൽപ്പാടങ്ങളിലെ ഇടവിളയായി കൃഷിചെയ്യുന്ന വേനൽക്കാല പച്ചക്കറികളും കപ്പയും കുറഞ്ഞു വരികയാണ്. ശരിയായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കാത്തതും ജൈവവളങ്ങളുടെ ലഭ്യതക്കുറവും ഉൽപന്നങ്ങൾക്ക് വില കിട്ടാത്തതും ഇവയുടെ ഉൽപാദനക്കുറവിൻെറ കാരണങ്ങളാണ്. നെൽപ്പാടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന വാഴയ്ക്ക് വ്യാപകമായി വരുന്ന രോഗങ്ങളും പ്രതീക്ഷിക്കാതെയെത്തുന്ന കാറ്റും കനത്ത നഷ്ടം വരുത്തുന്നു.
9. ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഭൂമി

തുണ്ടാക്കി മാറ്റിയത് ഇതിനൊരു തടസ്സമാണെങ്കിലും കൃഷിക്കാരുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെ ഇനിയും സാധ്യതകൾ ധാരാളമുണ്ട്.

10. ഓരോ കൃഷിയും ശാസ്ത്രീയമായ രീതിയിലല്ല കർഷകർ കൃഷിചെയ്യുന്നത്. ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്താൽ ഉൽപാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും

11. ഈ പഞ്ചായത്തിൽ നൂതന കൃഷി സംരംഭങ്ങൾ ഒന്നുംതന്നെയില്ല. അതിനുള്ള സാധ്യത വളരെ കൂടുതലുണ്ട്.

12. വായ്പാസൗകര്യം യഥാസമയം കിട്ടുവാനുള്ള ബുദ്ധിമുട്ട്.

13. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണന സൗകര്യം കുറവ്

14. ചെടികളെ ബാധിക്കുന്ന രോഗങ്ങൾ.

15. ഗുണമേന്മയുള്ള നല്ല നടീൽ വസ്തുക്കൾ കിട്ടാനില്ല.

16. കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നിടത്ത് ഇടനിലക്കാരുടെ ചൂഷണം.

17. ഉൽപന്നങ്ങൾ വിപണനം നടത്തുന്നിടത്ത് വിലനിലവാരപ്പട്ടിക പ്രദർശിപ്പിക്കാറില്ല.

18. ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിയ്ക്ക, വിദഗ്ധ ഉപദേശങ്ങൾ നൽകൽ, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള അജ്ഞത തുടങ്ങിയവയെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിയ്ക്ക് തടസ്സമായി നില്ക്കുന്നു.

19. കാർഷികമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ്.

20. കൃഷിഭവന്റെ പ്രവർത്തനം പോരായ്മയായി നിലനിൽക്കുന്നു. പഞ്ചായത്തിന്റെ മുഴുവൻ സ്ഥലത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല.

21. കൃഷിഭവൻമൂലം നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത.

22. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വള പ്രയോഗം നടത്തിവരുന്നത്.

23. വേനൽക്കാല പച്ചക്കറികൾക്ക് വിലക്കുറവ്.

24. ജലസേചനത്തിനുള്ള സൗകര്യങ്ങൾ പരിമിതമാണ്. നിലവിലുള്ളവ പ്രവർത്തിക്കുന്നില്ല.

25. ശുദ്ധജല മത്സ്യകൃഷിക്കുള്ള സാധ്യത പഞ്ചായത്തിൽ ധാരാളമുണ്ട്. അവ പ്രയോജനപ്പെടുത്തുന്നില്ല.

## സാദ്ധ്യതകൾ

1. കാലവർഷക്കെടുതിയിൽനിന്നും നെൽവയലുകളെ പരിരക്ഷിക്കുക. അതിനുവേണ്ടി താഴെപ്പറയുന്ന സ്ഥലങ്ങളിൽ തോടിന്റെ പാർശ്വങ്ങളിൽ ഭിത്തികെട്ടുക.(വിവിധ ഗ്രാമസഭാ നിർദ്ദേശം കാണുക)

2. മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും നീർക്കെട്ട് ഒഴിവാക്കുന്നതിനാലും വലിയ പങ്ക് വഹിച്ചിരുന്ന ചെറുതും വലുതുമായ തോടുകൾ കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം.

3. നിലവിലുള്ള പല നീർച്ചാലുകളും റോഡുകളായി മാറിക്കഴിഞ്ഞു. ഇവയുടെ അരികിൽ ഡ്രെയിനേജ് സൗകര്യം ഉറപ്പുവരുത്തണം.

4. നിലവിലുള്ള ചീർപ്പുകൾ പ്രവർത്തനക്ഷമമല്ല. അവ എത്രയും പെട്ടെന്ന് നന്നാക്കിപ്രവർത്തനക്ഷമമാക്കണം.

5. വേനൽക്കാല കൃഷിക്കുവേണ്ടി ആവശ്യമായ ജനലസേചനം നടത്താൻവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

6. നെൽക്കൃഷിക്ക് അനുയോജ്യമായ പാടങ്ങൾ നികത്തുന്നത് നിയമം മൂലം നിരോധിക്കണം. കർഷകരെ പാടം നികത്തുന്നതിൽനിന്ന് പിൻതിരിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം. നെൽക്കൃഷി നടത്തുവാനുള്ള ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തണം.

7. നടീൽ, കൊയ്ത്ത്, മെതിയന്ത്രങ്ങൾ തുടങ്ങിയ ആധുനിക കാർഷികയന്ത്രങ്ങൾ കർഷകർക്ക് എത്തിച്ച് നെൽകൃഷിയിലുള്ള അമിതചെലവ് ഒഴിവാക്കുക.

8. തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പരിപാടികൾ നടപ്പിൽ വരുത്തണം.

9. മണ്ണ് ജല സംരക്ഷണപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം.

10. ഓരോ വാർഡിനേയും കേന്ദ്രീകരിച്ച് ഗ്രാമ ചന്തകൾ സ്ഥാപിക്കണം. പൊതുമാർക്കറ്റ് സ്ഥാപിക്കാനും മുൻകൈയെടുക്കണം.

11. സസ്യസംരക്ഷണ പരിപാടികൾ ഫലപ്രദമാക്കുന്നതിനുവേണ്ടിയും, യന്ത്രോപകകരണങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയും, സഹായകമായ വിധത്തിൽ ആഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കണം.

12. കൃഷിഭവന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കൃഷിഭവൻ, വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് യഥാസമയം കർഷകരെ അറിയിക്കുക. ഇതിനുവേണ്ടി വാർഡിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ അറിയിപ്പു ബോർഡുകൾ സ്ഥാപിക്കുക. ഈ ആവശ്യത്തിലേക്ക് വാർഡ് വികസനസമിതിയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക.

13. പഞ്ചായത്തിൽ വളരെക്കൂടുതൽ ഔഷധസസ്യങ്ങൾ ഉണ്ട്. അവയെ പരിരക്ഷിക്കുവാനും വിപണനം നടത്തുവാനും ഔഷധസസ്യ വികസന പരിപാടി നടപ്പിൽ വരുത്തുക.

14. ഉൽപാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. അവയുടെ ഗുണമേന്മ ഉറപ്പുവരുത്തണം. പ്രാദേശികമായി വിത്ത് ഉൽപാദിപ്പിച്ച് സംഭരിക്കാനുള്ള നടപടി ഉണ്ടാകണം.

15. ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കം നൽകി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി വാർഡുകളിൽ വ്യാപിപ്പിക്കുവാൻ കഴിയണം.

16. എല്ലാ വീടുകളിലും അടുക്കളത്തോട്ടം നിർമ്മിക്കാനുള്ള പരിപാടി ആവിഷ്ക്കരിക്കണം.

17. ജൈവവളങ്ങൾ നിർമ്മിക്കുവാൻ കർഷകരെ സഹായിക്കുക. ജൈവകീടനാശിനികൾ ഉപയോഗിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക. ജൈവ കീടനാശിനികൾ ഉണ്ടാക്കാൻ ആവശ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിക്കുവാൻ സഹായിക്കുക. വേപ്പ്, തുളസി, കരിനെച്ചി, കടലാവണക്ക്, നാറ്റപ്പൂച്ചെടി, ആടലോടകം, പാണൽ, വയമ്പ്, മഞ്ഞ അരളി മുതലായവ നട്ടുവളർത്തണം.

18. ശാസ്ത്രീയരീതിയിൽ കൃഷിചെയ്യുവാൻ വേണ്ട ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

19. കൃഷിയിടങ്ങളിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ ചെന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം.

20. റബ്ബർ ബോർഡിന്റെ സഹായത്തോടെ ചെറുകിട റബ്ബർ കർഷകർക്ക് വേണ്ട നടീൽ വസ്തുക്കൾ, വളം, കീടനാശിനി, റബ്ബർക്കറ സംസ്കരണത്തിനുവേണ്ട ഉപകരണങ്ങൾ മുതലായവ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുകയും ആധുനിക റബ്ബർ കൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യണം.

21. ശരിയായ സുരക്ഷാസംവിധാനങ്ങളോടുകൂടിയോ ശരിയായ അളവിലോ അല്ല ഇന്ന് കീടനാശിനി ഉപയോഗിക്കുന്നത്. ആ രീതി മാറണം. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചേ പറ്റൂ. ജൈവിക കീടനിയന്ത്രണത്തെപ്പറ്റി പഠിക്കുകയും വ്യാപിപ്പിക്കുകയും വേണം.

22. കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സമ്പ്രദായം ഏർപ്പെടുത്തണം. അതോടൊപ്പം കർഷകർക്കുള്ള ധനസഹായത്തിനുള്ള വരുമാനപരിധി വർദ്ധിപ്പിക്കണം.കൃഷിയാവശ്യത്തിന് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകണം.

23. വളരെ ചെലവ് കുറഞ്ഞതും ലാഭകരമായി കുറഞ്ഞ സമയപരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺകൃഷി നടപ്പിലാക്കുന്നതിന് അടിയന്തിര ശ്രദ്ധപതിപ്പിക്കണം.

24. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഏകീകൃത കൂലി സമ്പ്രദായം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവർക്ക് അത്യാവശ്യമാണ്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് ഒരു മോണിറ്ററിങ്ങ് സമിതി ഉണ്ടാകുന്നത് നന്ന്.

25. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നൽകാൻ കഴിയണം.

26. അമിതമായ രാസവളപ്രയോഗം മൂലമുള്ള പരിസര മലിനീകരണം, രാസവളങ്ങളുടെ വിലവർദ്ധന തുടങ്ങിയ പ്രശ്നങ്ങൾക്ക് നേരിയ തോതിലെങ്കിലും പരിഹാരം കാണുന്നതിന് ഒരു ജീവാണു വളനിർമ്മാണ യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കണം.

27. ആഡംബര പുഷ്പവിളകളായ ഓർക്കിഡ്, ആന്തൂറിയം എന്നിവയ്ക്ക് ദേശീയ അന്തർദേശിയ വിപണികളിൽ വൻ സാധ്യതയുണ്ട്. അതുകൊണ്ട് ഇവിടെ വാണിജ്യാടിസ്ഥാനത്തിൽ അവ കൃഷിചെയ്യുവാനുള്ള ഭൗതിക സാഹചര്യവും പ്രോത്സാഹനവും നൽകണം. കുറ്റിമുല്ല കൃഷിക്കും സാധ്യതകൾ ധാരാളമുണ്ട്.

28. പഞ്ചായത്തിൽ ശുദ്ധജല മത്സ്യക്കൃഷിക്ക് വളരെയേറെ സാധ്യതയുണ്ട്. ഇത് പ്രയോജനപ്പെടുത്തുന്ന രീതിയിൽ ശുദ്ധജല മത്സ്യക്കൃഷി വ്യാപിപ്പിക്കണം.

29. സുഗന്ധ സസ്യക്കൃഷിയും, സുഗന്ധ തൈല ഉൽപാദനവും ആദായകരമായി ഗ്രാമതലത്തിൽ നടത്താൻ സാധിക്കണം.

30. പച്ചില വളത്തിന്റെ കുറവ് നികത്തുന്നതിന്, ശിമക്കൊന്ന ഡെയ്ഞ്ച എന്നിവ കൂടിയതോതിൽ വളർത്താവുന്നതാണ്. കാലികൾക്ക് ആവശ്യമായ തീറ്റപ്പുൽ വ്യാപനവും നടത്താവുന്നതാണ്. മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കാൻ കഴിയുന്നതാണ്.

31. സഹകരണ യൂണിറ്റുകൾ ഉൽപന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാവുന്നതാണ്. ഉൽപന്നങ്ങളുടെ സംഭരണകേന്ദ്രങ്ങൾക്കും സാധ്യതയുണ്ട്.

32. മുഖ്യവിളയായ റബ്ബറിനും തെങ്ങിനും നെല്ലിനും ഗ്രൂപ്പ് ഫാമിങ്ങ് നടപ്പിലാക്കണം. നിലവിലുള്ള കർഷകസമിതികളെ പുനരുജ്ജീവിപ്പിച്ച് ഇതിന് തയ്യാറാക്കണം.

33. പച്ചക്കറിക്കൃഷി സഹകരണാടിസ്ഥാനത്തിൽ നടത്തുവാൻ കഴിയും. കൃഷിഭവന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ ഗുണകരമായ രീതിയിൽ ഉണ്ടാകണം.

34. കുന്നുംപുറം, ചേരിക്കൽ, വട്ടച്ചാൽ ഭാഗത്ത് മത്സ്യക്കൃഷിയ്ക്കുള്ള സാധ്യതകൾ പരിഗണിക്കുക.

35. വിപണനകേന്ദ്രങ്ങളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുക.

36. റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ ശാഖകൾ വാർഡുതോളും സ്ഥാപിക്കണം.

37. പ്രധാനപ്പെട്ട കാർഷികോൽപന്നങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തണം.

## വിവിധ ഗ്രാമസഭാ നിർദ്ദേശങ്ങൾ

### 1 -ാം വാർഡ്

കണ്ണവട്ടതോട്ടിൽ ചെക്ക്ഡാം നിർമ്മിക്കുക. ചേരിക്കൽഭാഗത്ത് കുളംകുഴിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക. കുളങ്ങോട്ടു ഭാഗത്ത് വെള്ളം വാർന്നു പോകാൻ തോടിന്റെ ആഴം കൂട്ടുക. ചേരിക്കൽ, കണ്ണവട്ട, മുക്കട, വട്ടച്ചാൽ ഭാഗങ്ങളിൽ തോടിന്റെ പാർശ്വഭിത്തികൾ നിർമ്മിക്കുക.

### 2 -ാം വാർഡ്

പെരുമ്പനച്ചി പാലത്തിന്റെ 100 മീറ്റർ പടിഞ്ഞാറുമാറി ഒരു കലുങ്ക് നിർമ്മിച്ച് വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യം ഏർപ്പെടുത്തുക. മാടപ്പള്ളി ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്ത് തോടിന്റെ പാർശ്വഭിത്തി നിർമ്മിക്കുക. ഇല്ലിമൂട്, പഴയ പഞ്ചായത്തുപടി, കൊഴുപ്പക്കളം മുതലായ സ്ഥലങ്ങളിൽ തോടിന്റെ പാർശ്വഭിത്തി നിർമ്മിക്കുക. അമ്പലത്തിന്റെ കിഴക്കുഭാഗത്തുണ്ടായിരുന്ന തോട് പുനസ്ഥാപിക്കുക.

### 3 -ാം വാർഡ്

മുണ്ടുപാലം പാലത്തിന്റെ പടിഞ്ഞാറുവശം മട വീണുകിടക്കുന്നതിനാൽ അടിയന്തരമായി നന്നാക്കണം. മുണ്ടുപാലം, ഞാറയ്ക്കാപ്പള്ളി, ചേരിക്കൽ ഭാഗം, പുത്തൻപുരയിൽ ഭാഗം, കല്ലറയ്ക്കൽ ഭാഗം മുതലായസ്ഥലത്ത് തോടിന്റെ പാർശ്വഭിത്തികൾ നിർമ്മിക്കുക. അതുപോലെ കുളങ്ങോടു ഭാഗത്ത് വെള്ളം വാർന്നുപോകാൻ തോടിന്റെ ആഴം വർദ്ധിപ്പിക്കുക.

### 4 -ാം വാർഡ്

വല്യാനം ഭാഗത്ത് തോടിന്റെ പാർശ്വഭിത്തി നിർമ്മിക്കുക.

### 5 -ാം വാർഡ്

വെളിയം-നാലുന്നാക്കൽ തോട്ടിൽ കിഴക്കേക്കരപ്പടി, കളരിയ്ക്കൽപ്പടി മുതലായ സ്ഥലങ്ങളിൽ തോടിൻെറ പാർശ്വഭിത്തി നിർമ്മിക്കുക. കളരിയ്ക്കൽപ്പടിയിൽ മട വീണു കിടക്കുന്നഭാഗം അടിയന്തരമായി നന്നാക്കുക. വാത്താച്ചിറ-കക്കാട്ടുപടി തോട് പല കാരണങ്ങളാൽ നികന്നുപോയിട്ടുള്ളതാണ്. പ്രസ്തുത തോട് പുനർനിർമ്മിക്കുക. അശാസ്ത്രീയമായ റോഡ് നിർമ്മാണംമൂലം വട്ടമല ഭാഗത്ത് വെള്ളം കെട്ടിക്കിടക്കുന്നു. അതുമൂലം കൃഷിനാശം സംഭവിക്കുന്നു.

### 6 -ാം വാർഡ്

വെളിയം-നാലുന്നാക്കൽ തോട്ടിൽ ചേന്നംമറ്റം -കക്കാട്ടുപടി, കളരിയ്ക്കൽപ്പടി ഭാഗങ്ങളിൽ പാർശ്വഭിത്തികൾ നിർമ്മിക്കുക. കൂടാതെ നാട്ടുവായ്ക്കൽ -ഇയ്യാലിഭാഗം.

### 7 -ാം വാർഡ്

മുകളിൽപ്പറഞ്ഞ തോടുകളുടെ നിർമ്മാണംമൂലം ഈ വാർഡിലെ കൃഷി അഭിവൃദ്ധിപ്പെടും.

### 8 -ാം വാർഡ്

2 -ാം വാർഡിലും 9 -ാം വാർഡിലും സൂചിപ്പിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ മൂലം കൃഷി അഭിവൃദ്ധിപ്പെടുന്നതാണ്.

### 9 -ാം വാർഡ്

കുന്നേൽപ്പടി തോടിൻെറ ഏത്തക്കാട്ടു ഭാഗം, വാറ്റുപറമ്പ് ഭാഗം, കൊല്ലംപറമ്പ് ഭാഗം മുതലായ സ്ഥലങ്ങളിൽ പാർശ്വഭിത്തികൾ നിർമ്മിക്കുക.

### 10 -ാം വാർഡ്

പാലമറ്റം-നാലുന്നാക്കൽ തോട്ടിൽ എഴുത്തുപള്ളി മുതൽ കാടൻചിറവരെ തോടിൻെറ പാർശ്വഭിത്തികൾ നിർമ്മിക്കുക. പനയ്ക്കച്ചിറ-അമ്പാട്ടുതോട് ആഴം കൂട്ടി വെള്ളം ഇറങ്ങിപ്പോകുന്നതിന് സൗകര്യമുണ്ടാക്കുക. പാറത്തോട് കരയംകണം തോടിൻെറ പാർശ്വഭിത്തി നിർമ്മിക്കുക.

### 11 -ാം വാർഡ്

10 -ഉം 12 -ഉം വാർഡുകളിലെ നിർമ്മാണ പ്രവർത്തനം മൂലം 11 -ാം വാർഡിലെ കൃഷി അഭിവൃദ്ധിപ്പെടും.

### 12 -ാം വാർഡ്

കൂത്രപ്പള്ളി-നാലുന്നാക്കൽ തോടിൻെറ ഇരുവശത്തും പ്രത്യേകിച്ച് ചേംപ്ലാനിക്കൽ പടിമുതൽ പുതുനിലംപടിവരെ തോടിൻെറ ഇരുവശത്തും പാർശ്വഭിത്തികൾ നിർമ്മിക്കുക.



# മൃഗസംരക്ഷണം

തികച്ചും കാർഷിക ഗ്രാമമായിരുന്ന മാടപ്പള്ളിയിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലിവളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും,വണ്ടി വലിക്കുന്നതിനും, പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സായും കന്നുകാലികളെ ഉപയോഗിച്ചിരുന്നു. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ മാടപ്പള്ളിയിൽ ഉണ്ടായിരുന്നു. ഒന്നാം വിളനെൽകൃഷി കഴിഞ്ഞാൽ വിശാലമായ വയലുകൾ കാലിമേയ്ക്കാനാണുപയോഗിച്ചിരുന്നത്. കാലികളെ ഇറക്കി മേയ്ക്കുന്ന പതിവാണ് അന്നുണ്ടായിരുന്നത്. ഇന്നത്തെപ്പോലെ വേലിക്കെട്ടുകളോ മതിലുകളോ അന്നുണ്ടായിരുന്നില്ല.

ആദ്യകാലഘട്ടത്തിൽ നാടൻ പശുക്കളും ഉഴവുകാളകളും, ആടുകളും, ജന്മികൾക്ക് ധാരാളമായി ഉണ്ടായിരുന്നു. വിനോദത്തിനായി പോരു കാളകളെയും വളർത്തിയിരുന്നു. ഇവയുടെ സംരക്ഷണത്തിനായി പ്രത്യേകം ആൾക്കാർ തന്നെയുണ്ടായിരുന്നു. കൂടാതെ അവരുടെ കന്നുകാലികളെ സ്വന്തമായി കന്നുകാലികളില്ലാത്തവർക്ക് വളർത്താൻ ഏല്പിക്കുന്ന രീതി അന്നുണ്ടായിരുന്നു. ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്ന പശുവിൻെറ ആദ്യ പ്രസവത്തിലെ കുട്ടി വളർത്തുകാരൻെറതാകും. രണ്ടാം പ്രസവംനടന്നാലുടൻ പശുവിനെയും കുട്ടിയെയും ഉടമയെ ഏലിപിച്ചു കൊള്ളണം.

### ആഹാരം

ആദ്യകാലത്ത് ജനസാന്ദ്രത കുറവായിരുന്നതിനാൽ കാലികൾക്ക് ആവശ്യമായ പുല്ലും വൈക്കോലും യഥേഷ്ടം ലഭിക്കുമായിരുന്നു.നെൽവിളവെടുപ്പിനുശേഷം വൈക്കോൽ ഉണക്കി 'തുറു' ഇട്ട് സൂക്ഷിക്കുമായിരുന്നു.ഇതുമൂലം വേനൽക്കാലത്തും വർഷാകാലത്തും കാലികളുടെ പ്രധാന ആഹാരസാധനം വൈക്കോൽ തന്നെയായിരുന്നു. വർദ്ധിച്ച തോതിൽ നെല്ലുൽപാദനം ഉണ്ടായിരുന്നതുകൊണ്ട് കാലികളുടെ ദ്രവ്യആഹാരം തവിടും,കാടിയും ആയിരുന്നു. പിന്നീട് തേങ്ങാപ്പിണ്ണാക്ക് കടലപ്പിണ്ണാക്ക്,പുളിം പൊടി ഇവ ആഹാരമായി നൽകിയിരുന്നു. വംശവർദ്ധനവിനായി വിത്തുമൂരികൾ, മൂട്ടനാടുകൾ എന്നിവയെ വളർത്തി ഉപജീവനം നടത്തിയിരുന്നവർ പഞ്ചായത്തിൽ അക്കാലത്ത് ധാരാളം ഉണ്ടായിരുന്നു.

## കന്നുകാലി ചികിത്സ

നമ്മുടെ പ്രകൃതിയോട് ഇണങ്ങിച്ചേരുന്നതും രോഗപ്രതിരോധശക്തി കൂടുതലുള്ളതുമായ നാടൻ ഇനത്തിൽ പ്പെട്ട കാലികളായിരുന്നു അന്ന് ഉണ്ടായിരുന്നത്. ഇവയുടെ രോഗപ്രതിരോധ ശക്തി കൂടുതലായതുമൂലം വലിയ അസുഖങ്ങൾ ഒന്നും തന്നെയില്ലായിരുന്നു. അന്ന് പ്രചാരത്തിൽ ഉണ്ടായിരുന്നത് നാടൻ ചിതിത്സാ രീതിയാണ്. ഇതിന് ഉപയോഗിച്ചിരുന്ന പച്ചമരുന്നുകൾ, കുടുക്കമൂലി, എരിക്കില,നീലൂരി,കടലാടി,മഞ്ഞൾ മുതലായവയായിരുന്നു. അക്കാലത്ത് കന്നുകാലി ചികിത്സയ്ക്ക് ധാരാളം നാടൻ വൈദ്യന്മാർ തന്നെയുണ്ടായിരുന്നു.

## കാളച്ചന്ത

കാലികളെ വാങ്ങുന്നതിനും വിൽക്കുന്നതിനും വേണ്ടി ഈ പഞ്ചായത്തിൽ കണിച്ചുകുളത്തെ പെരുമ്പേറ്റ് നന്ദസൂനക്കുറുപ്പ് എന്നയാളുടെ വക സ്ഥലത്ത് ഒരു കാളച്ചന്തതന്നെ നിലിവലുണ്ടായിരുന്നു. ഇതുകൂടാതെ ചെത്തിപ്പുഴ, പാമ്പാടി,തിരുവല്ലയിലെ തോലശ്ശേരി എന്നിവിടങ്ങളിലും കാളച്ചന്തകൾ ഉണ്ടായിരുന്നു. ഇവയും ഇവിടത്തെ ജനങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നു. കണിച്ചുകുളത്തെ കാളച്ചന്ത പിന്നീട് നിലച്ചു പോകുകയും ചെയ്തു.

## കാളവണ്ടി

ഒരു നൂറ്റാണ്ട് മുമ്പ് തന്നെ മാമ്മൂട് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കൊപ്രസംഭരണ കേന്ദ്രത്തിലേക്ക് കൊപ്ര എത്തിച്ചിരുന്നത് കാളവണ്ടിയിലായിരുന്നു. ആഴ്ചയിൽ ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ എരുമേലി, മണിമല, റാന്നി,മല്ലപ്പള്ളി,പാമ്പാടി,കറുകച്ചാൽ,കന്നന്താനം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കൊപ്ര കയറ്റിയ കാളവണ്ടികൾ നിരയായി നീങ്ങുന്നത് ഒരു കാഴ്ചയായിരുന്നു. ഒരു ദിവസം കുറഞ്ഞത് 100 ടൺ കൊപ്രയെങ്കിലും ഇവിടെ എത്തുമായിരുന്നു. ഇവിടെ വില്ക്കാത്തവ ചങ്ങനാശ്ശേരിയിലെത്തിച്ച് വള്ളങ്ങളിൽ ആലപ്പുഴയ്ക്ക് നീക്കിയിരുന്നു. ഇവയെല്ലാം കാളവണ്ടിയുടെ ഉപയോഗം വർദ്ധിപ്പിച്ചിരുന്നു. ഒറ്റക്കാളയെ പൂട്ടിയ വില്ലുവണ്ടികൾ വൻ കിട ജന്മിമാരുടെ ആഢ്യത്വത്തിൻെറ ലക്ഷണമായി കരുതിയിരുന്നു. പുണ്യശ്ലോകനായ തോമസ് കുര്യാളശ്ശേരി പിതാവുപയോഗിച്ചിരുന്ന വില്ലുവണ്ടി ചങ്ങനാശ്ശേരിയിലെ കുര്യാളശ്ശേരി വികാസ് ഭവനിൽ ഇന്നും സൂക്ഷിക്കുന്നുണ്ട്.

ഇപ്പോഴത്തെ അവ്സഥ

ഇന്നും പശു, ആട്,എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ.നാമമാത്രമായി ഉഴവു കാളകളുംഎരുമകളും ഉണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളാണ്. പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു. (പട്ടിക-1 കാണുക).അലങ്കാരത്തിനായി ചിലവീടുകളിൽ പ്രാവ്, ലൗബേഡ്സ്,മുയൽ,അണ്ണാൻ എന്നിവയെയും വളർത്തുന്നു. മുയലിനെ ഇറച്ചിക്കും ഉപയോഗിച്ചിരുന്നു.

### പട്ടിക - 1

വളർത്തു മൃഗങ്ങളും പക്ഷികളും

| ഇനം | എണ്ണം |
|---|---|
| പശു | 928 |
| കന്നുകുട്ടികൾ | 766 |
| എരുമ | 29 |
| കാള(ഉഴവ്) | 8 |
| ആട് | 547 |
| കോഴി | 8846 |
| താറാവ് | 176 |
| മുയൽ | 224 |
| പ്രാവ് | 458 |
| ലൗബേർഡ്സ് | 257 |
| അണ്ണാൻ | 26 |

നെൽക്കൃഷി കുറയുകയും പുരയിടങ്ങളിൽ ചെറികിടകർഷകർ റബർ നടുവാൻ തുടങ്ങിയതോടെ വളർത്തുമൃഗങ്ങളുടെ എണ്ണം കുറഞ്ഞു. അതുപോലെ കാലികളുടെ ആഹാരമായ തേങ്ങാ പിണ്ണാക്ക്, കടലപ്പിണ്ണാക്ക്, ഓക്കെ, പുളിംപൊടി, എള്ളും പിണ്ണാക്ക് ഇവയുടെ താങ്ങാനാവാത്ത വിലയും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുവാൻ ഇടയാക്കി. നെൽവയലുകളിൽ നെൽക്കൃഷി കുറഞ്ഞതുമൂലം വൈക്കോൽ കിട്ടുവാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇവിടെ ലഭ്യമാകുന്ന വൈക്കോൽ തമിഴ്നാട്, പാലക്കാട് മുതലായ സ്ഥലങ്ങളിൽ നിന്നും "കച്ചിത്തിരി" ആയി എത്തുകയാണ്. ഒരു കിലോഗ്രാമുള്ള ഒരു കച്ചിത്തിരിക്ക് 7 രൂപയാണ്. ഇവിടെ ഇപ്പോൾ വില. കൂടാതെ കന്നുകാലികൾക്ക് ഉണ്ടാകാറുള്ള രോഗം മൂലം കാലിവളർത്തൽ ഇവിടെ കുറഞ്ഞുവരുന്നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വളർത്തു മൃഗങ്ങൾക്കുണ്ടായ രോഗവിവരങ്ങൾ താഴെ

ക്കൊടുക്കുന്നു. പട്ടിക -2 കാണുക.

പട്ടിക - 2

വളർത്തു മൃഗങ്ങളുടെ രോഗവിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി |
|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 762 | 4 | 274 | - | 14 |
| 2. | ശ്വാസകോശസംബന്ധം | 103 | - | 51 | - | 1 |
| 3. | ഉപാപചയ സംബന്ധം | 126 | 1 | 23 | 1 | - |
| 4. | ത്വക് രോഗങ്ങൾ | 234 | - | 27 | - | 3 |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 242 | - | 53 | 1 | 2 |
| 6. | പരാദരോഗങ്ങൾ | 1111 | 45 | 227 | - | 9 |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 447 | 1 | 73 | - | - |
| 8. | വന്ധ്യത | 8 | - | - | - | - |
| 9. | അകിടുവീക്കം | 213 | - | 52 | - | - |
| 10. | മുടന്തൻ പനി | 210 | - | - | - | - |

മേൽപറഞ്ഞ അസുഖങ്ങളിൽ അകിടു വീക്കത്തിന് ഫലപ്രദമായ നിവാരണ മാർഗ്ഗമില്ലാത്തതുകൊണ്ട് പശുക്കളുടെ പാല് ഉൽപാദനം തീർത്തും ഇല്ലാതാകുന്ന അവസ്ഥ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

ഇപ്പോഴുള്ള കന്നുകാലികളിൽ അധികവും അത്യുല്പാദനശേഷിയുള്ളവയാണെങ്കിലും ശരാശരിഒരു പശുവിൽ നിന്നും പ്രതിദിനം 7-8 ലിറ്റർ പാൽ മാത്രമെ ലഭിക്കുന്നുള്ളു . ഒരു പശുവിൻെറ സംരക്ഷണത്തിന് ചെലവാകുന്ന തുകയുമായി താരതമ്യംചെയ്യുമ്പോൾ പാലിനു ഇന്ന് ലഭിക്കുന്ന വില വളരെ കുറവാണ്. ഇതും സമീപകാലത്ത് കന്നുകാലികളുടെ എണ്ണം കുറയുവാൻ കാരണമാക്കി.

പഞ്ചായത്തിൽ കാളവണ്ടി, കലപ്പ എന്നിവയുടെ ഉപയോഗം പ്രായേണ ഇല്ലാതായികഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാൽ നൂറ്റാണ്ട് കാലത്തിനിടയിൽ പശു,കാള,എരുമ, ആട് എന്നിങ്ങനെ പരമ്പരാഗതമായി വളർത്തിയിരുന്ന മൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞതായി ക്കാണാം. കാളകളുടേയും, ആടുകളുടേയും കാര്യത്തിലാണ് ഏറ്റവും വലിയ കുറവുണ്ടായിട്ടുള്ളത്.

**മൃഗാശുപത്രി**

മാടപ്പള്ളിയിൽ ഒരു മൃഗാശുപത്രിയുള്ളത് പഞ്ചായത്തു വക സാംസ്കാരിക നിലയത്തിലാണു പ്രവർത്തിക്കുന്നത്. പഞ്ചായത്തുവക സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. ഇതിൻെറ സൗകര്യങ്ങൾ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വേണ്ടത്ര ലഭിക്കുന്നില്ല. മൃഗസംരക്ഷണ വകുപ്പിൻെറ കീഴിൽ തെങ്ങണയിൽ പ്രവർത്തിക്കുന്ന ഐസി.ഡി.പി സബ് സെൻററാണ് മറ്റൊരു സ്ഥാപനം. കാലികളെ മൃഗാശുപത്രിയിൽ എത്തിക്കുവാൻ മാടപ്പള്ളി പഞ്ചായത്തിൽ പെട്ട 3,4,10,11,12,വാർഡുകളിലുള്ളവർ പ്രയാസപ്പെടുന്നുണ്ട്.

നിലവിലുള്ള മൃഗ ചികിത്സാകേന്ദ്രത്തിൻെറ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ഇവിടെ ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങളോടുകൂടി മൃഗാശുപത്രിയിൽ ത്തന്നെ പരിശോധനാ ലാബറട്ടറികൾ ലഭ്യമാകണം. ഈ മൃഗാശുപത്രി ഒരു പോളിക്ലിനിക് ആക്കണമെന്ന ആവശ്യം വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

## ഗോബർ ഗ്യാസ്

മാടപ്പള്ളി പഞ്ചായത്തിൽ ഇരുപതോളം ഗോബർ ഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്.ഇതിൽ പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാദ്ധ്യതയുണ്ടെങ്കിലും കർഷകരിൽ ഇതു

സംബന്ധിച്ച് ആശങ്കയാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തി നും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിൻെറ വിലയൊരുഭാഗം ഗോബർഗ്യാസ് പ്ലാൻറ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും.

### കോഴിവളർത്തൽ

മുൻകാലങ്ങളിൽ എല്ലാ വീടുകളിലും കോഴി വളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കു വേണ്ടി വൻ തോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. കോഴിവസന്ത മൂലം വർഷത്തിൽ അനേകം കോഴികളാണ് പഞ്ചായത്തിൽ ചത്തൊടുങ്ങുന്നത്. ഈ രോഗത്തിന് ഫലപ്രദമായ നിവാരണമാർഗ്ഗം ഉണ്ടാകേണ്ടത് ആവശ്യമാണ്. പഞ്ചായത്തിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആറെണ്ണം പ്രവർത്തിക്കുന്നു. ഇറച്ചിയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഈ മേഖലയിൽ കൂടുതൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. മുട്ടക്കോഴി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന ഒറ്റ യൂണീറ്റ് പോലുമില്ല. മുട്ട വിൽപ്പന നടത്തുവാൻ സൗകര്യംപഞ്ചായത്തിൽ ഇല്ല.

### ഇറച്ചിക്കടകൾ

അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന കാലികളെ ആണ് ഇറച്ചിയുടെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നത് ഇറച്ചിക്കടകളിൽ വിൽക്കുന്ന മാംസത്തിൻെറ ഗുണനിലവാരം പരിശോധിക്കാൻ പഞ്ചായത്തിൽ സംവിധാനമില്ല.

### ക്ഷീരസഹകരണസംഘങ്ങൾ

പഞ്ചായത്തിൽ 3 ക്ഷീര സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ഇതിൽ ഈയ്യാലിൽ ക്ഷീരസഹകരണസംഘം മുൻ പന്തിയിൽ നിൽക്കുന്നു. സംഘങ്ങൾ ശേഖരിക്കുന്ന പാലിൻെറ മൂന്നിൽ ഒരു ഭാഗം അവിടെത്തന്നെ വിറ്റഴിക്കുന്നു. ഇവയുടെ പ്രവർത്തനം കൂടുതതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

### മുയൽ വളർത്തൽ

മുഖ്യമായും കൗതുകത്തിന് വേണ്ടിയാണ് ചുരുക്കം ചില വീടുകളിൽ മുയലിനെ വളർത്തുന്നത്. ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുന്നത് വളരെ കുറവാണ്. പ്രത്യുല്പാദനനിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമായിരിക്കും.

### പ്രധാന പ്രശ്നങ്ങൾ

- കാലിത്തീറ്റയുടെ വിലക്കൂടുതൽ
- പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങളുടെ അഭാവം.മൃഗസംക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങളുടെ അപര്യാപ്തത. ഇവയാണു പ്രധാന പ്രശ്നങ്ങൾ.
- കോഴിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടക്കോഴികളെ ലാഭകരമായി വളർത്താൻ കഴിയുന്നില്ല.
- പേപ്പട്ടി ശല്യം വ്യാപകമാണ്.
- കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായംലഭിക്കാൻപ്രയാസം.
- വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും ഉണ്ടാകുന്ന രോഗങ്ങൾ അവയെ ചിലകാലങ്ങളിൽ പൂർണ്ണമായി ഇല്ലാതാക്കുന്നു.അത്യുല്പാദന ശേഷിയുള്ള വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും ലഭ്യത വളരെ കുറവാണ്.

### സാദ്ധ്യതകൾ

1. ഓരോ വാർഡിലും ചുരുങ്ങിയത് രണ്ട് പാൽ സംഭരണ കേന്ദ്രങ്ങളെങ്കിലും സ്ഥാപിക്കുക.
2. ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക.
3. വിതരണത്തിനുശേഷം മിച്ചം വരുന്ന പാല്,തൈര്, നെയ്യ്, പാൽ ഉൽപ്പന്നങ്ങൾ എന്നിവയാക്കി മാറ്റുന്നതിനുള്ള ,സംവിധാനം ഉണ്ടാക്കുക.
4. ക്ഷീര സഹകരണസംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക.
5. തീറ്റപ്പുൽകൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക.
6. ഘട്ടം ഘട്ടമായി പേവിഷബാധ നിർമാർജ്ജനം ചെയ്യുക. പേവിഷത്തിനെതിരെയുള്ള വാക്സിൻ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

സഹകരണത്തോടെ അലയുന്ന നായ്ക്കളെ നശിപ്പിക്കുക.

8. വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കി രജിസ്റ്റർ ചെയ്യുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

9. കാലിവസന്ത നിർമാർജനത്തിനുള്ള രോഗാന്വേഷണ സർവ്വേകളും രോഗനിർമാർജന പ്രചാരണ പരിപാടികളും നടപ്പാക്കുക.

10. പന്നിയിറച്ചിയുടെ ഉത്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുക.

11. ആടുകളുടെ വംശനാശം ഒഴിവാക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക. ആടുകളുടെ പ്രജനനാവശ്യത്തിനുള്ള ആടുവളർത്തൽ യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

12. സ്വകാര്യമേഖലയിൽ മുട്ടവിരിയൽ കേന്ദ്രങ്ങളും കോഴിവളർത്തൽ യൂണിറ്റുകളും പ്രോത്സാഹിപ്പിച്ച് ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് ന്യായവിലയ്ക്ക് ലഭ്യമാക്കുക.

13. കർഷകർക്ക് നല്ലയിനം സങ്കര ജനുസിൽപ്പെട്ട കന്നുകാലികളെ ലഭിക്കുന്നതിനായി കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

14. വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണത്തെപ്പറ്റിയും ആവശ്യത്തെപ്പറ്റിയും മനസിലാക്കുന്നതിന് മെച്ചപ്പെട്ട രീതിയിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. ഇതിനായി മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള ട്രെയിനിംഗ് കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുക.

15. ഡിപ്പാർട്ടുമെൻറ് ഫാമുകളിൽ നിന്നും മുയൽ വളർത്തൽ വ്യാപകമാക്കി താൽപര്യമുള്ള കർഷകന് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുക വാണിജ്യാടിസ്ഥാനത്തിൽ മുയൽ ഇറച്ചിയുടെ ലഭ്യത വർദ്ധിപ്പിക്കുക.

16. മുട്ടക്കോഴികളുടെ ഉത്പ്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

17. എല്ലാ വീടുകളിലും കോഴി വളർത്തൽ ഉണ്ടാകത്തക്ക വണ്ണം നടപടി സ്വീകരിക്കുക. ഇതിന് ആവശ്യമായ സങ്കരയിനം കോഴിക്കുഞ്ഞുങ്ങളെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക.

18. ക്ഷീര വികസന പ്രശ്നങ്ങൾ ചർച്ചചെയ്യുക, ക്ഷീര ഉത്പാദകരുടെ സംശയങ്ങൾ ദൂരികരിക്കുക, പ്രായോഗിക പരിശീലനം ലഭ്യമാക്കുക എന്നിവ മുൻനിർത്തി കർഷക സമ്പർക്ക പരിപാടി ആവിഷ്കരിക്കുക.

19. കന്നുകാലി പ്രദർശനവും സെമിനാറും നടത്തുക വാർഡുതലത്തിൽ കന്നുകാലി കർഷകരെ കണ്ടെത്തി അവാർഡുകൾ നൽകുക.

20. പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം ഏർപ്പെടുത്തുക. കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുക. ഈ ആവശ്യത്തിലേയ്ക്ക് നൽകുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക.

21. കാലിവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ, ഇവയ്ക്ക് കർഷകർക്ക് സൗജന്യ പരിശീലനം നൽകുക.

22. പാൽ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ ആരംഭിക്കുക. ഈ മേഖലയിൽ പരിശീലനം സിദ്ധിച്ച ധാരാളം വനിതകൾ ഈ പഞ്ചായത്തിലുണ്ട്. അവരുടെ അറിവ് ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

22. ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക. അതുപോലെ കോഴിത്തീറ്റ ഫാക്ടറിയും സ്ഥാപിക്കുക. തദ്ദേശിയ വിഭവങ്ങൾ സമർത്ഥമായുപയോഗിച്ച് കാലിത്തീറ്റ ഉത്പാദിപ്പിക്കുവാനുള്ള ശ്രമങ്ങൾ വ്യാപകമാക്കുക.

25. മൃഗാശുപത്രിയുടെ നിർമ്മാണ പ്രവർത്തനം എത്രയും വേഗം നടത്തുക. അവിടെ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. മൃഗചികിത്സാരംഗത്ത് ആവശ്യമായ മുഴുവൻ മരുന്നുകളും മൃഗാശുപത്രി മുഖേന സൗജന്യനിരക്കിൽ നൽകുക.

26. ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് എഗ്ഗർ നഴ്സറി സ്ഥാപിക്കുക.

27. കുട്ടികളുടെ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യവും ഉണ്ടാക്കുന്നതിന് സ്ക്കൂളിൽ സ്ക്കൂൾ പൗൾട്രി ക്ലബ്ബ് സ്ഥാപിക്കുക.



# വിദ്യാഭ്യാസം

മദ്ധ്യകേരളത്തിൽ പ്രശസ്തമായ കോട്ടയം ജില്ലയിലെ സാംസ്കാരിക കേന്ദ്രമായ ചങ്ങനാശ്ശേരി താലൂക്കിൽ ചങ്ങനാശ്ശേരി വാഴൂർ റോഡിന്റെ ഇരുവശങ്ങളിലുമായി കുന്നുകളും, താഴ്വരകളും,റോഡുകളും തോടുകളും കൂടിയ പ്രകൃതി മനോഹരമായ ഒരു വലിയ പഞ്ചായത്താണ് മാടപ്പള്ളി. നായർ സർവ്വീസ് സൊക്കസെറ്റിയുടെയും കാത്തലിക് മാനേജ്മെൻറിന്റെയും മേൽനോട്ടത്തിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാമീപ്യം കൊണ്ട് ഈ ഗ്രാമത്തിലെ ജനങ്ങൾ വിദ്യാഭ്യാസ പരമായി ഉന്നത നിലവാരം പുലർത്തുന്നു. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ രംഗങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്ന ധാരാളം വ്യാക്തികളാൽ ധന്യമാണീ പഞ്ചായത്ത്.

ഈ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം പെരുമ്പനച്ചിയിൽ സ്ഥിതി ചെയ്യുന്ന ഗവ:പ്രൈമറി സ്ക്കൂളാണ്.

## കളരി വിദ്യാഭ്യാസം

കേരളത്തിൽ മറ്റ് ഗ്രാമങ്ങളിലെപ്പോലെ ഒരു കാലത്ത് കുട്ടികൾക്ക് കണക്കും അക്ഷരങ്ങളും പഠിക്കുന്നതിനുള്ള സങ്കേതംകളരികളായിരുന്നു. കളരികളിൽ പഠിപ്പിക്കുന്ന ആശാന്മാർ ഇന്നും ഈ പഞ്ചായത്തിലുണ്ട്. 5 ആശാന്മാർക്ക് ഇപ്പോഴും നമ്മുടെ പഞ്ചായത്ത് പെൻഷൻ നല്കുന്നു.

കളരി വിദ്യാഭ്യാസം നിലച്ചുപോയി ആ സ്ഥാനത്ത് ഇന്ന് അങ്കൺവാടികളും, നേഴ്സറി സ്ക്കൂളുകളും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ ഈ നാട്ടിലെ 3 വയസ്സിനും 5 വയസ്സിനുമിടയ്ക്ക് പ്രായമുള്ള കുട്ടികളാണു പഠിക്കുന്നത്.

## പ്രൈമറി വിദ്യാഭ്യാസം

ഗവ: മേഖലയിൽ ഈ പഞ്ചായത്തിൽ 2 പ്രൈമറി വിദ്യാലയങ്ങൾ മാത്രം പ്രവർത്തിക്കുന്നുള്ളു. എന്നാൽ സ്വകാര്യ മേഖലയിൽ 6 പ്രൈമറി വിദ്യാലയങ്ങൾ ഉണ്ട്. ഇവിടുത്തെ വിദ്യാലയങ്ങളുടെ മാനേജ്മെൻറ് ഈ വിദ്യാലയങ്ങളുടെ നാനാവിധമായ പുരോഗതിയിൽ വളരെയധികം ശ്രദ്ധിക്കുന്നു എന്നതു വളരെ സന്തോഷത്തിനു വകനല്കുന്നു.

## അപ്പർ പ്രൈമറി

സെൻറ് സെബാസ്റ്റ്യൻസ് യു.പി.സ്ക്കൂൾ, സി.എസ്സ്.യു.പി.സ്ക്കൂൾ എന്നീ രണ്ടു വിദ്യാലയങ്ങൾ ഈ ഗ്രാമത്തിൽ വളരെ ഭംഗിയായി പ്രവർത്തിക്കുന്നു.

## ഹൈസ്ക്കൂൾ

സെൻറ് പീറ്റേഴ്സ് ഹൈസ്ക്കൂൾ സെൻറ് ഷന്താൾസ് ഗേൾസ് ഹൈസ്ക്കൂൾ ഇവ രണ്ടുമാണ് ഈ പഞ്ചായത്തിലെ പ്രധാന ഹൈസ്ക്കൂളുകൾ. ഇവ രണ്ടും ഈ പഞ്ചായത്തിൻെറ വിദ്യാഭ്യാസ പുരോഗതി യിൽ കാതലായ പങ്കുവഹിക്കുന്നു എന്നത് പ്രത്യേകം എടുത്ത് പറയേണ്ടതാണ്.

## തൊഴിൽ വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗക്ഷേമവകുപ്പിൻെറ മേൽനോട്ടത്തിൽ ഒരു സാങ്കേതിക പരിശീലനകേന്ദ്രം 5-ാം വാർഡിൽ പ്രവർത്തിക്കുന്നു. തയ്യൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരിക്കുന്നു. ഇപ്പോൾ ഇവയെല്ലാംപ്രവർത്തന രഹിതമാണ്.

വിദ്യാലയങ്ങളിലെ സ്ഥിതി വിവര കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക -1

സ്ക്കൂൾ വിഭാഗം തിരിച്ചുള്ള കണക്കുകൾ

| സ്ക്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | ആകെഅദ്ധ്യാപകർ | |
|---|---|---|---|---|---|
| | | അൺ | പെൺ | ആകെ | പകർ |
| ഹൈസ്ക്കൂൾ വിഭാഗം | | - | | | |
| സെൻറ് പീറ്റേഴ്സ് H.S. കുറുമ്പനാടം | എയ്ഡഡ് | 506 | 413 | 919 | 53 |
| സെൻറ് ഷന്താൾസ് G.H.S. മാമ്മൂട് | " | 00 | 352 | 352 | 36 |
| ആകെ | | 506 | 765 | 1271 | 89 |
| U.P. വിഭാഗം | | | | | |
| സെസൻറ് പീറ്റേഴ്സ് [U.P.വിഭാഗം] | 354 | 309 | 663 | - | |
| സെൻറ് ഷന്താൾസ് [U.P.വിഭാഗം] | | 00 | 318 | 318 | - |
| സെൻറ്സെബാസ്റ്റ്യൻസ് (U.P.)മാമ്മൂട് | " | 224 | 00224 | 8 | |
| C.S. യു.പി.എസ്. മാടപ്പള്ളി | " | 193 | 167 | 360 | 13 |
| ആകെ | 771 | 794 | 1565 | 21 | |
| എൽ.പി.വിഭാഗം | | | | | |
| H.F. എൽ.പി.എസ്.കുറുമ്പനാടം | " | 69 | 62 | 131 | 4 |
| C.S. എൽ.പി.എസ്.മാടപ്പള്ളി (പങ്കിപ്പുറം) | " | 59 | 56 | 115 | 4 |
| S.A. എൽ.പി.എസ്.കണിച്ചുകുളം | " | 44 | 44 | 88 | 3 |
| സെൻറ് ആൻറണി എൽ.പി.എസ്. കുറുമ്പനാടം | | 251 | 212 | 463 | 13 |
| സെൻറ് ഷെന്താൾസ് മാമ്മൂട് | " | 242 | 245 | 487 | |
| ഗവ,എൽ.പി.എസ് കുറുമ്പനാടം | " | 45 | 28 | 73 | 5 |
| ഗവ.എൽ.പി.എസ്.മാടപ്പള്ളി | | 133 | 120 | 253 | 8 |
| C.M.S.L.P.S. കുറുമ്പനാടം | " | 39 | 44 | 83 | 3 |
| ആകെ | | 882 | 811 | 1693 | 40 |

ആകെ വിദ്യാർത്ഥികൾ : 4529

ആകെ അദ്ധ്യാപകർ : 150

അനദ്ധ്യാപകർ : 18

പട്ടിക 2

സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

| സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| സെൻറ് പീറ്റേഴ്സ് H.S കുറുമ്പനാടം | 1582 | 53 | 2 | 5 | ഉണ്ട് | ഉണ്ട് |
| സെൻറ് ഷന്താൾസ് G.H.S മാമ്മൂട് | 1157 | 36 | 2 | 6 | ഉണ്ട് | ഉണ്ട് |
| സെൻറ് സെബ്റ്റ്യൻസ് U.P.S. മാമ്മൂട് | 224 | 8 | 1 | 1 | ഉണ്ട് | ഉണ്ട് |
| C.S.U.P.S.മാടപ്പള്ളി | 360 | 13 | 2 | 1 | ഉണ്ട് | ഉണ്ട് |
| H.F.L.P. S.കുറുമ്പനാടം | 131 | 4 | 2 | 1 | ഉണ്ട് | ഉണ്ട് |
| C.S.L.P.S മാടപ്പള്ളി.പങ്കിപ്പുറം | 115 | 4 | 2 (ഒന്ന് ഉപയോഗ ശൂന്യം) | 1 | ഉണ്ട് | ഉണ്ട് |
| S.A.L.PS കണിച്ചുകുളം | 88 | 3 | 1 | ഇല്ല | ഇല്ല | ഉണ്ട് |
| C.M.S.L.PS കുറുമ്പനാടം | 83 | 3 | 1 | ഇല്ല | ഇല്ല | ഇല്ല |
| സെൻറ് ആൻറണീസ് കുറുമ്പനാടം | 463 | 13 | 1 | 1 | ഉണ്ട് | ഉണ്ട് |
| ഗവ.L.P.S മാടപ്പള്ളി | 253 | 8 | 1 | 1 | ഉണ്ട് | ഉണ്ട് |
| ഗവ.L.PS.കുറുമ്പനാടം | 73 | 5 | 1 | ഇല്ല | ഇല്ല | ഇല്ല. |

പട്ടിക 3

**S.S.L.C വിജയ ശതമാനം**

| സ്ക്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| സെൻറ് പീറ്റേഴ്സ് H.S. കുറുമ്പനാടം | 85 | 83.8 | 80 | 76 | 72 |
| സെൻറ് ഷന്താൾസ് G.H.S. മാമ്മൂട് | 78 | 93.4 | 85.4 | 93.2 | 82 |

പട്ടിക 4 - L.P.,U.P.,H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 882 | 811 | 48% | 771 | 794 | 51% | 506 | 765 | 60% |

പട്ടിക 5 - പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| L.P. | | | U.P. | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | sc/st | % | ആകെ | sc/st | % | ആകെ | sc/st | % |
| 1693 | 212 | 13% | 1565 | 235 | 15% | 1271 | 145 | 11% |

പട്ടിക 6

പഠനം നിറുത്തിയവരുടെ കണക്ക്

| sc/st | | | മറ്റുള്ളവർ | | | |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 5 | 9 | 14 | 31 | 71 | 102 | |

## വിദ്യാഭ്യാസ രംഗത്തെ ആവശ്യങ്ങൾ

1. 2,3,4,5,6 വാർഡുകളിൽ വിദ്യാർത്ഥികളുടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം കൂടുതൽ സുഗമമാക്കുതിന് C.S.U.P.S ഒരു ഹൈസ്ക്കൂളായി ഉയർത്തണം. 6,7,11,12 വാർഡുകളിലെ ആൺകുട്ടികൾക്ക് കൂടതൽ സൗകര്യം നൽകാൻ സെൻറ സെബാസ്റ്റ്യൻസ് യു.പി.സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തണം.

2. സാങ്കേതിക വിദ്യാഭ്യാസത്തിനു മുൻ തൂക്കം നൽകുന്നതിനുവേണ്ടി ഈ പഞ്ചായത്തിൽ ഒരു ഐ.റ്റി.സി. സ്ഥാപിക്കുക. എല്ലാ വാർഡുകളിലെയും ജനങ്ങളുടെ വലിയ അഭിലാഷമാണിത്. 5-ാം വാർഡിൽ പ്രവർത്തിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗ തൊഴിൽ പരിശീലനകേന്ദ്രം ഒരു ഐ.റ്റി.സി ആക്കി മാറ്റി എല്ലാ വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്കും അവിടെ പ്രവേശനം നല്കുകയാണ് ഇതിനൊരു പോംവഴി.

3. സഹകരണ മേഖലയിൽ ഒരു പോളീടെക്നിക് സ്ഥാപിക്കുകയാണ് മറ്റൊരാവശ്യം.

4. 8,9 വാർഡുകളിലായി ഒരു സ്വാശ്രയ പോളീടെക്നിക് സ്ഥാപിക്കുക.

5. പൊതു ഉടമയിൽ (പൊതുമേഖലയിൽ )ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങുന്നതിനാവശ്യമായ സെൻറർ സ്ഥാപിക്കുക.

6. പ്ലസ്ടൂ (10 + 2) വിദ്യാഭ്യാസം നിലവിലുള്ള രണ്ടു ഹൈസ്ക്കൂളുകളിൽ ഏർപ്പെടുത്തണം.

7. പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും കുടിവെള്ളം എല്ലാകാലത്തും എത്തിക്കുന്നതിനുള്ള പദ്ധതികൾ അടിയന്തിരമായി നടപ്പാക്കുക.

8. സ്ക്കൂളുകളുടെ അറ്റകുറ്റപണികൾ യഥാകാലം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

9. നിലവിലുള്ള സ്ക്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ തുടങ്ങുക അഭികാമ്യമായിരിക്കും.

10. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം വിദ്യാർത്ഥികൾക്ക് നല്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

11. എല്ലാ വിദ്യാലയങ്ങളിലും ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നതിനുള്ള ഭക്ഷണശാലകൾ ഉണ്ടാക്കണം.

12. ഉച്ചക്കഞ്ഞി പാചകം ചെയ്യുന്നവർക്കു നൽകുന്ന സാമ്പത്തിക സഹായം കാലോചിതമായി വർദ്ധിപ്പിക്കുക.

13. വിദ്യാലയങ്ങളിൽ ഓഡിയോ-വീഡിയോ ഉപകരണങ്ങളുടെ സഹായത്തിൽ പഠനം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.

14. 7-ാം വാർഡിലെ സ്ക്കൂളുകളിലേക്കുള്ള റോഡുകൾ ടാറുചെയ്തു സഞ്ചാര യോഗ്യമാക്കുക.

15. 8,9,10,11,12 വാർഡുകളിൽ കായിക പരിശീലനത്തിനു വേണ്ട പൊതുകളിസ്ഥലം സ്ഥാപിക്കുക.

16. .വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി വിദ്യാർത്ഥി അദ്ധ്യാപക അനുപാതം കുറയ്ക്കക.

17. സ്ക്കൂളുകളിൽ പി.റ്റി.എ, മാതൃസംഗമം ഇവ ശക്തിപ്പെടുത്തുക.

18. പൊതു വിദ്യാഭ്യാസത്തെക്കാൾ, സാങ്കേതിക വിദ്യാഭ്യാസത്തിനു മുൻ തൂക്കമുള്ള ഈ കാലയളവിൽ ഒരു സ്വാശ്രയ പോളീടെക്നിക് മാടപ്പള്ളി സർവ്വീസ് സഹകരണബാങ്കിൻെറ മേൽനോട്ടത്തിൽ സ്ഥാപിക്കുക ഉചിതമായിരിക്കും.

19. 5-ാംവാർഡിൽ പ്രവർത്തിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗതൊഴിൽ പരിശീലന കേന്ദ്രത്തിൽ വേണ്ടത്ര അദ്ധ്യാപകരെ ഉടൻ തന്നെ നിയമിക്കുക.

സാക്ഷരതയിൽ നാം മുൻ പന്തിയിലെത്തിയെങ്കിലും വിദ്യാഭ്യാസ പരമായി ഇനിയും പുരോഗതി നേടേണ്ടിയിരിക്കുന്നു. ഇനിയുള്ള കാലയളവിൽ ആ ലക്ഷ്യം വേഗം പ്രാപിക്കുവാൻ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.



# കുടിവെള്ളവും പൊതുജനാരോഗ്യവും

പൊതുജനാരോഗ്യം എന്നാൽ ആശുപത്രിയും ഡോക്ടറും മരുന്നും ചേരുന്നതല്ല. പാനയോഗ്യമായ ജലവും പോഷണമൂല്യമുള്ള ആഹാരവും ശുദ്ധവായുവും ശുചിയായ പരിസരവും ചേർന്നതാണ് ഒരു ജനതയുടെ ആരോഗ്യകാര്യങ്ങൾ നിർണ്ണയിക്കുന്നത്. ആശുപത്രിയ്ക്കും ഡോക്ടർക്കും പൊതുജനാരോഗ്യത്തിന്റെ ആസൂത്രണത്തിൽ രണ്ടാം സ്ഥാമാണുള്ളത്. ആധുനികമായ ചികിത്സാ സംവിധാനങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ഒട്ടനവധി രാജ്യത്തുടനീളം ഉണ്ടാകുന്നതുകൊണ്ടുമാത്രം രാജ്യത്തെ ജനങ്ങളുടെ ആരോഗ്യസ്ഥിതിയിൽ മാറ്റം വരുകയില്ല. മറിച്ച് ശരിയായ ബോധവൽക്കരണ പരിപാടികളിലൂടെയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽക്കൂടിയുള്ള പൊതുജനാരോഗ്യത്തിന്റെ സമസ്ഥ മേഖലകളെയും കുറിച്ചുള്ള പൊതുവായ അറിവും രോഗം വരാതിരിക്കുന്നതിനുമുള്ള നടപടികളും കൈക്കൊള്ളുമ്പോൾ മാത്രമേ പൊതുജനാരോഗ്യത്തിൽ ആശാവഹമായ ഒരു മുന്നേറ്റം നടത്താൻ നമുക്ക് സാധിക്കുകയുള്ളൂ. ജനങ്ങൾക്കാകെ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമെങ്കിൽത്തന്നെ ''പൊതുജനാരോഗ്യ രക്ഷയിൽ'' വൻപിച്ചൊരു മുന്നേറ്റം നടത്തുവാനായി എന്നുപറയാം.

## കുടിവെള്ളം

നമ്മുടെ പഞ്ചായത്തിൽ വേനൽക്കാലത്ത് കുടിവെള്ളത്തിന്റെ ലഭ്യത വളരെ ആശങ്കാജനകമാണ്. ജനവുരി മുതൽ ജൂൺ ആദ്യംവരെയുള്ള കാലയളവിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമമാണ് അനുഭവപ്പെടുന്നത്. ഇക്കാലയളവിൽ കുടിവെള്ളത്തിന് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പറഞ്ഞറിയിക്കാനാവാത്തതാണ്. സ്ത്രീകളും മറ്റും 2 ഉം 3 ഉം കിലോമിറ്ററോളം ദൂരം പോയി കുടിവെള്ളം ശേഖരിക്കുന്ന പ്രദേശങ്ങൾവരെ പഞ്ചായത്തിലുണ്ട്. വേനൽക്കാലത്ത് പഞ്ചായത്തധികൃതർ കുടിവെള്ളം ലോറികളിലും മറ്റും വിതരണം ചെയ്യുമെങ്കിലും അവ ഒന്നുംതന്നെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനോ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന എല്ലാ പ്രദേശങ്ങളിലും എത്തിക്കാനോ പര്യാപ്തമല്ല.

നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ ഒന്നുംതന്നെ ഇക്കാലയളവിൽ ഫലപ്രദമല്ല. പൊതു കിണറുകൾ, സ്വകാര്യ കിണറുകൾ, കുഴൽക്കിണറുകൾ, ടാപ്പുകൾ തുടങ്ങിയവ വറ്റിവരളുന്നു. പഞ്ചായത്തിലെ 29 ശതമാനത്തോളം ജനങ്ങൾക്ക് വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. നമ്മുടെ പഞ്ചാ

യത്തിലെ ശുദ്ധജല ദൗർലഭ്യം ഒരളവ് വരെ പരിഹരിക്കണമെങ്കിൽ മാടപ്പള്ളി, വാകത്താനം, കറുകച്ചാൽ എന്നീ പഞ്ചായത്തുകൾക്ക് സംയുക്തമായി തയ്യാറാക്കുന്ന മേജർ വാട്ടർ സപ്ലൈ സ്കീമും നടപ്പു പദ്ധതിയുമായ മല്ലപ്പള്ളി വട്ടർ സപ്ലൈ സ്കീം ഉടനടി കമ്മീഷൻ ചെയ്യുക എന്നുള്ളതാണ്. നമ്മുടെ വാട്ടർ അതോറിറ്റിയുടെയും ഇലക്ട്രിസിറ്റി അധികാരികളുടെയും നിസ്സംഗതയാണ് ഈ സ്കീം കമ്മീഷൻ ചെയ്യാൻ താമസിക്കുന്നത്.

ഞ്ഞിട്ടില്ല. ജലവിതരണ കുഴലുകളുടെയും കൂടുതൽ ജലവിതരണ പദ്ധതികളുടെയും പോരായ്മയാണ് ഇതിന് കാരണം. മാത്രമല്ല പമ്പു ഹൗസുകളോടനുബന്ധിച്ചുള്ള കിണറുകളിൽനിന്ന് കാലപ്പഴക്കം മൂലം നേരത്തേ കിട്ടിയിരുന്ന അത്രയും ജലം ഇപ്പോൾ ലഭിക്കുന്നില്ല. ആയതിനാൽ അടിയന്തിരമായി പമ്പുഹൗസുകളും ജലസംഭരണികളും സാധ്യമായിടത്ത് സ്ഥാപിക്കുകയും ജലവിതരണക്കുഴലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കാനും നടപടിയെടുക്കണം. ഇങ്ങനെയുള്ള

**പട്ടിക 1**
**മാടപ്പള്ളി പഞ്ചായത്ത് കുടിവെള്ള സ്രോതസ്സ്**

കിണറുകൾ

| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | കുഴൽക്കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| വേനൽക്കാലത്ത് വെള്ളമുള്ളത് | വേനൽക്കാലത്ത് വെള്ളമില്ലാത്തത് | വേനൽക്കാലത്ത് വെള്ളമുള്ളത് | വേനൽക്കാലത്ത് വെള്ളമില്ലാത്തത് | | |
| 2 | 18 | 2700 | 900 | 10 | 3630 |
| പൊതു ടാപ്പുകൾ 90 | ഹൗസ് ടാപ്പുകൾ 150 | മൊത്തം ടാപ്പുകൾ 190 | | | |

പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സ് സ്വകാര്യ കിണറുകൾ, ടാപ്പുകൾ, കുഴൽക്കണറുകൾ, പൊതു കിണറുൾ തുടങ്ങിയവയാണ്. 80% വീടുകളിലും കുടിവെള്ളം ലഭ്യമാകുന്നത് സ്വകാര്യ കിണറുകളിൽനിന്നാണ്. 13% വീടുകളിൽ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന പൈപ്പുവെള്ളമാണ് ഉപയോഗിക്കുന്നത്. ബാക്കി7% വരുന്ന വീടുകളിൽ കുടിവെള്ളം പൊതു കിണറുകളിൽക്കൂടിയും കുഴൽക്കിണറുകളിൽക്കൂടിയും ആണ് ലഭിക്കുന്നത്. കേരള വാട്ടർ അതോറിറ്റിക്ക് 2 -ാം വാർഡിൽ പെരുമ്പനച്ചിയിലും 5 -ാം വാർഡിൽ ഇടപ്പള്ളിയലും 9 -ാം വാർഡിൽ മാന്നിലയിലും 4 -ാം വാർഡിൽ കാരിമുട്ടം ഭാഗത്തും ജലവിതരണ പദ്ധതികൾ ഉണ്ട്. പഞ്ചായത്തിൽ ആകെ 90 പൊതു ടാപ്പുകളും 150 ഹൗസ് ടാപ്പുകളുമാണ് വാട്ടർ അതോറിറ്റിക്കുള്ളത്. അതോറിറ്റിക്ക് പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കാൻ ഇതുവരെ കഴി

ഒട്ടനവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നുയർന്നിട്ടുണ്ട്. ജലവിതരണക്കുഴലുകൾ സ്ഥാപിക്കുമ്പോൾ അവ വരുംകാലമുള്ള ജനസാന്ദ്രതകൂടി കണക്കിലെടുത്ത് കുഴലുകളുടെ വ്യാസവർദ്ധനവും ഗുണമേന്മയും ഉറപ്പാക്കണം. ടാപ്പുകൾ കേടായതുമൂലവും ജലവിതരണക്കുഴലുകൾ പൊട്ടിയതുമൂലവുംപലഭാഗത്തും ശുദ്ധജലം ദിവസങ്ങളോളം പാഴായിപ്പോകുന്ന സ്ഥിതി നിലവിലുണ്ട്. പൈപ്പുവെള്ളം പാഴായിപ്പോകുന്നതു കണ്ടാൽ അടിയന്തിര പരിഹാരം കാണുന്നതിന് സന്നദ്ധസമിതികളോ, കമ്മിറ്റികളോ രൂപീകരിച്ച് ചുമതല നല്കണം. പമ്പു ഹൗസുകളുടെ പ്രവർത്തനം പഞ്ചായത്ത് കമ്മിറ്റിയോ, പഞ്ചായത്ത് നിയമിക്കുന്ന മറ്റു കമ്മിറ്റികളോ കൂടെക്കൂടെ പരിശോധിക്കുന്നത് ഇതിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കും. ജലസംഭരണികൾ പലതും പൊട്ടിയൊലിച്ച് വെള്ളം പാഴായിപ്പോകുന്ന അവസ്ഥയും ഉണ്ട്. കാലാ

കാലങ്ങളിൽ ഇവ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

80% ജനങ്ങൾ ഉപയോഗിക്കുന്ന സ്വകാര്യ കിണർ വെള്ളത്തിൻെറ കാര്യത്തിൽ സിവിശേഷ ശ്രദ്ധ ആവശ്യമാണ്. മഴക്കാലത്തും മറ്റും ഈ കിണറുകളിൽ ജൈവമാലിന്യങ്ങൾ ഒഴുകിയെത്തുന്നതുമൂലം പഞ്ചായത്തിൻെറ പലഭാഗത്തേയും ജനങ്ങൾക്ക് കോളറ, അതിസാരം തുടങ്ങിയ രോഗങ്ങൾ പടർന്നുപിടിക്കാൻ കാരണമാകുന്നു. മാത്രമല്ല പല സ്വകാര്യ കിണറുകളും കെട്ടിപ്പൊക്കാത്തതുമാണ്. ഇതിനു പരിഹാരമായി കിണറുകളും ശുദ്ധജലാശയങ്ങളും കാലാകാലങ്ങളിൽ ശുദ്ധിചെയ്യാനുള്ള ക്ലോറിൻ, പൊട്ടാസ്യ പെർമാംഗനൈറ്റ് തുടങ്ങിയ രാസവസ്തുക്കൾ സബ്സിഡി നൽകി വിതരണം ചെയ്യുകയും അവ ഉപയോഗിക്കാൻ ജനങ്ങളെ നിർബന്ധിക്കുകയും വേണം. വേനൽക്കാലം തുടങ്ങുന്നതിനു മുമ്പ് മുഴുവൻ കിണറുകളും ചെളി നീക്കി വൃത്തിയാക്കുകയും വേണം. പഞ്ചായത്തിലെ പൊതു കിണറുകൾ ഒന്നുംതന്നെ വേനൽക്കാലത്ത് ജനങ്ങളുടെ ആവശ്യങ്ങൾക്ക് വെള്ളം ലഭിക്കാൻ പര്യാപ്തമല്ല. വേനൽക്കാലത്തും വെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ കൂടുതൽ പോരായ്മ പരിഹരിച്ച് ഉപയോഗ്യമാക്കാനും ശ്രദ്ധ ചെലുത്തണം. കുഴൽക്കിണറുകൾ പലതും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതുമൂലം കാര്യക്ഷമമല്ല. പലയിടത്തും ഇവ ഉപയോഗ്യമല്ലാതായിരിക്കുകയാണ്.

പഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ കാര്യക്ഷമമാക്കുകയാണെങ്കിൽതന്നെ ശുദ്ധജല ക്ഷാമത്തിന് ഒരളവുവരെ പരിഹാരം കാണാൻ സാധിക്കും - വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്ന് വന്നതായ പ്രശ്നങ്ങളും പരിഹാരങ്ങളും പഞ്ചായത്ത് തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളനിർദ്ദേശ ങ്ങൾ സൂക്ഷ്മ വിശകലനത്തിനായി താഴെ ചേർത്തി രിക്കുന്നു.

## കുടിവെള്ള ക്ഷാമബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

**1** -ാം വാർഡ്:- തെങ്ങണായ്ക്ക് വടക്ക് ഭാഗത്ത് മുസ്ലീം പള്ളിയുടെ പരിസരപ്രദേശം, വട്ടച്ചാൽ പടിഭാഗം, ഗുരുമന്ദിരത്തിന് പടിഞ്ഞാറ് ഭാഗം, കണ്ണവട്ട തുടങ്ങിയ പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

നാലുന്നാക്കൽ തോടിനോടുനുബന്ധിച്ച് പമ്പു ഹൗസ് സ്ഥാപിച്ചും ഗുരുമന്ദിരത്തിൻെറ പടിഞ്ഞാറു ഭാഗത്ത് ജലസംഭരണിയും നിർമ്മിച്ച് ഒന്നാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. കൂടാതെ മല്ലപ്പള്ളി വാട്ടർ സപ്ലൈ സ്കീം നടപ്പിൽ വരുത്തി 1 -ാം വാർഡിൻെറ എല്ലാ പ്രദേശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിക്കുക. കല്ലിശ്ശേരി വാട്ടർ സപ്ലൈ നടപ്പാക്കുന്നതുമൂലം വാഴപ്പള്ളി പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാൽ വഴപ്പള്ളി പഞ്ചായത്തിലെ മുളകുപ്പാടം ഭാഗത്തുള്ള വാട്ടർ ടാങ്കിൽനിന്നുള്ള ജലം 1-ാം വാർഡിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുമായി ബന്ധിപ്പിച്ചാൽ ഈ പ്രദേശത്ത് കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാം.

**2** -ാം വാർഡ്:- പുന്നക്കുന്നിലും പാറത്താനം കുന്നിലും വാട്ടർ ടാങ്ക് നിർമ്മിച്ച് പെരുമ്പനച്ചിയിലും കരിക്കണ്ടം ഭാഗത്തും കുളങ്ങളും നിർമ്മിച്ച് ഇതിലേക്ക് ഈ കുളങ്ങളിൽനിന്ന് ജലം സംഭരിച്ച് എല്ലാ ഭാഗങ്ങളിലും ജലവിതരണക്കുഴലുകൾ സ്ഥാപിച്ചും ഈ പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാം.

**3** -ാം വാർഡ്:- കുളങ്ങോട്ടുപടിക്കൽ കുളം കുഴിക്കുകയും പൊൻപുഴയിൽ പൊയ്ന്താനം ഭാഗത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കുകയും ചെയ്യുക. കൂടാതെ ജലം ലഭിക്കാൻ സാധ്യതയുള്ളയിടങ്ങളിൽ പൊതു കിണറുകൾ, കുഴൽക്കിണറുകൾ തുടങ്ങിയവ നിർമ്മിക്കുക.

**4** -ാം വാർഡ്:- മുണ്ടുകുഴി ഭാഗത്ത് കുളം കുഴിക്കുകയും വെങ്കോട്ട കുട്ടൻചിറ ഭാഗത്ത് വെള്ളം എത്തിക്കാനുള്ള പദ്ധതിയും തയ്യാറാക്കുക. കൂടാതെ പഞ്ചായത്ത് കിണറുകളുടെ ആഴം വർദ്ധിപ്പിക്കുകയും കിണറുകൾ കുഴിക്കുന്നതിന് സബ്സിഡി നല്കുകയും ചെയ്യുക. വല്ല്യാന ഭാഗത്തുള്ള കുളം വേനൽക്കാലത്ത് പ്രയോജനപ്പെടുത്തുക. എല്ലാ പ്രദേശങ്ങളിലും ജലവിതരണക്കുഴലുകൾ സ്ഥാപിക്കുക.

**5** -ാം വാർഡ്:- വെങ്കോട്ട, പള്ളിക്കുന്ന്, ഏലംകുന്ന് പള്ളി പരിസരം, പങ്കിപ്പുറം, ഏഴോലിക്കൽ, ഇരുമാലിക്കുന്നു എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വാർഡിൽ സാധ്യമായിടത്ത് പൊതുക്കിണറുകൾ നിർമ്മിക്കുകയും നിലവിലുള്ളവ ശരിയായ വിധത്തിൽ നന്നാക്കി ഉപയോഗപ്രദമാക്കുകയും ചെയ്യുക.

**6** -ാം വാർഡ്:- മുതലപ്ര, പരപ്പൊഴിഞ്ഞ ഭാഗത്ത് ശു

ദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഇതിനു പരിഹാരമായി ചേന്നമറ്റത്തുള്ള പഞ്ചായത്ത് കുളത്തിൽനിന്നം മുതലപ്ര, പരപ്പൊഴിഞ്ഞ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

**7** -ാം വാർഡ്:- തകിടി, വട്ടമാക്കൽ കോളനി, കൊച്ചു റോഡ് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിൽ പൈപ്പുലൈനുകൾ പുതിയതായി സ്ഥാപിച്ചും കൂടാതെ പൊതു കിണറുകളും കുഴൽക്കിണറുകളും സ്ഥാപിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കാം.

**8** -ാം വാർഡ്:- മൈലാടി പാറ ഭാഗത്ത് ജലക്ഷാമം രൂക്ഷമാണ്. തോയക്കുളം ഭാഗത്ത് കുളം നിർമ്മിച്ച് പഞ്ചായത്താഫീസ് പരിസരത്ത് ജലസംഭരണി സ്ഥാപിച്ച് എല്ലാ ഭാഗങ്ങളിലും പൈപ്പു ലൈനുകൾ സ്ഥാപിക്കുകയും ചെയ്യുക.

**9** -ാം വാർഡ്:- പന്നിത്തടം, മാന്നില ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. നിലവിൽ കൂവക്കാട് ഭാഗത്തുള്ള ടാങ്കിൽ വെള്ളം എത്തുന്നില്ല. ജീവനക്കാർ എല്ലായ്പ്പോഴും ഉണ്ടാകാറില്ല. മാന്നില ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുകയും സാധ്യമായിടത്ത് ജലം എത്തിക്കുകയും ചെയ്യണം.

**10** -ാം വാർഡ്:- കൊട്ടാരംകുന്ന്, മിഷ്യൻപറമ്പ്, വെള്ളുക്കുന്ന് പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക. കൂടാതെ കാവുങ്കൽകുളം ആഴംകൂട്ടി അവിടെനിന്ന് ജലം പുളിയംകുന്നിൽ എത്തിച്ച് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

**11** -ാം വാർഡ്:- 11 -ാം വാർഡിൽ ഭൂരിപക്ഷം പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. നല്ലേടത്ത്കുന്ന്, വിത്തരിക്കുന്നു, 28 കോളനി, സാൽവേഷൻ ആർമി പ്രദേശങ്ങളിൽ പൈപ്പുവെള്ളം പോലും കിട്ടാനില്ല. ഇവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് മല്ലപ്പള്ളി വാട്ടർ സപ്ലൈ സ്കീം പൂർത്തീയാക്കിയെങ്കിൽ മാത്രമേ ഈ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ സി.എസ്.ഐ ചർച്ചിനു സമീപമുള്ള കുഴൽക്കിണർ, വിത്തരിക്കുന്നിലുള്ള കുഴൽക്കിണർ ഇവ രണ്ടും ഉപയോഗ്യ ശൂന്യമായിരിക്കുന്നു. ഇവ എത്രയം പെട്ടന്ന് ഉപയോഗ്യമാക്കുക. ഈ രണ്ട് സ്ഥലത്തും പൊതുക്കിണറുകൾ ഉണ്ടെങ്കിലും അടിവശം പാറയായതിനാൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല.

**12** -ാം വാർഡ്:- പുളിയാംകുന്ന്, ലക്ഷംവീട് കോളനി, പാലമറ്റം കോളനി, മണ്ണാൻ കവല മിച്ചഭൂമി കോളനി തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഈ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുകയും പാലമറ്റം പോലുള്ള താഴ്ന്ന പ്രദേശങ്ങളിൽ കുളങ്ങൾ, കിണറുകൾ മുതലായവ നിർമ്മിച്ച് പൈപ്പ് ലൈൻ മുഖേന കുടിവെള്ളം എത്തിക്കാവുന്നതുമാണ്.

## ശുചിത്വം

പൊതുജനാരോഗ്യ സംവിധാനം ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന മേഖലയാണ് ശുചിത്വം. പരിസര ശുചിത്വത്തിൽ പ്രധാനമായ ഒരു കാര്യം നമ്മുടെ വീടും പരിസരവും അതുപോലെതന്നെ പൊതുനിരത്തുകളുടെയും ഓടകളുടെയും ശുചിത്വമാണ്. വീടും പരിസരവും ശുചിയാക്കുന്ന കാര്യത്തിൽ പരിഷ്കൃത ജനത എന്നഭിമാനിക്കുന്ന നാം പഴയ തലമുറയേക്കാൾ പിന്നിലാണ്. ജനസംഖ്യയും, കച്ചവട സ്ഥാപനങ്ങളും താമസകേന്ദ്രങ്ങളും ഇന്നത്തേക്കാളും തുലോം കുറവായിരുന്ന മുൻകാലങ്ങളിൽ നടപ്പിലുണ്ടായിരുന്ന പൊതു ശുചീകരണ പ്രവർത്തനങ്ങൾ ഇന്ന് പഞ്ചായത്ത് തലത്തിലോ സർക്കാർ തലത്തിലോ പാർപ്പിട വാണിജ്യ സ്ഥാനങ്ങളുടെ വർദ്ധനവിന് ആനുപാതികമായി കൂടിയിട്ടില്ല എന്നുമാത്രമല്ല-കുറയുകയാണ് ചെയ്യുന്നത്. റോഡിൻെറ സംരക്ഷണത്തിന്‌വേണ്ടി നിർമ്മിച്ചിട്ടുള്ള ഓടകളിൽ കൂടിയും പൊതുനിരത്തിൽ കൂടിയും കച്ചവടസ്ഥാപനങ്ങളിലെയും മറ്റും മലിനജലം ഒഴുക്കിവിടുന്നതുകാരണം വെള്ളം കെട്ടിക്കിടന്ന് ആരോഗ്യപ്രശ്നങ്ങളും മറ്റും ഉണ്ടാകാൻ കാരണമാകുന്നു. അതുപോലെതന്നെ റോഡരികിലും ഓടകളിലും ചപ്പുചവറുകളും ഭക്ഷണ അവശിഷ്ടങ്ങളും അലക്ഷ്യമായി വലിച്ചെറിയുന്നതുകാരണം എലി, ഈച്ച തുടങ്ങിയ രോഗം പരത്തുന്ന പ്രാണികൾ വർദ്ധിക്കുന്നു. പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളായ തെങ്ങണ, മാമ്മൂട് തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരം മാലിന്യങ്ങൾ കാണുവാൻ സാധിക്കും.

പരിസരശുചിത്വം ഉറപ്പാക്കുന്നതിൽ കക്കൂസുകളുടെ പങ്ക് എടുത്തു പറയേണ്ടതില്ലല്ലോ. പഞ്ചായത്തി

ലെ 20 ശതമാനത്തോളം വീടുകൾ കക്കൂസുകൾ ഇല്ലാത്തവയാണ്. ഇതുമൂലം കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ അതിസാരം, ഛർദ്ദി, കോളറ തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു. 95-96 വർഷത്തെ കണക്കുപ്രകാരം പഞ്ചായത്തിൽ 1000 ത്തോളം ആളുകൾക്ക് ജലജന്യരോഗങ്ങൾ ബാധിച്ചതായി ആരോഗ്യ സ്ഥാപനങ്ങളിൽനിന്ന് നടത്തിയ സർവ്വേയിൽ മനസ്സിലാകുന്നു.

പട്ടിക 2

മാടപ്പള്ളി പഞ്ചായത്ത് കക്കൂസ് ഉപയോഗം

| സെപ്റ്റിക് ടാങ്ക് | സാധാരണ | മറ്റുള്ളവ |
|---|---|---|
| 1900 | 2400 | 600 |

ഗ്രാമസഭകളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളും താഴെക്കാണും വിധം സംഗ്രഹിക്കാം.

പൊട്ടിയൊലിച്ച് ചിലയിടങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ ഇവ സൃഷ്ടിക്കുന്നുണ്ട്. കോളനികളിലെ കക്കൂസുകൾ വർഷക്കാലത്ത് പൊട്ടിയൊലിച്ച് ഒഴുകുന്ന മലിനജലം ചിലയിടങ്ങളിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. കോളനികളിൽ സെപ്റ്റിക് ടാങ്കോടുകൂടിയ പൊതു കക്കൂസുകൾ സ്ഥാപിച്ചാൽ ഇതിനൊരളവുവരെ പരിഹാരമാകും.

## പരിസര ശുചിത്വം

പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളായ തെങ്ങണാ, മാമ്മൂട് തുടങ്ങിയ സ്ഥലങ്ങളിൽ ശുചീകരണ പ്രശ്നങ്ങൾ അനുഭവപ്പെടുന്നുണ്ട്. തെങ്ങണാ, മാമ്മൂട് എന്നീവിടങ്ങളിൽ അനവധി ഹോട്ടലുകൾ, ചായക്കടകൾ, മറ്റു കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവ ഉള്ളതിനാൽ ഇവയിൽനിന്നുള്ള മലിനജലം ഓടകളിൽ കെട്ടിക്കിടക്കുകയും വളരെയധികം ദുർഗന്ധം അനുഭവപ്പെടുന്നതിനും കൊതുകുകൾ മൂലമുള്ള പകർച്ചവ്യാ

| | പട്ടിക 3 |
|---|---|
| തടസ്സ കാരണം | പരിഹാരമാർഗ്ഗം |
| സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പഞ്ചായത്ത് തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തി സെപ്റ്റിക് ടാങ്ക് കക്കൂസുകൾ നിർമ്മിച്ചു കൊടുക്കാവുന്നതാണ്. |
| കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങളിലും സ്ഥല പരിമിതിമൂലം കക്കൂസ് നിർമ്മിക്കുവാൻ കഴിയാത്തവർക്ക് | പൊതുവായി ഒന്നോ ഒന്നിലധികമോ സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്. |
| ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ | ആരോഗ്യ ബോധവൽക്കരണ യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുക. ആരോഗ്യ പ്രവർത്തകരെയും - ഉദ്യോഗസ്ഥരെയും ബന്ധപ്പെടുത്തി അയൽക്കൂട്ടങ്ങളിൽ ചർച്ചാ ക്ലാസ്സുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങൾ, ലഘുലേഖകൾ, സ്ലൈഡുകൾ, വിവിധ പ്രദർശനങ്ങൾ മുതലായവ നടത്തുക. |

സാധാരണ എന്ന ഗ്രൂപ്പിൽപ്പെട്ട കക്കൂസുകളിൽ ചെറിയൊരു പങ്ക് തീരെ സുരക്ഷിതമല്ല. ടാങ്കുകളും മറ്റും

ധികൾ ചില അവസരങ്ങളിൽ ഉണ്ടാക്കുന്നതിനും കാരണമാകുന്നു. ഇത് പരിഹരിക്കാൻ തെങ്ങണാ ജംഗ്ഷനി

ലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ഓടകൾ എല്ലാവർഷവും വൃത്തിയാക്കുകയും പുതുതായി പണിത ഓടകൾ എത്രയും പെട്ടെന്ന് സ്ലാബ് ഇട്ട് മൂടുകയും ചെയ്യേണ്ടിയിരിക്കുന്നു. കൂടാതെ വഴി വാണിഭക്കച്ചവടക്കാർ, മറ്റു കച്ചവടസ്ഥാപനങ്ങൾ തുടങ്ങിവയിൽ നിന്നുള്ള ചപ്പുചവറുകൾ, മാലിന്യങ്ങൾ തുടങ്ങിയവ ജംഗ്ഷനുകളിൽ പലയിടത്തും കുന്നുകൂടി കിടക്കുകയും ഈ മാലിന്യ കൂമ്പാരങ്ങൾ പല ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായിത്തീരുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി വഴിവാണിഭക്കച്ചവടങ്ങൾ നിയന്ത്രിക്കേണ്ടതും തെങ്ങണായിൽ പൊതു മാർക്കറ്റ് സ്ഥാപിക്കേണ്ടതും ആധുനിക രീതിയിലുള്ള ഡമ്പിംഗ് പിറ്റുകൾ നിർമ്മിക്കേണ്ടതുമാണ്. എസ്.എസ്.ഐ യൂണിറ്റുകൾ തെങ്ങണായ്ക്കും കണ്ണവട്ടായ്ക്കും ഇടയിൽ കൂടുതലായി കേന്ദ്രീകരിക്കുന്നതുകൊണ്ട് വ്യവസായ മലിനീകരണം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ഇവിടങ്ങളിൽ ഉണ്ടാകുന്നു.

## പൊതു ജനാരോഗ്യം

ആരോഗ്യസ്ഥിതി അളക്കുന്നതിനുള്ള സൂചകങ്ങൾ പി.എച്ച്.സി യിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ചതിൻെറ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്ത് കേരളത്തിൻെറ പൊതു സ്ഥിതിയേക്കാൾ വളരെ മുന്നിലാണ്. ആയുർദൈർഘ്യം പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവയിലാകെയുള്ള പഞ്ചായത്തിൻെറ സ്ഥിതി കേരളത്തിൻെറ പൊതുസ്ഥിതിയേക്കാൾ വളരെ മുന്നിലാണെന്നു മാത്രമല്ല പല വികസിത രാജ്യങ്ങളിലേയും നിലവാരത്തിനൊപ്പമെത്തുന്നതുമാണ്.

1996 ലെ ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്ത് പ്രദേശത്ത് മൊത്തം ജനസംഖ്യ 33699 ആണ്. 95-96 ലെ ആകെ ജനനം 394 ആണ്. ജനനനിരക്ക് 11.7 ശതമാനമാണ്. ഇത് നമ്മുടെ സംസ്ഥാനത്തെ ജനനനിരക്കായ 17 നേക്കാൾ വളരെ കുറവാണ്. 1995-96 ലെ ആകെ മരണം 139 ആണ്. മരണനിരക്ക് 4.1 ശതമാനം. കേരളത്തിലെ പൊതു മരണനിരക്ക് 5.9 ശതമാനമാണ്. നമ്മുടേത് സംസ്ഥാന ശരാശരിയേക്കാൾ 1.8 ശതമാനം കുറവാണ്. ഒരു വയസ്സിന് താഴെ മരിച്ച കുട്ടികളുടെ എണ്ണം 3 ആണ്. ശിശുമരണനിരക്ക് 7.6 ശതമാനമാണ്. ശിശുമരണനിരക്ക് സംസ്ഥാന നിരക്കായ 16 നേക്കാൾ 8.4 ശതമാനം കുറവാണ്. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ആയി നമ്മുടെ പഞ്ചായത്തിൽ മാതൃമരണം നടന്നിട്ടില്ലാ എന്നുള്ളത് എടുത്തു പറയേണ്ട ഒന്നാണ്.

പട്ടിക 4

മാടപ്പള്ളി പഞ്ചായത്ത് - ചില ആരോഗ്യസൂചികകൾ

| ആരോഗ്യ സൂചികകൾ | സംസ്ഥാനം | പഞ്ചായത്ത് |
|---|---|---|
| ജനനനിരക്ക് | 17 | 11.7 |
| ശിശുമരണനിരക്ക് | 16 | 7.6 |
| പൊതുമരണനിരക്ക് | 5.9 | 4.1 |
| മാതൃമരണനിരക്ക് | 1 | 0 |

അഞ്ച് വയസ്സിന് താഴെയുള്ള 2401 കുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 96% കുട്ടികൾക്കും അനുപൂരക പോഷകാഹാരം ലഭിക്കുന്നതായാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. പഞ്ചായത്തിൽ അറുപത് വയസ്സിന് മുകളിൽ പ്രായമുള്ളവർ ഏകദേശം 5200 ഓളം വരും. ലഭ്യമായ കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ വികലാംഗരുടെ എണ്ണം 220 ആണ്.

നമ്മുടെ പഞ്ചായത്തിൽ സാധാരണയായി കണ്ടുവരുന്നത് അതിസാരം, മഞ്ഞപ്പിത്തം, കോളറ, വൈറൽ ഫിവർ, ശ്വാസകോശ സംബന്ധമായ മറ്റുരോഗങ്ങളുമാണ്. കാലാവസ്ഥാ മാറ്റം അനുസരിച്ച് അതിസാരം, ശ്വാസകോശ രോഗങ്ങൾ, വൈറൽ ഫിവർ തുടങ്ങിയ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു. മൊത്തം ജനസംഖ്യയുടെ 12% പേർക്ക് പ്രമേഹവും 10 ശതമാനം പേർക്ക് ഹൃദ്രോഗവും 14% പേർക്ക് രക്തസമ്മർദ്ദ രോഗങ്ങളും ഉള്ളതായി വിവിധ ചികിത്സാ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. കുട്ടികളിൽ വളരെ ചെറിയതോതിൽ പോഷകാഹാരക്കുറവ് കണ്ടുവരുന്നുണ്ട്.

ജനന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ ഇത്തരം പരിപാടിയുടെ തുടക്കംമുതൽ തന്നെ ഈ പ്രദേശം വളരെയധികം മുന്നിലായിരുന്നു. ഈ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2315 ദമ്പതികൾ ഉണ്ട്. അതിൽ 1819 പേർ വിവിധ ജനന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവരാണ്.

1980 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം പ്രധാനമായും ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി

പട്ടിക 5
ദമ്പതികളിൽ ജനന നിയന്ത്രണ മാർഗ്ഗങ്ങൾ
സ്വീകരിച്ചവരുടെ സ്ഥിതിവിവരം

| ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ | സ്വീകരിക്കേണ്ടവർ |
|---|---|---|---|
| 1 - കുട്ടി | 596 | 271 | 325 |
| 2 - കുട്ടികൾ | 1157 | 1044 | 113 |
| 2 - ൽ കൂടുതൽ കുട്ടികൾ | 562 | 504 | 58 |

യേയും ചെത്തിപ്പുഴ സെൻറ് തോമസ് ഹോസ്പിറ്റലിനേയും മറ്റുമാണ് ആശ്രയിച്ചുകൊണ്ടിരുന്നത്. കൂടാതെ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ആയുർവേദ വൈദ്യശാലകളും നാട്ടു വൈദ്യന്മാരും സജീവമായിരുന്നു. 80 കളുടെ തുടക്കത്തിൽ അലോപ്പതി ചികിത്സയ്ക്കായി കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള സാധാരണ രീതിയിലുള്ള രണ്ട് സ്വകാര്യ ആശുപത്രികൾ (മേഴ്സി നേഴ്സിംഗ് ഹോം തെങ്ങണ, പയ്യമ്പള്ളിൽ നേഴ്സിംഗ് ഹോം തെങ്ങണ) സ്ഥാപിക്കുകയുണ്ടായി. പിന്നീട് 1980കളിൽ കാരിമുട്ടത്ത് എം.എൻ. ഗോപാലപ്പണിക്കർ സംഭാവന ചെയ്ത 1 ഏക്കർ സ്ഥലത്ത് മാടപ്പള്ളി പി.എച്ച്.സി പ്രവർത്തനമാരംഭിച്ചു. 1992ൽ പഞ്ചായത്തിൽ ഗവ: ഹോമിയോ ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചുവെങ്കിലും ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിൽ പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രികൾ ഗവ: മേഖലയിൽ ഇല്ല. ചികിത്സാ വൈദഗ്ധ്യം ആവശ്യമുള്ള ഗുരുതര രോഗങ്ങൾക്കും കിടത്തി ചികിത്സാ സൗകര്യങ്ങൾക്കും പഞ്ചായത്തിലെ ജനങ്ങൾ ഇപ്പോഴും കോട്ടയം മെഡിക്കൽ കോളജിനേയും, ചങ്ങനാശ്ശേരിയിലെ വിവിധ ആശുപത്രികളേയും മറ്റുമാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ ഏക പി.എച്ച്.സി സെൻററിൽ 95-96 വർഷത്തിൽ 18033 രോഗികൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇതിൽ 302 ജലജന്യരോഗങ്ങളും 31 വായുജന്യരോഗങ്ങളും 9 പ്രാണിജന്യരോഗങ്ങളും ഉൾപ്പെടുന്നു. ത്വക്ക് രോഗികളായി 5211 ആളുകളും വാതരോഗികളായി 3696 പേരും പകർച്ചവ്യാധി പിടിപെട്ട് 5847 രോഗികളും റിപ്പോർട്ട് ചെയ്യപ്പെട്ടു. മറ്റു രോഗങ്ങൾ എന്ന വിഭാഗത്തിൽപ്പെട്ടവരുടെ വിശദാംശങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ രോഗ സംബന്ധമായ വിശകലനം നടത്തുന്നതിന് നിർവ്വാഹമില്ല. മാടപ്പള്ളി ഹോമിയോപ്പതി ആശുപത്രിയിൽ 95-96-ൽ 282 ജലജന്യരോഗങ്ങളും 107 വായുജന്യരോഗങ്ങളും ഉൾപ്പെടെ 5229 രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു.

പഞ്ചായത്തിലെ ഏക പ്രാഥമികാരോഗ്യ കേന്ദ്രമായ മാടപ്പള്ളി പി.എച്ച്.സി യിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം നാളിതുവരെ ലഭ്യമായിട്ടില്ല. ആറ് കിടക്കകൾ ഉള്ള ഒരു വാർഡിൻെറ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ആവശ്യമുള്ള ജീവനക്കാരെ നിയമിച്ച് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാ ലഭ്യമാക്കുന്നതിന് വേണ്ടുന്ന നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. പി.എച്ച്.സി യിലെ സ്റ്റാഫ് അംഗങ്ങൾക്ക് താമസിക്കാനുള്ള ക്വാർട്ടേഴ്സ് നിലവിലില്ല. ഈ പ്രശ്നങ്ങൾക്ക് സത്വരനടപടി സ്വീകരിക്കണം. നിലവിൽ മാടപ്പള്ളി പഞ്ചായത്തിൽ ആയുർവേദ ആരോഗ്യസ്ഥാപനങ്ങൾ ഒന്നുംതന്നെ ഗവ: മേഖലയിൽ ഇല്ലാത്തതിനാൽ വേണ്ട ചികിത്സാ സൗകര്യങ്ങളുള്ള ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽനിന്ന് നിർദ്ദേശമുണ്ട്.

പട്ടിക 6

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | ഇനം | കെട്ടിടം സ്വന്തം/വാടക | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| I | പി.എച്ച്.സി മാടപ്പള്ളി | അലോപ്പതി | സ്വന്തം | 1983 | 17 |
| II | ഗവ: ഹോമിയോ പ്പതി മാടപ്പള്ളി | ഹോമിയോ | വാടക | 1992 | 4 |
| III | കുടുംബാസൂത്രണ ക്ഷേമകേന്ദ്രം | അലോപ്പതി | സ്വന്തം | - | 2 |
| IV | പൊതുജനാ രോഗ്യ കേന്ദ്രം | അലോപ്പതി | വാടക | - | 2 |
| V | കുടുംബാസൂത്രണ ക്ഷേമ കേന്ദ്രം | അലോപ്പതി | - | | 2 |

## ഗ്രാമസഭയിൽ നിന്നുയർന്ന പ്രശ്നങ്ങളും സാധ്യതകളും

1 എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. സാധ്യമായ എല്ലായിടങ്ങളിലും പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും മല്ലപ്പള്ളി വാട്ടർ സപ്ലൈ സ്കീം ഉടനടി കമ്മീഷൻ ചെയ്യുകയും മിനി വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കുക.

2 മഴക്കാലത്ത് മാലിന്യങ്ങൾ വെള്ളത്തിൽ കലരുന്നതുമൂലം ചില രോഗങ്ങൾ പടർന്നു പിടിക്കാൻ കാരണമാകുന്നു. ജലം ശുദ്ധീകരിക്കാനുള്ള രാസവസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

3 സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് സ്വന്തമായി കിണറുകൾ നിർമ്മിക്കാൻ സാധിക്കുന്നില്ല. ഇവർക്ക് കിണറുകൾ നിർമ്മിക്കാൻ സാമ്പത്തിക സഹായം നല്കുക.

4 പൊതു ടാപ്പുകൾ, പൊതു കിണറുകൾ തുടങ്ങിയവ കാര്യക്ഷമമല്ല. ഇവ യഥാസമയം അറ്റകുറ്റപ്പണി നടത്തി ഉപയോഗ്യമാക്കുക.

5 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കക്കൂസുകൾ നിർമ്മിക്കാൻ സാധിക്കുന്നില്ല. ഇവർക്ക് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സാമ്പത്തിക സഹായം അനുവദിക്കുക.

6 മലിനജലം ഒഴുകുന്ന ഓടകളിൽ അഴുക്കുവെള്ളം കെട്ടിക്കിടന്ന് കൊതുകുകൾ പെരുകാനും മറ്റ് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാനും കാരണമാകുന്നു. കൂടാതെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും മറ്റും ചപ്പുചവറുകൾ കൂടുതൽ കുന്നുകൂടുന്നു. ഓടകൾ യഥാസമയം വൃത്തിയാക്കുകയും കൊതുക് നിവാരണ പരിപാടികൾ ഊർജ്ജിത പ്പെടുത്തുകയും ആധുനിക ഡംപിംഗ് പിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

7 അന്തരീക്ഷ മലിനീകരണവും, ശബ്ദമലിനീകരണവും ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് നിയന്ത്രണമേർപ്പെടുത്തുക.

8 വീടുകൾ, കച്ചവട സ്ഥാപനങ്ങൾ, വ്യാവസായ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും മലിന ജലം പൊതു ഓടകളിലും നിരത്തുകളിലും ഒഴുക്കുന്നത് കർശനമായി നിരോധിക്കുക.

9 ശുദ്ധജലത്തിന്റെ ദുരുപയോഗം തടയുക.

10 പഞ്ചായത്തിൽ നിലവിൽ ഒരു പി.എച്ച്.സി മാത്ര

മേ ഉള്ളതിനാൽ വിവിധ പ്രദേശങ്ങളിൽ കൂടുതൽ പി.എച്ച്.സി കൾ സ്ഥാപിക്കുക.

11 പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ സബ് സെൻററുകൾ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നില്ല. കൂടുതൽ സബ്സെൻററുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

12 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല. ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ യഥാസമയങ്ങളിൽ കൃത്യമായി നടത്തുക. കൂടാതെ ആരോഗ്യ ക്ലാസ്സുകളും ഗൃഹസന്ദർശനങ്ങളും നടത്തുക.

13 പൊതുജനാരേഗ്യ സമിതി രൂപീകരിക്കുക.

14 പി.എച്ച്.സി പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യകേന്ദ്രമായി മാറുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

15 ഗവ: ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടമില്ല. ഡ്രെസ്സിംഗ് മെറ്റീരിയൽസ് ആവശ്യത്തിന് ലഭിക്കുന്നില്ല. വാട്ടർ കണക്ഷൻ ഇല്ല. സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

16 പഞ്ചായത്തിൽ സർക്കാർ ആയുർവേദ ആരോഗ്യസ്ഥാപനങ്ങൾ ഇല്ല. കിടത്തി ചികിത്സാ സൗകര്യമുള്ള ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

17 പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളുടെ സ്ഥാപനപരമായ പ്രശ്നങ്ങൾ പരിഹരിക്കുക.

18 പഞ്ചയായത്തിൽ പൊതു മാർക്കറ്റ് ഇല്ലാത്തതിനാൽ പഞ്ചായത്തിൻെറ സിരാകേന്ദ്രമായ തെങ്ങണായിൽ പൊതുമാർക്കറ്റ് സ്ഥാപിക്കുക. പൊതുജനങ്ങൾക്കായി കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

19 പഞ്ചായത്ത് പ്രദേശത്തേക്ക് മൊത്തമായി ഒരു അറവുശാല സ്ഥാപിച്ച് പരിശോധനാ വിധേയമാക്കിയ മൃഗങ്ങളെ മാത്രം അറുക്കുന്നതിനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്.

20 കൊതുകശല്യം വാപകമായി അനുഭവപ്പെടുന്നതുമൂലം പൊതുവെ പകർച്ചാവ്യാധികൾ വർദ്ധിച്ചു വരുന്നു. കൊതുക് ഈച്ച തുടങ്ങിയവയെ വ്യാപകമായി നശിപ്പിക്കുന്നതിനുള്ള ജനകീയ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

21 വർഷക്കാലത്തും മറ്റും പഞ്ചായത്ത് പ്രദേശത്ത് കോളറ, അതിസാരം, ഛർദ്ദി, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചാവ്യാധികൾ പടർന്നു പിടിക്കുന്നു. ഈ അവസരങ്ങളിൽ ഇവർക്ക് സാമ്പത്തിക സഹായങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും മറ്റും നടത്തുക.

22 പഞ്ചായത്തിൽ പ്രവർത്തയ്ക്കുന്ന ഹോട്ടലുകൾ, ശീതള പാനീയ ശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപന ആരോഗ്യനിയന്ത്രണനിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിലേക്ക് ഹെൽത്ത് ഇൻസ്പെക്ടർ മിന്നൽ പരിശോധന നടത്തേണ്ടതുമാണ്.

23 വാർഡ് തലത്തിൽ ആരോഗ്യവിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുവാൻ ആരോഗ്യസമിതി ശ്രദ്ധ ചെലുത്തുക. സമഗ്ര ആരോഗ്യ പദ്ധതി ക്രമപ്പെടുത്തിയെടുക്കുക.

24 പഞ്ചയാത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗ പരിശീലനകേന്ദ്രം പഞ്ചായ്ത്തിൻെറ കീഴിൽ സ്ഥാപിക്കുക. ശരിയായ പരിശീലനം നല്കുന്നതുവഴി ജനതയുടെ കായികവും മാനസികവും ആയ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ം ഇത് സഹായകമാവും.

25 പഞ്ചായത്തിൽ നിലവിൽ ഒരു പൊതുശ്മശാനം ഇല്ല. ജനസാന്ദ്രത കുടുന്നതും വീടുകളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ടും പൊതു ശ്മശാനം അത്യാവശ്യമായിവരുന്നു. ആയതു മുന്നിൽക്കണ്ട് ഭൂമിശാസ്ത്രപരമായ സൗകര്യം കൂടി പരിഗണിച്ചുകൊണ്ട് ഒരു ശ്മശാനം അടിയന്തിരമായി സ്ഥാപിക്കുക.

26 സമൂഹത്തിലെ ഒരു മുഖ്യ ആശ്രിത വഭാഗമായ

വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരെ മാനസികവും ശാരീരികവുമായി പ്രത്യേകം സംരക്ഷിക്കുന്നതിന് പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസികവുമായ ഉയർച്ചക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

27 ചികിത്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന സംവിധാനമായ ഹെൽത്ത് കാർഡ് ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടെ നപ്പിലാക്കണം. ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കുന്നതിനും സഹായിക്കും. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവിരങ്ങൾ ഈ കാർഡിൽ രേഖപ്പെടുത്തുകയും വേണം.

28 രക്തദാനത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തണം. രക്തദാനത്തെക്കുറിച്ച് നിലവിലുള്ള ഭയാശങ്കകൾ ദുരീകരിക്കുക. നേത്ര ദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുകവഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുക. ജില്ലാ നേത്രദാന ബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക.

29 ജനങ്ങളുടെ പൊതുവായ ആരോഗ്യസ്ഥിതിയും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുവാൻ സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക. ചാരായ നിരോധനം നിലവിൽ ഉണ്ടെങ്കിലും വാറ്റുകേന്ദ്രങ്ങൾ നാട്ടിൽ ഒരു ഭീഷണിയായിട്ടുണ്ട്. ഇവ കർശനമായി തടയുക

30 പഞ്ചായത്ത് നിവാസികളുടെ പൊതുവായ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ പുകവലി, പുകയില കൂട്ടിയുള്ള മുറുക്ക്, പാൻമസാലകളുടെ ഉപയോഗം, മദ്യപാനം, കഞ്ചാവ്, മയക്ക് മരുന്നുകളുടെ ഉപയോഗം എന്നിവ പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾവഴി നിയന്ത്രണവിധേയമാക്കണം.

ആരോഗ്യപരിപാലനരംഗത്ത് വികസിത രാഷ്ട്രങ്ങളിലെ നേട്ടങ്ങളോട് കിടപിടിക്കത്തക്ക നേട്ടങ്ങൾ കൈവരിച്ചുവെന്ന് നാം അഭിമാനിക്കുന്നു. എങ്കിലും പുതിയ പുതിയ രോഗങ്ങൾ ഈ രംഗത്ത് വെല്ലുവിളി ഉയർത്തുകയാണ്. എയ്ഡ്സ്, മലമ്പനി, പ്ലേഗ്, മസ്തിഷ്കജ്വരം, എലിപ്പനി തുടങ്ങിയ രോഗങ്ങൾ നമ്മുടെ സംസ്ഥാനത്ത് അങ്ങിങ്ങായി ജനങ്ങളുടെ മരണത്തിന് കാരണമാകുന്നുണ്ട്. ഇത്തരം രോഗങ്ങൾ നമ്മുടെ പ്രദേശത്ത് ബാധിക്കാതിരിക്കാനുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നമ്മുക്ക് നടത്താൻ കഴിയണം.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ ''മാടപ്പള്ളി ഗ്രാമം, ശുചിത്വഗ്രാമം, ആരോഗ്യ ഗ്രാമം'' എന്ന സ്വപ്നം യഥാർത്ഥമാക്കി മാറ്റാൻ നമുക്ക് കഴിയും. ■



# വ്യവസായം

മാടപ്പള്ളി പഞ്ചായത്തിൽ വളരെ കൊല്ലങ്ങൾക്ക് മുമ്പ്തന്നെ വ്യവസായങ്ങൾക്ക് തുടക്കമിടാൻ കഴിഞ്ഞു. മാമ്മൂട് കേന്ദ്രമാക്കി കൊപ്ര സംഭരണം വൻതോതിൽ നടത്തിയിരുന്നു. വ്യാപാരം ആഴ്ചയിൽ രണ്ടു ദിവസം അതായത് ചൊവ്വ, വെള്ളി ദിവസങ്ങളിൽ. ഇവിടെ കൊപ്ര കൊണ്ടുവന്നിരുന്നത് എരുമേലി, മണിമല,റാന്നി, മല്ലപ്പള്ളി,പാമ്പാടി, കറുകച്ചാൽ,കുന്നന്താനം മുതലായ സ്ഥലങ്ങളിൽ നിന്നുമായിരുന്നു. ഒരു ദിവസം 100 ടൺ കൊപ്രയെങ്കിലും വ്യാപാരത്തിനായി എത്തിയിരുന്നു. മാമ്മൂട് മുതൽ തെങ്ങണാ വരെയുള്ള സ്ഥലങ്ങളിൽ കൊപ്രാ ''കന്നിട്ട''കൾ ഉണ്ടായിരുന്നു. ഇതിൻെറ ഫലമായി അനേകം എണ്ണ ഉത്പാദകകേന്ദ്രങ്ങളും ഉണ്ടായിരുന്നു. മരച്ചക്ക് ഉപയോഗിച്ചാണ് അന്ന് എണ്ണ ആട്ടിയിരുന്നത്.

## ഇന്നത്തെ ചിത്രം

മാടപ്പള്ളി പഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രധാനമായും കാർഷിക വൃത്തിയെ ആശ്രയിച്ചാണ് ജനജീവിതം. എന്നാൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന ഏതാനും ചെറുകിടവ്യവസായങ്ങൾ മാത്രം സാമാന്യം നന്നായി പ്രവർത്തിച്ചുവരുന്നു.

## വ്യവസായ മേഖലയില തൊഴിലാളികളുടെ പങ്കാളിത്തം

മൊത്തം തൊഴിലാളികളിൽ പുരുഷന്മാരുടെ ആധിപത്യമാണ് കാണുന്നത്. പഞ്ചായത്തിലെ സ്ത്രീ പുരുഷതൊഴിലാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക-1ൽ കൊടുത്തിരിക്കുന്നു. പഞ്ചായത്തിലുള്ള മൊത്തം തൊഴിൽ ചെയ്യുന്നവരിൽ കൂടുതൽ പേരും പഞ്ചായത്തിനു വെളിയിലുള്ള വ്യവസായ യൂണിറ്റുകളിൽ ജോലി ചെയ്യുന്നു.

ചെറുകിട മേഖലയിൽ പ്രവർത്തിക്കുനന ഒരു വ്യവസായ സ്ഥാപനത്തിലും തൊഴിലാളികളുടെ ജോലി ഉറപ്പ് വരുത്തുന്നില്ല. കൂടുതൽ വ്യവസായ സ്ഥാപനത്തിലും പീസ് വർക്ക് ആയതിനാൽ അധ്വാനത്തിന് അനുസരിച്ചുള്ള കൂലി ലഭിക്കുന്നില്ല. വ്യവസായശാലകളിൽ അത്യാവശ്യം വേണ്ട സുരക്ഷാ സംവിധാനം ഇല്ല. തൊഴിലാളികളുടെ ആരോഗ്യവും ജീവനും സംരക്ഷിക്കുന്ന സംവിധാനങ്ങളുടെ അപര്യാപ്തത എല്ലാ വ്യവസായശാലകളിലും കാണപ്പെടുന്നു.

ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. (പട്ടിക 1 കാണുക)

പട്ടിക 1

ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമനമ്പർ | ഇനം | ആകെ വ്യവസായം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു: | സ്ത്രീ | ആകെ |
| 1 | റബ്ബർ അധിഷ്ഠിത വ്യവസായം | 23 | 198 | 42 | 240 |
| 2 | ധാന്യ സംസ്കരണം | 13 | 18 | - | 18 |
| 3 | അച്ചടി വ്യവസായം | 5 | 10 | 17 | 27 |
| 4 | നോട്ട് ബുക്ക് നിർമ്മാണം | 1 | 2 | 4 | 6 |
| 5 | തടിവ്യവസായം | 4 | 20 | - | 20 |
| 6 | സോഡനിർമ്മാണം | 3 | 8 | - | 8 |
| 7 | കറി പൗഡർ നിർമ്മാണം | 3 | 3 | 6 | 9 |
| 8 | എഞ്ചിനീയറിംഗ് | 4 | 8 | - | 8 |
| 9 | നാളീകേരം | 2 | 4 | - | 4 |
| 10 | ഉപ്പേരി നിർമ്മാണം | 4 | 8 | 8 | 16 |
| 11 | സിമൻറ് ഇഷ്ടിക നിർമ്മാണം | 1 | 8 | 12 | 20 |
| 12 | റെഡിമെയ്ഡ് വസ്ത്രങ്ങൾ | 1 | 2 | 6 | 8 |
| 13 | ഫർണിച്ചർ നിർമ്മാണം | 4 | 10 | - | 14 |
| 14 | തീപ്പെട്ടിക്കൊള്ളി നിർമ്മാണം | 1 | 3 | 4 | 7 |
| 15 | മെഴുകുതിരി നിർമ്മാണം | 1 | 2 | 6 | 8 |
| 16 | പ്ലാസ്റ്റിക് നിർമ്മാണം | 6 | 15 | 4 | 19 |
| 17 | ക്ഷീരോത്പന്ന നിർമ്മാണം | 1 | 1 | 2 | 3 |
| ആകെ | | 77 | 320 | 111 | 435 |

## റബ്ബർ അധിഷ്ഠിത വ്യവസായം

ഈ പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് 1978 ലാരംഭിച്ചു. തുടക്കത്തിൽ തന്നെ 7 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിൽ ചിലതിന്റെ പ്രവർത്തനം ആദ്യഘട്ടത്തിൽ തന്നെ നിലച്ചുപോയി. ഇതിനു കാരണങ്ങൾ പലതാണ്. വ്യവസായത്തോട് സംരംഭകന് ഉള്ള സാങ്കേതികവും വിപണനപരവുമായ അജ്ഞത, കുറഞ്ഞ മുതൽ മുടക്കിൽ ഏറ്റവും കൂടുതൽ ആഭ്യന്തരമായി വിൽക്കാവുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാവുന്ന യൂണിറ്റിന്റെ തെരഞ്ഞെടുപ്പ് മുതലായവയായിരുന്നു മുഖ്യമായ കാരണങ്ങൾ. പിന്നീട് വ്യാവസായികൾ കൂടുതൽ വിറ്റഴിക്കാവുന്ന ഉൽപന്നങ്ങൾ ഉണ്ടാക്കാവുന്ന സംരഭങ്ങളിലേക്ക് തിരിഞ്ഞു. ഇതുമൂലം മിക്ക വ്യവസായങ്ങളും ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. പത്തോളം വ്യവസായസ്ഥാപനങ്ങൾ വ്യാവസായ എസ്റ്റേറ്റിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 3 എണ്ണത്തിന്റെ പ്രവർത്തനം വളരെ മന്ദഗതിയിൽ ആണ്.

റബ്ബർ അധിഷ്ഠിത വ്യവസായത്തെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഉൽപ്പന്നങ്ങൾ അന്യസം

സ്ഥാനങ്ങളിൽ വിറ്റഴിക്കുന്നതിൽ നിന്നാണ്. അവിടെയുള്ള സ്വകാര്യ വ്യക്തികളാണ് ഉത്പന്നങ്ങൾ കൂടുതലും വാങ്ങാറ്. കടമായി കൊടുക്കുന്നതു മൂലം പണം ഈടാക്കിയെടുക്കൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അവരിൽ നിന്നും പണം ഈടാക്കാൻ ഉള്ള സംവിധാനത്തിൻെറ അപര്യാപ്തതയാണ് പ്രധാന കാരണം. ഇതു കൂടാതെ വൻകിട വ്യവസായികളോട് മത്സരിക്കുവാനുള്ള കഴിവില്ലായ്മ ഒരു കാരണമാണ് ഉത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുവാൻ വ്യവസായികൾ നിർബന്ധിതരാകുന്നത്. മറ്റൊന്ന് പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർകട്ട് ആണ്. വിദ്ഗ്ധ തൊഴിലാളികളുടെ അഭാവവും വേറൊരു കാരണമാണ്.

### പരമ്പരാഗത കുടിൽ വ്യവസായങ്ങൾ .

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം തഴപ്പായ നിർമ്മാണവും കുട്ട, മുറം നിർമ്മാണവുമാണ്. ഇവ സംഘടിത രൂപത്തിൽ ചെയ്യുന്ന ഒറ്റ സ്ഥാപനം പോലും പഞ്ചായത്തിൽ ഇല്ല. ഇവയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടെങ്കിലും അതുമാത്രമല്ല ഈ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നം. സ്വകാര്യവ്യക്തികൾ ഉത്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾക്ക് അധ്വാനത്തിന് അനുസരണമായി വില ലഭിക്കുന്നില്ല. ഈ മേഖലയിൽ ഇടത്തട്ടുകാരുടെ ചൂഷണം വലിയ തോതിൽ തന്നെയുണ്ടെന്നു വേണം പറയാൻ. ഉൽപാദകർക്ക് ലഭിക്കുന്ന വിലയും വിപണന കേന്ദ്രത്തിലെ വിലയും പരിശോധിച്ചാൽ ഈ വസ്തുത മനസ്സിലാക്കുവാൻ സാധിക്കും. ഇതുമൂലം ഈ മേഖലയിൽ പണിയെടുത്തിരുന്ന ആൾക്കാർ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുവാൻ ഇടയായി.

### കൈത്തറി

കൈത്തറിമേഖലയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസംഘം ഈ പഞ്ചായത്തിലുണ്ട്. ഇത് കാലങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൻെറ പ്രവർത്തനത്തെപ്പറ്റി ശരിയായി പഠനം നടത്തി വേണ്ട നടപടി സ്വീകരിച്ച് നഷ്ടത്തിൽ നിന്ന് കരകയറ്റണം.

### പ്രവർത്തനം നിലച്ചുപോയ വ്യവസായങ്ങൾ

പഞ്ചായത്തിൽ പ്രവർത്തനം നിലച്ചു പോയ ചെറുകിട യൂണിറ്റുകളെപ്പറ്റി പഠനം നടത്തി ഇവ തുറന്നു പ്രവർത്തിക്കാനുള്ള സാധ്യത ആരായണം ഉദാ: ത്രെഡ്, റബ്ബർ ഉത്പ്പാദിപ്പിച്ചിരുന്ന റാം റബേഴ്സ്,റബ്ബർ ഫോം ഉത്പ്പാദിപ്പിച്ചിരുന്ന ജോബ്സൺ റബേഴ്സ് മുതലായവ.)

### മെഴുക് ദൗർബല്യം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാണെങ്കിലും മെഴുകുതിരി നിർമ്മാണത്തിന് ആവശ്യമായ മെഴുക് കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

### പ്രധാന പ്രശ്നങ്ങൾ

24.02 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 30182 വരുന്ന ജനസംഖ്യയും 6000 ത്തിൽ പരം വീടുകളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയുണ്ട്. എന്നാൽ പ്രസ്തുത ഉത്പ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന വ്യവസായ യൂണിറ്റ് വളർന്നു വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായവളർച്ചക്കാവശ്യമായ അനുകൂല ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ , ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമപ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തൽപരത ഇവയെല്ലാം ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വ്യവസായങ്ങൾക്ക് വൈദ്യുതകണക്ഷൻ ലഭിക്കാൻ ഏറെ താമസം നേരിടുന്നു. വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ അനാസ്ഥയും എടുത്തു പറയേണ്ടിയിരിക്കുന്നു. നിലവിലുള്ള വ്യവസായങ്ങളെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർകട്ട്തന്നെ.

പുതിയതായി വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവരെ അലട്ടുന്ന മുഖ്യപ്രശ്നം വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥലസൗകര്യങ്ങളുടെ അപര്യാപ്തതയാണ്. വ്യവസായങ്ങൾക്ക് ആവശ്യമായ സ്ഥലം , കെട്ടിടം, വൈദ്യുതി,ജലം മുതലായവ ലഭ്യമാക്കാൻ വേണ്ടിവരുന്ന ഭീമമായ മുതൽ മുടക്ക് വ്യവസായ സംരംഭകരെ പിന്തിരിപ്പിക്കുന്നു.

വ്യവസായ വകുപ്പ്, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഒഴികെ മറ്റു വകുപ്പുകളിൽ ലൈസൻസ് ലഭിക്കാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല. നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളിൽ തൊഴിൽ പഠിപ്പിച്ച് എടുക്കുകയാണ് പതിവ് പുതിയ യൂണിറ്റുകൾക്കതു സാധ്യമല്ല.

പരമ്പരാഗത വ്യവസായസ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. തൊഴിൽ ചെയ്യുവാൻ അറിയാവുന്നവർ ധാരാളമുണ്ട്, ഈ പഞ്ചായത്തിൽ .എന്നാൽ ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതുകൊണ്ട് ഇത്തരം യൂണിറ്റുകൾ ആരംഭിക്കുക സാധ്യമല്ല.

അവിദഗ്ധ തൊഴിലാളികളായ ചെറുപ്പക്കാർക്ക് പ്രാദേശികമായി സാദ്ധ്യതയുള്ള ചെറുകിട ഇടത്തരം സാങ്കേതിക വിദ്യകളിലും പാരമ്പര്യതൊഴിലുകളിലും പരിശീലനം ലഭിക്കേണ്ടിയിരിക്കുന്നു.

വനിതകൾക്ക് തൊഴിലസരങ്ങൾ പൊതുവെ കുറവാണ്. സാങ്കേതിക വിദ്യാഭ്യാസം ഉള്ള വനിതകൾ പഞ്ചായത്തിൽ ധാരാളമുണ്ട്.

സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സംവിധാനമില്ല.

കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിൽ മുഖ്യകാർഷികോല്പന്നമായ റബർ, തേങ്ങ, തുടങ്ങിയവ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസിക തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണകുറവ് പരിഹരിക്കേണ്ടിയിരിക്കുന്നു.

വ്യവസായ മേഖലയുമായുള്ള സമ്പർക്കമില്ലായ്മ വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ കുറവ് ഇവയും വ്യവസായങ്ങൾ വളരാത്തതിനു കാരണമുണ്ട്.

തടി വ്യവസായത്തിനാവശ്യമായ തടിലഭിക്കാനുള്ള വിഷമം വലിയൊരു പ്രശ്നമാണ്.

പഞ്ചായത്തിൽ ലഭ്യമായ റബർ തടി ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ വൻതോതിൽ കെട്ടിട നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ട്. എന്നാൽ മരത്തിന്റെ ദൗർലഭ്യം കൂടുതലായി അനുഭവപ്പെടുന്നു. അതുകൊണ്ട് സിമൻറ് ഉപയോഗിച്ച് നിർമ്മിക്കാവുന്ന കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

അന്യസംസ്ഥാനങ്ങളിൽ വിറ്റഴിക്കാവുന്ന ഉത്പന്നങ്ങളുടെ വിലക്കുറവ് വൻകിട വ്യവസായങ്ങളുമായി മത്സരിക്കാനുള്ള കഴിവില്ലായ്മ ഇവയും പ്രശ്നങ്ങൾ തന്നെ.

ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾ വിറ്റഴിക്കണമെങ്കിൽ വൻതോതിലുള്ള പരസ്യംതന്നെ വേണം. ഇന്നത്തെ ഉപഭോക്തൃ സംസ്കാരം അതാണല്ലോ വൻകിട വ്യവസായികൾ പരസ്യത്തിനു മുടക്കുന്ന തുക ഭീമമാണ്. എന്നാൽ സാമ്പത്തിക പരാധീനകമൂലം ചെറുകിട വ്യവസായങ്ങൾക്ക് അതു സാധ്യമല്ല, അതവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ തടസ്സമാകുന്നു.

വ്യവസായം നേരിടുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്നാണ് കൂലിനിരക്ക്. സ്ത്രീകളുടെ കൂലിനിരക്ക് വളരെ കുറവാണ്. അച്ചടി, തീപ്പെട്ടികൊള്ളി നിർമ്മാണം, റബ്ബർ അധിഷ്ഠിത വ്യവസായം മുതലായവ ഉദാഹരിക്കാം.

## സാധ്യതകൾ

1. ഓരോ മേഖലയിലും ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ വേണ്ട പൊതു പരിപാടി ആവിഷ്കരിക്കുക.

2. തദ്ദേശീയമായി ഉത്പ്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക.

3 ഖാദിബോർഡിന്റെ വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല.പരമ്പരാഗത വ്യവസായമായ കുട്ട,മുറം, പനമ്പ്,തഴപ്പായ എന്നിവയും മെഴുകുതിരി,സോപ്പ് നിർമ്മാണം നോട്ടുബുക്കു നിർമ്മാണം, കറിപൗഡർ നിർമ്മാണം, അച്ചാറു നിർമ്മാണം, പ്ലാസ്റ്റിക് ഉത്പ്പന്നങ്ങളുടെ നിർമ്മാണം, വാഴനാരുല്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ഖാദി ബോർഡും ഗ്രാമവികസന വകുപ്പും വേണ്ടത്ര പരിഗണന നൽകി യൂണിറ്റുകൾ തുടങ്ങേണ്ടിയിരി

ക്കുന്നു. സാമ്പത്തിക സഹായവും, സാങ്കേതിക സഹായവും,സാങ്കേതിക പരിശീലനവും നൽകി എല്ലാ വാർഡുകളിലും ഈ വക വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ട നടപടികൾ ആരംഭിക്കുക.

4. ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് ചെലവിൽ വ്യവസായ കോംപ്ലക്സ് നിർമ്മിക്കുകയും വ്യവസായ സംരംഭകർക്ക് ചുരുങ്ങിയ വാടകയ്ക്ക് നൽകുകയും വേണം. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി വെള്ളം എന്നിവ ഇവിടെ ലഭ്യമാക്കുകയുംവേണം. പ്രാരംഭ സൗകര്യങ്ങൾക്കായി പണം മുടക്കാൻ കഴിയാത്തവർക്കും അസംസ്കൃത സാധനങ്ങൾ വാങ്ങാൻ പണമില്ലാതെ വിഷമിക്കുന്നവർക്കും ഇത് സഹായകരമായിരിക്കും.

5. വൻതോതിൽ കെട്ടിട നിർമ്മാണ പ്രവർത്തനം നടക്കുന്ന പ്രദേശമാണിത്. മരത്തിൻെറ ദൗർലഭ്യം പരിഗണിച്ച് സിമൻറ് ഉപയോഗിച്ചുള്ള കട്ടള,ജനൽ എന്നിവ നിർമ്മിച്ച് വിതരണം നടത്തുന്നതിനുള്ള സാധ്യതകൾ ധാരാളമുണ്ട്. അതുപോലെ സ്റ്റബിലെസ്ഡ് മഡ്ബ്ലോക്ക് നിർമ്മാണം, ഹോളോ കോൺക്രീറ്റ് ബ്ലോക്ക് നിർമ്മാണം, ഫില്ലർ സ്ലാബ്, നിർമ്മാണം, ഫ്യൂണികുലർ ഷെൽ നിർമ്മാണം, ഫേറോ സിമൻറ് നിർമ്മാണം എന്നിവയ്ക്കുള്ള സാധ്യതകൾ പരിഗണിക്കണം.

6. കെട്ടിട നിർമ്മാണത്തിനും ഫർണിച്ചർ വ്യവസായത്തിനും പ്രധാനപ്പെട്ട ഒന്നാണ് തടി. തടിയുടെ ഉപയോഗം മൂന്നിനൊന്നുകണ്ട് വർദ്ധിക്കുമ്പോഴും തടി എന്ന അമൂല്യവസ്തുവിൻെറ ലഭ്യത കുറഞ്ഞു കൊണ്ടിരിക്കുന്നു. അടുത്ത കാലത്തായി നടത്തിയ ശാസ്ത്രപഠനത്തിൽ അടുത്ത 25 വർഷത്തിനുള്ളിൽ തടി ലോകമെമ്പാടും വളരെ വിരളമായിതീരും എന്നതാണ്. ആഞ്ഞിലി, പ്ലാവ്, തേക്ക് മുതലായ കട്ടിയുള്ള തടികൾ (hard woods) കിട്ടാനില്ലാത്ത അവസ്ഥയാണുള്ളത്. ഉള്ളതിന് തീപിടിച്ച വിലയും. ഇവ പരിഗണിച്ച് നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബർത്തടി സംസ്കരിച്ച് കെട്ടിട നിർമ്മാണത്തിനും ഫർണീച്ചർ വ്യവസായത്തിനും ആവശ്യമായ ഉരുപ്പടികൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുക.

7. കേരളത്തിലെ കൽപവൃക്ഷമായ തെങ്ങ് അടിസ്ഥാനഘടകമാക്കി കോക്കനട്ട് കോപ്ലക്സ് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്. തെങ്ങ്, തേങ്ങ, ചിരട്ട, മടൽ എന്നിവ ഉപയോഗിച്ചുള്ള വിവിധയിനം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഇ മേഖലയിലേക്ക് കൂടതുൽ വ്യവസായ സംരംഭകരെ ആകർഷിക്കുവാൻ സാധിക്കും.

8. അനേകം ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ ചെറുകിട സൊസൈറ്റികൾ വഴി ഉല്പ്പാദിപ്പിച്ച് വൻകിട ബ്രാൻറ് നെയ്മിൽ വിപണനം നടത്താവുന്ന തരത്തിലുള്ള നടപടി സ്വീകരിക്കാം.

9. കേരള എസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൻെറ കേടായ മീറ്ററുകൾ നന്നാക്കുന്ന യൂണിറ്റുകളും , ടെലിഫോണുകൾ റിപ്പയർ ചെയ്യുന്ന യൂണിറ്റുകളും ആരംഭിക്കക.

10 വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിന് ആവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ധ പരിശീലനം നൽകുകയും വേണം.

11 കരകൗശല രംഗത്ത് വിദഗ്ധമായ പരിശീലനം നൽകുന്നതിന് ഒരു craft development centre സ്ഥാപിക്കാവാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

12. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും അതിൻെറ വിപണന സാദ്ധ്യതകളെപ്പറ്റിയും ഒരു സ്ഥാപനത്തിൻെറ കീഴിൽ വിദഗ്ധ പരിശീലനം നൽകണം.

13. വ്യവസായം തുടങ്ങുവാനാഗ്രിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായസംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും,വിജയകരമായി വ്യവസായം നടത്തികൊണ്ടുപോകുന്നതിനും പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കാൻ പഠനയാത്ര സംഘടിപ്പിക്കണം.

14 വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടി സ്വീ

കരിക്കണം.

15. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ധാരാളമുള്ള സ്ഥലമാണ് മാടപ്പള്ളി. ഇവരെ വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് ഉതകുന്ന നടപടി സ്വീകരിക്കണം.

16. വ്യവസായങ്ങളെപ്പറ്റിയുള്ള പ്രസിദ്ധികരണം പഞ്ചായത്തിൽ വരുത്തണം.

17. ആലപ്പുഴയിലുള്ള സ്പിന്നിംഗ് മില്ലിന്റെ സഹകരണത്തോടെ ഒരു അനുബന്ധയൂണിറ്റാരംഭിക്കുക.

18. ഈ പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിക്കാരും കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുകയാണ്. ഈ കന്നുകാലികൾക്കാവശ്യമായ കാലിത്തീറ്റകൾ അന്യസംസ്ഥാനത്തുനിന്നുമാണ് അധികം എത്തുന്നത്. ഇതിനു പരിഹാരമായും ധാരാളം സാധ്യതയുള്ള ഒരു വ്യവസായം എന്ന നിലയിലും ഈ പഞ്ചായത്ത് കേന്ദ്രീകരിച്ചു ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കന്നുകാലി വളർത്തൽ പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. പാൽ ശീതീകരിക്കുന്നതിന് ഒരു ചില്ലിംഗ് പ്ലാന്റ അനുവദിക്കുക അതുപോലെ പാൽ ഉപയോഗച്ചുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കാവുന്ന വ്യവസായം ആരംഭിക്കുക.

19. ഏറ്റവും വലിയ കാർഷികോൽപ്പന്നമായ റബർ ഉപയോഗിച്ചുള്ള വ്യവസാങ്ങൾ തുടങ്ങുവാനുള്ള സാധ്യത വളരെ കൂടതലുണ്ട്. അതുകൊണ്ട് അത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുക.

20. മാടപ്പള്ളി കേന്ദ്രീകരിച്ച് വാഹനങ്ങളുടെ ടയർ, ട്യൂബ് മുതലായവ നിർമ്മിക്കുന്ന ഒരു വൻകിട ഫാക്ടറി ആരംഭിക്കുക.

21. വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ അളവിൽ വൈദ്യുതി എത്തിക്കുക. ഇതിനായി മല്ലപ്പള്ളി, പാമ്പാടി മുതലായ സബ്സ്റ്റേഷനിൽ നിന്നും പുതിയ ഫീഡർ ലൈൻ കൊണ്ടുവരിക.

22. പഞ്ചായത്തിലുള്ള മുഴുവൻ ട്രാൻസ്ഫോർമറുകളും അധികലോഡ് വഹിക്കുന്നവയാണ്. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക,നിലവിലുള്ള ട്രാൻസ്ഫോർമറുകളിൽ പവർകപ്പാസിറ്ററുകൾ സ്ഥാപിക്കുക എന്നിവ ചെയ്യാവുന്നതാണ്. അതുപോലെ വിതരണ നഷ്ടം പരമാവധി കുറക്കുവാൻ ജംബറുകൾ മാറ്റുക, കമ്പികളിൽ തട്ടി നില്ക്കുന്ന വൃക്ഷതലപ്പുകൾ വെട്ടിമാറ്റുക മുതലായവ ചെയ്യാവുന്നതാണ്. ഗാർഹിക ഉപയോഗത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് വെളിച്ചത്തിനു വേണ്ടിയാണ്. ഇതിനായി സാധാരണയായി ഉപയോഗിക്കുന്നത് ഇലക്ട്രിക് ബൾബുകളാണ് ഇവയ്ക്ക് പകരം സി.എഫ്.എൽ വിളക്കുകൾ ഉപയോഗിക്കുക.

23. പരമ്പരാഗത വ്യവസായങ്ങളെ ആധുനികരിക്കുക.

24. കൈത്തറി മേഖലയിൽ പ്രർത്തിക്കുന്ന ഒരു സ്ഥാപനം പഞ്ചായത്തിൽ ഉണ്ട്. ഇവ കാലങ്ങളായി നഷ്ടത്തിലാണ് പ്രവർത്തനം നടത്തുന്നത്. ഈ മേഖലയെ വൈവധ്യവൽക്കരിച്ച് കൂടുതൽ ആൾക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കുക.

25. ജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന വസ്തുക്കൾ ഉദാഹരണമായി അലക്കുസോപ്പ്, കുളിക്കാൻ ഉപയോഗിക്കുന്ന സോപ്പ്, ക്ലീനിംഗ് പൗഡർ, വെളിച്ചെണ്ണ, പഴം, ജാമുകൾ, പാൽ ഉല്പ്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക. ചെറുകിട വ്യാവസായി കോൽപന്നങ്ങൾക്ക് പരസ്യം ബ്രാൻഡ് നെയിം മുതലായവ ഏതെങ്കിലും ഒരു ഗവൺമെൻറ് ഏജൻസി ചെയ്തു കൊടുക്കുക.

26. ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാവുന്ന ധാരാളം വ്യവസായങ്ങൾ ഉണ്ട്. ഈ മേഖലകളിൽ വനിതകൾ പട്ടികജാതിയിൽപ്പെട്ടവർ എന്നിവരുടെ കൂട്ടായ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള നടപടി ഉണ്ടാക്കണം.



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

മാടപ്പള്ളി പഞ്ചായത്തിൽ റോഡു മാർഗ്ഗമുള്ള ഗതാഗതമേയുള്ളു. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തു കൂടി കിഴക്കുപടിഞ്ഞാറായി ഒരു മേജർ ജില്ലാറോഡായ ചങ്ങനാശേരി-വാഴൂർ റോഡ് കടന്നുപോകുന്നു. ഈ റോഡ് തുറമുഖപട്ടണമായ ആലപ്പുഴയേയും കാർഷികവിളകളുടെയും സുഗന്ധദ്രവ്യങ്ങളുടെയുംമുഖ്യ കേന്ദ്രങ്ങളായ ഹൈറേഞ്ച് പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നു. കൂടാതെ നെല്ലറയായ കുട്ടനാടിനെയും സുപ്രധാന റബ്ബർ മേഖലകളായ കാഞ്ഞിരപ്പള്ളി ,മുണ്ടക്കയം തുടങ്ങിയ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്നു എന്നുള്ളതും ഈ റോഡിൻെറ സവിശേഷതയും പ്രാധാന്യവും വർദ്ധിപ്പിക്കുന്നുണ്ട്. ഒരു കാലത്ത് മാടപ്പള്ളി പഞ്ചായത്തിൻെറ വാണിജ്യസിരാകേന്ദ്രമായിരുന്ന മാമ്മൂട്ടിൽ കൊപ്രായും കുരുമുളകും വിപണനത്തിനായി വിദൂര സ്ഥലങ്ങളിൽ നിന്നും ലോറിയിലും കാളവണ്ടിയിലുമായി കൊണ്ടുവന്നിരുന്നത് ടി റോഡിൽ കൂടിയായിരുന്നു എന്നുള്ളതും കഴിഞ്ഞകാല സ്മരണകാളാണ്. പ്രതിദിനം 100 ലധികം സർവ്വീസ് ബസ്സുകളും നൂറുകണക്കിനു ലോറികളും ടാക്സികളും മറ്റു വാഹനങ്ങളും നിരന്തരം ഓടുന്ന ഈ റോഡ് കോട്ടയം ജില്ലയിലെ തിരക്കേറിയ ഒരു റോഡുകൂടിയാണ്.

ടാർ ചെയ്തിട്ടുള്ളതും ബസ്സ് സർവീസുകൾ ഉള്ളതുമായ PWD റോഡുകൾ ഉണ്ട്. ഇവയിൽ പഴക്കമേറിയതും ഉണ്ണി നീലി സന്ദേശംസംവഹിയ്ക്കപ്പെട്ട ചരിത്ര പ്രസിദ്ധിയുള്ളതുമായ പെരുംതുരുത്തി മണർകാട് റോഡ് പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്തുകൂടി തെക്കു-വടക്കായി ജനബാഹുല്യമേറിയതും ഇപ്പോൾ പഞ്ചായത്തിൻെറ സിരാകേന്ദ്രമായിത്തീർന്നതുമായ തെങ്ങണാ കവലയിൽ കൂടി കടന്നുപോകുന്നു. നിരവധി ബസ് സർവ്വീസുകൾ ഉള്ള ഈറോഡ് തിരുവല്ലാ, ചങ്ങനാശേരി, കോട്ടയം എന്നീ പട്ടണങ്ങളിലെ ഗതാഗത കുരുക്ക് ഒഴിവാക്കാനും തിരുവല്ലാ മുതൽ ഏറ്റുമാനൂർ വരെ ഏകദേശം 10 കിലോമീറ്റർ യാത്രാ ദൂരം കുറയ്ക്കാനും പര്യാപ്തമാകുംവിധം ഒരു ബൈപാസായി ഉയർത്താനുള്ള നടപടികൾ നടന്നുവരുന്നു. ഇത് ആയിരക്കണക്കിനാളുകൾക്കു പ്രയോജനം ചെയ്യുന്ന മഹത്തായ സംരംഭമാണ്.

ഈ അടുത്ത കാലത്തു പഞ്ചായത്തു P.W.Dയ്ക്കു വിട്ടുകൊടുത്ത മാമ്മൂട്-മാന്നില പുളിയാം

കുന്ന് റോഡിൻെറ ടാറിംഗ് അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. പഞ്ചായത്ത് ആദ്യമായി 1-9-1957 -ൽ 9 ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുകയുണ്ടായി.ഇപ്പോൾ മൊത്തം 136 പഞ്ചായത്തു റോഡുകളുണ്ട്.ഇവയിൽ മിക്കവയും നാട്ടുകാർ നിർമ്മിച്ചു പഞ്ചായത്തിനു കൈമാറിയിട്ടുള്ളവയാണെന്ന് പ്രത്യേകിച്ചും റോഡുകൾ വെട്ടുന്ന കാര്യത്തിൽ പൊതുജനങ്ങളുടെ പങ്കാളിത്തവും സഹകരണവും പണ്ടുകാലങ്ങളിൽ കലവറ കൂടാതെ ഉണ്ടായിരുന്നു എന്നുള്ള വസ്തുത സന്തോഷപുരസ്സരം അനുസ്മരിക്കാവുന്നതാണ്. നിലവിലുള്ള പഞ്ചായത്തു റോഡുകളിൽ ചിലത് പൂർണ്ണമായി ടാർ ചെയ്യപ്പെട്ടവയും മറ്റുചിലത് ഭാഗികമായി ടാർ ചെയ്യപ്പെട്ടവയുമാണ്. N.R.E.P.,R.L.E.G.P, J.R.Y അൺടെയിഡ് തുടങ്ങിയ പദ്ധതികൾ അനുസരിച്ചും M.L.A ഫണ്ടും, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടും ഉപയോഗിച്ചുമാണ് ടി റോഡുകൾ ടാർ ചെയ്തിട്ടുള്ളത്. 50-60 വർഷങ്ങൾക്കു മുൻപ്ഈ പ്രദേശത്തുള്ള ധനാഢ്യരായ ആളുകൾ വില്ലുവണ്ടിയും മറ്റുള്ളവർ കാളവണ്ടിയുമാണ് യാത്രയ്ക്ക് ഉപയോഗിച്ചിരുന്നത്. കാർഷികോല്പന്നങ്ങൾ അടക്കമുള്ള എല്ലാ ഭാരങ്ങളും കയറ്റി ഇറക്കാൻ കാളവണ്ടമാത്രമായിരുന്നു ആശ്രയം. ക്രമേണ അഴിയിട്ടതും സൈഡുമറയ്ക്കാത്തതുമായ ബസ്സുകളും വലിയ വേഗതയില്ലാത്ത ചെറിയ ഇനം കാറുകളും സൈക്കിളുകളും യാത്രക്ക് ഉപയോഗിച്ചുതുടങ്ങി. ഇപ്പോൾ മനോഹരമായ ബസ്സുകളും വേഗതകൂടിയ വിവിധയിനം കാറുകളും, ജീപ്പുകളും, വാനുകളും, ഓട്ടോറിക്ഷാകളും, പലതരത്തിലുള്ള ടൂ വീലറുകളും സുലഭമായി ഉപയോഗിക്കുന്നു. പഞ്ചായത്തിലെ 20% കുടുംബങ്ങൾക്ക് ഏതെങ്കിലും മോട്ടോർ വാഹനങ്ങൾ ഇപ്പോഴുള്ളതായി കാണാം.പഞ്ചായത്തിൻെറ പ്രധാന ജംഗ്ഷനുകളായ തെങ്ങണ, പെരുമ്പനച്ചി, നടയ്ക്കപ്പാടം, മാമ്മൂട്, വെങ്കോട്ട, ബ്ലോക്കുപടി, തലക്കുളം (മോസ്ക്കോ) പാലമറ്റം എന്നിവിടങ്ങളിൽ ടാക്സി വാഹനങ്ങൾ പാർക്കു ചെയ്തു സർവ്വീസ് നടത്തുന്നുണ്ട്. തെങ്ങണാ കവലയിൽ മാത്രം ഉദ്ദേശം 30 ഓട്ടോറിക്ഷാകളും ഭാരം കയറ്റുന്ന 10 ഓട്ടോകളും 15 ടാക്സി കാറുകളും 15 ടാക്സി ജീപ്പുകളും 35ടെമ്പോവാനുകളും സ്ഥിരമായി പാർക്കുചെയ്തു സർവ്വീസ് നടത്തുന്നുണ്ട്.

ഗതാഗതത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ് ഓരോറോഡിലെയുംപാലങ്ങളും കലുങ്കുകളും. പാലങ്ങളും, കലുങ്കുകളും കാലാകാലങ്ങളിൽ നിർമ്മിയ്ക്കുകയും ഏതാനും ചില പഞ്ചായത്തുറോഡുകൾ ടാർ ചെയ്യുകയും ചെയ്തത് പഞ്ചായത്തു ഫണ്ടും, കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിച്ച പ്രത്യേക സ്കീമുകളും വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്, M.L.A ഫണ്ട് ഇവയും ഉപയോഗിച്ചാണ്. നാട്ടുകാർപൊതുസംഭാവനകൾ സ്വീകരിച്ച് കലുങ്കുകൾ പണിയിച്ചും പഞ്ചായത്തിനു വിട്ടുകൊടുത്തിട്ടുള്ളസംഭവങ്ങളുമുണ്ട്. ഇപ്പോൾ പഞ്ചായത്തു പ്രദേശത്തുള്ള 70% വീടുകളിലും ഓട്ടോറിക്ഷായെങ്കിലും ചെന്നെത്താനുള്ള സൗകര്യങ്ങൾ ഉണ്ട്. തന്നെയുമല്ല 500 മീറ്ററിലധികം ദൂരം നടക്കാതെ പഞ്ചായത്തിലെ ഏതൊരാൾക്കും ബസുയാത്ര ചെയ്യാനുള്ള സൗകര്യമുണ്ട്. എന്നിരുന്നാലും ഒരു ന്യൂനപക്ഷം ആളുകൾ സുഗമമായ ഒരു നടപ്പാതയോ ഒരു ഓട്ടോ റിക്ഷായെങ്കിലും ചെന്നെത്താനുള്ള സൗകര്യമോ ഇല്ലാതെ വിഷമിയ്ക്കുന്നുണ്ടെന്നുള്ള ദു:ഖസത്യം നിലനില്ക്കുന്നു. ഗതാഗതത്തെ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും അവയ്ക്കുള്ള സാദ്ധ്യതകളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലുള്ള ഭൂരിപക്ഷം റോഡുകൾക്കും ഓടകളില്ലാത്തതും, ഓടകളുള്ള കുറെറോഡുകൾക്ക് വേണ്ടത്ര ഓടകൾ ഇല്ലാത്തതും.
2. ചുരുക്കം ചില ടാർ ചെയ്ത റോഡുകളിൽ മിക്കവയും ഭാഗീകമായി മാത്രമെ ടാർ ചെയ്തിട്ടുള്ളു.
3. അത്യാവശ്യമായി ടാർ ചെയ്യേണ്ട പ്രധാനപ്പെട്ട പല റോഡുകളും ടാർ ചെയ്യാതെ അവശേഷിക്കുന്നു.
4. ഏതാനും റോഡുകൾ വീതിക്കൂട്ടി ഓടകൾ നിർമ്മിയ്ക്കേണ്ടിയിരിയ്ക്കുന്നു.
5. ധാരാളം റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്യാതെ താറുമാറായി കിടക്കുന്നു.
6. കുറെ റോഡുകൾക്ക് സംരക്ഷണഭിത്തികെട്ടാതെയും മുൻപു കെട്ടിയിട്ടുള്ള പല സംരക്ഷണ ഭിത്തികളും ഇടിഞ്ഞു പൊളിഞ്ഞും കിടക്കുകയും ചെയ്യുന്നു എന്നുള്ളത്.
7. ഏതാനും റോഡുകൾ വെള്ളം കെട്ടികിടക്കുന്നതു മൂലം (നീർക്കെട്ടുകൾ) സഞ്ചാരത്തിനു ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.
8. P.W.D ഏറ്റെടുത്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാകാലം ചെയ്യാതെയും നീർക്കെട്ടുകൾ ഒഴി

വാക്കാതെയും ഇരിക്കുന്നതും പ്രധാന പഞ്ചായത്തു റോഡുകൾ ഏറ്റെടുക്കാതിരിയ്ക്കുന്നതും.

9. നടപ്പാതകൾ വീതികൂട്ടി അത്യാവശ്യം വേണ്ട വാഹനഗതാഗതം സാദ്ധ്യമാക്കുകയും പരസ്പരം ബന്ധിപ്പിയ്ക്കേണ്ട റോഡുകൾ സൗകര്യപ്രദമായി ബന്ധിപ്പിക്കുകയും പുതിയവഴി അത്യാവശ്യമുള്ള ഭാഗങ്ങളിൽ വഴിവെട്ടുകയും ചെയ്യാതിരിക്കുന്നത്.

10. പുതിയ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം അത്യാവശ്യം ചെയ്യേണ്ടിയിടത്തു അതു ചെയ്യാതിരിക്കുന്നു എന്നത്.

11. പലറോഡുകളിലും ഇലക്ട്രിക് പോസ്റ്റുകൾ മാർഗ്ഗതടസമായി നില്ക്കുന്നു എന്നുള്ളത്.

12. കെ.എസ്.ആർ.റ്റി.സി. ബസ് സർവ്വീസുകളുടെ അപര്യാപ്തത.

13. പ്രധാന ജംഗ്ഷനുകളിൽ വെയിറ്റിംഗ് ഷെഡുകൾ ഇല്ലാത്തത്.

14. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ തെങ്ങണായിൽ ഒരു ബസ്സ്റ്റാൻറും ടാക്സി സ്റ്റാൻഡും ഇല്ലാത്തതു മൂലമുള്ള മാർഗ്ഗതടസങ്ങൾ.

## P.W.D. റോഡുകളും അവയ്ക്കുവേണ്ട പണികളും

| ക്രമനമ്പർ | റോഡിന്റെ പേര് | നീളം | വീതി |
|---|---|---|---|
| 1 | ചങ്ങനാശേരി - വാഴൂർ റോഡ് | 4500 മീ. | 12 മീ. |
| 2 | പെരുംതുരുത്തി-മണർകാട് | 2000 " | 9 " |
| 3 | പെരുമ്പനച്ചി-തോട്ടയ്ക്കാട് | 2200 " | 9 " |
| 4 | തലക്കുളം - വെങ്കോട്ട | 3100 " | 8 " |
| 5 | കൊച്ചുറോഡ്-പാലമറ്റം | 3000 " | 8 " |
| 6 | മാമ്മൂട് - പായിപ്പാട് | 3000 ' | 8 " |
| 7 | നടയ്ക്കപ്പാടം - വെങ്കോട്ട | 2800 " | 8 " |
| 8 | വഴീപ്പടി - കണ്ണഞ്ചിറ | 1.750 " | 8 " |
| 9 | മാമ്മൂട് - മല്ലപ്പള്ളി | 1500 " | 9 " |
| 10 | വട്ടോലി - ഉമ്പിടി (അപ്രോച്ച് റോഡ്) | 2000 " | 8 " |

ഇതിൽ ചങ്ങനാശേരി - വാഴൂർ റോഡിന്റെ ഇരുവശവും ഓടകെട്ടുകയും ഓടവരെയുള്ള ഭാഗംകൂടി ടാർ ചെയ്യുകയും, തെങ്ങണാ കവലയിൽ നിന്നും വെള്ളം കണ്ണവട്ടാ, പെരുമ്പനച്ചി തോടുകളിലേക്കൊഴുകി പോകാനുള്ള ഓട അടിയന്തിരമായി നിർമ്മിയ്ക്കുകയും വേണം. പെരുന്തുരുത്തി-മണർകാട് റോഡിന്റെ മുണ്ടുപാലം തെങ്ങണാവരെ അടിയന്തരമായി റീടാറിംഗ് നടത്തുകയും റോഡിലെ നീർക്കെട്ടുകൾ ഒഴിവാക്കുകയും വേണം. കൊച്ചുറോഡ്-പാലമറ്റം റോഡ് ഉടനെ റീടാറിംഗ് നടത്തണം.

II പഞ്ചായത്തു വകയും താഴെ പട്ടികയിൽ പറയുന്നതുമായ റോഡുകൾക്ക് ആവശ്യമുള്ള വിവിധ വർക്കുകളുടെ വിവരം ഗുണന ചിഹ്നം നൽകി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡു നമ്പരും | ക്രമ നമ്പരും | റോഡിന്റെ പേര് | നീളം മീറ്റർ | വീതിമീറ്റർ | ഓട നിർമ്മിക്കേണ്ട റോഡുകൾ | ടാർ ചെയ്യേണ്ട റോഡുകൾ | വീതികൂട്ടി ഓട നിർമ്മിക്കേണ്ട റോഡുകൾ | വാർഷിക മെയിന്റനൻസ് നടത്തേണ്ട റോഡുകൾ | സംരക്ഷണ ഭിത്തി കെട്ടേണ്ട റോഡുകൾ | പി.ഡബ്ല്യൂ.ഡി യ്ക്കു വിട്ടുകൊടുക്കേണ്ട റോഡുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| I | 1 | കണ്ണവട്ട - കണ്ണമ്പള്ളി | 1000 | 3.5 | X | X | | X | | | |
| | 2 | തെങ്ങണാ - കുന്നും പുറം | 1200 | 3 | X | | | X | | | |
| | 3 | ചിറക്കുഴി - ചേരിക്കൽ | 600 | 4 | X | X | | X | X | | |
| | 4 | വട്ടച്ചാൽ - ചീരംചിറ | 800 | 4 | X | X | | X | | | |
| | 5 | കാഞ്ഞിരത്തുംമൂട്-കരിക്കണ്ടം | 1000 | 3.5 | X | X | | X | | | |
| | 6 | കണ്ണൻവട്ട-വടക്കുംചിറ | 750 | 3 | X | X | | X | | | |
| | 7 | കുറ്റിയാൽപ്പടി-വട്ടച്ചാൽ | 1000 | 3.5 | X | X | | X | | | |
| | 8 | ഗുരുമന്ദിരം - പ്രാക്കുഴി | 500 | 3.5 | X | X | | X | | | |
| | 9 | പുത്തൻ പുരയ്ക്കൽ-തേനാടി | 900 | 3.5 | X | | | X | | | |
| II | 10 | തെങ്ങണാ-പുനക്കുന്ന് | 1700 | 7 | X | X | | X | | | |
| | 11 | പെരുമ്പനച്ചി-പുന്നക്കുന്ന് | 1000 | 3.5 | X | X | | X | | | |
| | 12 | പുന്നക്കുന്ന് - കരിങ്കണ്ടത്തിൽ പടി | 250 | 3.5 | X | | | X | | | |
| | 13 | പുന്നക്കുന്ന്- അമ്പലപ്പടി | 1000 | 3.5 | X | X | | X | | | |
| | 14 | ചിറക്കുഴി - പുത്തൻ പുരയ്ക്കൽ | 1500 | 3.5 | X | X | | X | | | |
| | 15 | പങ്കിപ്പുറം-അമ്പലപ്പടി | 1350 | 3.5 | X | X | X | X | | | |
| | 16 | ഇല്ലിമൂട്-അമ്പലപ്പടി | 650 | 3 | X | | | X | | | |

| വാർഡു നമ്പരും ക്രമ നമ്പരും | റോഡിൻെറ പേര് | നീളം മീറ്റർ | വീതി മീറ്റർ | ഓട നിർമ്മിക്കേണ്ട റോഡുകൾ | ടാർ ചെയ്യേണ്ട റോഡുകൾ | വീതികൂട്ടി ഓട നിർമ്മിക്കേണ്ട റോഡുകൾ | വാർഷിക മെയിൻറനൻസ് നടത്തേണ്ട റോഡുകൾ | സംരക്ഷണ ഭിത്തി കെട്ടേണ്ട റോഡുകൾ | പിഡബ്ല്യുഡിയ്ക്കു വിട്ടുകൊടുക്കേണ്ട റോഡുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|
| 17 | പങ്കിപ്പുറം-മുളവന | [illegible] | [illegible] | × | | | × | | | |
| 18 | പങ്കിപ്പുറം-പടിഞ്ഞാറേതിൽപ്പടി | [illegible] | [illegible] | × | | | × | | | |
| 19 | പുന്നക്കുന്ന് -പഴയബ്ലോക്ക് പടിറോഡ് | [illegible] | [illegible] | × | × | | × | | | |
| 20 | പെരുമ്പനച്ചി - കോട്ടപ്പുറം റോഡ് | [illegible] | [illegible] | × | × | × | × | | | |
| 21 | തെങ്ങണാ-കോട്ടപ്പുറം റോഡ് | [illegible] | [illegible] | × | | | × | | | |
| III 22 | തലക്കുളം - മൂന്നാംമൈൽ | 700 | [illegible] | × | | | × | | | |
| 23 | തലക്കുളം - പൻപുഴ | 1100 | 4 | × | × | | × | | | |
| 24. | അലകാത്തുപടി - കുളങ്ങോട്ട് | [illegible] | 2.5 | × | × | | × | | | |
| 25 | മുണ്ടുപാലം - വെട്ടിത്താനം | 700 | 4 | × | × | × | × | | | |
| 26 | പൂവത്തുംമൂട്-ബ്ലോക്ക് പടി | 2000 | [illegible] | × | × | | × | | | |
| 27 | ചേരിയ്ക്കൽ - കല്ലറയ്ക്കൽ | [illegible] | 2.5 | × | × | | × | | | |
| 28 | പോയ്ന്താനം-പുത്തമ്പുരയ്ക്കൽ | 700 | [illegible] | × | | | × | | | |
| 29 | മാടപ്പള്ളി സ്കൂൾ-കുളങ്ങോട്ട് | [illegible] | 4 | × | | | × | | | |
| 30 | പൊയ്ന്താനം - 15-ൽ റോഡ് | [illegible] | 3.5 | × | | | × | | | |
| 31 | അഴകാത്തുപടി-പന്ന്പുഴ റോഡ് | [illegible] | 3.5 | × | | × | × | | | |
| IV 32 | ചെങ്കോട്ട-തൃക്കോയിയ്ക്കൽ | [illegible] | [illegible] | × | | | × | | | |
| 33 | ഏലംകുന്ന്-ചിറയിൽപ്പടി | 1000 | [illegible] | × | × | × | × | | | |
| 34 | ചിറയിൽപ്പടി-പടിഞ്ഞാറേതിൽപ്പടി | 600 | 3.5 | × | × | × | × | | | |
| 35 | മാടപ്പള്ളി പോസ്റ്റ് ഓഫീസ്-പടിഞ്ഞാറേതിൽപ്പടി | [illegible] | 3.5 | × | × | × | × | | | |
| 36 | ഏലംകുന്ന്-പൂവത്താനം | 1100 | 4 | × | × | × | × | | | |
| 37 | ഇയ്യാലി-കുട്ടംചിറ | 650 | 4 | × | × | × | × | | | |

| വാർഡു നമ്പരും ക്രമ നമ്പരും | | റോഡിന്റെ പേര് | നീളം മീറ്റർ | വീതിമീറ്റർ | ഓട നിർമ്മിക്കേണ്ട റോഡുകൾ | ടാർ ചെയ്യേണ്ട റോഡുകൾ | വീതികൂട്ടി ഓട നിർമ്മിക്കേണ്ട റോഡുകൾ | വാർഷിക മെയിന്റനൻസ് നടത്തേണ്ട റോഡുകൾ | സംരക്ഷണ ഭിത്തി കെട്ടേണ്ട റോഡുകൾ | പിഡബ്ല്യുഡിയ്ക്കു വിട്ടുകൊടുക്കേണ്ട റോഡുകൾ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | 38 | കപ്പിലാംമൂട്-മുണ്ടുകുഴി | 650 | 4 | X | X | X | X | | | |
| | 39 | വെങ്കോട്ട-മുണ്ടുകുഴി | 700 | 3.5 | X | X | | X | | | |
| | 40 | കുട്ടൻചിറ-പൊമ്പുക്കുളം | 750 | 3.5 | X | X | X | X | | | |
| | 41 | പങ്കിപ്പുറം-വയലിങ്കൽപ്പടി | 300 | 3 | X | X | X | X | | | |
| | 42 | ഏലം കുന്ന് -കളപ്പുരയ്ക്കൽപ്പടി | 700 | 3 | X | | | X | | | |
| | 43 | ബ്ലോക്കു പടി-ചാഞ്ഞോടി | 300 | 6 | X | | | X | | | |
| | 44 | ആശുപത്രി-അമര | 300 | 3.5 | X | X | X | X | | | |
| V | 45 | വെങ്കോട്ട - ഹരിജൻ കോളനി | 650 | 4 | X | X | X | X | | | |
| | 46 | മംഗലത്തുപടി-വെങ്കോട്ട | 250 | 4.5 | X | X | X | X | | | |
| | 47 | വട്ടമല-വാത്താച്ചിറ | 650 | 4.5 | X | | X | X | | | |
| | 48 | മാടപ്പള്ളി ഹരിജൻറോഡ് | 2030 | 5 | X | X | | X | | | |
| | 49 | ചൂരക്കുറ്റി-പഞ്ചായത്ത് പടി | 540 | 2.7 | X | | X | X | | | |
| | 50- | ചേന്നമറ്റം - മുതലപ്ര | 1100 | 4 | X | X | X | X | | | |
| | 51 | ചേന്നമറ്റം | 650 | 4 | X | X | | X | | | |
| VI | 52 | പങ്കിപ്പുറം-മംഗലത്തുപടി | 1350 | 3.5 | X | X | | X | | | |
| | 53 | ചേന്നമറ്റം - പോളച്ചിറ | 1000 | 3 | X | X | X | X | | | |
| | 54 | മാമ്മൂട്-ചേറ്റുകാവുങ്കൽ | 1000 | 3 | X | X | | X | | | |
| | 55 | കാരയ്ക്കാട്ടുപടി-കുറ്റിക്കാട്ടുപടി | 750 | 3.5 | X | | | X | | | |
| | 56 | പരപ്പൊഴിഞ്ഞ-കോളനിറോഡ് | 400 | 3 | X | X | | X | | | |
| VII | 57 | മാമ്മൂട്-മാന്നില | 1750 | 4 | X | X | | X | | | |
| | 58 | മാമ്മൂട്-പാറുകണ്ണി | 1000 | 3 | X | | | X | | | |

| വാർഡു നമ്പരും ക്രമ നമ്പരും | റോഡിൻെറ പേര് | നീളം മീറ്റർ | വീതിമീറ്റർ | ഓട നിർമ്മിക്കേണ്ട റോഡുകൾ | ടാർ ചെയ്യേണ്ട റോഡുകൾ | വീതികൂട്ടി ഓട നിർമ്മിക്കേണ്ട റോഡുകൾ | വാർഷിക മെയിൻറനൻസ് നടത്തേണ്ട റോഡുകൾ | സംരക്ഷണ ഭിത്തി കെട്ടേണ്ട റോഡുകൾ | പീഡബ്ളിയു ഡിയ്ക്കു വിട്ടുകൊടുക്കേണ്ട റോഡുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|
| 59 | തകിടി-കൊല്ലപ്പള്ളി | 750 | 3 | X | X | | X | | | |
| 60 | കണിച്ചുകുളം-ഉമ്പിക്കാട്ടുപടി | 1000 | 3.5 | X | X | | X | | | |
| 61 | അറവനാട്ട്-മാന്നില | 750 | 3.5 | X | | | X | | | |
| 62 | തകിടി-മാമ്മൂട്(കൊച്ചുറോഡ്) | 1000 | 3.5 | X | | | X | | | |
| 63 | ശൗര്യാച്ചൻ പടി-മുതലപ്രറോഡ് | 1500 | 3.5 | X | X | | X | | | |
| 64 | പഴയപഞ്ചായത്ത് പടി-മുളവന | 750 | 3 | X | X | X | X | | | |
| 65 | പഞ്ചായത്ത് പടി - നടയ്ക്കപ്പാടം | 1300 | 3.5 | X | X | X | X | | | |
| 66 | ഇല്ലിമൂട്-കുറുമ്പനാടം ചർച്ച് | 1000 | 4 | X | | | X | | | |
| 67 | ചെത്തിപ്പുഴ-കുറുമ്പനാടം ചർച്ച് | 600 | 4 | X | X | X | X | | | |
| 68 | കൈതമറ്റം-ചെത്തിപ്പുഴ | 1000 | 3.5 | X | | | X | | | |
| 69 | പറയൻകുഴി-കുറുമ്പനാടം | 800 | 3 | X | X | X | X | | | |
| 70 | മുക്കട-തേനാടിപ്പടിറോഡ് | 1000 | 3.5 | X | | | X | | | |
| 71 | മാമ്മൂട്-കാടൻചിറ | 2000 | 5 | X | X | | X | | | |
| 72 | മറ്റത്തിൽപ്പടി-ഓവേലി | 750 | 3.5 | X | X | | X | | | |
| 73 | മറ്റത്തിൽപടി-തുണ്ടിപ്പറമ്പ് | 700 | 3 | X | | | X | | | |
| 74 | മുക്കാട്ടുകുന്ന്-പിള്ളച്ചിറ | 1250 | 4 | X | X | | X | | | |
| 75 | മുക്കാട്ടുകുന്ന്-ഓവേലി | 1400 | 4 | X | | | X | | | |
| 76 | പുന്നാംചിറ-പന്നിത്തടം | 1700 | 3.5 | X | X | X | X | | | |
| 77 | ചൂരനോലി-തകിടി | 750 | 3 | X | X | X | X | | | |
| 78 | ഓവേലി-മാന്നില | 800 | 3.5 | X | X | | X | | | |

| വാർഡു നമ്പരും ക്രമ നമ്പരും | റോഡിൻെറ പേര് | നീളം മീറ്റർ | വീതിമീറ്റർ | ഓട നിർമ്മിക്കേണ്ട റോഡുകൾ | ടാർ ചെയ്യേണ്ട റോഡുകൾ | വീതികൂട്ടി ഓട നിർമ്മിക്കേണ്ട റോഡുകൾ | വാർഷിക മെയിൻറനൻസ് നടത്തേണ്ട റോഡുകൾ | സംരക്ഷണ ഭിത്തി കെട്ടേണ്ട റോഡുകൾ | പിഡബ്ല്യു ഡിയ്ക്കു വിട്ടുകൊടുക്കേണ്ട റോഡുകൾ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| 79 | നാലുകണ്ടം-എത്തയ്ക്കാട്ട് | 500 | 3.5 | X | | X | X | | | |
| 80 | മാന്നില-വാറ്റുപറമ്പ് | 1000 | 4 | X | X | | X | | | |
| 81 | മാന്നില-പുളിയാംകുന്ന് | 1400 | 4 | X | | X | X | | | |
| 82 | പുന്നാംചിറ-ഞാറക്കുളം | 500 | 5 | X | X | | X | | | |
| 83 | എഴുത്തുപള്ളി-മൂലേപ്പടി | 1500 | 5 | X | X | | X | | | |
| 84 | കുറുമ്പനാടം-വാകത്താനം | 650 | 4 | X | | X | X | | | |
| 85 | കൊട്ടരംകുന്നകോളനി | 650 | 4 | X | X | | X | | | |
| 86 | കാഞ്ഞിരത്തുമൂട്-വായനശാല | 750 | 3.5 | X | | X | X | | | |
| 87 | പുലിക്കുഴി- വെള്ളൂക്കുന്നം | 1000 | 4 | X | X | | X | | | |
| 88 | അസംപ്ഷൻ ചർച്ച് - കലയംകണ്ടം | [illegible] | [illegible] | X | | X | X | | | |
| 89 | കാലായിൽപ്പടി-പുളിയംകുന്ന് പുല്ലിക്കുഴി | [illegible] | [illegible] | X | X | | X | | | |
| 90 | തൈപ്പറമ്പ്-പൊങ്ങന്താനം | [illegible] | [illegible] | X | X | | X | | | |
| 91 | തേക്കിൻകാട്-മാടത്താനി | [illegible] | [illegible] | X | X | | X | | | |
| 92 | തേക്കിൻകാട് - പാലമറ്റം | [illegible] | [illegible] | X | | | X | | | |
| 93 | പൈലിക്കവല-തോട്ടക്കാട് | [illegible] | [illegible] | X | | | X | | | |
| 94 | ചൂരപ്പാടിക്ഷേത്രം | [illegible] | 4 | X | | X | X | | | |
| 95 | പുളിയാംകുന്ന്-പാലമറ്റം | [illegible] | 4 | X | X | | X | | | |
| 96 | കോതക്കുളം-മാടത്താനി | [illegible] | 4 | X | | | X | | | |
| 97 | ദൈവംപ്പടി-പള്ളിയ്ക്കാമറ്റം | [illegible] | [illegible] | X | | | X | | | |
| 98 | കൂട്ടുമ്മാക്കൽ-പെരുമങ്ങാട്ടുപ്പടി | [illegible] | [illegible] | X | | | X | | | |

| വാർഡു നമ്പരും ക്രമ നമ്പരും | റോഡിന്റെ പേര് | നീളം മീറ്റർ | വീതിമീറ്റർ | ഓട നിർമ്മിക്കേണ്ട റോഡുകൾ | ടാർ ചെയ്യേണ്ട റോഡുകൾ | വീതികൂട്ടി ഓട നിർമ്മിക്കേണ്ട റോഡുകൾ | വാർഷിക മെയിൻറനൻസ് നടത്തേണ്ട റോഡുകൾ | സംരക്ഷണ ഭിത്തി കെട്ടേണ്ട റോഡുകൾ | പിഡബ്ല്യൂ ഡി യ്ക്കു വിട്ടുകൊടുക്കേണ്ട റോഡുകൾ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| 99 | ആശ്രമം-കൂട്ടുമ്മാക്കൽ | 400 | 3 | x | | | ∧ | | | |
| 100 | ആനപ്ലാക്കൽ-പാത്തിയ്ക്കകവല | 500 | 3 | x | | | ∧ | | | |
| 101 | ദൈവംപടി-പഴയപള്ളി | 1000 | 3.5 | x | | | ∧ | | | |
| 102 | പാലമറ്റം-കൂത്രപ്പള്ളി | 500 | 4 | x | | x | ∧ | | | |
| 103 | അറവനാട്-കട്ച്ചിറ | 1000 | 3.5 | x | | | ∧ | | | |
| 104 | മണ്ണാൻകവല-മറ്റത്തിൽപ്പടി | 600 | 4 | x | | | ∧ | | | |
| 105 | പെരുമ്പനച്ചി-കുറ്റിയിൽപടി | 700 | 3.5 | x | x | | ∧ | | | |
| 106 | എ. സി. റോഡ്-കട്ടച്ചിറ റോഡ് | 500 | 3 | x | | x | ∧ | | | |
| 107 | കുറ്റിയിൽപ്പടി -പുത്തമ്പുരയ്ക്കൽ | 400 | 4 | x | x | | ∧ | | | |
| 108 | മേഴ്സിപ്പടി-എലിമുള്ളിൽ | 200 | 3 | x | x | | ∧ | | | |
| 109 | കണറിയിൽ പടി-തിയേറ്റർ റോഡും ഗുരുമന്ദിരം പ്രാക്കുഴി റോഡും സംന്ധിക്കുന്ന ഭാഗം | | | x | x | x | ∧ | | | |
| 110 | ഐസ് ഫാകംടറി - ചെന്തലക്കുന്ന് റോഡ് | 600 | 4 | x | x | x | ∧ | | | |
| 111 | കുതിരയിൽപ്പടി-പ്രാക്കുഴിറോഡിൽ | 1000 | 3.5 | x | x | x | ∧ | | | |
| 112 | മറുകുംമൂട്ടിൽ പടിമുതൽ ബണ്ടുവരെ | 550 | 3 | x | | x | ∧ | | | |
| 113 | തെങ്ങണാൽ ശിവക്ഷേത്രം - കണ്ണവട്ട | 1000 | 4 | x | | x | ∧ | | | |
| 114 | മഹാത്മാമെറ്റൽ ഇൻഡസ്ട്രീസ്- | 600 | 3.5 | x | | x | ∧ | | | |
| 115 | തെങ്ങണാ-ചെന്തലക്കുന്ന് | 800 | 3 | x | | x | ∧ | | | |
| 117 | പങ്കിപ്പുറം-കിഴക്കേക്കരപടി | 500 | 3.5 | x | | x | x | | | |
| 118 | ഏഴാലിയ്ക്കൽ-വെങ്കോട്ട | 250 | 3 | x | | x | x | | | |
| 119 | പങ്കിപ്പുറം-വട്ടമല | 800 | 4 | x | x | x | x | | | |

| വാർഡു നമ്പരും ക്രമ നമ്പരും | റോഡിൻെറ പേര് | നീളം മീറ്റർ | വീതിമീറ്റർ | ഓട നിർമ്മിക്കേണ്ട റോഡുകൾ | ടാർ ചെയ്യേണ്ട റോഡുകൾ | വീതികൂട്ടി ഓട നിർമ്മിക്കേണ്ട റോഡുകൾ | വാർഷിക മെയിൻറനൻസ് നടത്തേണ്ട റോഡുകൾ | സംരക്ഷണ ഭിത്തി കെട്ടേണ്ട റോഡുകൾ | പിഡബ്ല്യുഡി യ്ക്കു വിട്ടുകൊടുക്കേണ്ട റോഡുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|
| 120 | ബ്ലോക്കുപടി-ചിറയിൽപടി | 700 | 4 | X | X | | X | | | |
| 121 | ഇരുമാലിക്കുന്ന്-ചുരക്കുറ്റി | 800 | 3 | X | | | X | | | |
| 122 | വെളിയം-മുതലപ്ര | 1100 | 3.5 | X | X | | X | | | |
| 123 | വട്ടമല-കുറ്റിക്കാട്ടുപടി | 800 | 4 | X | | | X | X | | |
| 124 | വട്ടമല-കൊളനി | 800 | 3.5 | X | | | X | X | | |
| 125 | തൃക്കോയിക്കൽ-പരപ്പൊഴിറോഡ് | 1200 | 3 | X | X | | X | | | |
| 126 | മറ്റത്തിൽപടി-മാംപറമ്പ് | 900 | 3 | X | | | X | | | |
| 127 | പുന്നാംചിറ-കൊട്ടാരംകുന്ന് | 850 | 3.5 | X | | | X | | | |
| 128 | പുന്നാംചിറ-റീത്തുപള്ളി | 850 | 3.5 | X | X | | X | | | |
| 129 | പുന്നാംചിറ-കണ്ണഞ്ചിറ | 1200 | 3.5 | X | | | X | | | |
| 130 | പാലമറ്റം-കോളനി | 1000 | 3 | X | X | | X | | | |
| 131 | പുതുനിലം-പുളിപാടം | 850 | 3 | X | | | X | | | |
| 132 | പാലമറ്റം-കൂനംപ്പാക്കൽ | 800 | 3.5 | X | | | X | | | |
| 133 | ചേപ്പാനിക്കൽ-ഊനംകല്ല് | 750 | 3 | X | | | X | | | |
| 134 | കോതക്കുളം-കൂനംപ്പാക്കൽ | 1000 | 4 | X | | | X | | | |
| 135 | വെള്ളുകുന്ന്-ഗുരുമന്ദിരം | 1200 | 4 | X | X | | X | | | |
| 136 | ചൂരനോലി-മാന്നില | 1500 | 4 | X | X | | X | | | |

### പഞ്ചായത്തു പ്രദേശത്ത് നിർമ്മിക്കേണ്ട പുതിയ റോഡുകൾ

1. വടക്കും ചിറ - കരിക്കണ്ടം
2. തലക്കുളം - പൊൻപുഴ റോഡ് തൃക്കൊടിത്താനം പഞ്ചായത്തിലെ ചെമ്പും പുറം റോഡുമായി ബന്ധിപ്പിക്കുക.
3. രണ്ടാം വാർഡിൽ പാറയ്ക്കൽ ഭാഗത്ത് വാഹനം എത്തുന്ന ഭാഗത്തുനിന്നും പടിഞ്ഞാറോട്ട് അല്ലെങ്കിൽ പെരുമ്പനച്ചിതൊടിൻെറ വരമ്പ് കെട്ടി വീതി വരുത്തുക.
4. തലക്കുളം - പെരുമ്പനച്ചി
5 ഏലം കുന്ന് പള്ളിപ്പടി റോഡും ചിറയിൽ പടി റോഡും ബന്ധിപ്പിച്ച്
6. വല്യാനാൽ പടി - വയലുങ്കൽ പടി
7. വെളിയം - പെരുമ്പനച്ചി റോഡിൽ നിന്നും നാട്ടുവാചിറവരെ
8. ചേന്നമറ്റം - ഇയ്യാലി
9. ശൗര്യച്ചൻ പടി - ചേന്നമറ്റം
10. കുര്യച്ചൻ പടി - കുറ്റിയ്ക്കാട്ടുപടി
11. ശൗര്യച്ചൻ പടി - മുതലപ്രറോഡിൽ നിന്നും വട്ടമാക്കൽ പടിവരെ.
12. മാമ്മൂട്ടു - പാറുകണ്ണി റോഡിൽ നിന്നും വരാക്കുന്നു വരെ
13. കാരയ്ക്കാട് - കുറ്റിയ്ക്കാടു റോഡിൽ ചേറ്റുകാവുങ്കൽ നിന്നും ഗുഡ്ഹോപ്പുവഴി പങ്കിപ്പുറം - മംഗലത്തുപടി റോഡിലേയ്ക്ക്
14. കണിച്ചുകുളം - ഉമ്പിക്കാട്ടു റോഡിൽ കാവങ്കൽ പടിയിൽ നിന്നും കല്ലീകാവുങ്കൽ ഭാഗത്തേയ്ക്ക് മുമ്പുണ്ടായിരുന്ന വഴി പുനർ നിർമ്മിക്കുക.
15. വാഴൂർ റോഡിൽ ഭാസ്ക്കരൻ പടി മുതൽ പേഴത്തോലി വഴി കാനം പടി റോഡിൽ മറ്റം ഭാഗം വരെ
16. തകിടി - മാന്നില പള്ളി
17. കൊച്ചു റോഡ് - സെൻറ് ഷന്താൾ ഹൈസ്ക്കൂൾ പടിവരെ
18. നടയ്ക്കപ്പാടം - മറ്റത്തിൽ പടി
19. ഓവേലി - കാരയ്ക്കാട്ടു കുന്ന്
20. കലയം കണ്ടം പടി അസംപ്ഷൻ പള്ളി
21. പൂവത്തും മൂട് - കുറുമ്പനാടം ഹൈസ്ക്കൂൾ
22. നാല്പതാം കളം - തേനാടി പുത്തൻ പുരയ്ക്കൽ
23. പെരുമ്പനച്ചി എൽ. പി. സ്കൂൾ മുരിയൻകാവുങ്കൽ പടി
24. കണിച്ചുകുളം - ഉദയം കുന്ന്
25. നല്ലയിടത്തുകുന്ന് - ചേമ്പള്നിക്കൽ
26. കാനറകാവുങ്കൽ - കോവനിപ്പടി
27. മുള്ളംകുന്ന് - കൂട്ടങ്കൽ പടി
28. മുള്ളംകുന്ന് - കുഴിക്കാല
29 നല്ലയിടത്തു കുന്നിൽ നിന്നും പാലമറ്റംറോഡിലേയ്ക്ക്
30. നല്ലയിടത്തും കുന്നിൽ നിന്നും - ദൈവം പടി റോഡിലേയ്ക്കം
31. എസ്സികവല - കട്ടച്ചിറ റോഡ് പുളിയാം കുന്നു റോഡുമായി ബന്ധിപ്പിച്ച്
32. സാൽവേഷൻ ആർമി സ്കൂളിൽ നിന്നും മെയിൽ റോഡിലേയ്ക്ക്
33 28 കോളനിറോഡിൽ നിന്നും കണിച്ചുകുളത്തേയ്ക്ക്
34 വിത്തരിക്കുന്ന് കിഴക്കേ കോളനിയിലേയ്ക്ക്

IV പഞ്ചായത്തു പ്രദേശത്തുള്ള താഴേ പറയുന്ന റോഡുകളിൽ നീർക്കെട്ടുകൾ മൂലമുള്ള കെടുതികൾ ഒഴിവാക്കി സഞ്ചാരയോഗ്യമാക്കുക.

1. ഗുരുമന്ദിരം - പ്രാക്കുഴി റോഡിൽ കലുങ്കിനു സമീപം
2. പഴയ പഞ്ചായത്തുപടി കൊഴുപ്പക്കളം റോഡിൽ തോടിനു സമീപം
3. ഇല്ലിമൂട് - അമ്പലം പടി റോഡിൻെറ ആരംഭ ഭാഗത്ത്
4. ദൈവം പടി ജംഗ്ഷൻ
5. പാലമറ്റം - കൊച്ചുറോഡിൽ
6. കട്ടച്ചിറ - ഇലവുങ്കൽ റോഡിൽ
7. പാലമറ്റം - കൊച്ചു റോഡിൽ കോച്ചേരിക്കയറ്റം, പള്ളിയ്ക്കാമറ്റം വരെ.

V റോഡുകളിൽ മാർഗ്ഗ തടസ്സമായി നില്ക്കുന്ന ഇലക്ട്രോണിക് പോസ്റ്റുകൾ മാറ്റി സ്ഥാപിയ്ക്കണം.

1. നടയ്ക്കപ്പാടം - ഓലിയ്ക്കർ - പഴയ പഞ്ചായത്തു പടി റോഡിൽ
2. പെരുമ്പനച്ചി - കുന്നുംപുറം റോഡിൽ
3. പുളിയാംകുന്ന് - കാലായിൽപടി റോഡിൽ

4. പുലിക്കുഴി - കാലായിൽ പടി - വെള്ളുകുന്നു റോഡിൽ
5. പാലമറ്റം കോളനി റോഡിൻെറ ആരംഭ ഭാഗത്ത്
6. ബ്ലോക്കു പടി - ആശുപത്രിപ്പടി
7. അഴകാത്തുപടി - പൊമ്പുഴ

VI. ഈ ലിസ്റ്റിൽ എടുത്തുപറയാത്ത മറ്റ് എല്ലാ റോഡുകളിലേയും നിർമ്മിക്കേണ്ട പുതിയ പാലങ്ങൾ

1. പ്രാക്കുഴി തോടിന് കുറ്റിയിൽ പടി പ്രാക്കുഴി റോഡിൽ
2. പുത്തൻ പുരയ്ക്കൽ - തേനാടി റോഡിൻ തെനാടി ഭാഗത്ത്
3. തലക്കുളം - മൂന്നാം മൈനർ റോഡിൽ മുണ്ടു പാലം - കണ്ണവട്ടാതോടിനു മുളകുപ്പാടത്തു പടിയ്ക്കൽ
4. ചേന്ന മറ്റം (ബണ്ടു സഹിതം) തൃക്കോയിക്കൽ റോഡിൻെറ ആരംഭത്തിൽ ഇയ്യാലി തോടിന്
5. വെളിയം - നാലുന്നാക്കൽ തോടിനു നാട്ടുവാച്ചിറ ഭാഗത്ത്
6. ചേന്നമറ്റം - ഇയ്യാലി റോഡിനെ ബന്ധിപ്പിച്ച് ചേന്നമറ്റം ഭാഗത്ത് (ബണ്ട് അടക്കം)
7. വെളിയം - നാലുന്നാക്കൽ തോടിനു കണിയാം പടി ഭാഗത്ത്
8. നടയ്ക്കപ്പാടം - ഒവേലിപ്പടി (പുതിയ റോഡിൽ) തോടിനം
9. നാല്പതാം കളം പടി - തേനാടി റോഡിൽ പുത്തൻ പുരയ്ക്കൽ ഭാഗത്ത്
10. 5-ാം വാർഡിൽ കുററിക്കാട്ടു പടിയിൽ

- നിർമ്മിക്കേണ്ട കലുങ്കുകൾ

1. ഗുരുമന്ദിരം - പ്രാക്കുഴി റോഡിനു പ്രാക്കുഴി തോടുഭാഗത്ത്
2. മുണ്ടുപാലം വെട്ടിത്താനം റോഡിൽ കളരിയ്ക്കൽ പടിയ്ക്കൽ
3. ഇയ്യാലി-കുട്ടൻചിറ റോഡിൽ കുട്ടൻ ചിറയിലും, കുരിശുപള്ളിയ്ക്കു സമീപവും
4. 5-ാം വാർഡിൽ കിഴക്കേക്കര പടിയ്ക്കൽ
5. ചേന്നമറ്റം - പോളച്ചിറ റോഡിൽ നാട്ടുചിറ ഭാഗത്ത്

6. വെളിയം - മുതല പ്രറോഡിൽ മുതല പ്ര ഭാഗത്ത്
7. പഞ്ചായത്തു പടി - ചുരയ്ക്കുറ്റി റോഡിൽ ചുരക്കുറ്റി ഭാഗത്ത്
8. ചേന്നമറ്റം - പരപ്പൊഴിഞ്ഞി റോഡിൽ പോട്ടച്ചിറയിൽ
9. പി. ആർ. ഡി. എസ്. ഗുരുമന്ദിരം റോഡിൽ കുട്ടമ്പേരൂർ പടിയ്ക്കു സമീപം
10. നടയ്ക്കാപാടം - ഓവേലി റോഡിൽ പാടത്തിൻെറ ഇരുവശവും
11. പെരുമ്പനച്ചി - കുന്നംപുറം റോഡിൽ കുട്ടമ്പേരൂർ പടിയ്ക്കു സമീപം
12. പാണം പറമ്പിൽ പടി - പള്ളിപ്പടി റോഡിൽ തൈപ്പറമ്പിൽ പാടത്ത്
13. ജീവോദയ - അസംപ്ഷൻ ചർച്ച് റോഡിൽ തൈപ്പറമ്പിൽ പാടത്ത്
14. മറ്റത്തിൽ പടി - ഓവേലിപടി റോഡിൻെറ ആരംഭത്തിൽ

വെയിറ്റിംഗ് ഷെഡ് നിർമ്മിക്കേണ്ടതായ ജംഗ്ഷനുകൾ

മോസ്ക്കോ, ബ്ലോക്കുപടി, പൊയ്ന്താനം, വെങ്കോട്ട, പൈലിക്കവല, പുളിയാംകുന്ന്, വഴീപ്പടി, ഇല്ലിമുട്ട്, പൂവത്തുംമൂട്, പഴയബ്ലോക്ക്

മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ജനപങ്കാളിത്തം ഉറപ്പുവരുത്തണം.

കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസുകൾ അത്യാവശ്യമായി അനുവദിക്കേണ്ടത്.

1. പെരുമ്പനച്ചി - തോട്ടയ്ക്കാടു റോഡിൽ, ചങ്ങനാശേരി - കോട്ടയം
2. ചങ്ങനാശേരി - പാലമറ്റം വഴി മെഡിക്കൽ കോളജ്
3. ചങ്ങനാശേരി - കണ്ണഞ്ചിറ എഴുത്തുപള്ളി - കൊണ്ടോടി പടി വഴി കോട്ടയം
4. ചങ്ങനാശേരി - കുന്നുംപുറം - മോസ്ക്കോ വഴി - വെങ്കോട്ട

ഗതാഗതവുമായി ബന്ധപ്പെട്ട ചില പ്രത്യേക കാര്യങ്ങൾ

ഒന്നാം വാർഡിൽ ഐസ് ഫാക്ടറി, കണ്ണവട്ടാൽ റോഡിൽ ഗോകുലം വീടിനു മുൻവശത്തുള്ള റോഡിലേയ്ക്ക് തള്ളിനില്ക്കുന്ന ഭിത്തി പൊളിച്ചു

ഗതാഗതതടസ്സം ഒഴിവാക്കണം.

2. ചങ്ങനാശേരി - വാഴൂർ റോഡിലെ പ്രധാന ജംഗ്ഷനുകളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ വാഹനങ്ങൾ നിശ്ചിത സ്റ്റോപ്പുകളിൽ നിർത്തുക. മാർഗ്ഗതടസ്സങ്ങൾ ഉണ്ടാകാത്ത വിധം പാർക്കം ചെയ്യുക എന്നീ കാര്യങ്ങൾ കർശനമായി പാലിയ്ക്കണം.

3. 3-ാം വാർഡിൽ അഴകാത്തു പടിയിൽ അടഞ്ഞു കിടക്കുന്ന കലുങ്ക് തുറന്നു വെള്ളം ഒഴുകിപ്പോകാനുള്ള സൗകര്യം ഉണ്ടാക്കുക.

4. കൊച്ചു റോഡ് - പാല മറ്റം റോഡിൽ നിന്നും 28 കോളനിയിലേക്കും പതാപറമ്പിലേയ്ക്കും വഴിയിൽ ശക്തമായ വെള്ളം ഒഴുക്കുള്ളതിനാൽ വേണ്ടത്ര സ്റ്റെപ്പുകെട്ടി സംരക്ഷിക്കണം.

## ഊർജ്ജം

മാടപ്പള്ളി പഞ്ചായത്തു പ്രദേശത്തു വൈദ്യുതി ലഭ്യമായിട്ടു ഉദ്ദേശം 50 വർഷങ്ങളേ ആയിട്ടുള്ളൂ. വൈദ്യുതി ഇല്ലാതിരുന്ന മുൻ കാലങ്ങളിൽ മരോട്ടി എണ്ണ, ഓടലെണ്ണ, വെളിച്ചെണ്ണ, മണ്ണെണ്ണ ഇവയാണ് വിളക്കുകത്തിയ്ക്കാനും മറ്റും ഉപയോഗിച്ചിരുന്നത്. പ്രധാനകവലകളിൽ പ്രത്യേകതരം മണ്ണെണ്ണ റാന്തലുകൾ സ്ഥിരമായി സ്ഥാപിച്ചു പ്രകാശിപ്പിച്ചിരുന്നു. തുടർന്ന് പൊതു ആവശ്യങ്ങൾക്കു പെട്രോമാക്സ് വിളക്കുകൾ പ്രചാരത്തിൽ വന്നു. ക്രമേണ വീടുകൾക്കു വൈദ്യുതി കണക്ഷനും സ്ട്രീറ്റ് ലൈറ്റുകളും ഏർപ്പെടുത്തിതുടങ്ങി ഇപ്പോൾ 85 ശതമാനം വീടുകളിലും 95 ശതമാനം കച്ചവട സ്ഥാപനങ്ങളിലും വൈദ്യുതി ഉപയോഗിക്കുന്നു. തെങ്ങണാൽ ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിയ്ക്കുന്നതിനുമുമ്പ്

കറുകച്ചാലിൽ ഉണ്ടായിരുന്ന ഇലക്ട്രിക്കൽ ആഫീസിലാണ് കറൻറ് ചാർജ് അടച്ചിരുന്നത് പിന്നീട് തെങ്ങണാൽ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിച്ചു. പിന്നീട് അത് മേജർ സെക്ഷനായും ഉയർത്തപ്പെടുകയും ചെയ്തെങ്കിലും വൈദ്യുതി രംഗത്തെ വളർച്ചയ്ക്കനുസരിച്ചു വിസ്തൃതമായ ഈ പഞ്ചായത്തിൻെറ മറ്റ് ഭാഗങ്ങളിൽ പ്രദേശത്ത് വൈദ്യുതി ബോർഡ് സബ് എൻജിനീയർ ആഫീസുപോലെയുള്ള ഒരു ചെറിയ ആഫീസുപോലും ആരംഭിയ്ക്കാൻ തയ്യാറായിട്ടില്ല.4954 കൺസ്യൂമേഴ്സുള്ള പഞ്ചായത്തിലെ കൺസ്യൂമേഴ്സിൽ പകുതിയിലധികം ഉപഭോക്താക്കൾ 4ഉം5ഉം കിലോ മീറ്റർ സഞ്ചരിച്ചുവേണം മേജർ സെക്ഷൻ ആഫീസുമായി ബന്ധപ്പെടുവാനും പ്രതിമാസമുള്ള കറൻറുചാർജ് അടയ്ക്കുവാനും. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ബ്ലോക്കു പടിക്കലും, മാമ്മൂട്ടിലും, പാലമറ്റത്തും വഴീപ്പടിയ്ക്കലും, കുറുമ്പനാടത്തും കറൻറു ചാർജ് സ്വീകരിക്കാൻ സംവിധാനം വേണമെന്നും മാമ്മൂട്ടിൽ ഒരു സബ് എൻജിനീയർ ആഫീസ് ആരംഭിയ്ക്കണമെന്നുമുള്ള ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നും ശക്തമായി ഉയർന്നു വന്നിരിക്കുന്നു. പഞ്ചായത്തു പ്രദേശത്തുള്ള പ്രധാന റോഡുകളിലെല്ലാംതന്നെ സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് പക്ഷെ വോൾട്ടേജിൻെറ അഭാവവും ക്രമമായി കത്തിയ്ക്കാതിരിയ്ക്കുന്ന അനുഭവവും സർവ്വസാധാരണമാണ്. വിദ്യുഛക്തി വിതരണത്തിന് 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓരോ ട്രാൻസ്ഫോർമറിൻെറയും പ്രസരണശേഷിയിൽ കവിഞ്ഞ് വിവിധ ആവശ്യങ്ങൾക്കായി കണക്ഷനുകൾ നൽകപ്പെട്ടിരിയ്ക്കുന്നു എന്നുള്ളത് വോൾട്ടേജ് ക്ഷാമത്തിൻെറ ഒരു കാരണമാണ്. കറൻറിൻെറ ലഭ്യതക്കുറവുകൊണ്ട് മാത്രം യാതൊരു ചെറുകിട വ്യവസായം പോലും ആരംഭിക്കാൻ കഴിയാത്ത അവസ്ഥനിലനില്ക്കുന്നു. മനുഷ്യൻെറ ദൈനം ദിന ആവശ്യത്തിന് അത്യന്താപേക്ഷിതമായ വൈദ്യുതിയുടെ വിതരണകാര്യത്തിൽ ഇലക്ട്രിസിറ്റിബോർഡ് വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല എന്നും ബോർഡിൻെറ പ്രവർത്തനത്തിൽ സുതാര്യത വേണ്ടത്രയില്ല എന്നുമുള്ള ആക്ഷേപം ശക്തമായി നിലനില്ക്കുന്നു. പഞ്ചായത്തു പ്രതിവർഷം 100320 രൂപാ സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ ചെലവുചെയ്യുന്നതായി കാണാം. സ്ട്രീറ്റ് ലൈറ്റുകൾ ക്രമമായി കത്തിയ്ക്കണമെന്ന് പഞ്ചായത്ത് ശക്തമായി എല്ലാകാലത്തും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇലക്ട്രിസിറ്റി ബോർഡ് ഈ കാര്യത്തിൽ യാതൊരു ക്രിയാത്മക നടപടിയും സ്വീകരിയ്ക്കാറില്ല. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ യഥാവസരം നൽകാതിരിക്കുക, പ്രഖ്യാപിത കറൻറ് കട്ട്, അനവസരത്തിലും അപ്രതീക്ഷിതവുമായ പവ്വർ കട്ട്, അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം ഇവയെല്ലാം മൂലം ജനങ്ങൾ ദുരിതം അനുഭവിയ്ക്കുന്നുണ്ട്. തന്മൂലം ഇലക്ട്രിസിറ്റി ബോർഡിൻെറ പ്രവർത്തനങ്ങളിൽ പൊതുവേ ജനങ്ങൾ അസംതൃപ്തരാണ്.

## പ്രശ്നങ്ങൾ

1. രൂക്ഷമായ വോൾട്ടേജ് ക്ഷാമം
2. വൃക്ഷക്കൊമ്പുകൾ യഥാവസരം മുറിച്ചു മാറ്റാത്തതുമൂലം ഉണ്ടാകുന്ന വൈദ്യുതി തകരാറ്.
3. വഴി വിളക്കുകൾ ക്രമമായി കത്തിയ്ക്കാതിരിക്കുന്നതും, വഴി വിളക്കുകൾക്കു പ്രത്യേകമായി മീറ്റർ വയ്ക്കാതിരിക്കുന്നതും
4. സെൽഫ് ഡീസിംഗ് സമ്പ്രദായം നടപ്പിലാക്കാതിരിയ്ക്കുന്നത്.
5. അത്യാവശ്യം വേണ്ട പുതിയ ലൈൻ വലിയ്ക്കാതിരിക്കുന്നത്.
6. വയറിംഗ് പൂർത്തീകരിച്ചു നിയമാനുസൃത ഡെപ്പോസിറ്റുകൾ വച്ചിട്ടുള്ളവർക്കു കണക്ഷൻ നൽകാത്തതും , ലൈൻ ഇല്ലാത്തതുമൂലം വൈദ്യുതീകരിക്കാൻ കഴിയാത്തതും.
7. പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പുകളൊ കൂടുതൽ പ്രകാശം കിട്ടുന്ന ലൈറ്റുകളോ ഇല്ലാത്തത്
8. അത്യാവശ്യം വേണ്ട റോഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ഇല്ലായ്മ.

## I സാദ്ധ്യകൾ

1. തുടർച്ചയായി തകരാറുകൾ ഉണ്ടാകുന്ന തെങ്ങണായിലെ ട്രാൻസ്ഫോർമർ മാറ്റി വയ്ക്കുകയോ അഡീഷണലായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ ചെയ്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും കൂടെക്കൂടെയുള്ള തകരാറ് ഇല്ലാതാക്കുകയും ചെയ്യണം
2. 1-ാം വാർഡിലെ കണ്ണവട്ടാ - തെങ്ങണാ കണ്ണവട്ടാ - കണ്ണമ്പള്ളി, തെങ്ങണാ - മണർകാടുറോഡിൽ ചാപ്പൽവരെയും, ചിറക്കുഴി ചേരിയ്ക്കൽ റോഡിൽ അവശേഷിക്കുന്ന ഭാഗത്തും ത്രിഫെയിസ് വലിച്ച് കണക്ഷൻ നൽകുകയും വോൾട്ടേജ് കുറവുപരിഹരിയ്ക്കുകയും ചെയ്യുക.
3. മാടപ്പള്ളി ഭഗവതി ക്ഷേത്രത്തിനു കിഴക്കും തെക്കുമുള്ള ഭാഗങ്ങൾ പുന്നക്കുന്ന്, ചിറക്കുഴി, കോട്ടപ്പുറം, എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുക.
4. അഴകാത്തു പടിയ്ക്കലും , കൊളങ്ങോട്ടു ഭാഗത്തുമുള്ള രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുക. എൻ. ഇ. എസ്. ബ്ലോക്കിനു സമീപമുള്ള ട്രാൻസ്ഫോർമറിന്റെ അടിയ്ക്കടിയുള്ള തകരാറ് മാറ്റുക.
5. അഞ്ചാം വാർഡിൽ ഏലം കുന്നു ഭാഗത്തു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കണം.
6. നാലാം വാർഡിലെ വെങ്കോട്ടയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് മുണ്ടുകുഴി കുട്ടൻചിറ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
7. 6-ാം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കണം.
8. 7-ാം വാർഡിൽ ഉമ്പിക്കാട്ടു ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ചു വോൾട്ടേജ് ഇല്ലായ് മ പരിഹരിക്കുക.
9. എട്ടാം വാർഡിൽ അത്യാവശ്യം വേണ്ടതായ ത്രീഫെയിസ് വലിച്ചും, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചും മാടപ്പള്ളി അമ്പലത്തിനു വടക്കുഭാഗങ്ങളിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കണം .
10. 9-ാം വാർഡിൽ വഴിപ്പടിയ്ക്കും - എഴുത്തു പള്ളിയ്ക്കും ഇടയിൽ പുതിയ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചും വഴിപ്പടിയ്ക്കുവടക്കോട്ടുള്ള വഴി വിളക്കിന്റെ ലൈൻ മുറിച്ചു പുളിയാം കുന്ന് ട്രാൻസ്ഫോർമറിൽ ബന്ധിപ്പിച്ചും തകിടിയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുക.
11. പത്താം വാർഡിൽ മാടത്താനിയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് മാടത്താനി, മിഷ്യൻ പറമ്പ് ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
12. പതിനൊന്നാം വാർഡിൽ പാലമറ്റത്തും, പഴയമ്പള്ളി ഭാഗത്തും ഓരോ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുക
13. 12-ാം വാർഡിൽ പാലമറ്റം ന്ദ്രേീകരിച്ച് ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുകയും കോതകുളത്തുനിന്നും ത്രീഫേയിസ് ലൈൻ പാലമറ്റംവരെ നീട്ടുകയും ചെയ്യുക.

II പഞ്ചായത്ത് പ്രദേശത്തുള്ള ഇലക്ട്രിക് ലൈനിലെ വൃക്ഷക്കൊമ്പുകളുടെ ടച്ചിംഗ് വെട്ടിമാറ്റാൻ സത്വര നടപടി സ്വീകരിയ്ക്കുക.

III വഴി വിളക്കുകൾ ക്രമമായി കത്തിയ്ക്കുന്നതിനു ഫലപ്രദമായ അടി.യന്തിര നടപടികൾ, സ്വീകരിക്കുകയും വഴി വിളക്കുകൾക്ക് പ്രത്യേകമായി മീറ്റർ വയ്ക്കുകയും ചെയ്യുക.

IV കേരളസംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലും വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞ സെൽഫ് റീഡിംഗ് സമ്പ്രദായം മാടപ്പള്ളി പഞ്ചായത്തു പ്രദേശത്തുനടപ്പിലാക്കാൻ പരിശ്രമിക്കുക. ഇതോടുകൂടി സ്ലാബ് സമ്പ്രദായം നിർത്തലാക്കുക.

**V താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയ ലൈൻ വലിച്ചു വൈദ്യുതി ലഭ്യമാക്കുക.**

1) 1-ാം വാർഡ് ഗുരുമന്ദിരം - പ്രാക്കുഴിറോഡ്

2. മൂന്നാം വാർഡിൽ പൊയ്ന്താനം കുന്നിനു കിഴക്കും, പടിഞ്ഞാറും, തെക്കും ഉൾപ്രദേശങ്ങളിലേയ്ക്ക്

3. നാലാം വാർഡിൽ കൊരണ്ടിത്താനം കുട്ടൻ ചിറ റോഡിൽ.

4. 7-ാ വാർഡിൽ മുളന്താനം വാരാക്കുന്നു കോളനികളിലേയ്ക്കും പേഴത്തോലി ഭാഗത്തും.

5 ൽ വഴീപ്പടി - മാടത്താനി റോഡ്, പൈലികവല - മാടത്താനി കറുകച്ചാൽ റോഡ് പുളിയാം കുന്ന് പാലമറ്റം റോഡ്, തേക്കും കാട് - പാലമറ്റം റോഡ് പുളിയാംകുന്ന് - അസംപ്ഷൻ കുരിശുപള്ളി റോഡ്

6. 11-ാം വാർഡിൽ നല്ലയിടത്തു കുന്നേൽ ദൈവം പടി - പള്ളിയ്ക്കാറ്റം വിത്തരിക്കുന്ന് കിഴക്കെ കോളനി ഇരുപത്തിയെട്ടുകോളനി, സി. എസ്. ഐ. വള്ളിപ്പടി, പാത്തിയ്ക്കൽ കവല, പാലമറ്റം ദൈവം പടി ചേപ്ലാനിയ്ക്കൽ കൊച്ചു റോഡ് തകിടിറോഡ്.

VI പഞ്ചായത്ത് 6-ാം വാർഡിൽ പരപ്പൊഴിഞ്ഞ കോളനിയിലെ വീടുകൾ നിയമാനുസൃതം വയറിംഗ് നടത്തിയിട്ട് രണ്ടു കൊല്ലമായിരിയ്ക്കുന്നു പ്രസ്തുത വീടുകൾക്ക് ഉടനടി കണക്ഷൻ നൽകണം.

VII പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംബുകളും ട്യൂബുകളും സ്ഥാപിക്കൽ

തെങ്ങണാ, മോസ്ക്കോ, , ബ്ലോക്കുപടി, വെങ്കോട്ട, മാമ്മൂട്, പാലമറ്റം മണ്ണാൻകവല,. മിഷൻ പറമ്പ് കോതക്കുളം, എന്നീ പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംബ് ഇടുക.

8. അഴകാത്തു പടി, മുണ്ടുപാലം, പൊയ്ന്താനം, പങ്കിപ്പുറം, നടയ്ക്കപ്പാടം, തകിടി, വഴീപ്പടി, ചുരനോലി, പള്ളിപ്പടി, പള്ളിക്കവല , പൈലിക്കവല, പുളിയാകുന്ന്, വാത്തിപ്പടി, ഓവേലിപ്പടി എന്നീ ജംഗ്ഷനുകളിൽ പുതുതായി ട്യൂബ് ലൈറ്റുകൾ ഇടുക.

**പാചകവാതകം**

പഞ്ചായത്തു പ്രദേശത്തു വിറകിന്റെ ലഭ്യത തുലോം കുറഞ്ഞിരിയ്ക്കുന്ന സാഹചര്യത്തിൽ എൽ. പി. ജി. ഗ്യാസ് കണക്ഷനുകൾ കൂടുതലായി ലഭ്യമാക്കണം. ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിക്കാനുള്ള പ്രോത്സാഹനം നൽകി കൂടുതൽ വ്യാപകമാക്കണം. കൂടാതെ പുകയില്ലാത്തതും ഇന്ധന ചെലവു കുറവുള്ളതുമായ (ദക്ഷത) അടുപ്പുകൾ സബ്സിഡി നിരക്കിൽ നൽകാൻ പദ്ധതി ആവിഷ്ക്കരിക്കണം.

**VIII പുതുതായി ആവശ്യമുള്ള സ്ട്രീറ്റു ലൈറ്റുകൾ**

പഞ്ചായത്തിലെ 12 വാർഡുകളിലെയും പലറോഡുകളിലും വഴിവിളക്കുകൾ ഇല്ല. അത്യാവശ്യം വേണ്ട എല്ലാ റോഡുകളിലും പുതുതായി വഴി വിളക്കുകൾ സ്ഥാപിക്കണം.

## മാർക്കറ്റ് ഷോപ്പിംഗ് സെൻറർ

## മിനി സിവിൽ സ്റ്റേഷൻ

1. തെങ്ങണാ. എൻ. ഇ. എസ്. ബ്ലോക്ക് ജംഗ്ഷൻ വെങ്കോട്ട, മാമ്മൂട്, വഴിപ്പടി എന്നീവിടങ്ങളിൽ മാർക്കറ്റും തെങ്ങണായിലും, വഴീപ്പടിയിലും ഷോപ്പിംഗ് സെൻററും സ്ഥാപിക്കുക.

2. പഞ്ചായത്തിന്റെ സിരാകേന്ദ്രവുമായ തെങ്ങണായിൽ ഒരു മിനി സിവിൽ സ്റ്റേഷൻ ഒരു ബസ്സ്റ്റാൻറ് ഒരു ടാക്സി സ്റ്റാൻറ് ഒരു കംഫർട്ട് സ്റ്റേഷൻ ഇവ സ്ഥാപിക്കുക.

3. വെങ്കോട്ടയിൽ ഒരു കാർഷിക ബാങ്ക് ആരംഭിയ്ക്കുക.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

തികച്ചും കാർഷിക ഗ്രാമമായ മാടപ്പള്ളിയിൽ വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ മുൻ പന്തിയിലാണ് നിൽക്കുന്നത്. കൂലിപ്പണി എടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. ഗൾഫ് പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിൻെറ നിർണ്ണായക ഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണരംഗം കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങി നിൽക്കുന്നു.

പഞ്ചായത്തിലെ വീടുകളിൽ 2027 വീടുകൾ ഭേദപ്പെട്ടവയും 5180 വീടുകൾ ഇടത്തരവും ബാക്കി വീടുകൾ കുടിലുകളോ, ഓലമേഞ്ഞതോ ആണ്. ഭേദപ്പെട്ട വീടുകൾ മിക്കവയും മൊസൈക്ക്, മാർബിൾ, കടപ്പ എന്നിവകൊണ്ട് തീർത്ത തറകളോടു കൂടിയവയാണ്. ഇടത്തരം വീടുകൾ സിമിൻറ് ഇട്ട തറകളോടു കൂടിയവയാണ്. കുടിലുകൾ പരമ്പരാഗതമായ രീതിയിൽ മണ്ണുറപ്പിച്ച് ചാണകം മെഴുകിയിട്ടുള്ളതാണ്.

അടുത്തകാലത്തായി പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും നിർമ്മിക്കുന്ന കോൺക്രീറ്റ് വീടുകളുടെ നിർമ്മാണചിലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു. ആർഭാടമായ വലിയവീടുകൾ പഞ്ചായത്തിൽ ധാരാളമായി നിർമ്മിച്ചിട്ടുണ്ട്. ടാറിട്ട റോഡിന് സമീപത്തായിട്ടാണ് ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നതെങ്കിലും വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും ഇല്ലാതില്ല. കാർഷികമേഖലയെ ദോഷകരമായി ബാധിക്കുന്ന പ്രവർത്തനമാണിത് പഞ്ചായത്തിലെ വീടുകളുടെ തരം തിരിച്ചിട്ടുള്ള പട്ടിക (പട്ടിക 1) കാണുക.

ഭവന നിർമ്മണ വായ്പരംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അമിതമായ പലിശയും വളരെ സങ്കീർണ്ണമായ ഈട്, ജാമ്യവ്യവസ്ഥയും ഈ രംഗത്ത് സാധാരണക്കാരന് ബദ്ധിമുട്ടാകുന്നു. ഈ ഭവനവായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്കരീതിയിൽ ഉദാരവത്ക്കരിക്കണം. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുക. കൂടാതെ ഭവന നിർമ്മാണ രംഗത്ത്

പട്ടിക - 1
വീടുകളുടെ സ്ഥിതി തരംതിരിവ് - വാർഡുതലത്തിൽ

| വാർഡ് | കെട്ടിടങ്ങളുടെ ആകെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 769 | 51 | 182 | 432 | 26 | 78 |
| II | 772 | 31 | 113 | 563 | 38 | 16 |
| III | 767 | 12 | 175 | 530 | 38 | 12 |
| IV | 621 | 12 | 155 | 408 | 31 | 15 |
| V | 670 | 8 | 134 | 480 | 34 | 14 |
| VI | 603 | 18 | 132 | 408 | 30 | 15 |
| VII | 600 | 16 | 150 | 383 | 33 | 14 |
| VIII | 647 | 24 | 144 | 428 | 33 | 14 |
| IX | 674 | 18 | 155 | 451 | 34 | 16 |
| X | 626 | 12 | 156 | 410 | 32 | 16 |
| XI | 597 | 6 | 125 | 412 | 36 | 18 |
| XII | 419 | 6 | 92 | 275 | 26 | 20 |

പ്രവർത്തിക്കുന്ന സംഘങ്ങൾ പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ചു നൽകുകയും ചെയ്താൽ സാധാരണക്കാരനും ഭവനവായ്പകൾ എടുത്ത് സ്വന്തമായി ഒരു വീട് എന്ന സങ്കല്പം സാക്ഷാത്ക്കരിക്കാൻ സാധിക്കും.

ഒരു കൂരയ്ക്കുകീഴിൽ രണ്ടോ അതിലധികമോ കുടുംബങ്ങൾ താമസിക്കുന്ന കൂട്ടുകുടുംബങ്ങൾ പഞ്ചായത്തിൽ ധാരാളമുണ്ട്. ഔദ്യോഗിക കണക്കുകളിൽ വീടില്ലാത്തവരുടെ പട്ടികയിൽ ഇത്തരം കുടുംബങ്ങൾപ്പെടുകയില്ല. അതു മൂലം പഞ്ചായത്തിൽ വീടുകൾ ഇല്ലാത്തകുടുംബങ്ങളുടെ കണക്ക് കൃത്യമായി ലഭ്യമല്ല.

സ്വന്തമായി സ്ഥലമുള്ളവരും എന്നാൽ വീടും, കക്കൂസും ഇല്ലാത്ത കുടംബങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ താഴെ ചേർക്കുന്നു. (പട്ടിക -2 കാണുക)

ഈ പഞ്ചായത്തിൽ ധാരാളം കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു.

സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കികൊണ്ടിരിക്കുന്ന ഭവന വായ്പ, ദുർബല വിഭാഗക്കാർക്ക് മാത്രമായും അതു വിരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്.

ദുർബല വിഭാഗക്കാർക്ക് വീട് വെയ്ക്കാനും ഇടത്തർക്കാർക്ക് വീടുനിർമ്മിക്കുന്നത്തിനും പുതുക്കിപണിയാനുമുള്ള സഹായങ്ങളോ വായ്പകളോ, ലഭ്യമാവാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതു പ്രവർത്തനത്തിൽ ഉത്സാഹകുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങൾക്ക് വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാ

പട്ടിക - 2

| വാർഡ് | SC/ST | OC | ആകെ |
|---|---|---|---|
| I | 3 | 43 | 46 |
| II | 8 | 76 | 84 |
| III | 24 | 58 | 82 |
| IV | 6 | 66 | 72 |
| V | 59 | 75 | 134 |
| VI | 12 | 97 | 109 |
| VII | - | 28 | 28 |
| VIII | - | 27 | 27 |
| IX | 1 | 79 | 80 |
| X | 8 | 76 | 84 |
| XI | 1 | 74 | 75 |
| XII | 1 | 40 | 41 |
| ആകെ | 123 | 739 | 862 |

സ്വന്തമായി സ്ഥലവും വീടും ഉണ്ടായിട്ടും കക്കൂസില്ലാത്തതുമായ കുടുംബങ്ങളെ സംബന്ധിച്ചതുമായ വിവരങ്ങൾ താഴെ ചേർക്കുന്നു. (പട്ടിക - 3 കാണുക)

പട്ടിക - 3

| വാർഡ് | SC/ST | OC | ആകെ |
|---|---|---|---|
| I | 5 | 41 | 46 |
| II | 13 | 35 | 48 |
| III | 11 | 51 | 62 |
| IV | 7 | 41 | 48 |
| V | 64 | 52 | 116 |
| VI | 25 | 55 | 80 |
| VII | 1 | 22 | 23 |
| VIII | 1 | 17 | 18 |
| IX | 4 | 65 | 69 |
| X | 5 | 43 | 48 |
| XI | 5 | 98 | 103 |
| XII | 10 | 96 | 106 |
| ആകെ | 151 | 616 | 767 |

ധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിൻെറ പ്രത്യുല്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

വിവിധ സ്കിം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ വളരെ കുറവാണ്. ഭവന നിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവ് നിമിത്തവും പാവപ്പെട്ടവൻെറ സ്വന്തമായൊരു വീട് എന്ന ആഗ്രഹംവെറും സ്വപ്നമായി തന്നെ ശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

കൂലി നിരക്കിലെയും അതിനെക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകി വരുന്ന സഹായങ്ങളും, വായാപകളും, അപര്യാപ്തമാണ്. ബ്ലോക്കു വഴി നൽകുന്ന RLEGP, NREP, MWS, IAY, JRY എന്നീ പദ്ധതികളുടെ വായ്പാ തുകയും രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ വായ്പാ തുകയും വർദ്ധിപ്പിക്കാനും വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുമാണ്.

പ്രകൃതിക്ഷോഭത്താൽ കാലാകാലം വീടുകൾ നഷ്ടപ്പെടുകയോ, ഭാഗികമായി കേടുപാടുകൾ വരുകയോ ചെയ്യാറുണ്ട്.നഷ്ടപ്പെടുന്ന വീടുകൾക്ക് ലഭിക്കുന്ന ആനുകൂല്യം വളരെ കുറവാണ്. ഇവ ലഭിക്കാനുള്ള സാങ്കേതികമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പ്രകൃതി ക്ഷോഭത്താൽ വീടു നഷ്ടപ്പെടുന്നവർക്ക് പുനരധിവായ പദ്ധതിയനുസരിച്ച നല്ല വീടുകൾ നിർമ്മിച്ചു നൽകണം.

സർക്കാർ പുറമ്പോക്കുകളിൽ ധാരാളം ആളുകൾ താമസിക്കുന്നുണ്ട്. ഇവർക്ക് എത്രയും വേഗം സ്വന്തമായി വീടുനിർമ്മിച്ച് പുനരധിവസിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

കോളനികളുടെ പാർപ്പിട പ്രശ്നം സങ്കിർണ്ണമായ മറ്റ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൊച്ചു കൂരകളിലെ ജനബാഹുല്യമാണ് ഇതിന് കാരണം. വീടുകൾ തൊട്ട് തൊട്ട് കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കോളനികളിൽ ഫ്ളാറ്റ് സിസ്റ്റം നടപ്പാക്കുന്നതിനെപ്പറ്റി പരിശോധിക്കേണ്ടതുണ്ട്.

## സാധ്യതകൾ

1. എല്ലാവർക്കും മെച്ചപ്പെട്ട പാർപ്പിട സൗകര്യം ലഭിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി ഭവനനിർമ്മാണ മേഖല പുഷ്ടിപ്പെടുത്താൻ പഞ്ചായത്ത് നേതൃത്വം അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
2. ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിൻെറ സെൻറർ പഞ്ചായത്തിൽ സ്ഥാപിക്കുക.
3. എല്ലാ വീടുകൾക്കും ഇൻഷ്വറൻസ് പദ്ധതി സംരക്ഷണം നിർബ്ബന്ധമാക്കണം.
4. മൈത്രീഭവൻ പദ്ധതി പ്രകാരം ഒരു വാർഡിൽ ഒരു വർഷം 50 വീടുകൾ നിർമ്മിച്ചു നൽകുക.
5. ഭവന നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി ഉറപ്പു വരുത്തുക.
6. ഭവന നിർമ്മാണ തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുക.
7. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ട്രൂൾകിറ്റ് സൗജന്യമായി നൽകുക.
8. കെട്ടിട നിർമ്മാണ സാമഗ്രികൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിന് ഉള്ള സഹകരണസംഘം ഉണ്ടാക്കുക.
9. പഞ്ചായത്തിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായി കക്കൂസും വീടും നിർമ്മിച്ച് കൊടുക്കുക. ഈ രേഖയ്ക്ക് മുകളിലുള്ള ആളുകൾക്ക് 50% ധനസഹായത്തോടെ കക്കൂസ് നിർമ്മിച്ചു നൽകുക.
10. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർവരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക.
11. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കി അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വി

തരണം ചെയ്യുക.

സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

12. സർക്കാർ ലഭ്യമാകുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

13. IAY, MWS,JRY,RLEGP,രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി, പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി എന്നിവയുടെ വായ്പ 50000 രൂപയാക്കി ഉയർത്തുക.

14. സ്വന്തമായി സ്ഥലമില്ലാത്ത എല്ലാ കുടുംബങ്ങൾക്കും 5 സെൻറ് ഭൂമി വീതം നൽകി സൗജന്യമായി വീടു നിർമ്മിച്ചു നൽകുക.

15. കോളനികളിൽ ഫ്ളാറ്റ് സിസ്റ്റം നടപ്പിൽ വരുത്തുക.

16. നിർമ്മാണ ചെലവ് 2 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക.

17. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെ വീടുകൾ അറ്റകുറ്റപണിചെയ്യുന്നതിന് വേണ്ട സഹായം ലഭ്യമാക്കുക.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്രനിർമാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈപദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസനകോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാവികസന കോർപ്പറേഷനും പ്രർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായി മറ്റ് പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണ കുറവ്,ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്ത് പറയേണ്ടത് തന്നെയാണ്.

തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളികൾ, കർഷകതൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല.

സാമൂഹ്യ ക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് മാടപ്പള്ളി ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസ് മുഖേനയാണ്. ഈ ആഫീസ് കരിമുട്ടത്ത് ശ്രീ. കൃഷ്ണപ്പണിക്കർ സൗജന്യമായി നൽകിയ 2 ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്നു. ഈ ആഫീസിൻെറ കീഴിൽ,മാടപ്പള്ളി, മാമ്മൂട്, എന്നീ രണ്ട് സർക്കിളുകൾ ഈ പഞ്ചായത്തിലുണ്ട്. രണ്ട് സർക്കിളുകളിലൂടെ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ശരിയായ വിവരം ശേഖരിക്കേണ്ടിയിരിക്കുന്നു. I.R.D.P പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നത് അർഹതയുള്ളവരിൽ വളരെ ചെറിയവിഭാഗം കുടുംബങ്ങൾക്ക് മാത്രമേയുള്ളു.

1992 ലെ സർവ്വേപ്രകാരം ദാരിദ്രരേഖയ്ക്ക് താഴേയുള്ളവരുടെ വിവരങ്ങൾ താഴേചേർക്കുന്നു. (പട്ടിക 2 - 3 കാണുക).I.R.D.P സർവ്വേ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള സർക്കാരിൻെറ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്രരേഖയുടെ പരിധി 25,000 രൂപയെങ്കി

ലുമാക്കി തീർക്കണം.

ദേശസാത്കൃത ബാങ്കുകൾ ഈ സ്കിം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണമേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണ ബാങ്കുകൾ ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ല-സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം.അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെകൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവെ നടത്തണം

പട്ടിക 5

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വർഷം | പരിശീലനം-വിഷയത്തിൻെറ പേര് | പരിശീലനംലഭിച്ച വരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|---|
| **1990-91** | വെൽഡിംഗ് | 2 | 2 |
| | ഇലക്ട്രീഷ്യൻ | 2 | 2 |
| | നെയ്ത്ത് | 3 | 3 |
| | അപ്പോൾസറി | 1 | 1 |
| | റേഡിയോ,റ്റീ.വി.മെക്കാനിസം | 1 | 1 |
| **1991-92** | വെൽഡിംഗ് | 1 | 1 |
| | ഇലക്ട്രീഷ്യൻ | 3 | 3 |
| | കംപോസിങ്ങ്, പ്രിൻറിംഗ് | 3 | 3 |
| | നെയ്ത്ത് | 1 | 1 |
| | റേഡിയോ, റ്റിവി മെക്കാനിസം | 1 | 1 |
| **1992-93** | നെയ്ത്ത് | 1 | 1 |
| | ഇലക്ട്രീഷൻ | 1 | 1 |
| | ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് 1 | 1 | |
| | എയർകണ്ടിഷൻ | 2 | 2 |
| | അപോൾസറി | 1 | 1 |
| | കംപോസിംങ്ങ്, പ്രിൻറിംഗ് | 2 | 2 |
| **1993-94** | വെൽഡിംഗ് | 1 | 1 |
| | കംപോസ്ങ്ങ്, പ്രിൻറിംഗ് | 3 | 3 |
| | കരകൗശലം | 1 | 1 |
| **1994-95** | ഇലക്ട്രീഷൻ | 3 | 3 |
| | ഓട്ടോമൊബൈൽ എഞ്ചിനിയറിംഗ് 2 | 2 | |
| | റേഡിയോ, റ്റി.വി | 1 | 1 |
| | നെയ്ത്ത് | 3 | 3 |
| **1995-96** | നെയ്ത്ത് | 1 | 1 |
| | പ്രിൻറിംഗ് | 1 | 1 |
| | പ്ലംബിങ്ങ് | 1 | 1 |
| | വെൽഡിങ്ങ് | 2 | 2 |

## DWCRA സഹായലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

DWCRA പദ്ധതിപ്രകാരം മാടപ്പള്ളി പഞ്ചായത്തിൽ രണ്ട് തൊഴിൽ സംരംഭങ്ങൾ നിലവിലുണ്ട്.അവയെ സംബന്ധിക്കുന്ന വിവരം താഴെ ചേർക്കുന്നു.പട്ടിക 6 കാണുക

(പട്ടിക - 6 )

| തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറവ് |
|---|---|---|---|
| മെറ്റൽ ക്രെഷ് | 1994-95 | 13 | നഷ്ടമില്ലാതെ പ്രവർത്തിക്കുന്നു. ലാഭകരം |
| ഇറച്ചിക്കോഴി വളർത്തൽ ഫാം | 1995-96 | 10 | |

### ട്രൈസം

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ഈ പദ്ധതിപ്രകാരം തൊഴിൽ പരിശീലനം ലഭിച്ചവരെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു. (പട്ടിക -5 കാണുക) ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലയെന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്കു മാത്രമേ ഈ പദ്ധതിയുടെ പരിശീലനം നൽകാൻ കഴയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപൻറ് തുക കൂട്ടുകയും വേണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ ജനകീയ സമതികളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

### ട്യൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാകുന്ന പദ്ധതിയാണ് ട്രൂൾകിറ്റ്. 1992 -ലെ I.R.D.P സർവ്വേ പ്രകാരം 217 ഗ്രാമീണകൈത്തൊഴിലുകൾ ഈ പഞ്ചായത്തിൽ ഉണ്ടെന്ന് കണ്ടെത്തുകയുണ്ടായി. ഇതിൽ 9 പേർക്ക് മാത്രമേ സഹായം ലഭിച്ചിട്ടുള്ളു. ബാക്കി 191 പേർക്ക് സഹായത്തിന് അർഹതയുണ്ട്. ഈ പദ്ധതിയെക്കുറിച്ച് തൊഴിലാളികൾ അജ്ഞരാണ്.

### വിവിധ ക്ഷേമ പദ്ധതികൾ.

**വിധവാ പെൻഷൻ** - പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

**കർഷകതൊഴിലാളി പെൻഷൻ.** - അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരവും പെൻഷൻ തുകയും വിതരണം ചെയ്യുവാനുള്ള അധികാരവും ഗ്രാമ പഞ്ചായത്തിന് നൽകണം.

**തൊഴിലില്ലായ്മ വേതനം** - അർഹരായ മുഴുവൻ പേർക്കും തൊഴിലില്ലായ്മ വേതനം നൽകണം. തൊഴിലില്ലായ്മ വേതനമായി ലഭിക്കുന്ന തുക കുറഞ്ഞത് 150 രൂപയാക്കി വർദ്ധിപ്പിക്കുക. ഗുണഭോക്തക്കളെ തെരഞ്ഞെടുക്കുവാനുള്ള അധികാരവും വിതരണ അധികാരവും ഗ്രാമ പഞ്ചായത്തിന് നൽകുക. അനർഹമായി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരെ കണ്ടുപിടിക്കുക.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 30 എണ്ണം പ്രവർത്തിക്കുന്നു. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിൻെറ അഭാവം ജീവനക്കാരിൽ പ്രയാ സവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. ഇത് അംഗൻവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റ പണി നടത്താത്തതും കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന അങ്കകളരിയായി നാം കാണുന്ന അങ്കൻ വാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപർ എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മണി മുതൽ 31/2 മണിവരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിൻെറ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

## പൊതു വിതരണം

പഞ്ചായത്തിലാകെ 15 റേഷൻ ഷാപ്പുകൾ ആണ് പ്രർത്തിച്ചിരുന്നത്. പലറേഷൻ ഷാപ്പുകളുംഇപ്പോൾ പ്രവർത്തിക്കാത്തതു കാരണം അവിടെയുള്ള കാർഡുകൾ മറ്റു റേഷൻ ഷാപ്പുകളിൽ യോജിപ്പിച്ചിരിക്കുകയാണ്. അതുമൂലം ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതുവിതരണ കേന്ദ്രത്തിൻെറ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ ആവലാതികൾക്ക് പരിഹാരം കാണേണ്ടതുണ്ട്. ദൂരപരിധിയനുസരിച്ച് ഒരു വാർഡിൽ കുറഞ്ഞത് 3 റേഷൻ ഷാപ്പുകളെങ്കിലും സ്ഥാപിക്കുക. ഈ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാമ്മൂട് കേന്ദ്രീകരിച്ച പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ ആൾക്കാർക്കും ഇതിൻെറ പ്രയോജനം ലഭിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പുതിയതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുക. നിലവിലുള്ള മാവേലി സ്റ്റോറിൻെറ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. എന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവരുകയുണ്ടായി.

## പ്രധാന പ്രശ്നങ്ങൾ

1 I.R.D.P, പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല. ആനുകൂല്യങ്ങൾ ലഭിക്കാനുള്ള കാലതാമസവും ഉദ്യോഗസ്ഥ ഉദാസീനതയും.

2. D.W.C.R.A മുഖേന സ്ത്രീകളുടെ സംരംഭങ്ങൾ വളരെ കുറവ്.

3. ട്രൈസം പദ്ധതിയനസിരിച്ച് വളരെ കുറച്ച് പേർക്ക് മാത്രമേ പരിശീലനം ലഭുക്കുന്നുള്ളു. ഈ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കുള്ള അറിവില്ലായ്മ. ട്രൈസം പദ്ധതിയനുസരിച്ച് പരിശീലനം ലഭിക്കുന്നവർക്കുള്ള സറ്റൈപ്പൻറ് തുക വളരെ കുറവ് .

4. ഗ്രാമീണ കൈത്തൊഴിലുകാർക്ക് നൽകുന്ന ട്യൂൾ കിറ്റ് വളരെകുറച്ച് പേർക്ക് മാത്രമെ നൽകുന്നുള്ളു.

5. C.R.S.P. മുഖേന ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം വളരെ കുറവ് ആൾക്കാർക്കു മാത്രമേ ഇതിൻെറ പ്രയോജനം ലഭിക്കുന്നുള്ളു.

6. സാമൂഹ്യക്ഷേമപദ്ധിതികളെക്കുറിച്ചുള്ള ബോധവത്ക്കരണകുറവ്.

7. മുഴുവൻ കർഷകതൊഴിലാളികൾക്കും പെൻഷൻ ലഭിക്കുന്നില്ല. ലഭിക്കാനുള്ള കാലതാമസം.

8. വിധവാപെൻഷൻ ലഭിക്കാനുള്ള നിയമതടസ്സം.

9. തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് യഥാസമയം ലഭിക്കുന്നില്ല. നൽകുന്ന തുക വളരെ കുറവ്.

10 സംഘടിത അസംഘിട മേഖലയിലെ മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

11 അങ്കൺ വാടികളിൽ കൂടി കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യവളരെ കുറവ്

12 പല അങ്കൻവാടികൾക്കും കെട്ടിടം ഇല്ല. വേണ്ട

ത്ര കളിക്കോപ്പുകൾ ഇല്ല.

13. അങ്കൺ വാടി ജീവനക്കാരുടെ സേവനം വേതന വ്യവസ്ഥകൾ ഉയർത്തുന്നില്ല.

14. പൊതുവിതരണകേന്ദ്രങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്.

## സാധ്യതകൾ

1. IRDP സർവെ ലിസ്റ്റ് പരിഗണിച്ച് അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള പരിപാടി കൂടാതെവാർഷിക വരുമാനം 25000 രൂപയിൽ കുറവുള്ള മുഴുവൻ കുടുംബങ്ങളെയും IRDP സർവ്വേ ലിസ്റ്റിൽ ഉൾപ്പെടുത്തുക.

2. വനിതകൾക്കായി 25,പുതിയ DWCRA യൂണിറ്റുകൾ സ്ഥാപിക്കുക.

3. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ സാധ്യതയുണ്ടാക്കാനുള്ള പരിപാടികൾ.

4. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനുമുള്ള ജനകീയസംവിധാനം.

5 ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തൽ.

6. മഹിളാ സമാജങ്ങൾ, ബാലവാടികൾ എന്നിവയെ കേന്ദ്രീകരിച്ച് പോഷകാഹാരം പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ.

7 അങ്കൺവാടികളുടെ നില മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുക.

a) ഏതങ്കിലും സാമ്പത്തിക ഏജൻസികളെകൊണ്ടോ ജെ.അർ.വൈ.ഫണ്ടോ ഉപയോഗിച്ച് അങ്കൺവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപണി നടത്തിക്കുകയും ചെയ്യുക.

b) DWCRA യൂണിറ്റുകൾക്ക് നൽകുനന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപാട്ടങ്ങൾ വാങ്ങാൻ നല്കുക.

c) അങ്കൺവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധിവർദ്ധിപ്പിക്കുക.

d) അനെർട്ട് അടുപ്പുകൾ അങ്കൺവാടികളിൽ വ്യാപകമാക്കുക

e) അങ്കൺവാടി വർക്കർമാരെയും ഹെൽപർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

f) താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

g) പൊതു പ്രവർത്തനത്തിൽ വർക്കർ മാരെയും ഹെൽപ്പർമാരെയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

8) സംഘടിത-അസംഘടിത മേഖലയിലെ മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരിക.

9) വിവിധയിനം പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരവും ഗ്രാമപഞ്ചായത്തിന് നല്കുക.

10) പൊതുവിതരണ കേന്ദ്രത്തിന്റെ മുഴുവൻ ചുമതലയും ഗ്രാമപഞ്ചായത്തിന് നൽകുക. ദൂരപരിധി അനുസരിച്ച് ഒരു വാർഡിൽ 3 റേഷൻ ഷാപ്പുകൾ അനുവദിക്കുക.

11). തെങ്ങണ, കുറുമ്പനാടം, പാലമറ്റം, വഴീപ്പടി, മോസ്ക്കോ പങ്കിപ്പുറം, NES ബ്ലോക്ക് ജംഗ്ഷൻ, വെങ്കോട്ട മുതലായ സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുക.

12). കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ, തൊഴിലില്ലായ്മ വേതനം മുതലായവ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യുക. വികലാംഗത്വം തെളിയിക്കാനുള്ള അധികാരം PHCലെ ഡോക്ടർക്ക് നൽകുക.

13) മുകളിൽ പറയുന്ന കാര്യങ്ങൾ കുറ്റമറ്റതാക്കുവാൻ വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു സാമൂഹ്യസാമ്പത്തിക സർവ്വെ നടത്തി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക.ഇതുംപ്രകാരം എല്ലാ കുടുംബങ്ങൾക്കും റവന്യുകാർഡ് ഏർപ്പെടുത്തു



# സംസ്കാരം

ഹരിത മനോഹരമായ വയലേലകളും, അവയെ തഴുകി അഴകു വളർത്തുന്ന കൊച്ചുകൊച്ചു കുന്നുകളും കൈതയും കാട്ടുകദളിയും പൂവണിഞ്ഞു നിൽക്കുന്ന തോട്ടുവരമ്പുകളും നിറഞ്ഞ് കാഴ്ചക്കാരുടെ കണ്ണും കരളും കവരുന്ന ശാലീന സുന്ദരമായ ഒരു കൊച്ചു ഗ്രാമം, അതാണ് മാടപ്പള്ളി. മാടപ്പള്ളിയുടെ ദൃശ്യഭംഗി ആരെയും ആകർഷിക്കുന്നു.

ധീരനും ദേശാഭിമാനിയുമായ വേലുത്തമ്പി ദളവയാൽ സ്ഥാപിതമായ ചങ്ങനാശ്ശേരി പട്ടണത്തിൽനിന്ന് ഏകദേശം മൂന്നു കിലോമീറ്റർ കിഴക്കുമാറി സ്ഥിതിചെയ്യുന്ന മാടപ്പള്ളിയുടെ സീമരേഖപോലെ ചങ്ങനാശ്ശേരി വാഴൂർ റോഡ് ഒത്ത മദ്ധ്യത്തിലൂടെ കടന്നു പോകുന്നു. പണ്ട് തെക്കുംകൂർ രാജാവ് ഇടപ്പള്ളി സ്വരൂപത്തിന് ദേശവഴിയായി ദാനംചെയ്ത മാടപ്പള്ളി ഗ്രാമത്തിന് ചരിത്രപരമായും ഭൂമിശാസ്ത്രപരമായും പ്രാധാന്യമുണ്ട്.

'മാട്' എന്നാൽ ചെറിയകുന്ന് എന്നാണർത്ഥം. പള്ളി എന്ന പദത്തിന് ഗ്രാമം എന്നും പറയും. കർണ്ണാടക ഭാഷയിൽ 'ഹള്ളി' എന്നാണ് പ്രയോഗം. 'ആനലഹള്ളി' ഉദാഹരണം. കർണ്ണാടകത്തിലെ 'ഹ'യ്ക്കു പകരം മലയാളത്തിൽ 'പ' എന്ന അക്ഷരമാണ് സ്വീകരിച്ചിരിക്കുന്നത്. അങ്ങനെ ഹള്ളി പള്ളിയായി മാറുന്നു. മാടപ്പള്ളി, മാടുകളുടെ (കുന്നുകളുടെ) ഗ്രാമമായിത്തീർന്നു. വേറൊരു പക്ഷമുള്ളത് മഠപ്പള്ളി മാടപ്പള്ളിയായിത്തീർന്നുവെന്നാണ്. ഇടപ്പള്ളിത്തമ്പുരാന്റെ മഠം സ്ഥിതിചെയ്തിരുന്ന ഗ്രാമം മാടപ്പള്ളിയായിത്തീർന്നുവെന്നാണ് വ്യാഖ്യാനം. ഏതായാലും മാടപ്പള്ളിയുടെ സാംസ്കാരിക പശ്ചാത്തലം പരാമർശിക്കുമ്പോൾ പേരിന്റെ ഔചിത്യവും പരിഗണിച്ചു എന്നേയുള്ളു.

പ്രാചീന കേരളത്തിലെ ഗ്രാമഭരണത്തിന്റെ മധുരസ്മൃതികൾ അയവിറക്കുന്ന മലയാളികൾക്ക് പുതിയ പഞ്ചായത്ത് സംവിധാനം എന്തുകൊണ്ടും ഇഷ്ടപ്പെടണം. മാടപ്പള്ളി മതമൈത്രിയുടെയും സഹഷ്ണുതയുടെയും പ്രദർശനസ്ഥലമാണ്. ഇവിടെ ഭൂരിപക്ഷം വരുന്ന ഹിന്ദുക്കളും ക്രിസ്ത്യാനികളും മുഹമ്മദീയരും ഏകോദരസഹോദരങ്ങളെപ്പോലെയാണ് വസിക്കുന്ന്.പറയത്തക്ക മതവൈര്യമോ ജാതിസ്പർദ്ധയോ, മനുഷ്യത്വത്തിന് മുറിവേല്പിച്ച സംഭവങ്ങളോ ഇവിടെ ഉണ്ടായിട്ടില്ല. മാടപ്പള്ളി ഭഗവതിക്ഷേത്രത്തിൽ പള്ളിയുണർത്തുന്ന ശംഖനാദവും കുറുമ്പനാടം പള്ളിയിലെ മണിയൊച്ചയും തെങ്ങണാൽ ജ്ജുമാ മസ്ജിദ്ദിലെ ബാങ്കുവിളിയും കേട്ടാണ് മാടപ്പള്ളിക്കാർ ഉണരുന്നത്,

വളരുന്നത്. ക്ഷേത്രത്തിലെ ഉത്സവവും പള്ളിയിലെ പെരുന്നാളും എല്ലാവരും ആഹ്ലാദപൂർവ്വം കൊണ്ടാടുന്നു.

ഇനിയും നമുക്ക് സംസ്ക്കാരത്തിന്റെ ചില ഉറവിടങ്ങളിലേക്കു കടക്കാം.പ്രാചീനകേരളത്തിലെ കലകളെല്ലാം ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ഉടലെടുത്തിട്ടുള്ളത്. മാടപ്പള്ളി ഭഗവതിക്ഷേത്രത്തിൽ പണ്ട് പടയണി മഹോത്സവമാണ് കൊണ്ടാടിയിരുന്നത്. പടയണിയിൽ സംഗീതം, സാഹിത്യം, അഭിനയം, ചിത്രരചന തുടങ്ങി അസംഖ്യം സുന്ദരകലകൾ സമന്വയിച്ചിട്ടുണ്ട്. കോലംതുള്ളൽ പടയണിയുടെ ഒരു പ്രധാന ചടങ്ങായി കരുതപ്പെടുന്നു. കോലം എഴുതുക -ഒന്നാം തരം ചിത്രകലയുടെ മാതൃകയാണ്. തപ്പുകൊട്ടിന്റെ താളത്തിനനുസരിച്ച് ചുവടുകൾ വെച്ച് പാട്ടിന്റെ ആശയം ഉൾക്കൊണ്ട് ഭാവ പ്രകടനം നടത്തുക - ശ്രമകരമായ ഒരു കാര്യമാകുന്നു.പടയണിയിലെ മറ്റു ചടങ്ങുകളായ പുലവൃത്തംകളി, കുതിരകെട്ട്, പരദേശിയിറങ്ങൽ, കാളകെട്ട്(വലിയ കാള, കൂട്ടിൽക്കാള ) മുതലായവ കലാപ്രതിഭകളുടെ കൈവിരുതുകൾക്കു മാത്രമേ വിജയകരമായി നിർവ്വഹിക്കാൻ സാദ്ധ്യമാകൂ. ഓട്ടൻതുള്ളൽ, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ,ഗരുഡൻ പറവ, കാക്കാരിശ്ശി നാടകം, ഉത്തുംഗ കലാപ്രകടനമായ കഥകളി എന്നിവ ക്ഷേത്രാങ്കണത്തിൽ നിന്ന് ജനമനസ്സുകളിലേക്ക് സംസ്ക്കാരതീർത്ഥം പകർന്നിരുന്നു. അന്ന് മദ്ദളം, ചെണ്ട, ചേങ്കില, തിമില, ഇടയ്ക്ക, മൃദംഗം, നാഗസ്വരം മുതലായവയുടെ നാദമാധുരിയിലൂടെ കലോത്സവങ്ങളുടെ കേളികേൾപ്പിച്ചിരുന്നു.

ക്ഷേത്രങ്ങൾ കലകളുടേയും കാര്യവിചാരത്തിന്റെയും കളിപ്പറമ്പായിരുന്ന കാലം കടന്നുപോയി. അതോടുകൂടി, കാളകെട്ട്, പാണൻപാട്ട്, പുള്ളോൻ പാട്ട്, കോലടി, കടുവാകളി, ശാസ്താം പാട്ട്, ചാക്യാർകൂത്ത് തുടങ്ങിയ പ്രാചീനകലകൾക്ക് പ്രചാരം കുറഞ്ഞതുടങ്ങി. കാലംമാറുന്നതനുസരിച്ച് കോലത്തിനും മാറ്റം വന്നു ചേർന്നു. ചലച്ചിത്രവും ദൂരദർശനും പ്രചരിച്ചതോടുകൂടി ആസ്വാദകരുടെ അഭിരുചിക്കും മാറ്റം വന്നുതുടങ്ങി.പഴമയെ പുച്ഛരിക്കാനും പുതുമയെ ഇച്ഛരിക്കാനുമുള്ള വാസന പരക്കെ കണ്ടു തുടങ്ങി. വേഷ,ഭൂഷാദികളിലുംജീവിതരീതികളിലും വന്നവ്യതിയാനത്തിന്റെ തേങ്ങലുകൾ കലാസ്വാദനരംഗത്തും കേട്ടുതുടങ്ങി. അങ്ങനെ നഷ്ടപ്പെട്ടുപോയ ആവേശം വീണ്ടെടുക്കുവാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. കൂത്തിനും, ആട്ടത്തിനും വേലകളിക്കും, കാവടിയാട്ടത്തിനും. പരിചമൊട്ടുകളിക്കും ചവിട്ടുനാടകത്തിനും മറ്റും നാം ഇന്ന് പ്രാധാന്യം നൽകിത്തുടങ്ങുന്നത് അതിന്റെ ലക്ഷണമാണ്.

ക്ഷേത്രം, പള്ളി എന്നിവയോടനുബന്ധിച്ച് നടത്തുന്ന കലാപ്രകടനങ്ങൾക്ക് ചില പരിമിതികളുണ്ട്. അത്തരം കലാപ്രകടനങ്ങൾ മത നിബന്ധനകൾക്ക് അനുസൃതമായേ നടത്താൻ പറ്റുകയുള്ളു. എന്നാൽ ഓണം ഒരു ദേശീയോത്സവമാണ്. ഓണക്കളികൾ, വിശേഷിച്ചും, ഓണത്തല്ല്, ഓണപ്പാട്ട്, ഊഞ്ഞാലാട്ടം, തുമ്പിതുള്ളൽ, കുടംകൊട്ടിപ്പാട്ട് മുതലായവ ആർക്കും അംഗീകരിക്കാവുന്നതും ആഹ്ലാദിക്കാവുന്നതുമാണ്. ഇന്നത്തെ കേരളോത്സവം ദേശീയോത്സവമായി കരുതിസർവ്വജനപങ്കാളിത്തത്തോടെ നടത്തി ഒരു ജനകീയോത്സവമാക്കി മാറ്റണം.

മാടപ്പള്ളിപ്പഞ്ചായത്തിലെ രണ്ടു ക്ഷേത്രവും അഞ്ച് ക്രിസ്ത്യൻ പള്ളിയും ഒരു മുസ്ലീം പള്ളിയും ഇവിടത്തെ ജനതയുടെ ജീവിതത്തിൽ ശരിയായ മൂല്യബോധവും സംസ്ക്കാരവും വളർത്തിയെടുക്കാൻ ഒരു പോലെ പ്രയോജനപ്പെടുന്നുവെന്നത് സന്തോഷകരമായ ഒരു കാര്യമാണ്.

പഞ്ചായത്തിൽ രണ്ടു ഹൈസ്ക്കൂളുകളും മൂന്നു മിഡിൽ സ്ക്കൂളും ആറ് പ്രൈമറി സ്ക്കൂളുകളും, പ്രവർത്തിക്കുന്നുണ്ട്. ശരിയായ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ ജനതയുടെ സാംസ്ക്കാരികമായ ബോധവൽക്കരണത്തിന് പ്രയോജനപ്പെടും. അദ്ധ്യേതാക്കളുടെ സ്വഭാവ രുപവൽക്കരണത്തിനും ദിശാബോധത്തിനും വിദ്യാഭ്യാസം ഉപകരിക്കണം. നാം ഈ ലക്ഷ്യത്തിന് പ്രാധാന്യം നൽകുന്നുണ്ടോ എന്ന് ഒരു ആത്മ പരിശോധന നടത്തിയേ മതിയാകൂ.

ഈ പഞ്ചായത്തിന്റെ സാംസ്കാരിക മേഖലയിലെ പ്രവർത്തകരെപ്പറ്റി പരാമർശിക്കുമ്പോൾ ചില പേരുകൾ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. മാടപ്പള്ളിയിലെ ഗ്രാമീണരുടെ ഇടയിൽ സാമൂഹ്യപരിഷ്ക്കരണത്തിന്റെ പ്രകാശം യഥാകാലം കടന്നു വന്നിട്ടുണ്ട്. എങ്കിലും നമുക്ക് സാംസ്കാരിക രംഗത്ത് കാര്യമായി പ്രവർത്തിക്കാനോ വളരാനോ കഴിഞ്ഞിട്ടില്ല. സാഹിത്യരംഗത്ത് വിശേഷിച്ചും കാവ്യരചനാരംഗത്ത് പ്രസിദ്ധനായിരുന്ന പിരളി ഇല്ലത്ത് പി.ഡി.പരമേശ്വരൻ നമ്പൂതിരി ഒരു നല്ല കവിയും സമൂദായ പ്രവർത്തകനുമായിരുന്നു. പുതിയ തലമുറയ്ക്ക് ഒരു പക്ഷേ അദ്ദേഹം

അപരിചിതനായേക്കാം. സാഹിത്യകാരനും, കവിയും പണ്ഡിതനും വാഗ്മിയുമായ ശ്രീമാൻ, കെ.സി.ഗോപാലപ്പണിക്കർ മാടപ്പള്ളിയുടെ സന്താനമാണ്. മഹാകവി വള്ളത്തോളിൻെറ സ്വർണ്ണമെഡൽ നേടി കവിതാരംഗത്ത് പ്രവേശിച്ച അദ്ദേഹം ആശാൻ മെമ്മോറിയൽ കവിതാരചനയ്ക്ക് ഒന്നാം സമ്മാനമായി സ്വർണ്ണമെഡൽ നേടിയ ആളാണ്. കവനകുസുമം, അശ്രുക്കൾ, വൃന്ദാവനം, കൈത്തിരികൾ, മേഘധ്വനി, ത്യാഗശുദ്ധി എന്നീ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

ജനനംകൊണ്ട് ചങ്ങനാശ്ശേരിക്കാരനാണെങ്കിലും ജീവിതംകൊണ്ട് മാടപ്പള്ളിക്കാരനായിത്തിർന്ന മറ്റൊരാൾ, നിര്യാതനായ ശ്രീമാൻ പി.ജെ.സെബാസ്റ്റ്യൻ അവർകൾ, തികഞ്ഞ രാഷ്ട്രീയ പ്രവർത്തകൻ, അഭിഭാഷകൻ, വാഗ്മി, സാഹിത്യകാരൻ എന്നീ വിവിധ നിലകളിൽ നമുക്ക് പ്രാതസ്മരണീയനാണ്. പുതിയതലമുറയിൽപ്പെട്ട അസംഖ്യം ആളുകൾ ആദ്ധ്യാപകർ, അഭിഭാഷകർ,രാഷ്ട്രീയ പ്രവർത്തകർ, ഡോക്ടറന്മാർ, സമൂദായ പ്രവർത്തകർ എന്നീ വിവിധ നിലകളിൽ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. കാലം അവരുടെ പ്രവർത്തനങ്ങളുടെ സാഫല്യം നിശ്ചയിക്കാനിരിക്കുന്നതേയുള്ളു.

മാടപ്പള്ളിപ്പഞ്ചായത്തിൽ പലകാലങ്ങളിൽ പല ഗ്രന്ഥശാലകളും ക്ലബുകളും ആരംഭിച്ചിട്ടുണ്ട്. പക്ഷേ അവയിൽ പലതും താല്ക്കാലിക ലക്ഷ്യങ്ങൾക്കുവേണ്ടി സ്ഥാപിച്ചവയായിരുന്നതിനാൽ അല്പായുസ്സുകളായി പരിണമിച്ചു. എന്നാൽ എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് നിലനില്ക്കുന്ന മണി മെമ്മോറിയൽ ഗ്രന്ഥശാല കല്പന ഗ്രന്ഥശാല, മാമ്മൂട് ഫോർവേർസ് ക്ലബ് ഗ്രന്ഥശാല, വൈ. എം. എ. ഗ്രന്ഥശാല പഞ്ചായത്ത് ഗ്രന്ഥശാല എന്നിവയുടെ പേര് എടുത്തു പറയേണ്ടിയിരിക്കുന്നു.

ഇവിടെ പല ക്ലബുകൾ ഉണ്ടെങ്കിലും ദൃശ്യഫിലിം ക്ലബ് മാമ്മൂട്, സൂര്യ ആർട്ട്സ് ആൻഡ് സ്പോർട്സ് ക്ലബും ഇല്ലിമൂട് എന്നിങ്ങനെ ചുരുക്കം ചില ക്ലബുകൾ രൂപികരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. പഞ്ചായത്ത് അധികൃതർ സംരക്ഷണവും സഹായവും നൽകി അത്തരം സംരംഭങ്ങൾ വിജയിപ്പിക്കേണ്ടതാണ്.

മാടപ്പള്ളി നിവാസികൾ നല്ല സിനിമകൾ കാണാൻ ഇന്നും ചങ്ങനാശ്ശേരിയിലേക്കാണ് പരക്കം പായുന്നത്. തെങ്ങണാലുള്ള സിനിമ തിയേറ്റർ സിനിമാ പ്രേമികളെ ആകർഷിക്കും വിധം വേണ്ട വിധത്തിൽ സജ്ജമാക്കണം.

### കായിക രംഗം

കായകരംഗത്ത് നമുക്ക് ചിലനേട്ടങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മറ്റുള്ളവരുടെ പ്രവർത്തനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ നാം ഇനിയും കൂടുതൽ പ്രവർത്തിക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. യുവാക്കൾക്ക് ഇന്ന് ക്രിക്കറ്റിലും ഫുട്ബോളിലും പ്രിയമേറിയിട്ടുണ്ടെങ്കിലും മറ്റെല്ലാ ഇനത്തിലും താല്പര്യംവളർത്തിയെടുത്തേ മതിയാകൂ. തലപ്പന്ത്,കുഴിപ്പന്ത്, കിളിത്തട്ട്, കുടുകുടു തുടങ്ങിയ നാടൻ കളികളിൽ പരിശീലനം നൽകണം. നമുക്ക് സ്ഥിരമായ ടീമുകളില്ല. മത്സരവേളകളിൽ മാത്രം തട്ടികൂട്ടുന്ന ടീമുകൾക്ക് കളിയിൽ പരിചയമോ കഴിവോ ഉണ്ടാവുക പ്രയാസമാണ്. അതുകൊണ്ട് കായികസമിതികളും ടീമുകളും രൂപീകരിച്ച് കായിക രംഗപ്രവർത്തനം കൂടുതൽ പ്രബുദ്ധവും പ്രയോജനകരവുമാക്കണം.

മാടപ്പള്ളിപ്പഞ്ചായത്തിന് പങ്കിപ്പുറത്ത് ഒരു കളിസ്ഥലം സ്വന്തമായുണ്ട്. പ്രസ്തുത സ്റ്റേഡിയം ആധുനികരീതിയിൽ പരിഷ്ക്കരിച്ചു നിർമ്മിക്കാൻ അടിയന്തിര ശ്രദ്ധ പതിപ്പിക്കണം. സ്ക്കൂളുകളുടെ കളിസ്ഥലങ്ങളും കായിക മത്സരത്തിനും പരിശീലനത്തിനും ഉപയോഗിച്ചുവരുന്നുണ്ട്.

### പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്തവാർഡുകളിൽ അവ സ്ഥാപിക്കണം.
2. നിരക്ഷരത നീക്കാൻ കൂട്ടായ പ്രയത്നം വേണം.
3. നാടൻ കളികൾക്കും കലാപ്രകടനങ്ങൾക്കും പ്രാധാന്യം നൽകി പരിശീലനം നൽകണം.
4. പ്രഗത്ഭരെ പുരസ്ക്കാരങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം.
5. ഗ്രന്ഥശാലകളിലും വായനശാലകളിലും വൈവിധ്യമുള്ള ഗ്രന്ഥങ്ങളും പത്രവാരികാദികളും സംഭരിക്കണം.
6. ഭാരത ദേശീയതയ്ക്ക് ഊന്നൽ കൊടുക്കുന്ന കലാപ്രകടനങ്ങൾ അവതരിപ്പിക്കാനും പ്രചരിപ്പിക്കാനും പ്രോത്സാഹനം നൽകണം.

7. മദ്യപാനം, പുകവലി, മയക്കു മരുന്നുപയോഗം ഇവ തടയുന്നതിന് നിരന്തരമായ ആശയപ്രചാരണവും അധ്വാനവും ഉണ്ടാകണം.

8. ധാർമ്മികമൂല്യങ്ങൾ ഉയർത്തിക്കാട്ടുന്ന സിനിമാ പ്രദർശനം പ്രചരിപ്പിക്കണം.

## സാദ്ധ്യതകൾ

1) പഞ്ചായത്തിന് ഒരു സാംസ്ക്കാരിക പ്രവർത്തന സമിതി ഉണ്ടായിരിക്കണം. പഞ്ചായത്തു വികസന സമിതിയുടെ മേൽനോട്ടത്തിലും ശിക്ഷണത്തിലും കലാപ്രവർത്തനകേന്ദ്രങ്ങൾ, കായിക സംഘടനകൾ എന്നിവ സ്ഥാപിക്കണം.

2) വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ, കായിക സമിതികൾ എന്നിവ സാംസ്ക്കാരിക സമിതിയുടെ അനുവാദവും മേൽനോട്ടവുമില്ലാതെ സ്ഥാപിക്കാൻ അനുവദിക്കരുത്. എന്തെന്നാൽ അത്തരം സ്ഥാപനങ്ങൾ വഴിതെറ്റി മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കാൻ ഇടവ രുന്നുണ്ട്.

3) പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടത്തുന്ന എല്ലാ ആഘോഷങ്ങൾക്കും പൊതുജനപങ്കാളിത്തം ഉണ്ടായിരിക്കണം.

4) അർഹരെ പഠനപരവും സാമ്പത്തികവുമായ സഹായം നൽകി പ്രോത്സാഹിപ്പിക്കണം.

5) നവീനവും പ്രാചീനവുമായ കലാവസ്തുക്കളും മാതൃകകളും ശേഖരിച്ച് പഞ്ചായത്തിൽ ഒരു പ്രദർശനഹാൾ സജ്ജമാക്കുന്നത് നല്ലതാണ്.

6) പഞ്ചായത്തിൻെറ രൂപരേഖയും അതിൽ ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സ്റ്റേഡിയം, ക്ഷേത്രങ്ങൾ, പള്ളികൾ, വിദ്യാലയങ്ങൾ, റോഡുകൾ, എന്നിവയും രേഖപ്പെടുത്തി പൊതു ദർശനത്തിനായി സൂക്ഷിക്കണം.

7) പഞ്ചായത്തിൽ കായിക രംഗത്ത് പ്രവർത്തിക്കുന്നവരെപ്പറ്റിയുള്ള വിവരങ്ങൾ എഴുതിയ ലിസ്റ്റ് പ്രദർശിപ്പിക്കുന്നത് നന്നായിരിക്കും.

8) പഠന ശിബിരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

9) മത്സരങ്ങൾ നടത്തി വിജയികളെ പ്രോത്സാഹിപ്പിക്കണം.

10) സ്വന്തം സംസ്ക്കാരത്തിന് മുൻതൂക്കം നൽകുകയും വിദേശ സംസ്ക്കാരത്തിൻെറ നല്ല വശങ്ങൾ സ്വീകരിക്കുകയും ചെയ്ത് ഇന്നത്തെ മൂല്യശോഷണത്തിന് പരിഹാരം കണ്ടെത്തണം.

11) നാടിൻെറ നാശവും പ്രാദേശിക ചിന്തയും ലാക്കാക്കി പ്രർത്തിക്കുന്ന രാജ്യദ്രോഹികളെ തോല്പിച്ച് ഒരേ ഭാരതം ഒരേ ജനത എന്ന മോഹന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

12) സ്വന്തമായി കെട്ടിടമില്ലാത്ത ഗ്രന്ഥശാലകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.

13) സഞ്ചരിക്കുന്ന ലൈബ്രറി ഏർപ്പെടുത്തുക.

14) സാക്ഷരത പരിപാടി പുനജ്ജീവിപ്പിക്കുക.

15) പഞ്ചായത്ത് വക ലൈബ്രറിയുടെ പ്രവർത്തനസമയത്തിൽ മാറ്റം വരുത്തുക. പ്രവർത്തന സമയം രാവിലെ 10 മുതൽ വൈകുന്നേരം 8 മണി വരെയാക്കുക.

16) വിദ്യാഭ്യാസ പരമായി മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ, ഉപരിപഠന വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായി റഫറൻസ് ബുക്കുകളും മറ്റും, ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്ത് ഗ്രന്ഥശാല സ്ഥാപിക്കണം.

17) സർക്കാരിൽ നിന്നുള്ള തൊഴിൽ വാർത്ത, ഗസ്റ്റ്,സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ, മറ്റു ഗവണ്മമെൻറ് പ്രസിദ്ധീകരണങ്ങൾ എന്നിവ വായനശാലകൾക്കും,ഗ്രന്ഥശാലകൾക്കും പഞ്ചായത്തുവഴി വിതരണം നടത്തുക.

18) പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിൻെറ ശോചനീയാവസ്ഥ പരിഹരിക്കുക.പുതിയതായി നിർമ്മിച്ച കെട്ടിടത്തിൻെറ നിർമ്മാണത്തിലുണ്ടായ പാളിച്ചകൾ പരിശോധിക്കുക.

19) പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വിവരഗ്രഹണ കേന്ദ്രം സ്ഥാപിക്കുക.



# വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിലും ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങികൂടുന്ന ഭൂരിപക്ഷം സ്ത്രീകളുടെ പ്രവണത ഈ പഞ്ചായത്തിലും നിലനിൽക്കുന്നു.

സ്ക്കുൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്ന പ്രാചീന കാലത്ത് കുടിപ്പള്ളി ക്കൂടത്തിലൂടെ മാത്രമാണ് പെൺകുട്ടികൾക്ക് അറിവു ലഭിച്ചിരുന്നത്. അതുതന്നെ എല്ലാ ജാതിയിലും പെട്ടവർക്ക് പ്രവേശനം ലഭിച്ചിരുന്നുമില്ല. അക്കാലത്ത് സാമൂഹ്യ പ്രവർത്തനങ്ങളിൽ സ്ത്രീപങ്കാളിത്തം താരതമ്യേന കുറവായിരുന്നു.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പെൺകുട്ടികൾക്ക് 'ശൈശവ വിവാഹം' എന്ന ഏർപ്പാട് നിലവിലുണ്ടായിരുന്നു. 1991-ലെ സെൻസസ് അനുസരിച്ച് മാടപ്പള്ളിയിൽ 14845 പുരുഷന്മാരും, 15337 സ്ത്രീകളുമാണുള്ളത്. ജനസംഖ്യയിൽ പുരുഷന്മാരെക്കാൾ സ്ത്രീകളുടെ സംഖ്യ കൂടുതലായപ്പോൾ സമൂഹത്തിൽ ഉയർന്ന സ്ഥാനവും അവർക്കു കിട്ടേണ്ടതല്ലേ.

1920-കളിൽ പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ലായിരുന്നു. അതുകൊണ്ട് വനിതകൾ വീട്ടു ജോലികൾ ചെയ്ത് വീടുകളിൽ കഴിഞ്ഞുകൂടി. എന്നാൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ ഉന്നത വിദ്യാഭ്യാസരംഗത്ത് പുരുഷന്മാരെക്കാളും മുൻ പന്തിയിലാണ്. അദ്ധ്യാപന രംഗത്ത് സ്ത്രീകളാണ് മുൻപന്തിയിൽ.

## തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം

ആദ്യകാലഘട്ടങ്ങളിൽ സ്ത്രീ തൊഴിലാളികൾ കാർഷിക മേഖലയിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ കെട്ടിടനിർമ്മാണ രംഗത്ത് സ്ത്രീ തൊഴിലാളികളുടെ എണ്ണം കൂടുതലാണ്. കർഷക തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിന്റെ രണ്ടിരട്ടി കെട്ടിട നിർമ്മാണമേഖലയിൽ ലഭിക്കുന്നതാണു ഇതിനു കാരണം. കാർഷിക മേഖലയിൽ സ്ഥിരമായ തൊഴിൽ കുറവായതാണ് മറ്റു തൊഴിൽ രംഗങ്ങളിലേയ്ക്ക് സ്ത്രീകൾ പ്രവേശിക്കാനുള്ള മറ്റൊരു കാരണം. എന്നാൽ തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരെ

ക്രൂരമായ അവഗണന ഇന്നും നിലനിൽക്കുന്നു. പുരുഷനൊപ്പം ജോലി ചെയ്തിട്ടും വേതനം സ്ത്രീക്കു തുലോം കുറവാണ്. ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ (കോഴി വളർത്തൽ, അടുക്കളത്തോട്ടം, തീപ്പെട്ടി കമ്പനി ഇവ പ്രധാനം)എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള തീവ്രയത്നം ഇന്നത്തെ അടിയന്തിരാവശ്യമാണ്. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യാലയങ്ങൾ നടപടി ക്രമങ്ങൾ ലഘൂകരിച്ച് കൂടുതൽ സഹായ പദ്ധതികൾ, നടപ്പിലാക്കണം. പല വനിതാസംഘടനകളും ഇപ്പോൾ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. മാർഗ്ഗ നിർദ്ദേശം നൽകുവാനും നേതൃത്വം നൽകുവാനും പര്യാപ്തരായവർ മുന്നോട്ടു വരാത്തതാണ് ഇതിനും കാരണം. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കിളിത്തം കുറയുന്നതിന് ഒരു കാരണമിതാണ്.

ധാരാളം വനിതാതൊഴിൽ സ്ഥാപനങ്ങളും, രണ്ട് D.W.C.R.A യൂണിറ്റുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മാടപ്പള്ളി പഞ്ചായത്തിലെ 10% വീടുകളിൽ സ്ത്രീകളാണ് കുടുംബം പുലർത്തുന്നത്. വിദ്യാർത്ഥികളുടെ എണ്ണത്തിലും പഠനനിലവാരത്തിലും പെൺകുട്ടികളാണ് മുൻപിൽ. സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങൾപൊതുവേ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എങ്കിലും സ്ത്രീ പീഡനകേസുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 1990-ലെ സാക്ഷരതാ പ്രവർത്തനം സ്ത്രീകളുടെ സാക്ഷരതാ തോത് ഉയർത്തുന്നതിന് സഹായിച്ചു.

### പ്രശ്നങ്ങൾ

#### 1)തൊഴിലില്ലായ്മയും, വിവേചനവും

സ്ത്രീകളുടെ പ്രധാന പ്രശ്നം രൂക്ഷമായ തൊഴിലില്ലായ്മ തന്നെ.തൊഴിൽ മേഖലകളിലാകട്ടെ കൂലി നിരക്കിലെ വിവേചനവും നിലനിൽക്കുന്നു. കാർഷിക മേഖലയിൽ പുരുഷന് 100 രൂപാ ലഭിക്കുമ്പോൾ സ്ത്രീ തൊഴിലാളിക്ക് 45 രൂപയേ ലഭിക്കുന്നുള്ളു. കെട്ടിട നിർമ്മാണ മേഖലയിൽ പുരുഷന് 125-130 രൂപ ലഭിക്കുമ്പോൾ സ്ത്രീക്ക് 75 രൂപയാണുള്ളത്. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലയിൽ കൂലി നിരക്കു് ഇതിലും വളരെ കുറവാണ്. (ഉദാ.നൂൽനൂൽപ്, തീപ്പെട്ടി നിർമ്മാണം)

#### 2. സാമൂഹിക രംഗത്തെ പങ്കാളിത്തം.

സാമൂഹ്യരംഗത്ത് വളരെ കാലമായി പിന്നിലായ സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെയും ബോധവൽക്കരണത്തിലൂടെയും മുന്നോട്ടു കൊണ്ടുവന്നാലേ തൊഴിൽ മേഖലയിലും പൊതുരംഗത്തും അർഹമായ പങ്കുവഹിക്കുവാൻ അവർ പ്രാപ്തരാകുകയുള്ളു. ഏറ്റെടുക്കുന്ന ജോലി ഭംഗിയായും, ഉത്തരവാദിത്വത്തോടെയും, സത്യസന്ധമായും നിറവേറ്റുവാൻ സ്ത്രീകൾക്ക് സാധിക്കുമെന്നുള്ളത് ഒരു നഗ്ന സത്യമാണ്.

എന്നാൽ ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കുവാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും കാണുന്നു. മനുഷ്യവർഗ്ഗത്തിലെ പകുതിയിലധികം വരുന്ന വിഭാഗമാണ് തങ്ങളെന്നും, പുരുഷന്മാർക്കുള്ള അധികാര അവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീ കൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. അവകാശങ്ങൾ തിരിച്ചറിയുകയും അവ നേടിയെടുക്കുവാൻ സ്വീകിരിക്കാവുന്ന സമരപരിപാടികൾ സ്വീകരിച്ചു വിമോചനത്തിന്റെ പാത സ്ത്രീകൾ തിരിച്ചറിയേണ്ടതാണ്.

#### 3) മദ്യനിരോധനവും അതിനോടു ചേർന്ന പ്രശ്നങ്ങളും

മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭകളിലും വനിതാ ഗ്രൂപ്പിൽ ഉയർന്നുവന്നിട്ടുള്ള ഒരു പ്രശ്നമാണ് സമ്പൂർണ്ണ മദ്യനിരോധനം. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണം. അതു ലംഘിക്കുന്നവർക്ക് എതിരെ കർശന നടപടി സ്വീകരിക്കണം. വ്യാജമദ്യം വ്യാപകമായി വരുന്നു. ഗ്രാമതലവിജിലൻസ് കമ്മറ്റി സജ്ജീവമാക്കിഇതിനെതിരെ പോരാടുകയും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും വേണം.

#### 4)സ്ത്രീകളുടെ മാന്യതസംരക്ഷിക്കപ്പെടണം.

അശ്ലീലമാസികകൾ,സിനിമകൾ, പോസ്റ്ററുകൾ, പരസ്യങ്ങൾ ഇവ കുമാരീ കുമാരന്മാർക്കും, യുവജനങ്ങൾക്കും വൃദ്ധന്മാർക്കും വികാരം നിയന്ത്രിക്കുവാനുള്ള കഴിവ് നശിപ്പിക്കുന്നു. ഫലമോ ലൈംഗീക പീഡനം. അതുകൊണ്ട് അശ്ലീല മാസികകളും, അശ്ലീല സിനിമകളും, നഗ്നചിത്ര പോസ്റ്ററുകളും, സ്ത്രീ ശരീര ചിത്രപ്രദർശനവും അവസാനിപ്പിക്കണം. പുരുഷനൊപ്പം മാന്യതസ്ത്രീകൾക്കും ലഭിക്കണം.

### 5)സ്ത്രീ ധനവും കുടുംബ ഭദ്രതയും

സ്ത്രീധനത്തിന്റെ പേരിൽ പാവപ്പെട്ട പെൺകുട്ടികൾ വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി ദുഃഖമനു ഭവിക്കുന്നു. സ്ത്രീധനം ഗവൺമെൻറു നിയമംമൂലം അവസാനിപ്പിക്കണം. അത് ലംഘിക്കുന്നവർക്ക് എതിരെ കർശന നടപടി സ്വീകരിക്കണം. ഓരോ കുടുംബത്തിനും സാമ്പത്തീക ഭദ്രത ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കുകയും വേണം. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവ സമയത്ത് ലഭിക്കുവാനുള്ള നടപടി വേണം. തൊഴിൽ തേടി പോകുന്നവരുടെ ശിശുക്കളെ സംരക്ഷിക്കുന്നതിനും, അവരുടെ ആരോഗ്യപരിപാലനത്തിനും ഓരോ വാർഡിലും ക്രഷുകൾ സ്ഥാപിക്കണം. ഒരു സ്ത്രീക്കു തൊഴിലും മറ്റു സ്ത്രീതൊഴിലാളികൾക്കുതൊഴിൽചെയ്യാനുള്ള അവസരവും ഇതു മൂലം ലഭിക്കുന്നു.

### 6)വനിതകൾക്ക് തൊഴിൽ പരിശീലനം

വനിതകൾക്ക് തയ്യൽ, നെയ്ത്ത്, തുടങ്ങിയ തൊഴിൽ പരിശീലനത്തിന് ആവശ്യമായ സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ടാവണം. 12-ാംവാർഡിൽ വനിതകളുടെ മേൽനോട്ടത്തിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കണം. 25 വീടുകളിലെ ആളുകളെ വീതം സംഘടിപ്പിച്ച് വനിതാ ഫോറങ്ങൾ രൂപീകരിക്കുകയും കുടുംബ ക്ഷേമപദ്ധതികൾക്ക് രൂപം നൽകുകയും വേണം.

### സാധ്യതകൾ

സാമൂഹ്യരംഗത്തും, പൊതു രംഗത്തും, സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ അവർക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. കക്ഷി രാഷ്ട്രീയത്തിനതീതമായ ശ്രമങ്ങൾ കൊണ്ട് കൂടുതൽ സ്ത്രീകളെ നേതൃനിരയിൽ കൊണ്ടു വരുവാൻ സാധിക്കും. പൊതു പ്രവർത്തനപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അറിവും അനുഭവങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കണം. അങ്ങനെ അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാം.

ഈ പഞ്ചായത്തിലെ സ്ത്രീകൾക്ക് ജോലി ചെയ്യുവാൻ താല്പര്യമുണ്ട്. എന്നാൽ അതിനുവേണ്ട സാഹചര്യങ്ങൾ ഇല്ല. ആയതിനാൽ തൊഴിലില്ലായ്മ പരിഹരിക്കാൻ സഹകരണ സംരംഭങ്ങൾ ഉണ്ടാക്കണം. തയ്യൽ ജോലികൾ, പച്ചക്കറി ത്തോട്ടങ്ങൾ, അടുക്കള തോട്ടങ്ങൾ, കോഴി വളർത്തൽ, പുഷ്പകൃഷി മുതലായവ സ്ത്രീകളുടെ മേൽനോട്ടത്തിൽ നടത്താവുന്നതാണ്.

### വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ (ചുരുക്കത്തിൽ)

1) തൊഴിൽ മെഖലയിൽ സ്ത്രീതൊഴിലാളികൾക്ക് അർഹമായ വേതനം കിട്ടുന്നില്ല.

2) സാമൂഹ്യസേവനരംഗത്ത് സ്ത്രീകൾ മുന്നോട്ടു വന്നാൽ അവഗണനക്കും പരിഹാസത്തിനും പാത്രമാകുന്നു.

3) തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്രപരിജ്ഞാനമില്ല.പരിശീലനത്തിന് സൗകര്യം ഇല്ല.

4) സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സ്ഥായിയായ തടസ്സമാണ്.

5) വനിതകൾക്ക് സ്വയം തൊഴിലിന് സാമ്പത്തീക സഹായം നൽകുന്ന സ്ഥാപനങ്ങളുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കണം.

6) സ്വയം തൊഴിലിന് ആവശ്യമായ സഹായം ലഭിക്കുന്ന പദ്ധതികളെപ്പറ്റിയുള്ള അറിവ് കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം.

7) അംഗൻവാടി ജീവനക്കാർക്ക് കാലോചിതമായ വേതനം ലഭിക്കുന്നില്ല. അവർക്ക് കാലോചിതമായ വേതന വ്യവസ്ഥകൾ ഉണ്ടാക്കണം..

8) അംഗൻവാടികളിൽ പലതിനും കെട്ടിടങ്ങളോ വേണ്ടത്ര സൗകര്യങ്ങളോ ഇല്ല. ഇവ രണ്ടും ഉണ്ടാക്കണം.

9) സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധാർഢ്യം സ്ത്രീകൾക്ക് കുറവാണ്.

10) വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുവാനുള്ള വനിതാ സഹകരണതൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൽ ഉണ്ടാകണം.

11) പഞ്ചായത്തിന്റെ 12 വാർഡുകളിലെയും പൊതുവഴികളിൽ പ്രധാന ഭാഗങ്ങളിൽ വെയിറ്റിംഗ് ഷെഡുകളും സ്ത്രീകൾക്കായി പ്രത്യേകം കംഫർട്ട് സ്റ്റേഷനുകളും വേണം.

12) വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ മുതലായവ സമയത്ത് ലഭ്യമാക്കണം.

13) വനിതാക്ഷേമപരിപാടികളും, ശിശുക്ഷേമപരിപാടികളും നടപ്പിലാക്കാൻ വനിതാസംഘടനകൾ പഞ്ചായത്തു തലത്തിൽ രൂപീകരിക്കണം.

14) വനിതാ കമ്മീഷൻെറ അധികാരങ്ങൾ വിപുലപ്പെടുത്തണം.

15) മാതാപിതാക്കൾക്കു ബോധവത്ക്കരണം, ശിശുരോഗവിദഗ്ധരുടെ സേവനം, ഹെൽത്തുകാർഡ് ഇവ നടപ്പാക്കണം.

16) മാതാപിതാക്കന്മാർക്ക് ആധുനിക സാഹ ചര്യത്തിൽ കുട്ടികളുടെ വളർത്തലിൽ ബോധവത്ക്കരണം വേണം.

17) പഞ്ചായത്തിലെ എല്ലാ വാർഡുകളിലും, പ്രാഥമികാരോഗ്യ കേന്ദ്രം വേണം. അവ ഗർഭിണികളെയും, കുട്ടികളെയും കിടത്തി ചികിത്സിക്കുവാൻ പറ്റിയ തരത്തിലുള്ള പ്രാഥമീകസൗകര്യങ്ങളോടുകുടിയതായിരിക്കണം.

18) ഗർഭസ്ഥ ശിശുക്കളുടെയും, ഗർഭിണികളുടെയും ആരോഗ്യസംരക്ഷണവും പോഷകാഹാരകുറവും പരിഹരിക്കുന്നതിനും രോഗനിവാരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

19) സ്ത്രീകളുടെ നേർക്കു നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടി കൈക്കൊണ്ട കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

20) സ്ത്രീകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുവാൻ അയൽക്കൂട്ടങ്ങൾ രൂപീകരിക്കണം.

### സ്ത്രീകളുടെ പ്രശ്നപരിഹാരങ്ങൾക്ക് താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. ഉല്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക.

2. വിഭവസാധ്യതകണക്കിലെടുത്ത് തൊഴിൽയൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.

4. തൊഴിലസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുക.

6. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി കുട്ടികളുടെ വിനോദത്തിനും, വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം ഉണ്ടാക്കുക.

7 സ്ക്കൂൾ, കോളേജ് തലങ്ങളിൽ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.




# സഹകരണം

കാട ബാദ്ധ്യതയിൽ നിന്നും കർഷിക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. ഇന്ന് സഹകരണ പ്രസ്ഥാനം നിത്യജീവിതത്തിൻെറ വിവിധ മേഖലകളിൽ കടന്നു കയറി വൻകിട വ്യവസായങ്ങളും മറ്റു പണിശാലകളും നടത്തുവാൻ കഴിവുറ്റതും പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുവാൻ പ്രാപ്തമായതും വൻകിട ബാങ്കിംഗ് സ്ഥാപനങ്ങളോട് കിടപിടിക്കുവാൻ തക്ക പ്രാപ്തിയുള്ളതും കാർഷികവ്യവസായമേഖലയിൽ വൻപിച്ച പുരോഗതി കൈവരുത്തുവാൻ ശേഷിയുള്ളതുമായ ഒരു മഹത് ശക്തിയായി വളർന്നു കഴിഞ്ഞിരിക്കുന്നു.

കൃഷി, വ്യവസായം,ഡയറി,വിദ്യാഭ്യാസം, കൺസ്യൂമർ, വിപണനം, ഗതാഗതം, ഭവന നിർമ്മാണം, ആതുരശുശ്രൂഷ, മത്സ്യ ബന്ധനം, ഹോട്ടൽ തുടങ്ങി ജീവിതത്തിൻെറ എല്ലാ തുറകളിലും സഹകരണ മേഖല വ്യാപിച്ചു കിടക്കുന്നു. മറ്റു സംസ്ഥാങ്ങളെ അതിശയിപ്പിക്കുമാറ് നമ്മുടെ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനം വളർന്നു കഴിഞ്ഞു. കാർഷിക വയ്പയുടെ 72% കാർഷിക സഹകരണ സംഘങ്ങൾ വഴിയാണ് വിതരണം ചെയ്യപ്പെടുന്നത്. സാധാരണക്കാരുടെ അഭയകേന്ദ്രം സഹകരണബാങ്കുകളാണ്. ആയതിനാൽ സഹകരണ മേഖലയുടെ പ്രസക്തി എടുത്തു പറയത്തക്കതാണ്.

ജീവിതത്തിൻെറ സമസ്ത മേഖലകളിലും വ്യാപിച്ചുകിടക്കുന്ന സഹകരണമേഖലയ്ക്ക് മതിയായ പ്രാധാന്യം ഒൻപതാം പദ്ധതിയിൽ നൽകേണ്ടത് അനിവര്യമാണ്. നമ്മുടെ പഞ്ചായത്തിൻെറ വികസനരൂപരേഖ തയ്യാറാക്കുമ്പോൾ സഹകരണമേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്. പുർണ്ണമായും കാർഷികമേഖലയെ ആശ്രയിച്ചാണ് നമ്മുടെ പഞ്ചായത്തിലെ ജനജീവിതം നിലനിൽക്കുന്നത്. ആയതിനാൽ കാർഷിക മേഖലയുടെ പ്രാധാന്യത്തോടൊപ്പം സഹകരണമേഖലയ്ക്കും പ്രാധാന്യം നൽകേണ്ടതുണ്ട്.

മാടപ്പള്ളി വില്ലേജിൽ 1920-ൽ ആരംഭിച്ച മാടപ്പള്ളിക്കരനായർ പരസ്പര സഹായസംഘമാണ് ഇവിടുത്തെ ആദ്യത്തെ സഹകരണപ്രസ്ഥാനം. പിന്നീട് ഈ സംഘമാണ് മാടപ്പള്ളി സർവ്വീസ് സഹകരണസംഘമായി രൂപം പ്രാപിച്ചത്. തച്ചിലേഴത്ത് എ.കേശവപിള്ള, കാരിമുട്ടത്തു കൃഷ്ണപ്പണിക്കർ, വയലുങ്കൽ എം.ആർ

വേലുപ്പിള്ള, കാരിമുട്ടത്തു പി. നാരയണിയമ്മ എന്നിവരാണ് ആദ്യകാല പ്രവർത്തകർ. 1960-ൽ കുറുമ്പനാടം കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച കുറുമ്പനാടം സർവ്വീസ് സഹകരണസംഘമാണ് രണ്ടാമത്തെ സഹകരണ പ്രസ്ഥാനം. 1970-കളുടെ മദ്ധ്യത്തോടെ ഇതിൻെറപ്രവർത്തനം നിലച്ചുപോയി.

വിവിധ മേഖലകളിലായി 14 സഹകരണ സംഘങ്ങൾ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണ സംഘങ്ങളിൽ ഭൂരിപക്ഷവും പ്രവർത്തനരഹിതവും സമാപീകരണത്തിൻെറ വക്കത്തും ആണ്.

താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധി ഈ പഞ്ചായത്ത് കൂടി ഉൾപ്പെട്ടതാണ്.

സഹകരണ മേഖലയ്ക്ക് വേണ്ടത്ര വേരോട്ടം ഉണ്ടായിട്ടില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. എണ്ണത്തിൽ സഹകരണ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനത്തിൽ കാർഷിക വായ്പാ സംഘങ്ങളിലും പാൽ വിപണന സംഘങ്ങളിലും റബ്ബർക്കറ സംഭരണ സംഘങ്ങളിലും മാത്രം ഒതുങ്ങി നിൽക്കുന്നു.

**പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

1. മാടപ്പള്ളി സർവ്വീസ് സഹകരണബാങ്ക് പെരുമ്പനച്ചി.
2. മാടപ്പള്ളി ക്ഷീരോൽപ്പാദകസഹകരണസംഘം NES - ബ്ലോക്ക് ജംഗ്ഷൻ.
3. ഈയ്യാലിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം.
4. പാലമറ്റം ക്ഷീരോൽപ്പാദകസഹകരണസംഘം പാലമറ്റം
5. കുറുമ്പനാടം റബ്ബർ ഉൽപ്പാദകസഹകരണസംഘം, കുറുമ്പനാടം
6. ഏലംകുന്ന് റബ്ബർ ഉൽപ്പാദകസഹകരണ സംഘം, ഏലംകുന്ന്.
7. മാമ്മൂട് റബ്ബർ ഉൽപ്പാദകസഹകരണസംഘം, മാമ്മൂട്.
8. പാലമറ്റം റബ്ബർ ഉൽപ്പാദകസഹകരണസംഘം, പാലമറ്റം
9. കൈത്തറി നെയ്ത്തുസഹകരണസംഘം അഴകാത്തുപടി.
10. കൺസ്യൂമർ സഹകരണസംഘം, മാമ്മൂട്.
11. സെൻറ് ഷന്താൾസ് ഹൈസ്ക്കുൾ സഹകരണ സംഘം, മാമ്മൂട്.
12. സെൻറ് പീറ്റേഴ്സ് ഹൈസ്ക്കൂൾ സഹകരണസംഘം, കുറുമ്പനാടം.
13. സി.എസ്.യു.പി.സ്ക്കൂൾ സഹകരണസംഘം, മാടപ്പള്ളി.
14. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘം, മാടപ്പള്ളി

**സഹകരണസംഘങ്ങളുടെ പ്രവർത്തനം.**

**മാടപ്പള്ളി സർവ്വീസ് സഹകരണസംഘം**

എഴുപത്തിയഞ്ചു വർഷംമുമ്പ് 1920 ജൂലൈ മാസം 16-ാം തീയതി ആയിരുന്നു ഈ ബാങ്കിൻെറ

| കാർഷിക വായ്പകൾ - നമ്പർ | | ഇനം | തുക |
|---|---|---|---|
| | 1 | ഹ്രസ്വകാല വായ്പകൾ | 1117785 |
| | 2 | മദ്ധ്യകാല വ്യ്പകൾ | 1053105 |
| | 3 | ദീർഘകാലവായ്പകൾ | 1733761 |
| മറ്റു വായ്പകൾ4 | | സാധാരണവായ്പകൾ | 21976047 |
| | 5 | സ്വർണ്ണപണയവായ്പകൾ | 4034562 |
| | 6 | നിക്ഷേപവായ്പകൾ | 2493308 |
| പ്രത്യേക വായ്പകൾ | 7 | കാർഷികപദ്ധതിവായ്പകൾ | 1787830 |
| | 8 | ദരിദ്രഗ്രാമീണകുടുംബങ്ങൾക്കുള്ള സമഗ്ര വായ്പകൾ | 999036 |
| | 9 | I.R.D.P വായ്പകൾ | 174571 |

പ്രവർത്തനം ആരംഭിച്ചത്. മാടപ്പള്ളി പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും തൃക്കൊടിത്താനം പഞ്ചായത്തിലെ 7,8,9, വാർഡുകളും ഈ ബാങ്കിൻെറ പ്രവർത്തന പരിധിയിൽപ്പെടുന്നു. ഈ ബാങ്കിൽ 7600 അംഗങ്ങൾ ഉണ്ട്. 10 രൂപ വിലയുള്ള 452 ലക്ഷം രൂപയുടെ ഓഹരികൾ ഉണ്ട്. ഇതിൽ 179000 രൂപയുടെ സർക്കാർ ഓഹരികൾ ഉണ്ട്.

പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച സ്ഥിരം നിക്ഷേപം 44936176.43 രൂപയും ഹ്രസ്വകാലനിക്ഷേപം 5218726.12 രൂപയും ഉണ്ട്. ഏറ്റവും നല്ല സഹകരണസംഘം എന്ന ഖ്യാതി ഈ ബാങ്ക് നേടിയിട്ടുണ്ട്.

**ഈ ബാങ്ക് നൽകിയിട്ടുള്ള വായ്പകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.**

ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2386825 രൂപയുടെ വായ്പയും സർക്കാരിൽ നിന്ന് ഗോഡൗൺ വായ്പയായി 49750 രൂപയും ലഭിച്ചിട്ടുണ്ട്. കാർഷിക, കാർഷികേതര വായ്പ വിതരണത്തോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ഈ സഹകരണസംഘം നടത്തുന്നുണ്ട്.

1. രാസവള വിപണനം പഞ്ചായത്തിൻെറ 6 കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വാർഷിക ട്രേണോവർ 376 ടൺ വരും.
2. ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള സമഗ്രവായ്പാ പദ്ധതികൾ സ്വന്തമായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു
3. എല്ലാ സൗകര്യങ്ങളോടും കൂടിയ C.S.U.P School സ്ഥാപിച്ച് നടത്തുന്നു.
4. അംഗങ്ങളുടെ ആവശ്യത്തിന് എല്ലാ സൗകര്യങ്ങളോടുംകൂടിയ ആഡിറ്റോറിയം മിതമായ നിരക്കിൽ നൽകുന്നു.
5. കാർഷിക രംഗത്ത് പുത്തൻ ഉണർവുണ്ടാക്കിയ ഫാർമേഴ്സ് ക്ലബ് നബാർഡുമായി ചേർന്ന് പ്രവർത്തിക്കുന്നു.
6. സ്വാശ്രയ സംഘങ്ങൾ രൂപികരിച്ച് വനിതകൾക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നു.
7. ഹോം അപ്ലയൻസിൻെറ വില്പനശാല ചങ്ങനാശ്ശേരിയിലും പെരുമ്പനച്ചിയിലും സ്ഥാപിച്ച് നടത്തുന്നു.

ഈ ബാങ്കിന് മൂന്ന് നിലയിലുള്ള ഹെഡാഫീസും മാടപ്പള്ളിയിലും കുറുമ്പനാടത്തും വഴീപ്പടിയിലും സ്വന്തമായ സ്ഥലത്ത് ബ്രാഞ്ചുകളും ഉണ്ട്. തെങ്ങണാ ജംങ്ഷനിൽ ബാങ്ക് വാങ്ങിച്ചിരിക്കുന്ന സ്ഥലത്ത് പ്രഭാതസായാഹ്നശാഖയും ഷോപ്പിംഗ് കോംപ്ലക്സും ആഡിറ്റോറിയവും പുർത്തിയാക്കാനുള്ള പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. 1995-96 വർഷത്തെ Establishment ചെലവ് 10.35 ലക്ഷം രൂപയാണ്. Contingennies ചെലവ് 6.49 ലക്ഷം രൂപയാണ്. ഈ ബാങ്കിൽ 18 ജീവനക്കാരാണുള്ളത്. കാലവധി കഴിഞ്ഞിട്ടും നൽകിയവായ്പകൾ അംഗങ്ങൾ തിരിച്ചടയ്ക്കാത്തതുകാരണം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇവയെ സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ഇനം | പിരിഞ്ഞുകിട്ടാനുള്ള തുക |
|---|---|
| കാർഷിക ഹ്രസ്വകാലവായ്പകൾ | 230685 രൂപ |
| കാർഷിക മദ്ധ്യകാല വായ്പകൾ | 389743 രൂപ |
| സർക്കാർ പദ്ധതി വായ്പകൾ (I.R.D.P.) | 84969 രൂപ |
| സാധാരണ വായ്പകൾ | 2603390 രൂപ |
| സ്വർണ്ണപ്പണയവായ്പകൾ | 89000 രൂപ |

**ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ**

ആപ്കോസ്ൻെറ കീഴിൽ മാടപ്പള്ളി പഞ്ചായത്തിൽ പാലമറ്റം, ഈയ്യാലി, മാടപ്പള്ളി എന്നീ സ്ഥലങ്ങളിൽ 3 ക്ഷീരോൽപ്പാദകസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഈയ്യാലി ക്ഷീരോൽപ്പാദക സഹകരണസംഘത്തിന് മാമ്മൂട് കേന്ദ്രമാക്കി ഒരു പാൽ സംഭരണ കേന്ദ്രംകൂടി പ്രവർത്തിക്കുന്നു. 3 സംഘങ്ങളിൽ കൂടി പ്രതിദിനം 1000 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. പഞ്ചായത്തിൽ തന്നെ 250 ലിറ്റർ പാൽ വിൽക്കുന്നുണ്ട്. ബാക്കി വരുന്ന പാൽ മിൽമയിലേയ്ക്ക് അയക്കുകയാണ് ചെയ്യുന്നുത്.

നിലവിലുള്ള ക്ഷീരോൽപ്പാദകസഹകരണസംഘങ്ങളിൽ ഏറ്റവും നല്ല നിലയിൽ പ്രവർ

ത്തിക്കുന്നത് ഈയ്യാലിൽ ക്ഷീരോൽപ്പാദക സഹകരണസംഘമാണ്. ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ചതിന് സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട് ഈ സംഘത്തിന്. ഈ സംഘങ്ങൾ മുഖേന കന്നുകാലികർഷകർക്ക് ആവശ്യമായ കാലിത്തീറ്റ, ധാതുലവണ മിശ്രണങ്ങൾ മുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. മുഴുവൻ കാലികർഷകരേയുംക്ഷീരോൽപ്പാദക സഹകരണസംഘങ്ങളിൽ അംഗങ്ങളാക്കുവാൻ സാധിക്കുകയില്ല. കാരണം പലതാണെങ്കിലും ദൂരപരിധി പ്രധാന പ്രശ്നമാണ്. കാലിവളർത്തൽ ഇന്ന് നഷ്ടത്തിൻെറ വക്കിലാണ്. ഒരു പശുവിൻെറ സംരക്ഷണത്തിന് ആവശ്യമാകുന്ന തുകയും അതിൻെറ പാലിൽ നിന്നു ലഭിക്കുന്ന ആദായവും കണക്കാക്കിയാൽ ഈവസ്തുത മനസ്സിലാക്കുവാൻ സാധിക്കും.

### റബ്ബർ ഉൽപ്പാദകസഹകരണസംഘങ്ങൾ

ചങ്ങനാശ്ശേരി സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘത്തിൻെറ കീഴിൽ പാലമറ്റം, കുറുമ്പനാടം, മാമ്മൂട്, ഏലക്കുന്ന് എന്നീ സ്ഥലങ്ങളിൽ റബ്ബർക്കറ സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളിൽ 876 അംഗങ്ങൾ ഉണ്ട്. ഈ സംഘം മുഖേന പ്രതിദിനം 1650 കിലോ റബ്ബർക്കറ സംഭരിക്കുന്നുണ്ട്. ഈ സംഘങ്ങളിൽ അംഗങ്ങളായവർക്ക് ആവശ്യമായ വളം, കീടനാശിനി, റബ്ബർ ഉൽപ്പാദന ഉപാധികൾ എന്നിവ റബ്ബർ ബോർഡിൻെറ സഹായത്തോടെ വിതരണം നടത്തുന്നു. കൂടാതെ റബ്ബർ കർഷകരെ സംബന്ധിച്ച സെമിനാർ, ക്ലാസ്സുകൾ, മണ്ണുപരിശോധന മുതലായവയും നടത്തുന്നു. റബ്ബർ ബോർഡിൻെറ ധനസഹായത്താൽ ആരംഭിച്ച സ്ഥാപനങ്ങൾ ആണ് ഇവ. ഏറ്റവും വലിയ കാർഷിക ഉൽപ്പന്നമായ റബ്ബർ ഉള്ള സ്ഥലമാണ് മാടപ്പള്ളി. കൂടുതൽ സ്ഥലങ്ങളിൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങിയാൽ കൂടുതൽ ആളുകളെ ലഭിക്കും.

### കൺസ്യൂമർ സഹകരണസംഘം

മാമ്മൂട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സഹകരണസംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സാമ്പത്തിക പരാധീനതയാണ് പ്രവർത്തനം നിന്നുപോകാൻ കാരണമായത്.

### കൈത്തറി സഹകരണസംഘം

അഴകാത്തുപടി കേന്ദ്രമാക്കി ഒരു കൈത്തറി സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 8 ജോലിക്കാർ ഉണ്ട്. കാലങ്ങളായി ഈ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വിപണന സാധ്യതകുറവ്, ജോലിക്കാരുടെ കൊഴിഞ്ഞു പോക്ക്, സാമ്പത്തിക പരാധീനത, കമ്പോള ഞെരുക്കം മുതലായവ നഷ്ടത്തിന് കാരണങ്ങളിൽ ചിലതു മാത്രമാണ്. കൈത്തറി മേഖല വൈവിധ്യവൽക്കരിക്കാത്തത് മറ്റൊരു കാരണമായി ചൂണ്ടിക്കാണിക്കാം.

### സ്ക്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ നിലവിലുള്ള രണ്ടു ഹൈസ്ക്കൂൾ കേന്ദ്രീകരിച്ചും ബാക്കിയുള്ള L.P., U.P. സ്കൂൾ കേന്ദ്രീകരിച്ച് മാടപ്പള്ളി C.S.U.P.സ്ക്കൂളിൽ ഒരു സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനം പുസ്തകവിതരണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

## വിവിധ സഹകരണസംഘങ്ങളെ സംബന്ധിച്ചു പ്രശ്നങ്ങൾ

### സർവ്വീസ് സഹകരണസംഘം - പ്രശ്നങ്ങൾ

1. കാലാവധി കഴിഞ്ഞിട്ടും നൽകിയ വായ്പകൾ അംഗങ്ങൾ തിരിച്ചടയ്ക്കാത്തതു കാരണം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
2. അംഗങ്ങളുടെ വായ്പ ആവശ്യം മുഴുവനായി നിറവേറ്റുന്നതിന് കഴിയുന്നില്ല.
3. സ്വന്തം ഫണ്ടിൻെറ അപര്യാപ്തതമൂലം അംഗങ്ങൾക്ക് യഥാകാലം വായ്പനൽകാൻ സാധിക്കാതെ വരുന്നു.
4. സഹകരണസംഘത്തിൻെറ പരിധിയിൽ വരുന്ന മുഴുവൻ കർഷകരേയും അംഗങ്ങളാക്കുവാൻ കഴിയുന്നില്ല.
5. വായ്പകൾ എടുക്കുമ്പോൾ അംഗങ്ങൾക്ക് ഉണ്ടാകുന്ന നിയമപരവും സാമ്പത്തികപരവുമായ ബുദ്ധിമുട്ട്.

### ക്ഷീരോപ്പാദകസഹകരണസംഘം- പ്രശ്നങ്ങൾ

1) സാമ്പത്തിക ബുദ്ധിമുട്ടുമൂലം വായ്പ വിതരണം നടത്തുന്നില്ല.
2) എല്ലാ കാലികർഷകരേയും അംഗങ്ങളാക്കാൻ സാധിക്കുന്നില്ല.

3) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിക്കാതെ വരുന്നു.

### റബ്ബർ ഉൽപ്പാദകസഹകരണസംഘം - പ്രശ്നങ്ങൾ

1. ഏറ്റവും കൂടുതൽ റബ്ബർ കൃഷി നടത്തുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മാടപ്പള്ളി.ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ കറയുടെ വളരെ കുറച്ച് മാത്രമേ സംഘങ്ങളിൽ എത്തുന്നുള്ളു.
2. കറ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുവാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

### കൈത്തറി സഹകരണ സംഘം -പ്രശ്നങ്ങൾ

1. തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക്.
2. കമ്പോള ഞെരുക്കം
3 ഈ മേഖലയെ വൈവിദ്ധ്യവൽക്കരിക്കുക.വിപണന സൗകര്യം പൂർണ്ണമായി പ്രയോജനപ്പെടുത്തുക.

### കൺസ്യൂമർ സഹകരണസംഘം -പ്രശ്നങ്ങൾ

1. നിലവിലുണ്ടായിരുന്ന കൺസ്യൂമർ സഹകരണസംഘം നിലച്ചു പോയി. അതിനുകാരണം സാമ്പത്തിക പരാധീനതയാണ്.
2) തുറന്നു പ്രവർത്തിക്കാനുള്ള നടപടിയുടെ കാലതാമസം

### സ്ക്കൂൾ സഹകരണസംഘം - പ്രശ്നങ്ങൾ

1) സ്ക്കൂൾ സഹകരണസംഘം മുഖേന പുസ്തകവിതരണം മാത്രമേ നടത്തുന്നുള്ളു.
2) എല്ലാ സ്ക്കൂളുകളിലും സഹകരണസംഘങ്ങൾ ഇല്ല.

## വിവിധ സഹകരണസംഘങ്ങളെ സംബന്ധിച്ച സാധ്യതകൾ

### സർവ്വീസ് സഹകരണസംഘം.

1) കാലാവധി കഴിഞ്ഞ വായ്പകൾ തിരിച്ചടക്കാൻ നടപടി സ്വീകരിക്കുക.
2) ഈ ബാങ്കിന്റെ പരിധിയിലുള്ള മുഴുവൻ കർഷകരേയും അംഗങ്ങൾ ആക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
3) ഓഹരിയുടെ എണ്ണം വർദ്ധിപ്പിക്കുക. അതുപോലെ ഓഹരിയുടെ വില 10 രൂപയിൽ നിന്ന് 25 രൂപയാക്കി ഉയർത്തുക.
4) കാർഷികവായ്പ അംഗങ്ങൾക്ക് കൃഷിക്ക് ആവശ്യമായ സമയങ്ങളിൽ കൃഷിച്ചെലവിന് അനുസൃതമായി വിതരണം നടത്തുക.
5) അംഗങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിന് ലഘുസമ്പാദ്യപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
6) വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിക്കുക.
7) ആൾ ജാമ്യ വ്യവസ്ഥയിൽ നൽകുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുക.
8) ഗവൺമെന്റ് സബ്സിഡിയോടും ഗ്രാന്റോടും കൂടിയുള്ള ദുർബ്ബല വിഭാഗങ്ങൾക്കുള്ള വായ്പകൾ വിതരണം നടത്തുക.
9) മൈത്രിഭവൻ പോലുള്ള ഭവനനിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു നടത്തുക.
10) തെങ്ങണായിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന shopping complex ന്റെയും പ്രഭാതസായാഹ്ന ബാങ്ക് ശാഖയുടെയും പണി എത്രയും വേഗം നടത്തി തുറന്നു പ്രവർത്തിക്കുവാനുള്ള നടപടി സ്വീകരിക്കുക.
11) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടുക.
12. കാർഷികോപകരണങ്ങൾ വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകണം.
13) കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട്, ' 'കീലോൺ'' അനുവദിച്ചുകൊടുക്കാൻ സംവിധാനം ഉണ്ടാകണം. കൂടാതെ ഉത്പ്പന്ന സംഭരണത്തിനായി ആവശ്യമായ ഗോഡൗൺ നിർമ്മിക്കുവാൻ വായ്പയും സബ്സിഡിയും ഈ സ്ഥാപനത്തിന് ലഭ്യമാക്കണം. നിക്ഷേപസമാഹരണം നടത്തിപ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് ലഭിക്കുന്ന തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക.
14) സംഘം കൂടുതൽ സാമ്പത്തിക ഉത്പ്പാദന മേഖലയിലേക്ക് കടക്കുക.

15) സഹകരണബാങ്കുകൾ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ലാൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യമായ വായ്പത്തുക തിട്ടപ്പെടുത്തുകയും ചെയ്യുക.

16) ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷികവായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

17) വായ്പ എടുക്കുമ്പോൾ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുക. ബാങ്ക് വായ്പ നിയമങ്ങൾ ലഘൂകരിക്കുക.

18) നിലവിലുള്ള സംഘത്തിൻെറ ബ്രാഞ്ചുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.

## ക്ഷീരോൽപ്പാദകസഹകരണസംഘം - സാധ്യതകൾ

1) അപ്കോസ് വഴി വർഷംതോറും 100 കറവ മാടുകൾക്ക് വായ്പ ലഭ്യമാക്കണം.

2) പാൽ ഉൽപ്പാദകർക്ക് കുറഞ്ഞനിരക്കിൽ കാലിത്തീറ്റ, പുൽവിത്ത് മുതലായവ സംഘങ്ങൾ വഴി വിതരണം നടത്തുക.

3) പാൽ ഉൽപ്പാദകർക്ക് ന്യായമായും യഥാർത്ഥവുമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

4) പഞ്ചായത്തിലെ ആപ്കോസ് സംഘങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ വർഷംതോറും കന്നുകാലി പ്രദർശനവും സെമിനാറുകളും നടത്തി മികച്ച കറവമാടുകൾക്കും കിടാരികൾക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകണം.

5) പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കാനുള്ള സംവിധാനം ഉണ്ടാകണം. അതിനായി പുതിയ ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിക്കുകയോ നിലവിലുള്ള സംഘത്തിൻെറ കളക്ഷൻ സെൻററുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയോ ചെയ്യുക.

6) പ്രതിദിനം സംഭരിക്കുന്ന പാലിൽ മാടപ്പള്ളി പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും സംസ്ക്കരിക്കുവാനും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണം.

7) നിലവിലുള്ള ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റ് കൂടുതൽ വിപുലപ്പെടുത്തുക.

8) കൂടുതൽ ക്ഷീരോൽപ്പന്ന നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക. അതിന് പ്രായോഗിക പരിശീലനം ലഭിച്ചവർ പഞ്ചായത്തിൽ ധാരാളമുണ്ട്.

## കൺസ്യൂമർ സഹകരണസംഘം -സാധ്യതകൾ

നിലവിലുണ്ടായിരുന്ന സഹകരണ കൺസ്യൂമർ സ്റ്റോർ പുന:രു ജീവിപ്പിച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യണം. കൺസ്യൂമർ സംഘങ്ങൾക്ക് വരുന്ന നഷ്ടം സിവിൽ സപ്ലൈസ് കോർപ്പറേഷന് വരുന്ന നഷ്ടം മാതിരിക്കണക്കാക്കി സർക്കാരിൽ നിന്നും സബ്സിഡി അനുവദിച്ച് നഷ്ടം നികത്തി വരേണ്ടതാണ്. വർദ്ധിച്ചു വരുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും വ്യാപാരികളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഒരു പരിധി വരെ തടയുന്നതിന് കൺസ്യൂമർ സംഘങ്ങൾക്ക് കഴിയും. പഞ്ചായത്തിൻെറ പ്രധാന സ്ഥലങ്ങളിൽ കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കുക.

ഓരോ വീട്ടിലും നിത്യോപയോഗ സാധനങ്ങൾ എത്തിയ്ക്കുവാൻ ഉപഭോക്താക്കളിൽ നിന്ന് ''ട്രേഡ്'' ഡെപ്പോസിറ്റ് സ്വീകരിച്ച് ഡോർഡെലിവറി സിസ്റ്റം സ്ഥാപിക്കുക.

## റബർ ഉൽപ്പാദകസഹകരണ സംഘം -സാധ്യതകൾ

1) റബ്ബർ ഉൽപ്പാദകസഹകരണസംഘം മുഖേന റബ്ബർ കർഷകർക്ക് കൂടുതൽ ആനുകല്യങ്ങൾ നൽകണം. ഉദാ.വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, മുതലായവ.

2) റബ്ബർ ഉൽപ്പാദകസംഘം മുഖേന തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനം നൽകുക.

3) റബ്ബർ കറ സംഭരിക്കുവാൻ എല്ലാ വാർഡുകളിലും കളക്ഷൻ സെൻറർ സ്ഥാപിക്കുക.

4) തോട്ടങ്ങളിൽ ചെന്ന് കറ സംഭരിക്കുവാനുള്ള സാധ്യത ആരായണം.

5) കർഷകർക്ക് ന്യായമായതും യഥാർത്ഥവുമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

6) സംഘത്തിൻെറ ലാഭ വിഹിതം അംഗങ്ങൾക്ക് ലഭ്യ മാക്കണം.

7) ഇവിടെ സംഭരിക്കുന്ന റബ്ബർക്കറ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി പഞ്ചായത്തിൽ ആരംഭിക്കുക.

## സ്ക്കൂൾ സഹകരണസംഘം - സാധ്യതകൾ

1) നിലവിലുള്ള സ്ക്കൂൾ സഹകരണസംഘങ്ങൾ പാഠ പുസ്തകം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ അതുപോലെ കോസ്മെറ്റിക്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയും ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം.

2) U.P., L.P. സ്ക്കൂളുകൾക്ക് എല്ലാം കൂടി ഒരു സഹകരണസംഘം മാത്രമേ നിലവിലുള്ളൂ. എല്ലാസ്ക്കൂളുകൾക്കും പ്രത്യേകം സംഘങ്ങൾ ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കുന്നു.

3) എല്ലാ പഠനോപകരണങ്ങളും കൃത്യ സമയത്ത് ലഭ്യമാക്കാനുള്ള സംവിധാനം ഈ സംഘങ്ങൾ മുഖേന നടപ്പിലാക്കണം.

4) കുട്ടികളിൽ സമ്പാദ്യശീലം വളർത്താൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് സംഘം മുഖേന നടപ്പാക്കണം.

5) എല്ലാ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങളാക്കണം.

## മാടപ്പള്ളി പഞ്ചായത്തിൽ സഹകരണമേഖലയിൽ കൂടുതലായി വരേണ്ട സ്ഥാപനങ്ങൾ

റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം മാടപ്പള്ളി പഞ്ചായത്ത് പ്രവർത്തന പരിധിയായി ഒരു മാർക്കറ്റിംഗ് സഹകരണ സംഘം റജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കണം. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് മാർക്കറിറിംഗ് സഹകരണസംഘത്തിൻെറ പ്രവർത്തനം വളരെ ആവശ്യമാണ്. ഓരോ വാർഡ് കേന്ദ്രീകരിത്തും ഈ സംഘത്തിൻെറ പർച്ചേഴ്സ് ഡിപ്പോകളും ആരംഭിക്കാവുന്നതാണ്.

### 2) സഹകരണകോളേജ്

പഞ്ചായത്ത് കേന്ദ്രമായി ഒരു സഹകരണ പാരലൽ കോളേജ് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാവുന്നതാണ്.

### 3) സഹകരണാശുപത്രി.

മാടപ്പള്ളി പഞ്ചായത്തിൽ നിലവിൽ മെച്ചപ്പെട്ട വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല. സഹകരണ മേഖലയിൽ ഒരു ആശുപത്രി ഈ പഞ്ചായത്തിൽ തുടങ്ങുന്നതിന് പഞ്ചായത്തിൽ നിന്നും അടിയന്തിര ശ്രദ്ധ ഉണ്ടാവുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

### 4) ഭവനനിർമ്മാണ സഹകരണസംഘം

ചെലവ് കുറഞ്ഞ രീതിയിൽ വീടുകൾ വയ്ക്കുന്നതിന് സാധനസാമഗ്രികൾ നൽകുന്നതിനുവേണ്ടി ഒരു ഭവനനിർമ്മാണ സഹകരണസംഘം സഹകരണ മേഖലയിൽ ആരംഭിക്കണം.

### 5) വനിതാ സഹകരണസംഘം

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, സോപ്പ്നിർമ്മാണം, അപ്ഹോൾസ്റ്ററി വർക്ക്സ്, കുട, നോട്ടുബുക്ക് നിർമ്മാണം. പുഷ്പകൃഷി, കരകൗശലവസ്തുക്കളുടെ നിർമ്മാണം, കറിപൗഡർ നിർമ്മാണം, അച്ചാർ നിർമ്മാണം, ക്ഷീരോൽപ്പന്ന നിർമ്മാണം മുതലായ യൂണിറ്റുകൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന വനിതകൾക്കുവേണ്ടി ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുക.

### 6) പട്ടിക ജാതി സഹകരണസംഘം

പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു പട്ടിക ജാതി സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

### 7) ലേബർ കോൺട്രാക്ട് സഹകരണസംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ മാടപ്പള്ളി പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കേണ്ടതും പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതുംകൂടാതെ പഞ്ചായത്തിലെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതുമാണ്.



# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

ഒരു രാജ്യത്തിന്റെ മൊത്തമായ പുരോഗതിയുടെ അളവുകൾ, ആരാജ്യത്തെ ദരിദ്രവിഭാഗങ്ങളുടെ ജീവിത പുരോഗതിയെ അടിസ്ഥാനപ്പെടുത്തിയാണ് നിർണ്ണയിക്കുന്നത്. പ്രത്യേകിച്ച് മനുഷ്യരെതമ്മിൽ ജാതികളും വർണ്ണങ്ങളുമായി വേർതിരിച്ചു നിർത്തിയിരുന്ന ഇൻഡ്യയുടെ ഗതകാല ചരിത്രമോർക്കുമ്പോൾ ഇക്കാര്യത്തിന് പ്രസക്തിയേറുന്നു. അയിത്തവും, അനാചാരങ്ങളും നൂറ്റാണ്ടുകളായി ദുർഭൂതം കണക്കെ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഒരു ജന സമൂഹമാണ് പട്ടികജാതി - പട്ടിക വർഗ്ഗം.

ചേര സാമ്രാജ്യ അധ:പതനത്തിന് ശേഷം അടിമത്തത്തിൽ ആണ്ടുപോയ പട്ടികജാതിക്കാരുടെ അവസ്ഥ ഏറെക്കുറെ മാടപള്ളിയിലും നടമാടിയിരുന്നു. ജന്മി, മാടമ്പി വാഴ്ചകളുടെ പീഢനങ്ങൾ ഇവിടെയും കുറെയൊക്കെ പേറേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഇവരുടെയിടയിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

## ഇപ്പോഴത്തെ അവസ്ഥ

1991 - ലെ സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യയിൽ പുരുഷന്മാർ 1784 ഉം സ്ത്രീകൾ 1874 ഉം ആണ്. പട്ടിക വർഗ്ഗക്കാരായി ഈ പഞ്ചായത്തിൽ 81 അംഗങ്ങളാണ് ഉള്ളത് അതിൽ 43 പുരുഷന്മാരും 38 സ്ത്രീകളുമാണ് ഉള്ളത്.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ് എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നില നിൽക്കുന്നുണ്ട്.

## കാർഷിക മേഖല

മുമ്പ് കാർഷിക വൃത്തി പട്ടികജാതിക്കാരുടെ കുലത്തൊഴിൽ പോലെ ആയിരുന്നു. എന്നാൽ ഇപ്പോൾ വളരെ കുറച്ച് ആളുകൾ മാത്രമേ ഈ രംഗത്ത് പണി

എടുക്കുന്നുള്ളൂ. ഇതിന് കാരണം പലതാണ് അടുത്ത കാലത്തായി കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടിയും മറ്റു മേഖലകളിലേയ്ക്ക് പോകാൻ നിർബന്ധിതരാകുകയും ചെയ്തു. ഇതിൽ ഭൂരിപക്ഷവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീക്ക് 90 രൂപയും പുരുഷന് 100 രൂപമുതൽ 125 രൂപവരെയുമാണ കൂലി ലഭിക്കുന്നത്. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി കൊയ്ത്ത്, മെതി, നടീൽ കളപറി തുടങ്ങിയ പ്രവൃത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉല്പാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കാർഷിക മേഖലയിൽ സീസണുകളിൽ ആണ് തൊഴിൽ എന്നതുകൊണ്ട് മിക്ക കർഷകത്തൊഴിലാളികളും ഇതര മേഖലകളിലേയ്ക്ക് മാരുവാൻ മറ്റൊരു കാരണമായി.

## വിദ്യാഭ്യാസ മേഖല

സമ്പൂർണ്ണ സാക്ഷരത ജില്ലയായി ആദ്യമായി പ്രഖ്യാപിക്കപ്പെട്ട ഈ ജില്ലയിലെ പട്ടികജാതിക്കാരും പൊതുവേ പറഞ്ഞാൽ സക്ഷരരാണ് എന്ന് പറയാമെങ്കിലും വിദ്യാഭ്യാസ രംഗങ്ങളിൽ മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് പറയുമ്പോൾ മുരടിച്ചതാണ്. ഈ അവസ്തതന്നെയാണ് മാടപ്പള്ളി പഞ്ചായത്തിലേതും സാമൂഹിക രംഗങ്ങളിൽ പൂർണ്ണമായും മുഖ്യധാരയിൽ എത്താൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. മാടപ്പള്ളിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
(പട്ടിക 1 കാണുക)

പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്
പട്ടിക

| എൽ. പി. | | | യു. പി. | | | ഹൈസ്ക്കൂൾ | | |
|---|---|---|---|---|---|---|---|---|
| Total | SC/ST | % | Total | SC/ST | % | Total | SC/ST | % |
| 1693 | 212 | 13% | 1565 | 235 | 15% | 235 | 145 | 11% |

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. പല കോളനികളിലും അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, വൈദ്യുതി, എന്നിവ എത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായും അവരുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല.

പട്ടിക - 2

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യസ്ലാബിൽ വൈദ്യുതി ഉപ:എണ്ണം | പണം നല്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|---|
| 3 | പൊൻപുഴസെറ്റിൽമെൻറ് | 45 | 21 | 24 |
| 5 | ഏഴോലിക്കൽ സെറ്റിൽ മെൻറ് | 13 | 2 | 11 |
| 6 | പരപ്പൊഴിഞ്ഞ സെറ്റിൽ മെൻറ് | 16 | - | 16 |
| 12 | പാലമറ്റം ലക്ഷം വീട് കോളനി | 8 | 1 | 7 |
| 12 | കുട്ടമാക്കൽ മിച്ച ഭൂമി | 4 | 4 | - |
| 5 | ഹരിജൻകോളനി മാടപ്പള്ളി | 92 | 27 | - |

ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിൻെറ പ്രവർത്തനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പാക്കിവരുന്ന വായ്പ എടുത്തിട്ടുണ്ട്. വീട് നിർമ്മിക്കുന്നത് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം. പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. നിയമത്തിൻെറ നൂലാമാലകളിൽ കുടുങ്ങി പാർപ്പിടം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ ചില ആളുകൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വീട് വെയ്ക്കാൻ ആവശ്യമായ സ്ഥലം ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് വെയ്ക്കാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധന സഹായവും എത്തിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള വീടുകൾ യഥായോഗ്യം അറ്റകുറ്റപ്പണികൾ നടത്തി കാലാനുസൃതമായ മാറ്റങ്ങൾക്കും പരിഷക്കാരങ്ങൾക്കും വിധേയമാക്കാൻ പലപ്പോഴും ഇവരുടെ സാമ്പത്തിക നില അനുവദിക്കുന്നില്ല.

## സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൻെറ മേൽനോട്ടത്തിൽ ഒരു സാങ്കേതിക പരിശീലന കേന്ദ്രം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിൽ ആവശ്യമായ അദ്ധ്യാപകരോ പഠനോപകരണങ്ങളോ ഇല്ല.

ബ്ലോക്കു പടി ജംഗ്ഷനിൽ ആരംഭിച്ച പട്ടികജാതി സോമില്ലും ഫർണിച്ചർ നിർമ്മാണ സഹകരണ സംഘവും ഇന്ന് സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. ഏഴോലിക്കൽ ഭാഗത്ത് ആരംഭിച്ച പട്ടികജാതി സഹകരണ സംഘം ലികിഡേഷനെ അഭിമുഖീകരിക്കുന്നു.

## ദളിത് ക്രൈസ്തവർ

പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും ധാരാളമാളുകൾ നൂറ്റാണ്ടിനുമുമ്പ് തന്നെ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. അത്തരമാളുകൾ ധാരാളമായി ഇവിടെയുണ്ട്. ''ഇല്ലത്തു നിന്ന് ഇറങ്ങി, അമ്മാത്ത് ഒട്ട് എത്തിയതുമില്ല'' എന്ന് പറഞ്ഞതുപോലെ ഈ വിഭാഗം ആളുകൾക്ക് പട്ടികജാതി -പട്ടിക വർഗ്ഗക്കാരുടെ അതേ അവസ്ഥ തന്നെയാണ് ഇപ്പോൾ ഉള്ളതെങ്കിലും പട്ടികജാതിക്കാർക്ക് ലഭിക്കുന്ന യതൊരു പരിരക്ഷയ്ക്കും ഇവർ അർഹരല്ല. അതുകൊണ്ട് തന്നെ ദളിത് ക്രൈസ്തവർ എന്ന പേരിൽ ആധുനികമായി അറിയപ്പെടുന്ന ഇവർക്കും കൂടി പട്ടികജാതിക്കാർക്ക് ലഭിച്ചു വരുന്ന പരിരക്ഷകൾ ലഭിക്കണമെന്ന ആവശ്യം ഈ മേഖലയിൽ നിന്ന് ശക്തമായി ഉയർന്ന് കേൾക്കുന്നുണ്ട്. പട്ടികജാതിക്കാർക്കായി മാത്രം ഗവണമെൻറ് പതിച്ച് നല്കിയ കോളനി ഒന്ന് മാത്രമാണ്. മാടപ്പള്ളി (ഇടപ്പള്ളി) പട്ടികജാതി കോളനി എന്ന പേരിൽ അറിയപ്പെടുന്ന ഈ കോളനി ജനായത്ത ഭരണം കൈവന്നശേഷം കോട്ടയം ജില്ലയിൽ ആദ്യമായി പതിച്ചു നല്കിയ കോളനിയാണ്. തുടർന്ന് ഏകദേശം 15 കോളനികൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷികമേഖലകളിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു. തൊഴിൽ സാധ്യത കുറഞ്ഞു വരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല.

   വിടുവെക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.
4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതി ഇല്ല.
5. പൊതുശ്മശാനം ഇല്ല
6. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
9. ഐ. ആർ. ഡി.പി. പദ്ധതിയും മറ്റ് പദ്ധതികളും

ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജന ക്ഷേമ വകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല.

11. പട്ടികജാതി വർഗ്ഗത്തിൻെറ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

12. കടക്കെണിയിൽ പെട്ടുപോകുന്നു.

## സാധ്യതകൾ

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിത മാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന ഹരിജന ക്ഷേമ വകുപ്പും, പട്ടികജാതി കോർപ്പറേഷനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമെങ്കിൽ ഇതിൻെറ മാനണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേകഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധന സഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

പായ്നെയ്ത്ത് , കൊട്ട, പരമ്പ്, എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും - അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും. ചെയ്യുക. ഇതിന് എല്ലാവിധ സഹായവും നൽകുക.

കുടിവെള്ള പ്രശ്നം പരിഹരിക്കുക.

അഭ്യസ്ത വിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നല്കിവരുന്ന (പട്ടികജാതി വികസന വകുപ്പ് - ഹരിജൻ കോർപ്പറേഷൻ) വായ്പകളും സഹായ ധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും - വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.

വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

പട്ടികജാതിക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയുടെ പരിധി ഉയർത്തുക.

എല്ലാ പദ്ധതിൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുന്നതിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

എല്ലാ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും വൈദ്യുതി എത്തിച്ചുകൊടുക്കുക.

ഈ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ ഉതകുന്ന പദ്ധതികൾ ഏർപ്പെടുത്തുക.

കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക.

ഭൂരഹിതരായ ആളുകൾക്ക് എത്രയും വേഗം ഭൂമി നല്കുകയും അപ്രകാരം ഭവന നിർമ്മാണ സഹായം ലഭിക്കുവാനുള്ള അവസരം എത്രയും വേഗം പൂർത്തിയാക്കുകയും ചെയ്യുക.

കോളനിയ്ക്കു പുറത്തുള്ള പട്ടികജാതിക്കാർക്ക് കൂടി വീടുനിർമ്മിക്കുന്നതിനുള്ള ഗ്രാൻറ് നല്കുക.

കുടിവെള്ള ദൗർലഭ്യത്തിന് സത്വര നടപടി സ്വീകരിക്കുക.

കക്കൂസ് നിർബന്ധമായും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രത്യേകിച്ച് പട്ടികജാതിക്കാർക്കും നല്കുക.

വയറിംഗ് സൗജന്യമായി നല്കുക, വൈദ്യുതീകരണം എത്രയും വേഗം പൂർത്തീകരിക്കുക.

തൊഴിൽ സംരംഭങ്ങൾക്ക് ഉതകുന്നതായ ലഘുവായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും പരമ്പരാഗത തൊഴിലുകൾക്ക് വേണ്ടുന്ന സഹായങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുകയും. ചെയയുക. (ഉദാ. കുട്ട, മുറം, തഴപ്പായ്, ചൂരൽ, പനമ്പ് )

പട്ടികജാതിക്കാർക്കുള്ള തൊഴിലധിഷ്ഠിത കോ- ഓപ്പറേറ്റീവ് സൊസൈറ്റികൾ, ട്രസ്റ്റുകൾ തുടങ്ങിയവ രൂപീകരിച്ച് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

ടെക്നിക്കൽ കോഴ്സിനുള്ള ട്രയിനിംഗ് സെൻറർ സ്ഥാപിക്കുക.

അംഗൻ വാടികളില്ലാത്ത സ്ഥാനങ്ങളിൽ അംഗനവാടികളും അതോടൊപ്പം ക്രഷും സ്ഥാപിക്കുക.

അംഗനവാടി വിതരണം ചെയ്തുവരുന്ന ഗർഭിണികൾക്കും ശിശുക്കൾക്കുമുള്ള പോഷകാഹാരത്തിൻെറ ഗുണ നിലവാരം ഉറപ്പുവരുത്തി വിതരണം നടത്തുക.

കോളനിതോറും ഐക്യവും, സംസ്ക്കാരവും, ഉയർത്തുവാൻ സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബുകൾ, വായനശാലകൾ ഉള്ളതിനെപ്രോത്സാഹിപ്പിക്കുകയും , ഇല്ലാത്തയിടങ്ങളിൽ സ്ഥാപിക്കുകയും ചെയ്യുക.

എല്ലാ കോളനികളിലും മുരടിച്ച ജീവിതത്തിൽ നിന്നും മോചനത്തിനായി വിനോദ സങ്കേതങ്ങളും ഉപാധികളും ആവിഷ്ക്കരിക്കുക.

ഇടപ്പള്ളി കോളനി, കൊട്ടാരം കുന്ന് കോളനി തുടങ്ങിയ സ്ഥലത്തുണ്ടായ ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

മാന്നിലക്കുന്നിൽ സ്ഥാപിക്കുന്ന പൊതു ശ്മശാനം എത്രയും വേഗം പൂർത്തീകരിച്ച് പ്രയോജനപ്രദമാക്കുക.

കോളനി വസ്തുക്കൾ ലഭിച്ച യഥാർത്ഥ അവകാശികൾ പലരും മണ്മറഞ്ഞതിനാൽ, വാങ്ങിയ നിർദ്ധനർക്ക് പട്ടയമില്ലാത്തതിൻെറ പേരിൽ ഗവൺമെൻറിൽ നിന്നും ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. ആയതിനാൽ കൈമാറ്റം വാങ്ങിയ ഇപ്പോഴത്തെ അവകാശികൾക്ക് എത്രയും വേഗം പട്ടയം നല്കുവാനുള്ള നടപടി സ്വീകരിക്കുക.

ഇടപ്പള്ളി കോളനിയിലുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിൻെറ പ്രവർത്തനം ഊർജ്ജിതമാക്കി ഫലപ്രദമായ വിവിധ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.

5മുതൽ 10 വരെ ക്ലാസ്സുകളിൽ പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

ഇടപ്പള്ളി കോളനിയിലും, കൊട്ടാരംകുന്ന് കോളനിയിലും ശ്മശാനങ്ങളുണ്ട്. ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഈ സ്ഥലങ്ങൾ പരിസരവാസികളുടെ കയ്യേറ്റത്തിന് വിധേയമാകുകയും, കൊച്ചുകുട്ടികൾക്ക് ഭീതി ജന്യവുമാണ്. ആയതിനാൽ ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കണം. കൂടാതെ മാന്നിലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പൊതു ശ്മശാനം എത്രയും വേഗം പൂർത്തീകരിക്കണമെന്ന ആവശ്യം എല്ലാ വാർഡുകളിലും മുഴങ്ങിക്കേട്ടതാണ്. യാതൊരു വിട്ടുവീഴ്ചയും പാടില്ലാത്ത ഈ വിഷയത്തിന് പ്രത്യേക പ്രാധാന്യം തന്നെ നല്കണം.



# വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിൽ ഒന്ന് കാർഷിക രംഗത്തെ മുരടിപ്പാണ്. കൃഷിനിലങ്ങൾ താമസപ്പറമ്പുകളായി അനുദിനം മാറുകയാണ്. ഉല്പാദനക്ഷമത അനുദിനം ഇടിയുന്നു. കർഷകർ കർഷകത്തൊഴിലാളികളായി മാറുന്നു. രാസവളത്തിൻെറ ഉപഭോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവവളത്തിനു പ്രാധാന്യം നൽകണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

രണ്ടാമതായി വ്യവസായിക മേഖലയിലെ നിശ്ചലതയാണ്. കാര്യമായ ഒരു വലിയ വ്യവസായ സ്ഥാപനവും മാടപ്പള്ളിയിൽ ഇല്ല. ചെറുകിട വ്യവസായങ്ങൾ പേരിനുണ്ട്. വ്യവസായരംഗത്ത് മുന്നേറ്റം നടത്തിക്കൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കാനാകണം. എന്തെല്ലാം അനുകൂല ഘടകങ്ങൾ ഉണ്ടാകിലും വൈദ്യുത കണക്ഷൻ കിട്ടാനും, കിട്ടിയാൽ ലോഡ്ഷെഡിങ്ങ് ഒഴിവാക്കാനും വിഷമം ഉണ്ടെന്ന തിരിച്ചറിവ്, വ്യവസായികളെ ഈ രംഗം ശൂന്യമാക്കാനാണ്പ്രേരിപ്പിച്ചത്. ഇതാണ് ഇന്ന് വ്യവസായ രംഗം നേരിടുന്ന പ്രതിസന്ധിയുടെ പ്രധാനകാരണം. ഇത് പരിഹരിക്കാതെ ഈ രംഗത്തു നിന്ന് പുതിയ വിഭവ സമാഹരണത്തിനുള്ള സാദ്ധ്യത വളരെ കുറവാണ്.

കാർഷിക രംഗത്തും വ്യവസായിക രംഗത്തും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ, ഗുണഫലങ്ങൾ താമസമേന്യേ നേടാനാവും.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം കൂട്ടാൻ കഴിയും. ഇതിനായി വാർഡു പ്രതിനിധികളുടെയും വാർഡുവികസന സമിതിയുടെയും സേവനം പ്രയോജനപ്പെടുത്തണം.

വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാവരുത്. വരുമാനത്തിൻെറ ഒരു ചെറിയ ശതമാനമേ നികുതിയായി വാങ്ങാൻ

പാടുള്ളു. അങ്ങനെയാവുമ്പോൾ എല്ലാവരും അതു കൊടുക്കുവാൻ താല്പര്യമുള്ളവരാകും.

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞവർഷം (1995-96)മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ സാധിച്ചതിൽ നമുക്ക് അഭിമാനിക്കാം. ഈ ഇനത്തിൽ പിരിച്ചെടുത്തതു 13576 രൂപ. പക്ഷേ മുഴുവൻ കച്ചവടത്തെയും നികുതികൊടുക്കുന്ന സമ്പ്രദായത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ കഴിഞ്ഞാൽ പഞ്ചായത്ത് വരുമാനം കൂട്ടാൻ കഴിയും. ഇതിൻെറ ആവശ്യത്തിലേക്ക് വാർഡുതോറും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം.

കഴിഞ്ഞ സാമ്പത്തിക വർഷം (1995-96) കെട്ടിടനികുതി ചുമത്തിയിരുന്ന മുഴുവൻ ആൾക്കാരിൽ നിന്നും നികുതി പിരിക്കാൻ സാധിച്ചു. ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച തുക 407750.60 രൂപയാണ്. മുമ്പ് കെട്ടിട നികുതി കണക്കാക്കിയിരുന്നത് ശാസത്രീയമായല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണവും ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം വീട് അസ്സെസ്സ് ചെയ്തത് എങ്ങനെയാണെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്താൻ വേണ്ടവർ തയ്യാറാകണം. ഈ മാനദണ്ഡം മുൻ നിറുത്തി എല്ലാ കെട്ടിടങ്ങളുടെയും നികുതി പുന:പരിശോധിച്ചാൽ ഈ മേഖലയിലുള്ള ആക്ഷേപം ഇല്ലാതാക്കാനും വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

നികുതി പിരച്ചെടുക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ വാർഡുകൾ തോറും നികുതി പ്രത്യേക സ്ഥലത്തു വച്ച് പിരിക്കുന്നുണ്ടെങ്കിലും ഈ വിവരം മുൻകൂട്ടി എല്ലാവരെയും അറിയിക്കാനുള്ള സംവിധാനം ഉണ്ടാകണം. ഇതിനായി വാർഡു പ്രതിനിധിയേയും വാർഡു വികസന സമിതിയെയും ഉപയോഗപ്പെടുത്തണം.

തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് സ്ക്കീമിൻെറ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. ഇത് കച്ചവടക്കാർക്കും, നിർമ്മാണത്തൊഴിലാളികൾക്കും മറ്റു തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏൽപ്പിക്കാം. ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്തേണ്ടതാണ്. ഇത് പിരിച്ചെടുക്കുന്നതിന് നേരത്തെ കെട്ടിടനികുതിയുടെ കാര്യത്തിൽ പറഞ്ഞ സമീപനം സ്വീകരിക്കാവുന്നതാണ്. ഒരു വർഷത്തിൽത്തന്നെ വ്യത്യസ്ത സമയങ്ങളിലാവണം നികുതി പിരിക്കേണ്ടത്. ജനങ്ങൾക്ക് ബുദ്ധിമുട്ട് പരമാവധി കുറയ്ക്കാൻ ഇത് സഹായകമാകും.

മാടപ്പള്ളി പഞ്ചായത്തിൽ തെങ്ങണായിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഷോപ്പിങ്ങ് കോംപ്ലക്സ്, ബസ് ടെർമിനൽ, ചന്ത ഇവ പഞ്ചായത്തിന് നല്ല വരുമാനം നൽകും. ഇപ്പോൾ റോഡു സൈഡിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾക്ക് ഒരു പാർക്കിംഗ് സ്ഥലമുണ്ടാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

എല്ലാ ഗ്രാമസഭകളിലും ഗ്രാമച്ചന്ത സ്ഥാപിക്കുകയെന്ന ആവശ്യം ഉയർന്നു വരുകയുണ്ടായി. വാർഡുതോറും ഗ്രാമചന്തകൾ സ്ഥാപിച്ചാൽ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

ഓരോ പഞ്ചായത്തിൽ നിന്ന് പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 25% ആ പഞ്ചായത്തിനുതന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയും ഗ്രാമസഭകളും ഇടപ്പെട്ടുകൊണ്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യ നിക്ഷേപം ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമായി.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവം തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യുവാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി, മത, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അദ്ധ്വാനം സംഭാവന നൽകുക എന്നത് മഹത്തരമായ ഒരാശയമാണ്.

പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലം വരുന്നതിനു മുൻപ് കവചാലുകൾ ഉണ്ടാക്കി മഴക്കാലത്ത് റോഡ് ചീത്തായാവാതെ സൂക്ഷിക്കാൻ റോഡ് ഉപയോഗിക്കുന്നവരും ആ റോഡിന് ഇരുവശവും താ

മസിക്കുന്നവരും മനസ്സ് വച്ചാൽ മതി. പഞ്ചായത്തിൻെറ സഹായം വേണ്ടിടത്ത് അത് സ്വീകരിക്കുകയുമാവാം.

പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചുകൊണ്ടുള്ള റോഡുകളുടെ റിപ്പയർ വർക്കുകൾ എല്ലാകാലത്തും ഇവിടെ നടന്നിട്ടുണ്ട്. അതുകൊണ്ട് യാതൊരു ഗുണവും കാണുന്നില്ല. ഒരു മഴ ചെയ്യുമ്പോൾ മണ്ണുമുഴുവൻ ഒലിച്ചു പോകുകയാണ് പതിവ്,ഇതുമൂലം റോഡ് വീണ്ടും പഴയസ്ഥിതിയിലുവുകയും ചെയ്യുന്നു. പഞ്ചായത്തിൻെറ വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണെന്ന് കാണാം. മൺറോഡുകൾ സംരക്ഷിക്കുന്നതിന് മേൽപ്പറഞ്ഞ രിതിയിലുള്ള സമീപനമുണ്ടായാൽ കൂടുതൽ റോഡുകൾ നന്നാക്കാനും ബുദ്ധിമുട്ട് ഒഴിവാക്കാനും സാധിക്കും.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും മണ്ണ് എടുത്ത് കുട്ടനാടൻ മേഖലകളിലെ വയലുകൾ നികത്തുവാൻ കൊണ്ടുപോകുന്നുണ്ട്. ഇത്തരത്തിൽ കൊണ്ടുപോകുന്ന മണ്ണിന് യുക്തിസഹജമായ രീതിയിൽ നികുതി ചുമത്താവുന്നതാണ്. അതുപോലെ വ്യവസായിക അടിസ്ഥാനത്തിൽ വെട്ടുകൽ ഖനനം നടത്തുന്നവരിൽ നിന്നും ചെറിയതുക ഈടാക്കാവുന്നതാണ്.

വസ്തു കൈമാറ്റ നികുതിയായി പഞ്ചായത്തിന് 1995-96 വർഷത്തിൽ ലഭിച്ച തുക 328001 രൂപയാണ്. വസ്തു കൈമാറ്റം നടത്തുമ്പോൾ വസ്തു ക്രയവിക്രയം നടത്തുമ്പോൾ യഥാർത്ഥ വില ആരും കാണിക്കാറില്ല. ഇതിനെ തടയാനുള്ള മാർഗ്ഗം ഉണ്ടാകണം. ഇപ്പോഴുള്ള നിരക്ക് കുടുതലാണെന്നുള്ള ആക്ഷേപവും നിലനിൽക്കുന്നു. വസ്തു കൈമാറ്റം നടത്തുമ്പോൾ ലഭിക്കുന്ന തുക പഞ്ചായത്തിന് ഉടൻ തന്നെ കൈമാറാനുള്ള സംവിധാനം ഉണ്ടാകണം.

മാടപ്പള്ളി പഞ്ചായത്തിൽ state bank ൻെറ 2 ശാഖകളും സെൻട്രൽ ബാങ്കിൻെറ ഒരു ശാഖയും സർവീസ് സഹകരണ ബാങ്കും ,അതിൻെറ രണ്ടു ശാഖയും, അർബൻ ബാങ്കിൻെറ ഒരു ശാഖയും ജില്ലാ സഹകരണ ബാങ്കിൻെറ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും സ്വകാര്യ ചിട്ടികളും പഞ്ചായത്തിൽ നിലവിലുണ്ട്. ഇവ പഞ്ചായത്തിൻെറ പൊതു സാമ്പത്തിക പുരോഗതിക്ക് ഉപയുക്തമാകുന്ന രൂപത്തിൽ ആസൂത്രണം ചെയ്യപ്പെടേണ്ടതാണ്. സ്വകാര്യ പണമിടപാടുകാരിൽ നിന്നും ഫീസ് പഞ്ചായത്ത് ഈടാക്കേണ്ടതാണ്.

പഞ്ചായത്തിൻെറ വികസനത്തിന് വേണ്ടി പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനകളും ഡെപ്പോസിറ്റുകളും സ്വീകരിക്കാവുന്നതാണ്. ഇതിനുവേണ്ടി വാർഡു പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, വാർഡു വികസന സമിതി അംഗങ്ങൾ, മുതലായവരുടെ സേവനം പ്രയോജനപ്പെടുത്താം.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മിനി ജലസേചനം പദ്ധതികൾ ആവിഷ്കരിച്ച് ഗുണഭോക്താക്കളിൽ നിന്നും ഫീസ് ഈടാക്കാവുന്നതാണ്.

വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

# ഉപസംഹാരം

മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിന്റെ പടമുഖത്ത്, ഒരു തീജ്വാലയായി കത്തിപ്പടർന്ന് ആയുധമെടുക്കാത്ത സഹന സമരത്തിലൂടെ സത്യവും അഹിംസയും ആയുധമാക്കി ഭാരതത്തിനു സ്വാതന്ത്ര്യം നേടികൊടുത്ത് ലോകചരിത്രത്തെ തന്നെ തിരുത്തിക്കുറിച്ച മോഹൻ ദാസ് കരംചന്ദ് ഗാന്ധി എന്ന മഹാത്മജിക്ക് ഈ നാടിനെപ്പറ്റി ഒരു വലിയ സ്വപ്നമുണ്ടായിരുന്നു. ഗ്രാമങ്ങളിൽ പ്രഭചൊരിയുന്ന ഭാരതത്തിന്റെ ആത്മാവിന് സാക്ഷാത്കാരം. അതു ഫലവത്താക്കാൻ അദ്ദേഹം ആ സങ്കല്പത്തിന് അതിമനോഹരമായി ഒരു പേരും നൽകി - ഗ്രാമസ്വരാജ്.

പതിറ്റാണ്ടുകൾക്കുശേഷം മഹാത്മജിയുടെ സ്വപ്നത്തിന് സാഫല്യമേകാൻ സ്വതന്ത്രഭാരതം കരുത്തനും, കർമ്മധീരനുമായ ഒരു യുവ ഭരണാധികാരിയേ ഈ രാഷ്ട്രത്തിന്റെ ഭരണസാരഥിയാക്കി-രാജീവ് ഗാന്ധി. അദ്ദേഹം പറഞ്ഞു. "എനിക്ക് ഒരു സ്വപ്നമുണ്ട്. ഓരോ ഇൻഡ്യാക്കാരനും ഗ്രാമസ്വരാജിലൂടെ സമ്പൽ സമൃദ്ധവും ഐശ്വര്യസമ്പൂർണ്ണവുമായ ഇരുപത്തൊന്നാം നൂറ്റാണ്ടിലേയ്ക്കു മാർച്ച് ചെയ്യുന്ന മനോഹരമായ ഒരു സ്വപ്നം". ആ സ്വപ്നത്തിന്റെ പൂർത്തീകരണത്തിനായി അദ്ദേഹം ഇൻഡ്യയുടെ ചരിത്രത്തിലാദ്യമായി ഗ്രാമസ്വരാജിനെ ഭാരതീയന് സ്വന്തം നെഞ്ചിലേറ്റി ലാളിക്കാൻഅവസരമുണ്ടാക്കി.ഇന്ന് നാം ഗ്രാമസ്വരാജിലൂടെ കരഗതമായ അധികാരത്തിന്റെ ശീതളച്ഛായയിൽ ജനകീയാസൂത്രണ പരിപാടിയുടെ വിജയത്തിനായി പരിശ്രമിക്കുകയാണല്ലോ. ജനങ്ങളുടെ അധികാരം ജനങ്ങൾക്കുതന്നെ നൽകിയ നടപടിയിലൂടെ വിപ്ലവകരമായ ഭരണപരിഷ്കാരം ഏർപ്പെടുത്തിയ പോലെ നമ്മുടെ സംസ്ഥാന ഭരണകൂടം ഒൻപതാം പദ്ധതിയിയുടെ രൂപരേഖ തയ്യാറാക്കാനും പദ്ധതി നടപ്പാക്കാനുമുള്ള അധികാരവും അവസരവും ജനങ്ങൾക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിലുണ്ടായ പാളിച്ചകൾ മൂലം വികസനരംഗത്തനുഭവപ്പെട്ട മുരടിപ്പും ശൂന്യതാബോധവും പരിഹരിക്കാൻ ഈ പദ്ധതിക്ക് കഴിയുമെന്ന് നമ്മുക്ക് പ്രത്യാശിക്കാം.

ഈ പദ്ധതിയുടെ വിജയം നമ്മുടെ ഓരോരുത്തരുടേയും കൈകളിലാണ്. ഒൻപതാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുമ്പോൾ അത് വിജയത്തിലെത്തിക്കാനുള്ള ഇച്ഛാശക്തിയും ദിശാബോധവും നാം പ്രകടിപ്പിച്ചാൽ മാത്രമേ ഈ പദ്ധതി വിജയിപ്പിക്കാൻ നമുക്കാവുകയുള്ളു. മുരടിപ്പു ബാധിച്ച നമ്മുടെ വികസനരംഗത്ത് പുത്തനുണർവ്വിനുവേണ്ടി പ്രയത്നിക്കേണ്ടത് നാമോരോരുത്തരുടേയും കടമയാണ്. ഈ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഒത്തൊരുമയോടെ ജാതി,മത, വർഗ്ഗ,വർണ്ണ - വ്യത്യാസങ്ങൾക്കതീതമായി അണിനിരന്ന ചരിത്രം മുൻകാലങ്ങളിൽ ഉണ്ടാ.യിട്ടുണ്ട്. ആ ഒരുമയുടെ പ്രതീകമാണ് ഈ ഗ്രാമത്തിന്റെ വികസന പാത.

വികസനത്തിന്റെ പാതയിൽ നമുക്കിനിയും വളരെദൂരം സഞ്ചരിക്കേണ്ടതുണ്ട്.ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തിരുമുറ്റത്ത്, നാം പ്രവേശിക്കുമ്പോൾ ഗ്രാമസ്വരാജിനെ പ്രദാനം ചെയ്ത മഹാത്മജിയുടെ സ്വപ്നംപോലെ നമുക്കും നമ്മുടെ ഗ്രാമത്തെ സമ്പൽ സമൃദ്ധവും ഐശ്വര്യസമ്പൂർണ്ണവുമാക്കേണ്ടതുണ്ട്. അതിലേയ്ക്ക് നമുക്കൊരോരുത്തർക്കുമുള്ള ഉത്തരവാദിത്വങ്ങൾ യഥാവിധി ചെയ്യുവാൻ നമുക്കു കഴിയണം. പലപ്പോഴും

സഹായങ്ങൾ സ്വീകരിക്കാൻ മാത്രം വ്യഗ്രത കാണിക്കുന്ന സ്ഥിതിവിശേഷം നമുക്കിടയിലുമുണ്ട്. അതിൽ നിന്നും വ്യത്യസ്തമായി, കൊടുക്കുവാനുള്ള സന്നദ്ധതയും നമുക്കു വളർത്തിയെടുക്കേണ്ടതുണ്ട്. ജനകീയാസൂത്രണത്തിൻെറ കാതലായ വിഭവം മാനവശേഷിയാണ്. അതു പൂർണമായുപയോഗിച്ചാൽ മാത്രമേ നമ്മുടെ വികസനം യഥാർത്ഥ്യമാകുകയുള്ളൂ.

ആസൂത്രണം അടിത്തട്ടിൽ നിന്ന് മേൽപോട്ടാവുന്നതുമൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസനമുന്നേറ്റം നേടാവുന്നത്. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദ വേലയല്ല. മറിച്ച് ജനോപകാരപ്രകാരമുള്ള ജനകീയ പദ്ധതികൾ ശീഘ്രഗതിയിൽ, ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യ ആയുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ ''സമഗ്രവികസനരേഖ'' സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനത ഒറ്റക്കെട്ടായി വികസനത്തിൻെറ രാഷ്ട്രീയത്തിൽ മുഴുകിയാൽ, യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽ നിന്ന്, പാലാഴിമഥനത്തിൽ നിന്ന് അമൃതകുംഭം എന്നതുപോലെ, ഉയർന്നുവരുമെന്നത് സ്വഭാവികം മാത്രമാണ്. അയൽക്കൂട്ടങ്ങളുടെയും -ഗ്രാമസഭകളുടെയും -ജനകീയ ശക്തിയിൽ ഗ്രാമവികസനത്തിനൊരു വേലിയേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും കഴിയണം.

ഈ നാടിൻെറ വികസനരംഗത്ത് അതുല്യമായ സംഭാവനകൾ നൽകിയ നിരവധിവ്യക്തികൾ സ്മൃതിമണ്ഡലത്തിലെത്തി നിൽക്കെ ഓരോരുത്തരുടെയും പേരെടുത്തു പറയുക എളുപ്പമല്ലാത്തതിനാൽ അവരെയെല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇവിടുത്തെ രാഷ്ട്രീയ, സാംസ്കാരിക, സാമുദായിക രംഗങ്ങളിൽ ഒട്ടേറെ പ്രമുഖവ്യക്തികൾ ആ പട്ടികയിൽപ്പെടുന്നു. ഈ പഞ്ചായത്തിൻെറ വികസന പ്രക്രിയകൾ സർഗ്ഗാത്മകവും ശ്ലാഘനീയവുമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന എൻെറ സഹപ്രവർത്തകരായ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ്, പഞ്ചായത്ത് മെമ്പർമാർ,ജനകീയ ആസൂത്രണ ആരംഭം മുതൽ സഹകരിച്ചുകൊണ്ടിരിക്കുന്ന ഡി.ആർ.പി മാർ, എൽ.ആർ.പി മാർ, പഞ്ചായത്ത് ജീവനക്കാർ, ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ വിദഗ്ദ്ധർ , രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക, മതരംഗങ്ങളിലെ നേതാക്കൾ പ്രവർത്തകർ തുടങ്ങി ഈ പദ്ധതിയുമായി സഹകരിക്കുന്ന എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ വികസന സ്വപ്നങ്ങളെ താലോലിക്കുന്നതിനും പൂവണിയിക്കുന്നതിനും വേണ്ടിയുള്ള പ്രയത്നത്തിൽ ഈ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും സഹകരണവും സാന്നിദ്ധ്യവും സഹായവും ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

മഹത്തായഈ പ്രതീക്ഷ നിറവേറ്റാൻ സമീപ കാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ ''വികസന രേഖ'' മാടപ്പള്ളി ഗ്രാമപഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും ചർച്ചയ്ക്കും വേണ്ടി.

**അന്നമ്മ മാത്യു**

[മാടപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്]

“എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്,
എന്നാൽ
ആരുടേയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭവങ്ങളില്ല
താനും”

–മഹാത്മാഗാന്ധി